# കൊച്ചുപൂക്കൾ



അസ്സീസി പ്രസിദ്ധീകരണങ്ങൾ M. No. 8

# കൊച്ചുപൂക്കൾ

മയ്യനാട്ടു് എ. ജോൺ, ബി. എ.

Printed at
ASSISI PRESS, QUILON.

1956

Rs. 2

Nihil Obstat

**Rev. Fr. Cutbert O. F. M. Cap.**
St. Antony's Friary,
8—12—1955.

Imprimatur

✠ **Jerome**
Bishop.
Bishop's House,
Quilon 8th Dec-'55.

# മുഖവുര.

"കൊച്ചുപൂക്കൾ" ഫിയോരെററി (Fioretti) എന്ന സുവിഖ്യാതമായ ഇററാലിയൻ ഗദ്യകാവ്യത്തിൻെറ ഇംഗ്ലീഷുതജ്ജിമയിൽനിന്നുള്ള ഒരു തജ്ജിമയാണ്. 'സെയിൻറ് ഫ്രാൻസിസ്സിൻെറ കൊച്ചുപൂക്കൾ'—Fioretti di San Francesco— The Little Flowers of St. Francis— എന്നാണ് ഗ്രന്ഥസംജ്ഞയുടെ പൂൎണ്ണരൂപം. ഇതു് സെയിൻറ് ഫ്രാൻസിസിൻെറയും അദ്ദേഹത്തിൻെറ ആദിമശിഷ്യന്മാരുടെയും ജീവിതരീതിയെയും ധമ്മപ്രചാരണസംരംഭങ്ങളെയും അപദാനങ്ങളെയും സംബന്ധിച്ച് വായ്മൊഴിയായി, പരംപരാഗതമായി, പ്രചാരത്തിലിരുന്ന ഐതിഹാസിക കഥകളുടെ ഒരു സമാഹാരമാണ്. ഈ ഗദ്യകാവ്യത്തിൻെറ വിശ്വമോഹനമായ സാരസ്യവും അത്ഥപൌഷ്കല്യവും സമ്യക്കായി ആസ്വദിക്കുന്നതിനു് അതിൻെറ ഉത്ഭവത്തെയും കഥാനായകനായ സെയിൻറ് ഫ്റാൻസിസിനെയുംപററി മുൻകൂട്ടി ചില വിവരങ്ങൾ വായനക്കാർ അറിഞ്ഞിരിക്കേണ്ടതാണ്.

ഫ്റാൻസിസ്സ് ഇററലിയിൽ അസ്സീസി എന്ന പട്ടണത്തിൽ 1182-ൽ ജനിച്ചു. അദ്ദേഹത്തിൻെറ പിതാവായ പീററർ ബർണാഡ്ഡ് ധനാഢ്യനായ ഒരു ജവുളിവ്യാപാരിയായിരുന്നു. ഫ്റാൻസിസിൻെറ ബാല്യവും യൌവനവും ധനവാനായ ഒരു പിതാവിൻെറ പുത്രനു് അനുരൂപമായ ലൌകിക സുഖാനുഭോഗങ്ങളിലും ആഡംബരങ്ങളിലും നിമഗ്നമായി കഴിഞ്ഞുകൂടി. സ്നേഹശീലനും സമത്ഥനും സരസഗായകനുമായിരുന്ന അദ്ദേഹം 20–ാമത്തെ വയസ്സുവരെ അസ്സീസി നഗരത്തിലെ യുവജനങ്ങളുടെ നേതാവായി, വിനോദങ്ങളിലും കളികളിലും നൃത്തം നാടകം തുടങ്ങിയ കലാപരിപാടികളിലും അവരുടെ നട്ടനായകമായി, പരിലസിച്ചു. 1203-ൽ അസ്സീസിയും പെരൂജ്യായും തമ്മിലുണ്ടായ

യുദ്ധത്തിൽ അദ്ദേഹം ഉത്സാഹപൂർവ്വം പങ്കുകൊള്ളുകയും, അതിൽ അസ്സീസി തോല്ക്കുകയാൽ യുദ്ധത്തടവുകാരുടെ കൂട്ടത്തിൽപ്പെട്ടുകയും ചെയ്തു. പെറുജ്യായിലെ കാരാഗൃഹവാസം അദ്ദേഹത്തിൽ അദ്ധ്യാത്മചിന്തയെ ഉദ്ദീപിപ്പിച്ചു. ബന്ധനവിമുക്തനായശേഷമുണ്ടായ ഒരു രോഗബാധ അന്തർമ്മുഖമായ ആ ചിന്തയുടെ ഉൽക്കടതയെ വദ്ധിപ്പിച്ചു. അപ്പോഴും തൻെറ ജീവിതത്തിന് ആസന്നമായിരുന്ന പരിവത്തനത്തെപ്പററി അദ്ദേഹം ശരിക്കു ബോധവാനായിരുന്നില്ല. അനന്തരം അദ്ദേഹം യുവസഹജമായ സാഹസികതയോടെ യുദ്ധവീരയശഃപ്രാത്ഥിയായി കരിശുയുദ്ധത്തിന് പോകാനൊരുങ്ങിയാത്രപുറപ്പെട്ടപ്പോൾ, സ്വപ്നത്തിലുണ്ടായ ഒരു ദിവ്യദശ്നം അദ്ദേഹം ഭാവിയിൽ അവലംബിക്കേണ്ട ജീവിതസരണിയെന്താണെന്നു സന്ദേഹാതീതമായി വെളിപ്പെടുത്തി. അതോടെ അദ്ദേഹത്തിൻെറ ഹൃദയപരിവത്തനം പൂർണ്ണവും പ്രകടതരവുമായി. മേലാൽ, "യഥാത്ഥമായ ജീവിതം, ധമ്മാനുസൃതമായ ജീവിതം, മനോഹരമായ, ഉൽകൃഷ്ടമായ, ഐശ്വര്യഭ്രൂയിഷ്ഠമായ ജീവിതം—സാക്ഷാൽ യേശുക്രിസ്തുവിലുള്ള ജീവിതം—" നയിക്കുന്നതിനുള്ള ആ അന്തശ്ചോദനത്തിന് അദ്ദേഹം അപ്രതിരോധ്യമായി വശീഭവിച്ചു.

അങ്ങനെ ഫ്റാൻസിസ് ക്രൂശിതനായ ക്രിസ്തുവിനെ അനുഗമിക്കുന്നതിനായി ലൌകികങ്ങളായ സകല ബന്ധങ്ങളെയും ഉപേക്ഷിച്ച് സന്യാസജീവിതം അവലംബിച്ചു. ഈ പുതിയ ജീവിതസരണിയിൽ അചിരേണ അനേകം അനുയായികളെ അദ്ദേഹത്തിനു ലഭിച്ചു. അവരിൽ ഒന്നാമൻ ബർണാഡ് ക്വിൻഡവാളി എന്ന അസ്സീസിയിലെ ധനികനായ ഒരു പൌരപ്രമുഖനായിരുന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ അവരുടെ എണ്ണം പന്ത്രണ്ടായി. സുവിശേഷവിഹിതമായ ദാരിദ്ര്യം—സർവസംഗപരിത്യാഗം—സ്വയം വരിച്ച ഈ പാരികാംക്ഷികൾക്കായി അദ്ദേഹം ഒരു ജീവിതനിയമം—ക്രിസ്തു ശിഷ്യന്മാക്കു നല്കിയ ധമ്മോപദേശങ്ങളുദ്ധരിക്കുന്ന സുവിശേഷോക്തികൾ മാത്രം അടങ്ങിയതു്— എഴുതിയുണ്ടാക്കുകയും അതിനു മൂന്നാം ഇന്നസൻറ് മാ

പ്പാപ്പായുടെ അംഗീകരണം സമ്പാദിക്കുകയും ചെയ്തു. ഇങ്ങനെ ഏററവും വിനീതമായി സമാരംഭിക്കപ്പെട്ട ഫ്ററാൻസിസ്കൻ ധർമ്മപ്രസ്ഥാനം കാട്ടുതീപോലെ വളരെ വേഗം ഇററലിയിലും സമീപപ്രദേശങ്ങളിലും വ്യാപിച്ചു. ചെറു സഹോദരന്മാർ (Friars Minor) എന്നു സംജ്ഞിതരായ ഫ്ററാൻസിസ്കൻ സന്യാസികളുടെ സംഘത്തിൽ യൂറോപ്പിലെ പ്രഭുക്കന്മാരുടെയും സാധാരണക്കാരുടെയും ഇടയിൽ നിന്നു മുമുക്ഷുക്കൾ ആയിരക്കണക്കിനു ചേരുകയും ഏതാനും വർഷങ്ങൾക്കുള്ളിൽ ആ ഭൂഖണ്ഡത്തിൻെറ നാനാഭാഗങ്ങളിലും ഫ്ററാൻസിസ്കൻ ധർമ്മസഹോദരാശ്രമങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. സർവ്വജനനീനമായ ഈ ധർമ്മപ്രസ്ഥാനം കൊണ്ട് ഫ്രാൻസിസ് മദ്ധ്യയുഗങ്ങളിൽ സവിശേഷം ക്ഷയോന്മുഖമായിരുന്ന ക്രിസ്തുധർമ്മത്തെ പ്രത്യുദ്ധരിച്ചു. അന്നു മുതൽ ഇന്നുവരെ ഈ എഴുനൂറു സംവത്സരക്കാലവും ഫ്രാൻസിസ്കൻ ധർമ്മപ്രസ്ഥാനം ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ച് ക്രിസ്തുധർമ്മത്തിൻെറ പ്രചാരണവും സംരക്ഷണവും നിസ്തുലമാംവണ്ണം നിർവ്വഹിച്ചുപോരുന്നു. നാനാവിധത്തിലും മ്ലേച്ഛമായി, കിരാതോചിതമായിക്കൊണ്ടിരിക്കുന്ന ആധുനിക യൂറോപ്യൻ നാഗരീകതയിൽ ക്രൈസ്തവോചിതമായി എന്തെങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ, അതു മിക്കവാറും ഫ്രാൻസിസ് അസ്സീസിയിൽനിന്നു സിദ്ധിച്ചിട്ടുള്ളതാണെന്നു പറയുന്ന ചരിത്രനിരീക്ഷകന്മാരുണ്ട്.

'മഹാത്മാ' എന്നപേരിനെ അർഹിക്കുന്നവരായി യൂറോപ്പു ഭൂഖണ്ഡത്തിൽ ജനിച്ചിട്ടുള്ള മഹാപുരുഷന്മാരിൽ ഫ്രാൻസിസ് അസ്സീസി അഗ്രഗണ്യനാണ്. "സെയിൻറ് ഫ്രാൻസിസിൻെറ ചരിത്രം വായിക്കുമ്പോൾ, ഭൂമുഖത്തെ പാദസ്പർശം ചെയ്തിട്ടുള്ള മഹാത്മാക്കളിൽ ഏററവും പരിശുദ്ധിയും സൌകുമാര്യവും ചേതോഹാരിത്വവുമുള്ള ഒരാളിൻെറ ചിത്രമാണ് നമ്മുടെ മുമ്പിൽ പ്രത്യക്ഷീഭവിക്കുന്നത്." (A. J. Grant, A History of Europe) അദ്ദേഹം "മനുഷ്യചരിത്രത്തിന് അറിയാൻ കഴിഞ്ഞിട്ടുള്ള ഏററവും ശക്തിയും അസാധാരണത്വവും പ്രതിഭാവൈശിഷ്ട്യവുമുള്ള പുരുഷോത്തമന്മാരിൽ ഒരാളാണ്." (G. K. Chesterton)

"രാഷ്ട്രീയമോ യുദ്ധപരമോ ആയ മഹത്വത്താൽ ചരിത്ര വിഖ്യാതരായവരെ ഒഴിച്ചാൽ, മനുഷ്യരാശിയുടെ ശ്രദ്ധയെ ഫ്റാൻസിസ് അസ്സീസിയെപ്പോലെ അത്ര കൂടുതലായി ആകർഷിച്ചിട്ടുള്ള മഹാന്മാർ വളരെ ദുർല്ലഭമാണ്. (Dr. James J. Walsh) ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള അഭ്യസ്തവിദ്യരായ സകലരും – ക്രൈസ്തവർ അക്രൈസ്തവർ, കത്തോലിക്കർ പ്രോട്ടസ്റ്റൻറുകാർ, യുക്തിവാദികൾ, നാസ്തികന്മാർ തുടങ്ങിയ സകലരും—അദ്ദേഹത്തിൻെറ വിശോത്തരങ്ങളായ ആദർശങ്ങളെയും പരിപാവന ജീവിതത്തെയും അദ്ദേഹത്തിൽനിന്നു മനുഷ്യസമുദായത്തിനു സിദ്ധിച്ചിട്ടുള്ള സംസ്കാരത്തെയും മുക്തകണ്ഠം വാഴ്ത്തുന്നു. റഷ്യൻ കമ്മ്യൂണിസത്തിൻെറ ഉപജ്ഞാതാവായ ലെനിൻ തന്നെയും 'സമത്വസുന്ദര'മായ ഒരു നവ്യലോകം സൃഷ്ടിക്കുവാനായി താൻ ഇളക്കിവിട്ട ആ അക്രമപ്രസ്ഥാനത്തിൻെറ ഫലമായി നടന്ന ഘോരഘോരങ്ങളായ കൂട്ടക്കൊലകളുടെയും നാശങ്ങളുടെയും അനവസാനമായ പരംപരയെക്കണ്ടിട്ട് വിപ്രതീസാരവിവശനായി മരണശയ്യയിൽ കിടന്ന് താൻ വേറൊരു ഫ്റാൻസിസ് അസ്സീസിയായിരുന്നുവെങ്കിൽ തൻെറ സേവനം ലോകത്തിനു കൂടുതൽ സൌഭാഗ്യകരവും ശാശ്വതവുമായിരുന്നേനെ എന്ന് ഉദീരണം ചെയ്യുതായി പറയപ്പെടുന്നു.

ഫ്റാൻസിസ് 45-ാമത്തെ വയസ്സിൽ 1226 ഒക്ടോബർ 3-ാംനു വൈകുന്നേരം ആസന്നയായ സഹോദരിമൃത്യുവിനു് ആഹ്ളാദഭരിതനായി സ്വാഗതമരുളിക്കൊണ്ടും, 'ഞാൻ സ്വരമുയർത്തി ഭഗവാനോടഭ്യർത്ഥിക്കുന്നു.........ഞാൻ അങ്ങേയുടെ നാമം വാഴ്ത്തുമാറാകുന്നതിന് എന്നെ കാരാഗൃഹത്തിൽനിന്നു മോചിപ്പിക്കേണമേ......' എന്ന പ്രത്യാശാദ്യോതകമായ 141-ാംസങ്കീർത്തനം ആലപിച്ചുകൊണ്ടും ചരമഗതിയെ പ്രാപിച്ചു. അപ്പോൾ സൂര്യാസ്തമയ സമയമായിരുന്നു. അദ്ദേഹം ദേഹവിയോഗംചെയ്ത "ആ ആശ്രമത്തിനുവെളിക്ക് ഒരു സംഘം വാനംപാടി പക്ഷികൾ ഉല്ലാസഭരിതരായി ആ മൂവന്തിവേളയിൽ നിശ്ചലമായിരുന്ന അന്തരീക്ഷത്തെ സുമധുരമായ കൂജനഗാനങ്ങളാൽ മുഖരീകരിച്ചു; അങ്ങനെ അവയും തങ്ങളുടെ ആ ഉത്തമസ്നേഹിതൻെറ അ

ന്തിമയാത്രയിൽ ഹൃദയംഗമമായ മംഗളമാശംസിക്കുകയായിരുന്നു!"

ഫ്റാൻസിസിൻെറ മരണത്തിനുശേഷം ഏകദേശം അരനൂററാണ്ടുകാലം അദ്ദേഹത്തിൻെറ ഏററവും ഭക്തരായ ശിഷ്യരിൽ ചിലർ—സഹോദരൻ ജിത്സ് 1261 വരെയും സഹോദരൻ ലെയോ 1271 വരെയും സഹോദരി ജാക്കോപാ 1273–വരെയും—ജീവിച്ചിരുന്നു. ഈ കാലഘട്ടത്തിൽ ഫ്റാൻസിസ്കൻ ധർമ്മസഹോദരസംഘം വളരെ വേഗം വളന്നു; വളച്ചയോടുകൂടി സ്വാഭാവികമായി പല പരിവത്തനങ്ങൾക്കും അതു വിധേയമായി. ഫ്റാൻസിസിൻെറ അന്തേവാസിത്വവും സഹചരത്വവും നേരിട്ടനുഭവിക്കാൻ ഭാഗ്യമുണ്ടായ ഈ അവധൂതവൃദ്ധന്മാർ കാലഭേദമനുസരിച്ച് തങ്ങളുടെ പ്രസ്ഥാനത്തിനുണ്ടായിക്കൊണ്ടിരുന്ന ഈ വ്യതിയാനങ്ങളെ ഖേദത്തോടെയായിരുന്നു വീക്ഷിച്ചതു്. അവമൂലം അതിൻെറ ആരംഭത്തിലുണ്ടായിരുന്ന മഹിമാവു് ക്രമേണ നഷ്ടീഭവിക്കുന്നതായി അവക്കു തോന്നി. ഫ്റാൻസിസ്കൻ ലോകബാന്ധവൻ ഉദയംചെയ്ത ആ സുവർണ്ണോജ്ജ്വലമായ ഉഷഃകാലത്തെ മനോമോഹനങ്ങളായ മാതൃകകളെയും സംഭവങ്ങളെയും അപദാനങ്ങളെയും പററിയുള്ള സുഭഗസ്മരണകൾ ഈ വാദ്ധക്യകാലത്തു് അവക്കു സമാശ്വാസപ്രദങ്ങളായിരുന്നു. അവയെപ്പററിയുള്ള കഥകൾ തങ്ങളുടെ ചുററും ഏററവും പ്രശ്രയപൂർവ്വം കൂടുന്ന ഇളമുറക്കാരായ യുവസഹോദരന്മാരെ ചമൽക്കാരപൂർവ്വം പറഞ്ഞു കേൾപ്പിക്കുന്നതിൽ അവർ ആനന്ദിച്ചു. ഈ ശ്രോതാക്കൾ അവയെ ഹൃദിസ്ഥമാക്കി പൊടിപ്പും തൊങ്ങലും ചേർത്തു് പൂർവ്വാധികം ചമൽക്കാരത്തോടെ അടുത്ത തലമുറക്കാരെ പറഞ്ഞു കേൾപ്പിക്കും. ഇങ്ങനെ പരംപരാഗതമായ വായ്മൊഴിയായി ഫ്റാൻസിസ്കൻ കഥകളുടെ വിപുലമായൊരു ആകരംതന്നെ ആവിർഭവിക്കുന്നു. ഈ കാഥികന്മാർ സംഭവങ്ങളുടെ കാലക്രമത്തിലും വിശദാംശങ്ങളിലും വേണ്ടുവോളം ദത്താവധാനരായിരുന്നില്ലെങ്കിലും, അവരുടെ കഥകളിലെ സാരവത്തായ ഭാഗങ്ങൾ ചാരിത്രീകമായ സത്യത്തിലും യാഥാർത്ഥ്യത്തിലും അധിഷ്ഠിതമായിരുന്നുവെന്നതിനു സംശയമില്ല. കഥകളുടെ

ഈ സങ്കീർണ്ണമായ ആകരത്തിൽനിന്ന് സാക്ഷാൽ സാഹിതീദേവീപ്രസാദസമ്പന്നനായ ഒരു പ്രതിഭാശാലി സാഹിത്യകുശലതയോടെ സമാഹരിച്ച ഗ്രന്ഥരൂപത്തിൽ കോർത്തിണക്കിയതാണ് ഈ 'കൊച്ചുപൂക്കൾ.'

ഇററാലിയൻ സാഹിത്യത്തിലെ ഒരപൂർവ്വസമ്പത്തായ 'കൊച്ചുപൂക്കൾ' പ്രകാശിതമായതു് 1322–നും, 1328–നും ഇടയ്ക്കായിരിക്കണം. അതിലെ കഥകളുടെ ഉൽപത്തിസ്ഥാനം പ്രധാനമായി ഇററലിയുടെ കിഴക്കേത്തീരത്ത് ആപ്പിനൈൻ പർവ്വതനിരയുടെയും സമുദ്രത്തിൻെറയും ഇടയ്ക്കു സ്ഥിതിചെയ്യുന്ന അങ്കോണാ എന്ന അന്തരാളപ്രദേശമാണ്. അതിൻെറ ആദിമ കൈയെഴുത്തു പ്രതികളിൽ ആദ്യത്തെ 53 അദ്ധ്യായങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു. അവയിൽ ആദ്യത്തെ 38 അദ്ധ്യായങ്ങൾ സെയിൻറ് ഫ്റാൻസിസിനെയും ബർണ്ണാർഡ്, ലെയോ, മാസ്സെയോ, റുഫീനോ, സില്‌വെസ്റ്റർ, ക്ലാര എന്നീ ആദിമശിഷ്യരെയുംപ്പററി പ്രതിപാദിക്കുന്നു; പിന്നീട് രണ്ടദ്ധ്യായങ്ങളിലെ പ്രധാനവിഷയം പാദുവായിലെ സെയിൻറ് ആൻറണിയാണ്; അവസാനത്തെ 13 അദ്ധ്യായങ്ങൾ മുഖ്യമായിപ്പറയുന്നതു് അങ്കോണാ പ്രദേശത്തെ അധിവസിച്ച രണ്ടാമത്തെയും മൂന്നാമത്തെയും തലമുറക്കാരായ ധർമ്മസഹോദരന്മാരെക്കുറിച്ചുള്ള കഥകളാണ്. കാലാന്തരത്തിൽ സെയിൻറ് ഫ്റാൻസിസിൻെറ പഞ്ചക്ഷതങ്ങൾ, സഹോദരൻ ജൂണിപ്പെറിൻെറ ജീവചരിത്രം, സഹോദരൻ ജിത്സിൻെറ ജീവചരിത്രം, സഹോദരൻ ജിത്സിൻെറ സുഭാഷിതങ്ങൾ എന്നിവയെ ഉപന്യസിക്കുന്ന 53 അദ്ധ്യായങ്ങൾ അസ്സൽ കൊച്ചുപൂക്കളോടനുബന്ധിച്ചിട്ടുണ്ട്. ഈ അനുബന്ധം വിഷയത്തിൻെറ സ്വഭാവത്തിലും പ്രതിപാദന രീതിയിലും അനതിശയിതമായ സാഹിത്യഭംഗിയിലും 'കൊച്ചുപൂക്കളു'ടെ സഹോദരത്വവും സജാതീയത്വവും സർവ്വഥാ അർഹിക്കുന്നതാകയാൽ അവയിൽ ലയിച്ചുചേർന്നിട്ടുണ്ട്. ഇപ്പോൾ നിലവിലിരിക്കുന്ന 'കൊച്ചു പൂക്കളുടെ' അച്ചടിച്ച പ്രതികളിലെല്ലാം അനുബന്ധമായ അദ്ധ്യായങ്ങളുംകൂടി ഉൾപ്പെടുന്നു.

'കൊച്ചുപൂക്കളി'ൽ ലോകസഞ്ജീവിനിയായ ഫ്രാൻസിസ്സൻ ചൈതന്യം ക്രൂലംകഷമായി നിറഞ്ഞു തുളുമ്പുന്നു. അവയിൽ സെയിൻറ് ഫ്റാൻസീസ് – അസ്സീസിയിലെ ആ 'സാധുവായ കൊച്ചു മനുഷ്യൻ'—വീണ്ടും ജീവിച്ചു നടക്കുന്നതായും ശ്വാസോച്ഛ്വാസം ചെയ്യുന്നതായുമുള്ള ഒരു പ്രതീതി നമുക്കനുഭവപ്പെടുന്നു. ഈശ്വരഭക്തി, ദാരിദ്ര്യപ്രേമം, സമസൃഷ്ടിസ്നേഹം, ദീനാനുകമ്പ, അഹിംസ, വിനയം, ശാലീനത മുതലായ പരിപാവനങ്ങളായ ഫ്റാൻസിസ്സൻ സദ്ഗുണങ്ങളുടെ അമലമനോഹരതയെ അവ ഒരു കണ്ണാടിയിലെന്നവണ്ണം പ്രതിബിംബിപ്പിക്കുന്നു. മനുഷ്യാത്മാവിൻെറ അനന്തമൂല്യങ്ങളേയും അതിനു പ്രാപിക്കാവുന്ന പരമമായ ഔന്നത്യത്തേയും അവ പ്രഖ്യാപനം ചെയ്യുന്നു. ജീവിതത്തിലെ വിജയവും ആനന്ദവും വിത്തത്തിലും വിദ്യയിലുമല്ല, ആത്മദമനത്തിലും, തിതിക്ഷയിലും ത്യാഗശീലത്തിലുമാണ് സ്ഥിതിചെയ്യുന്നതെന്നു് സുമഞ്ജുളമായ ഭാഷയിലും ആഹ്ളാദനിർഭരമായ സ്വരത്തിലും അവ ഉദ്ഘോഷിക്കുന്നു. അവ ഹൃദയംകൊണ്ടു് എഴുതപ്പെട്ടതും ഹൃദയംകൊണ്ടു വായിക്കപ്പെടേണ്ടതുമാണ്—അവയിൽ ഹൃദയം ഹൃദയത്തോടു സ്വൈരസല്ലാപം ചെയ്യുന്നു. വെറും സാഹിത്യമൂഢന്മാരല്ലാതെ സഹൃദയന്മാരായിട്ടുള്ള സകലർക്കും —ആസ്തികനും നാസ്തികനും—ഒന്നുപോലെ അവ ഹൃദയാഹ്ളാദകമാണ്. അതുകൊണ്ടത്രെ അവ കഴിഞ്ഞ അറുനൂറു സംവത്സരക്കാലവും ആബാലവൃദ്ധം മനുഷ്യരാശിയുടെ പ്രേമപൂജയ്ക്കു പാത്രീഭവിച്ചു് അനശ്വരങ്ങളായ വിശ്വസാഹിത്യനിധികളുടെ നിരയിൽ ബഹുമാന്യമായൊരു സ്ഥാനം സമ്പാദിച്ചിരിക്കുന്നതു്.

ഇത്ര വിശിഷ്ടമായൊരു കൃതിയുടെ ഈ തർജ്ജിമ വിജയകരമായിട്ടുണ്ടോ—മൂലത്തിലെ കുതിര ഭാഷയിൽ കഴുതയാകാതെ കുതിരയായിത്തന്നെ അവതരിച്ചിട്ടുണ്ടോ—എന്നു വിധിക്കേണ്ടതു സഹൃദയരായ വായനക്കാരാണല്ലോ. അവരുടെ വിധി അനുകൂലമാകുന്നുണ്ടെങ്കിൽ, അനുബന്ധമായ ഉത്തരഭാഗവും അവിളംബം വിവർത്തനം ചെയ്തുകൊള്ളാം.

ഉപസംഹാരമായി, എൻെറ അപേക്ഷയനുസരിച്ച്, ബഹുലങ്ങളായ കൃത്യാന്തരങ്ങൾക്കിടയ്ക്കു സമുചിതങ്ങളായ അവതാരികകൾ എഴുതിത്തന്ന് എന്നെ അനുഗ്രഹിച്ച മഹാപണ്ഡിതന്മാരായ നിതാന്തവന്ദ്യ ദിവ്യശ്രീ തിരുവനന്തപുരം സഹായമെത്രാൻ റൈററ് റവ: ഡോക്ടർ പീററർ ബർണാർഡ് പെരയിരാ തിരുമനസ്സിനോടും, രാജശ്രീ ശൂരനാട്ടു് കുഞ്ഞൻപിള്ള, എം. ഏ., അവർകളോടും, ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണഭാരം വഹിച്ച് അതിൻെറ അച്ചടിയും 'ഗെററപ്പും' ഇത്ര മനോഹരമായി സാധിച്ചിരിക്കുന്ന കൊല്ലം അസ്സീസി പ്രസ്സ് മാനേജ്മെൻറിനോടും എനിക്കുള്ള ഹാർദ്ദവമായ കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

മയ്യനാട്,
June 25, 1956

ഏ. ജോൺ.

# ശുദ്ധിപത്രം

| പേജ് | വരി | തെററ് | ശരി |
|---|---|---|---|
| 23 | 8 | അദ്ദേഹത്തിൻെറ | അദ്ദേഹത്തിനു |
| 29 | 21 | ധമ്മസഹോദരനു | ധമ്മസഹോദരൻ |
| 59 | 22 | ത്തീർന്ന | ത്തീരുകയുംചെയ്ത |
| 62 | 5 | നിഷ്കഷം | സനിഷ്കഷം |
| 88 | 26 | ആകുന്നുവല്ലോ | ആകുന്നുവെന്നാണല്ലോ |
| 84 | 33 | അവനെ | തന്നെ |
| 159 | 10 | അത്യന്തികമായ | ആത്യന്തികമായ |
| 182 | 17 | ചാഷകം | ചഷകം |

# അവതാരിക.

## (1)

ഏകപക്ഷീയമായ ആശയഗതിയോടുകൂടിയ ചില ചരിത്രകാരന്മാരുടെ കണ്ണാടിയിൽ അന്ധകാരാവൃതമായി പ്രത്യക്ഷപ്പെട്ട ഒരു കാലഘട്ടമാണ് മദ്ധ്യശതകങ്ങൾ. എന്നാൽ നിഷ്പക്ഷബുദ്ധ്യാ അക്കാലത്തെ ചരിത്രം പഠിക്കുന്നവക്ക് ചില സുപ്രധാന സംഗതികൾ ഗ്രഹിക്കുവാൻ സാധിക്കുന്നതാണ്. ലോകായതികത്വത്തിൻെറ വലയത്തിൽപ്പെട്ട്, ലൌകിക സുഖഭോഗങ്ങളാൽ ആകൃഷ്ടരായി ജീവിതം നയിച്ചിരുന്ന വലിയൊരുകൂട്ടം ജനതതിയെ നാം അക്കാലങ്ങളിൽ കാണുന്നുണ്ട് എന്നുവരികിലും ലോകസുഖഭോഗങ്ങളുടെ ക്ഷണഭംഗുരതയെ ശരിയായി മനസ്സിലാക്കി, അവയ്ക്കെതിരായി വീരസമരം ചെയ്തു, പവിത്രമായ ആദ്ധ്യാത്മിക ജീവിതസോപാനത്തിൽ ഉയന്നു, ജീവിതനവീകരണത്തിൻെറയും സാമൂഹ്യപരിവത്തനത്തിൻെറയും ഉപദേശങ്ങളും ആദശങ്ങളും ലോകത്തിനു നല്കി, ജീവാപ്പണം ചെയ്തു വിശുദ്ധപദത്തിൽ എത്തിച്ചേന്ന ഗണ്യമായ ഒരുകൂട്ടം മഹാത്മാക്കളെയും നമുക്കു ആ കാലഘട്ടത്തിൽതന്നെ കാണുവാൻ സാധിക്കുമെന്നുള്ളതു് ചാരിതാത്ഥ്യജനകമാണ്.

"ക്രിസ്തുവിൻെറ ആദശങ്ങളനുസരിച്ച് ജീവിച്ച ഏകവ്യക്തി'' എന്നു യുക്തിവാദിയായ റെനാൻ ആരെപ്പററി പറഞ്ഞുവോ, "ദുരിതം അനുഭവിക്കുന്നവരെ സമുദ്ധരിക്കുക എന്ന എൻെറ ഉദ്ദേശ്യം സഫലമാകുന്നതിനു ഫ്റാൻസീസ് അസീസിയെപ്പോലെ പത്തുപേരെയാണു വേണ്ടിയിരുന്നതു്'' എന്നു ആസന്നമരണനായ ലെനിൻ സ്വന്തം പരാജയം സമ്മതിച്ചുകൊണ്ടു് ആരെ പുരസ്കരിച്ചു പ്രസ്താവിച്ചുവോ, ആ അസീസിയിലെ മഹാസിദ്ധൻ, വി. ഫ്റാൻസീസ് അസീസി, ആ മഹാത്മാക്കളുടെ ഗണത്തിൽ അഗ്രഗണ്യനാണ്. കുലശ്രേഷ്ഠതകൊണ്ടും ധനസമൃദ്ധികൊണ്ടും, പ്രതിഭാവിലാസംകൊണ്ടും സമുന്നത

മായ ഒരു സ്ഥാനമാണ് വി. ഫ്റാൻസീസിന് സമകാലികന്മാരുടെ ഇടയിൽ ഉണ്ടായിരുന്നതു്. ലോകസുഖഭോഗങ്ങളെ ആവോളം ആസ്വദിച്ച മതിവരാതെ അസ്വസ്ഥമായ ഹൃദയത്തോടെ സനാതന സൗഭാഗ്യങ്ങളെ, ആദ്ധ്യാത്മിക മൂല്യങ്ങളെ, അന്വേഷിച്ച ഫ്റാൻസീസിനു അവ ലഭിച്ചതു് വിചിത്രമായ ഒരു ജീവിതസരണിയിൽ കൂടിയാണ്. മെത്രാസന അരമനക്കച്ചേരിയിൽ വച്ചു് ഉടുതുണിപോലും സ്വപിതാവിനു മടക്കിക്കൊടുത്തിട്ടു്, "ഇന്നുമുതൽ സകല അവകാശങ്ങളോടുംകൂടെ 'സ്വർഗ്ഗസ്ഥനായ പിതാവെ' എന്നു് സർവ്വേശ്വരനെ എനിക്കഭിസംബോധനംചെയ്യാം" എന്നു പ്രഖ്യാപനം ചെയ്തുകൊണ്ടു് ഉജ്ജ്വലത്തായ പാവനസ്നേഹത്തിന്റെ ഗായകനായി വി. ഫ്റാൻസീസ് ജനതാമദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുന്നു. 'ദാരിദ്ര്യദേവിയെ' പാണിഗ്രഹണം ചെയ്തുകൊണ്ടു്, ദരിദ്രരിൽ ദരിദ്രനായി ജീവിച്ചുകൊണ്ടു്, അവശരിലും കഷ്ടപ്പെടുന്നവരിലും ക്രിസ്തുവിനെ ദർശിച്ചുകൊണ്ടു്, സൃഷ്ടിജാലങ്ങളിലെല്ലാം ക്രിസ്തുവിൽ തന്റെ സഹോദരീസഹോദരന്മാരെ വിഭാവന ചെയ്തുകൊണ്ടു്, ഫ്റാൻസീസ് തന്റെ പാവനസന്ദേശം, മോഹനമായ ജീവിതാദർശം, ലോകത്തിനു നല്കിക്കൊണ്ടിരുന്നു. അങ്ങനെ ജഡികാസക്തിയിൽ മുഴുകിക്കിടന്ന അന്നത്തെ ലോകത്തിന് പുതിയതായി തോന്നിയേക്കാവുന്ന ഒരു ജീവിതസരണിയെ അദ്ദേഹം കാണിച്ചുകൊടുത്തു. തൽഫലമായി വിഭിന്നരുചിയോടുകൂടിയവരും പല ജീവിതാവസ്ഥയിൽനിന്നുള്ളവരുമായ നിരവധി ജനങ്ങൾ ഫ്റാൻസീസിനെ അനുഗമിക്കുവാൻ തുടങ്ങി. സിൽവസ്റ്ററും, ജൈൽസും, ജൂനിഫരും, ലെയോയും, ബെർണ്ണാഡും, രുഫീനോയും എല്ലാം ഫ്റാൻസീസിന്റെ ആദ്യത്തെ 'ചെറുസഹോദര' ഗണത്തിൽപ്പെടുന്നു. ഇവരെയെല്ലാം സംഘടിപ്പിച്ചു് ഫ്റാൻസീസ് തന്റെ സന്യാസസഭയെ സ്ഥാപിച്ചു. ക്രൂശിതനായ ക്രിസ്തുവിനെ അനുകരിച്ചുകൊണ്ടുള്ള ജീവിതം നയിച്ചതിന്റെശേഷം, പുണ്യസോപാനത്തിന്റെ ഉയർന്നപടിവരെ എത്തിയതിന്റെശേഷം, ക്രിസ്തുവിന്റെ പഞ്ചക്ഷതങ്ങൾ സ്വശരീരത്തിൽ വഹിക്കുവാനുള്ള അസു

ലഭഭാഗ്യം സിദ്ധിച്ചതിൻെറശേഷം, സെറാഫി മാലാഖ സ്സുടുത്ത സിദ്ധൻ എന്നപേരിനെ അനപത്ഥമാക്കിക്കൊണ്ട് ക്രിസ്തുവഷം 1226-ൽ വി. ഫ്റാൻസീസ് ഇഹലോകവാസം വെടിഞ്ഞപ്പോൾ, ആ ഫ്റാൻസിസ്കൻ ആദർശങ്ങളെ ജനതതിക്കു തുടന്നു നല്കുവാനായി തൻെറ അനുയായികളുടെ, തൻെറ ധമ്മഭടന്മാരുടെ, വലിയൊരു സൈന്യവ്യൂഹംതന്നെ ഉണ്ടായിരുന്നു. അവരുടെ പിൻഗാമികളായ ഫ്റാൻസിസ്കൻ സന്യാസസഭാംഗങ്ങൾ ആ കൃത്യം ഇന്നും നിവ്വഹിച്ചുകൊണ്ടിരിക്കുന്നു; "എന്നും പുരാതനവും എന്നും അധുനാതനവുമായ'' ക്രിസ്ലീയസഭയെ പരിപുഷ്ടമാക്കിക്കൊണ്ടിരിക്കുന്നു.

ഇങ്ങനെ 'എല്ലാവരുടെയും സിദ്ധൻ' എന്ന അപരാഭിനാമത്താൽ അറിയപ്പെടുന്ന വി. ഫ്റാൻസീസ് അസീസിയുടെ ജീവചരിത്രം, പണ്ഡിതോചിതവും രസകരവുമായ രീതിയിൽ, ഒന്നാംതരം ഭാഷാഗദ്യത്തിൽ, കൈരളിക്കു പ്രദാനംചെയ്ത സുപ്രസിദ്ധ ഗ്രന്ഥകാരനാണ് മയ്യനാട്ട് മി. ജോൺ. അതിൽ അദ്ദേഹം സവ്വത്രവിജയം വരിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ വി. ഫ്റാൻസിസിനെ നാം സ്മരിക്കുമ്പോൾ അദ്ദേഹത്തിൻെറ സഹപ്രവത്തകരെ നമുക്കു വിസ്മരിക്കുവാൻ പാടുള്ളതല്ലല്ലോ. വി. ഫ്റാൻസീസിൻെറ ധമ്മപ്രചാരണയത്നങ്ങളിൽ വലിയൊരു പങ്കു വഹിച്ചിട്ടുള്ളവരും, വി. ഫ്റാൻസീസിൻെറ ആദർശങ്ങളനുസരിച്ച് ജീവിതം നയിച്ചിട്ടുള്ളവരും സ്വതഃസിദ്ധമായ വ്യക്തിവൈശിഷ്ട്യങ്ങളോടു കൂടിയവരുമായ ആ ആദിമ ഫ്റാൻസീസ്കൻ ധമ്മസഹോദരന്മാരെപ്പററിയും നാം അറിഞ്ഞിരിക്കേണ്ടതാണ്. അതിനു പററിയ ഒരു വിശിഷ്ടഗ്രന്ഥമാണ് കൊച്ചുപൂക്കൾ. ഫിയൊറേററി ദി സാൻ ഫ്റാൻസീസ്കോ (Fioretti di san Francesco) എന്ന വിശ്വവിഖ്യാതമായ ഇററാലിയൻ ഗ്രന്ഥത്തിൻെറ ഇംഗ്ലീഷ് പരിഭാഷയെ (The Little Flower of St. Francis) മലയാളത്തിൽ സംക്രമിപ്പിക്കുകയാണ് മി. ജോൺ ചെയ്തിട്ടുള്ളത്. അനല്പമായ സന്തോഷത്തോടും ചാരിതാത്ഥ്യത്തോടും കൂടിയാണ്

ഈ പുസ്തകതല്ലജത്തെ സഹൃദയസമക്ഷം അവതരിപ്പിക്കുക എന്ന കൃത്യം, അദ്ദേഹത്തിന്റെ അപേക്ഷയനുസരിച്ച്, ഞാൻ ഏററിട്ടുള്ളതു്.

മലയാളഭാഷാ സാഹിത്യത്തിൽ തഴക്കവും പഴക്കവും സിദ്ധിച്ചിട്ടുള്ള മി. ജോൺ ഒന്നാംകിട ഗ്രന്ഥകാരന്മാരുടെ ഇടയിൽതന്നെ സമുന്നതമായ സ്ഥാനം ഇതിനകം സമ്പാദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രൗഢസുന്ദരമായ ഭാഷാഗദ്യം ഏവരുടേയും മുക്തകണ്ഠമായ പ്രശംസയെ സമാർജ്ജിച്ചിട്ടുണ്ട്. ശ്രീയേശുക്രിസ്തു, അന്തോനി പാദുവാ, കന്യകാമറിയം, ഫ്റാൻസീസ് അസീസി, ഫ്റാൻസീസ് സേവിയർ, ക്രിസ്തുദേവാനുകരണം, ബൈബിൾ വിവർത്തനം മുതലായ സൽഗ്രന്ഥങ്ങൾ വഴി മി. ജോൺ കൈരളിക്കു പൊതുവേയും, ക്രിസ്തീയ സമുദായത്തിനു പ്രത്യേകമായും ചെയ്തിട്ടുള്ള സംഭാവന ഏററവും സ്തുത്യർഹമായിട്ടുള്ളതാണ്. ആ ഗ്രന്ഥങ്ങൾക്കു സിദ്ധിച്ചതുപോലുള്ള, അതിനെക്കാൾ മെച്ചമായുള്ള, പ്രചുരപ്രചാരം "കൊച്ചുപൂക്കൾ" ക്കുണ്ടാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു. "കൊച്ചുപൂക്കൾ" അതിന്റെ മനോരഞ്ജകമായ സൗരഭ്യം നാടെങ്ങും പരത്തി അതിനെ ആസ്വദിക്കുന്നവക്ക് ലോകോത്തരമായ ആനന്ദം പ്രദാനം ചെയ്യുമാറാകട്ടെ. കൃത്യാന്തര ബാഹുല്യത്താലായിരിക്കാം ഏതാനുംനാൾ തന്റെ സാഹിത്യസംരംഭങ്ങളിൽ അല്പം മൗനം ദീക്ഷിച്ചിരുന്ന മി. ജോണിന് ഇനിയും തന്റെ സാഹിത്യപരിശ്രമങ്ങളാൽ ക്രിസ്തീയ സാഹിത്യത്തേയും മലയാളഭാഷാസാഹിത്യത്തേയും ഒന്നുപോലെ ഉപര്യുപരി പരിപുഷ്ടമാക്കുന്നതിനുവേണ്ട അനുഗ്രഹങ്ങൾ സർവ്വശക്തൻ പ്രദാനം ചെയ്യട്ടെ എന്ന പ്രാർത്ഥനയോടുകൂടി "കൊച്ചുപൂക്കളെ" ബഹുജനസമക്ഷം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

The Bishop's House,
Trivandrum,
June 20, 1956.

✠ പീററർ ബർണ്ണാഡ് പെരയിര.
(Auxiliary Bishop of Trivandrum.)

# അവതാരിക

(2)

*Suranad Kunjan Pillai,*
M. A. (Eng:) M. A. (Sans:) M. A. (Mal:)
EDITOR: MALAYALAM LEXICON,
Hon: Director; University Mss Library,
Member Sahitya Akademi.

TRIVANDRUM,
*23-6-1956.*

മലയാളികളുടെ ബഹുമാനം സുതരാം സമ്പാദിച്ചിട്ടുള്ള ഒരു ധന്യസാഹിത്യകാരനാണ് മയ്യനാട്ട് ശ്രീ. ജോൺ അവർകൾ. ക്രൈസ്തവവിഷയങ്ങൾ അധികരിച്ചാണ് അദ്ദേഹത്തിന്റെ അധികം കൃതികളും. മലയാളഭാഷയിൽ അദ്ദേഹത്തിനു സിദ്ധിച്ചിട്ടുള്ള വിശിഷ്ടവൈദുഷ്യം ക്രൈസ്തവസാഹിത്യപ്രചരണത്തിന് വിനിയോഗിച്ചു വരുന്നതു് ശ്ലാഘാർഹമായ ഒരു വസ്തുതയാണ്. അദ്ദേഹം മലയാളത്തിനു സംഭാവന ചെയ്തിട്ടുള്ള കൃതികൾ നമ്മുടെ ഭാഷയുടെ സമ്പത്തിനെ വളരെ പരിപോഷിപ്പിച്ചിട്ടുള്ളവയത്രെ. അവയിൽ ക്രിസ്തുദേവാനുകരണം പോലെയുള്ള ഗ്രന്ഥങ്ങൾ ശ്രീ. ജോൺ അവർകളുടെ യശസ്സിനെ സ്ഥിരമായി നിലനിത്താൻ പോരുന്നവയാണ്. ഉദാരാശയനായ ഒരു സാഹിത്യകാരനാണ് ശ്രീ. ജോൺ എന്ന് അദ്ദേഹത്തിന്റെ കൃതികൾ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നുണ്ട്. അതിനാൽ അദ്ദേഹത്തിന്റെ കൊച്ചുപൂക്കൾ എന്ന ഈ നൂതനകൃതി ഞാൻ അവതരിപ്പിക്കുന്നതു് ഹൃദയം നിറഞ്ഞു തുളുമ്പുന്ന ബഹുമാനത്തോടെയാണ്.

'കൊച്ചുപൂക്കൾ' വിശ്വവിഖ്യാതമായ ഒരു കൃതിയുടെ തർജ്ജമയാണ്. പുണ്യാത്മാക്കളിൽ പുണ്യാത്മാവായ ഫ്ററാൻസീസ് മഹാനെപ്പററിയുള്ള സ്മരണകളെ അദ്ദേഹത്തിന്റെ അന്തേവാസികളും ശിഷ്യപരമ്പരകളും സംഭരിച്ചു സമാഹരിച്ചിട്ടുള്ളതാണ് ഫിയോറിററി (Fioretti) എന്ന ഇററാലിയൻ മൂലകൃതി. അതിന്റെ

ആംഗലാനുവാദമാണ് ദി ലിററിൽ ഫ്ളവേഴ്സ് അഫ് സെൻറ് ഫ്റാൻസിസ് (The Little Flowers of St. Francis.) ഫ്റാൻസീസ് മഹാൻെറ പുണ്യയശഃ പരിമളം കലന്ന സ്മൃതികുസുമങ്ങൾ ആയിട്ടാണ് ഈ കഥകളെ കല്പിച്ചിട്ടുള്ളത്. അവയുടെ സൗരഭ്യം കാലം കൊണ്ടും ദേശംകൊണ്ടും തീരെ കുറയുന്നതല്ല. അങ്ങനെയുള്ള ഈ അക്ഷയകല്യാണസൗഗന്ധികസുമങ്ങളെ കോർത്തിണക്കിയ ഒരു മാലയാണ് ശ്രീ. ജോൺ അവർകൾ മലയാള ഭാഷാദേവിയുടെ തിരുമാറ്പിടത്ത് ഇപ്പോൾ ചാർത്തിയിട്ടുള്ളത്.

യൂറോപ്യൻ സാഹിത്യലോകത്ത് സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള ഒരു മഹാഗ്രന്ഥമാണ് മൂലകൃതി. ലോകത്തിൽ അവതരിച്ചിട്ടുള്ള പുണ്യാത്മാക്കളുടെയിടയ്ക്ക് ഉയന്ന ശോഭിക്കുന്ന മഹാനാണ് ഈ കഥകൾക്കു വിഷയമായ അസീസിയിലെ ഫ്റാൻസീസ് മഹാൻ. ദീർഘകാലം സാഹിത്യസേവനം ചെയ്തു ഭാഷാഭഗവതിയുടെ സംപ്രീതി സമാർജ്ജിച്ചിട്ടുള്ള പ്രൗഢപണ്ഡിതനാണ് ഗ്രന്ഥകാരൻ. ഇതിൽകവിഞ്ഞു ഈ ഗ്രന്ഥത്തിൻെറ പ്രചാരത്തിനു കൂടുതൽ എന്തു യോഗ്യതയാണ് കാംക്ഷിക്കാനുള്ളത്?

കഥയും ധമ്മപാഠവും പുണ്യവാളചരിതവും എല്ലാം ആണ് ഈ കൊച്ചുപൂക്കൾ. ഈ പൂക്കൾ ഭാഷാദേവിയുടെ തിരുമാറിൽ അമ്ലാനകാന്തിയോടുകൂടി എന്നും ശോഭിക്കുമാറാകട്ടെ. ഇതിൻെറ ഗ്രന്ഥകർത്താവും എൻെറ ഉത്തമസുഹൃത്തും ആയ ശ്രീ. ജാൺ അവർകൾക്കു ദീഘായുസ്സും ഭാഗ്യൈശ്വര്യങ്ങളും ആശംസിച്ചുകൊള്ളുന്നു. മേല്പാ ഇത്തരം ഉത്തമകൃതികൾകൊണ്ടു് അദ്ദേഹം ഭാഷയെ സമാരാധിക്കട്ടെ.

Sd/
ശൂരനാട്ട് കുഞ്ഞൻപിള്ള.

DEDICATED

TO



His Excellency

**The Rt. Rev. Mgr. URBAN, O. F. M. Cap.,**

**Administrator Apostolic of Harar,**

who, while he was the Provincial Superior of the Capuchins in India, patronised my humble Catholic literary enterprises with rare sympathy and magnanimity.



വി. ഫ്രാൻസീസ്
പക്ഷികളോടു പ്രസംഗിക്കുന്നു

# കൊച്ചുപൂക്കൾ

## അദ്ധ്യായം 1

ക്രൂശിതനായ ഭഗവാൻ യേശുക്രിസ്തുവിൻെറയും അദ്ദേഹത്തിൻെറ മാതാവായ കന്യകാമറിയത്തിൻെറയും നാമത്തിൽ. ഈ പുസ്തകത്തിൽ ഏതാനും "കൊച്ചുപൂക്കൾ"—ക്രിസ്തുവിൻെറ പാവപ്പെട്ട കൊച്ചുമനുഷ്യനായ സെയിൻറ് ഫ്രാൻസിസിൻെറയും അദ്ദേഹത്തിൻെറ ചില വിശുദ്ധരായ അനുയായികളുടെയും അപദാനങ്ങളും ഭക്തമാതൃകകളും—അടങ്ങിയിരിക്കുന്നു; യേശുക്രിസ്തുവിൻെറ പുകഴ്ച്ചയെ പുരസ്കരിച്ച്. ആമേൻ.

മഹാത്മാവായ സെയിൻറ് ഫ്രാൻസിസ് തൻെറ ജീവിതത്തിലെ സകല പ്രവൃത്തികളിലും സച്ചിദാനന്ദസ്വരൂപനായ ക്രിസ്തുവിനോട് അനുരൂപ്യമുള്ളവനായിരുന്നു. ക്രിസ്തു തൻെറ ധർമ്മോദ്യോഗം ആരംഭിച്ചപ്പോൾ, ലൗകികങ്ങളായ സകല വസ്തുക്കളെയും പരിത്യജിച്ചിട്ട് നിസ്സ്വതയിലും മററു ധാർമ്മികഗുണങ്ങളിലും തന്നെ അനുഗമിക്കുന്നതിനായി പന്ത്രണ്ട് അപ്പോസ്തലന്മാരെ തിരഞ്ഞെടുത്തതുപോലെ, ഫ്രാൻസിസും ആരംഭത്തിൽ തൻെറ ധർമ്മസംഘമാകുന്ന മഹാസൗധത്തിൻെറ അസ്ഥിവാരമായിരിക്കുന്നതിന് നിശ്ശേഷം നിസ്സ്വന്മാരായി ദാരിദ്ര്യം അവലംബിച്ച പന്ത്രണ്ട് അനുയായികളെ തിര

ഞ്ഞെടുത്തു. ക്രിസ്തുവിൻെറ പന്ത്രണ്ട് അപ്പോസ്തലന്മാരിൽ ഒരുവൻ ഈശ്വരകോപത്തിനു പാത്രീഭവിക്കുകയാൽ തന്നെത്താൻ തൂങ്ങിച്ചത്തതുപോലെ, സെയിൻറ് ഫ്റാൻസിസിൻെറയും പന്ത്രണ്ട് അനുയായികളിൽ ഒരുവൻ—ജോൺ ഡെല്ലാ കപ്പെല്ലാ എന്ന ധമ്മസഹോദരൻ—ധമ്മത്യാഗം ചെയ്യുകയും ഒടുവിൽ തന്നെത്താൻ തൂങ്ങിച്ചാവുകയും ചെയ്തു. ഈശ്വരപ്രസാദത്തിൽ അവസാനംവരെ നിലനില്ക്കുകയെന്നുള്ളത് ആക്കും അത്ര തീച്ചയുള്ളൊരു സംഗതിയല്ലെന്നു ചിന്തിക്കുമ്പോൾ, ഈ വസ്തുതകൾ ക്രിസ്തുധമ്മാനുയായികളിൽ വിനയവും ഭയവും ഉളവാക്കുന്നതിനു പര്യാപ്തങ്ങളാണ്. പുണ്യശാലികളായ ആ അപ്പോസ്തലന്മാർ വിശുദ്ധിയിലും വിനയത്തിലും നിസ്തുലന്മാരും പരിശുദ്ധാത്മാവിനാൽ പരിപൂരിതന്മാരും ആയിരുന്നതുപോലെ, സെയിൻറ് ഫ്റാൻസിസിൻെറ പുണ്യശാലികളായ ആ അനുയായികളും നിസ്തുലഗുണനിധികളായിരുന്നു; ഇവരെപ്പോലെ അത്ഭുതകരമാംവണ്ണം വിശുദ്ധന്മാരായ മനുഷ്യരെ ലോകം, അപ്പോസ്തലന്മാരുടെ കാലത്തിനുശേഷം, ഒരിക്കലും കണ്ടിട്ടില്ല. അവരിൽ ഒരാൾ, സഹോദരൻ ജിത്സ്, സെയിൻറ് പോളിനെപ്പോലെ, ദിവ്യാനന്ദപാരവശ്യത്താൽ മൂന്നാം സ്വഗ്ഗത്തോളം ഉന്നയിക്കപ്പെട്ടു; വേറൊരാളിൻെറ, സഹോദരൻ ഫിലിപ്പിൻെറ, നാക്കിൽ ഇസയാസ് ദീഘദശിയുടെ നാക്കിലെന്നപോലെ, ഒരു ദേവദൂതൻ തീക്കനൽ വച്ചു; വേറൊരാൾ, സഹോദരൻ സില്‌വെസ്റ്റർ, മോസസ്സിനെപ്പോലെ, ദൈവത്തോട്, രണ്ടു സ്നേഹിതന്മാർ തമ്മിലെന്നവണ്ണം, സംഭാഷണംചെയ്തു; വേറൊരാൾ, സഹോദരൻ ബർണാർഡ്, ഹൃദയനൈമ്മല്യത്താൽ സുവിശേഷകാരനായ ജോണിനോടൊപ്പം ഗൃദ്ധ്റസദൃശ്യനായി, ബ്രഹ്മജ്ഞാന ജ്യോതിർമണ്ഡലംവരെ പറന്നുപോയി; മനുഷ്യരിൽ ഏററവും വിനീതനായ അദ്ദേഹം വേദഗ്രന്ഥത്തിലെ ഏററവും ഗഹനങ്ങളായ ആശയങ്ങളെയും വിശദീകരിക്കുമായിരുന്നു; വേറൊരാൾ, അസ്സീസിയിലെ ഒരു പ്രഭുവായിരുന്ന സഹോദരൻ റുഫസ്സ്, ദൈവത്താൽ സവിശേഷം ശുദ്ധീകരിക്കപ്പെടുകയും ലോകത്തു ജീവിച്ചി

ന്നപ്പോൾത്തന്നെ സ്വർഗ്ഗത്തു സിദ്ധനായി പ്രഖ്യാപനം ചെയ്യപ്പെടുകയും ചെയ്തു. അങ്ങനെ അവരെല്ലാവരും അനന്യസുലഭങ്ങളായ പുണ്യമുദ്രകളാൽ ഉപലക്ഷിതരായിരുന്നു; ഇതിനെപ്പററി മേലാൽ കൂടുതൽ പ്രതിപാദിക്കുന്നതായിരിക്കും.

## അദ്ധ്യായം 2

സഹോദരൻ ബർണാർഡ്, സെയിൻറ്
ഫ്രാൻസിസിൻെറ ഒന്നാമത്തെ ശിഷ്യൻ.

സെയിൻറ് ഫ്രാൻസിസ്സിൻെറ ഒന്നാമത്തെ അനുയായി അസ്സീസിയിലെ സഹോദരൻ ബർണാർഡ് ആയിരുന്നു; അദ്ദേഹത്തിൻെറ ഹൃദയപരിവർത്തനം ഇപ്രകാരം സംഭവിച്ചു:

ലോകത്തെ നിശ്ശേഷം പരിത്യജിച്ച ഫ്രാൻസിസ്സ് ഏററവും പാവപ്പെട്ട ഒരുവനുചിതമായ വിധത്തിൽ കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച് ഒരു ഭിക്ഷുവായി നടന്നു. പാപപരിഹാരവും ഇന്ദ്രിയനിഗ്രഹവും നിർവ്വഹിക്കുന്നതിനായി അദ്ദേഹം അതികഠിനങ്ങളായ തപശ്ചര്യകൾ അനുഷ്ഠിച്ചു. അദ്ദേഹത്തിൻെറ വേഷത്തിലും പ്രകൃതിയിലും പ്രത്യക്ഷപ്പെട്ട ഈ മാററംമൂലം സ്വജനങ്ങളും അന്യന്മാരും ഒന്നുപോലെ അദ്ദേഹത്തെ ഒരു വിഡ്ഢിയോ ഭ്രാന്തനോ ആയിപ്പരിഗണിച്ചു; അദ്ദേഹം സകലരുടെയും പരിഹാസത്തിനു പാത്രീഭവിച്ചു; കുട്ടികൾ അദ്ദേഹത്തെ സർവ്വത്ര കല്ലും ചെളിയും വാരിയെറിഞ്ഞു. അദ്ദേഹമാകട്ടെ ഈ ഉപദ്രവങ്ങളും അധിക്ഷേപങ്ങളും, മൂകനും ചെകിടനുമായ ഒരുവനെപ്പോലെ, സഹിച്ചു. അദ്ദേഹത്തിൻെറ ഈ അലോകസാമാന്യമായ തിതിക്ഷയും ജീവിതരീതിയും ആഭിജാത്യംകൊണ്ടും, ധനസമൃദ്ധികൊ

ണ്ടും, ജ്ഞാനംകൊണ്ടും അസ്സീസിനഗരത്തിലെ പൗരന്മാ
രിൽ ഒരു പ്രമുഖനായ ബർണാർഡിൻെറ ശ്രദ്ധയെ സ
വിശേഷം ആകർഷിച്ചു. സംസ്കാരസമ്പന്നനും കൂടിയായ
ഈ യുവധനാഢ്യൻ ഫ്രാൻസിസിൻെറ സർവ്വസംഗപരി
ത്യാഗത്തെയും അസാധാരണമായ ജീവിതരീതിയെയും
സഹാനുഭൂതിയോടെ വീക്ഷിച്ചു; രണ്ടുവർഷക്കാലം സകല
മനുഷ്യരുടെയും അവജ്ഞയ്ക്കും അവഹേളനത്തിനും വിഷ
യമായിട്ടും അചാല്യമായി നിലനിന്നിരുന്ന ഫ്രാൻസി
സിൻെറ നിശ്ചയദാർഢ്യത്തെ അദ്ദേഹം അഭിനന്ദിച്ചു.
"ഈ ധർമ്മസഹോദരനു തീർച്ചയായും ദൈവത്തിൽനിന്നു
മഹത്തായ അനുഗ്രഹം ലഭിച്ചിട്ടുണ്ട്", എന്ന് അദ്ദേഹം
ആത്മഗതംചെയ്തു. ഒരിക്കൽ അദ്ദേഹം ഫ്രാൻസിസി
നെ തന്നോടൊന്നിച്ച് അത്താഴമുണ്ണുന്നതിനും ഒരു രാത്രി
കഴിച്ചുകൂട്ടുന്നതിനുമായി ക്ഷണിച്ചു. ഫ്രാൻസിസ് ആ
ക്ഷണം സ്വീകരിച്ചു. ഭക്ഷണത്തിനുശേഷം ഉറങ്ങാനു
ള്ള സമയമായപ്പോൾ ബർണാർഡ് അതിഥിക്ക് തൻെറ
ശയനമുറിയിൽത്തന്നെ ഒരു കിടക്ക തയാറാക്കി. അതിൽ
ഒരു വിളക്ക് എരിയുന്നുണ്ടായിരുന്നു. തൻെറ ഭക്ത്യനു
ഷ്ഠാനങ്ങളെ അന്യരുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നതിൽ
വിമുഖനായിരുന്ന ഫ്രാൻസിസ് കിടന്ന ഉടനെ ഉറങ്ങി
പ്പോയതായി ഭാവിച്ചു. അപ്രകാരംതന്നെ ബർണാർ
ഡും കിടന്ന മാത്രയിൽത്തന്നെ ഗാഢനിദ്രയെ പ്രാപിച്ച
തായി നടിച്ച് ഉറക്കെ കൂർക്കംവലിച്ചുതുടങ്ങി. കുറെക്ക
ഴിഞ്ഞപ്പോൾ തൻെറ ആതിഥേയൻ ഉറങ്ങിപ്പോയി
എന്നു പൂർണ്ണമായി വിശ്വസിച്ച് ഫ്രാൻസിസ് എഴുന്നേററു
മുട്ടുകുത്തി പ്രാർത്ഥിച്ചു; അദ്ദേഹം നയനങ്ങളെയും കരങ്ങ
ളെയും സ്വർഗ്ഗത്തേക്ക് ഉയർത്തിക്കൊണ്ട് അത്യന്തം ഭക്തി
യോടും തീക്ഷ്ണതയോടുംകൂടി, 'എൻെറ ദൈവമെ,
എൻെറ ദൈവമെ' എന്ന് ഉദ്ഘോഷിച്ചു. അങ്ങനെ ഭ
ക്തിപരവശനായി കണ്ണുനീർ പൊഴിച്ചുകൊണ്ടും ഇടവി
ടാതെ 'എൻെറ ദൈവമെ, എൻെറ ദൈവമെ' എന്നുമാ
ത്രം ഉരുവിട്ടുകൊണ്ടും അദ്ദേഹം നേരംവെളുക്കുന്നതുവരെ
പ്രാർത്ഥിച്ചു. നാശോന്മുഖമായ ലോകത്തെ രക്ഷിക്കുന്ന
തിനായി അവതരിച്ച ദൈവത്തിൻെറ കാരുണ്യാതിരേ

കത്തെയും ഗുണവൈശിഷ്ട്യത്തെയുമായിരുന്നു അദ്ദേഹം ഇപ്രകാരം പ്രണിധാനപൂർവ്വം ധ്യാനിച്ചത്. ദിവ്യാത്മാവിനാൽ പ്രബുദ്ധനായി അദ്ദേഹം, താൻവഴിയായും തൻെറ ധർമ്മസംഘംവഴിയായും ദൈവം നിർവ്വഹിക്കാനിരുന്ന മഹാകാര്യങ്ങളെ ദീർഘദർശനംചെയ്തു. തൻെറ അപൂർണ്ണതയെയും അയോഗ്യതയെയുംപററി ബോധവാനായിരുന്ന അദ്ദേഹം തൻെറ സ്വന്തം ശക്തിയാൽ ദുസ്സാധമായിരുന്ന ആ മഹാകാര്യങ്ങളെ നിറവേററുന്നതിന്ന് ആവശ്യകങ്ങളായ അനുഗ്രഹങ്ങളെയും വരങ്ങളെയും തനിക്ക പ്രദാനംചെയ്യണമെന്നു സർവ്വശക്തിയായ ദൈവത്തോട് അപേക്ഷിച്ചു. അദ്ദേഹത്തിൻെറ ഉന്നിദ്രമായ പ്രണിധാനത്തെയും ഭക്ത്യനുഷ്ഠാനങ്ങളെയും വിളക്കവെട്ടത്തിൽ കണ്ട ബർണാർഡ് ആ കാഴ്ചയാൽ സ്പൃഷ്ടഹൃദയനായി അപ്പോൾമുതൽ തൻെറ സംപൂജ്യനായ ആ അതിഥിയുടെ ജീവിതരീതിയെ അനുകരിക്കണമെന്നു തീർച്ചപ്പെടുത്തി. നേരം വെളുത്തപ്പോൾ അദ്ദേഹം ഫ്റാൻസിസിനോട് ഇപ്രകാരം പറഞ്ഞു: "സഹോദരനായ ഫ്റാൻസിസേ, ലോകത്തെ ഉപേക്ഷിച്ചിട്ടു സകല സംഗതികളിലും അങ്ങയുടെ ആജ്ഞയെ അനുസരിക്കണമെന്ന് എൻെറ ഹൃദയത്തിൽ ഞാൻ പൂർണ്ണമായി തീർച്ചപ്പെടുത്തികഴിഞ്ഞിരിക്കുന്നു." ഫ്റാൻസിസ് ഇതു കേട്ട് ആത്മാവിൽ സന്തുഷ്ടനായി ഇങ്ങനെ പ്രതിവചിച്ചു: "ബർണാർഡെ, താങ്കൾ ഇപ്പറയുന്നതു വളരെ ഗൗരവമുള്ളതും പ്രയാസമേറിയതുമായ ഒരു കാര്യമാണ്. അതുകൊണ്ട് നമുക്ക ഭഗവാൻ യേശുക്രിസ്തുവിനോട് ഇക്കാര്യത്തിൽ അദ്ദേഹത്തിൻെറ അഭിമതം വെളിപ്പെടുത്തിത്തരുന്നതിനും അതിനെ നാം എപ്രകാരമാണ നിറവേറേറണ്ടതെന്ന് ഉപദേശിച്ചുതരുന്നതിനുമായി പ്രാർത്ഥിക്കാം. അതിനു നമുക്ക മെത്രാൻെറ അരമനയിൽ പോകാം; അവിടെ ഉത്തമനായ ഒരു പുരോഹിതൻ താമസിക്കുന്നുണ്ട്. അദ്ദേഹത്തിൻെറ കർബാനയിൽ ഭാഗഭാക്കകളായിട്ട് ഒമ്പതു മണിവരെ നമുക്ക പ്രാർത്ഥിക്കാം; ദൈവഹിതപ്രകാരം നാം അവലംബിക്കേണ്ട മാർഗ്ഗമെന്താണെന്ന നിർദ്ദേശം കർബ്ബാനപ്പുസ്തകം മൂന്നുപ്രാവശ്യം നാം തുറന്നുവായിക്കുമ്പോൾ

നമുക്കു തരുന്നതിനായി സർവ്വേശ്വരനോടു നമുക്ക് അപേക്ഷിക്കാം.'' ഈ അഭിപ്രായം ബർണാർഡിനു ഹൃദയംഗമമായിരുന്നു.

അങ്ങനെ അവർ പുറപ്പെട്ടു മെത്രാന്റെ അരമനയിലേക്കു പോയി. അവർ കുർബാനയിൽ പങ്കുകൊണ്ടിട്ട് ഒമ്പതുമണിവരെ പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ, അവരുടെ അപേക്ഷപ്രകാരം പുരോഹിതൻ കുർബാനപ്പുസ്തകമെടുത്ത് കുരിശടയാളം വരച്ചശേഷം ഭഗവാൻ യേശുക്രിസ്തുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് അതിനെ മൂന്നുപ്രാവശ്യം തുറന്നു. ഒന്നാമത്തെപ്രാവശ്യം വന്നതു പരിപൂർണ്ണത പ്രാപിക്കുന്നതിനുള്ള മാർഗ്ഗമെന്താണെന്നു ചോദിച്ച യുവാവിനോട്ട് ക്രിസ്തു പറഞ്ഞ സുവിശേഷത്തിലെ ഈ വാക്കുകളാണ്: "നിനക്കു പരിപൂർണ്ണത പ്രാപിക്കണമെന്നുണ്ടെങ്കിൽ, നീ പോയി നിന്റെ വകയായിട്ടുള്ളതെല്ലാം വിററു പാവങ്ങൾക്കു ദാനം ചെയ്തശേഷം, എന്നെ അനുഗമിക്കുക''. രണ്ടാമത്തെ പ്രാവശ്യം ക്രിസ്തു അപ്പോസ്തലന്മാരെ ധർമ്മം പ്രസംഗിക്കുന്നതിനായി അയച്ചപ്പോൾ അവരോടു പറഞ്ഞ ഈ വാക്കുകളായിരുന്നു പ്രത്യക്ഷപ്പെട്ടത്: "നിങ്ങളുടെ യാത്രയ്ക്കായി വടിയോ, പൊക്കണമോ, പാദരക്ഷയോ, പണമോ യാതൊന്നും നിങ്ങൾ കൊണ്ടുപോകണ്ടാ.'' ഈ വാക്കുകളാൽ ക്രിസ്തു അവരോട്ട് അവരുടെ ജീവസന്ധാരണത്തിന് ആവശ്യമുള്ള സകലവും ദൈവം അവർക്കു കൊടുത്തുകൊള്ളുമെന്നുള്ള സംപൂർണ്ണ വിശ്വാസത്തോടുകൂടി അവർ ധർമ്മപ്രചാരത്തിൽ ഏകാഗ്രചിത്തരായി വർത്തിക്കണമെന്ന് അനുശാസിക്കുകയായിരുന്നുവല്ലോ. മൂന്നാം പ്രാവശ്യം കുർബാനപ്പുസ്തകം തുറന്നപ്പോൾ ക്രിസ്തുവിന്റെ ഈ വാക്കുകൾ അവർ കണ്ടു: "ആരെങ്കിലും എന്നെ പിന്തുടരണമെന്നുണ്ടെങ്കിൽ, അവൻ അവന്റെ കുരിശു ചുമന്നുകൊണ്ട് എന്നെ പിന്തുടരട്ടെ''. അപ്പോൾ ഫ്രാൻസിസ് ബർണാർഡിനോട്ട് ഇപ്രകാരം പറഞ്ഞു: "ക്രിസ്തു നമുക്കു തരുന്ന ഉപദേശമെന്താണെന്നു ഗ്രഹിച്ചാലും! നീ പോയി ഇക്കേട്ടതു പ്രത്യക്ഷരം നിറവേററുക. തന്റെ ധർമ്മ

മനുസരിച്ചുള്ള ജീവിതസരണിയെന്തെന്നു നമുക്കു വെളിപ്പെടുത്തി തരുന്നതിനു കരുണയുണ്ടായിരിക്കുന്ന ഭഗവാൻ യേശുക്രിസ്തുവിൻെറ നാമം വാഴ്ത്തപ്പെട്ടതാറാകട്ടെ."

ഇതു കേട്ടിട്ട് ബർണാർഡ് അവിടെനിന്നു പോയി, തൻെറ വസ്തുവകകൾ സകലവും—അദ്ദേഹം അതിസമ്പന്നനായിരുന്നുവല്ലൊ—വിററു കിട്ടിയ പണം പാവങ്ങൾക്ക്—വിധവകൾക്കും അനാഥക്കും ആതുരശാലകൾക്കും ധർമ്മാസ്പത്രികൾക്കും—സന്തോഷപൂർവ്വം ദാനംചെയ്തു. ഈ കൃത്യം നിർവ്വഹിക്കുന്നതിൽ ഫ്റാൻസിസ് അദ്ദേഹത്തെ വേണ്ട വിധത്തിൽ സഹായിച്ചു. ഫ്റാൻസിസും ബർണാർഡുംകൂടി ഒരു ചന്തസ്ഥലത്തുവച്ചു ധാരാളം പണം പാവങ്ങൾക്കു വിതരണം ചെയ്യുന്നതു് സില്വെസ്റ്റർ എന്നു പേരായ ഒരു വൈദികൻ കണ്ടു—കല്ലു വെട്ടിച്ചു വില്ക്കുന്ന വ്യവസായമുണ്ടായിരുന്ന ഈ ഫാദർ സില്വെസ്റ്റർ ഒരു ദേവാലയത്തിൻെറ അററകുററപ്പണിയ്ക്കായി ധർമ്മശേഖരം നടത്തിയിരുന്ന ഫ്റാൻസിസിനു കുറെ കല്ലു പകുതി വിലയ്ക്കു കൊടുത്തിരുന്നു—ഇപ്പോൾ അയാൾ ഫ്റാൻസിസിനെ സമീപിച്ച് ഇപ്രകാരം പറഞ്ഞു:- "നീ ആ പള്ളിക്കായി എന്നിൽനിന്നു വാങ്ങിയ കല്ലിൻെറ വിലമുഴുവനും തന്നിട്ടില്ലല്ലോ; ഇപ്പോൾ നിനക്കു പണമുള്ള സ്ഥിതിക്ക് എനിക്കു ബാക്കിവരേണ്ടതു തരുക" ഈ വൈദികൻെറ ധനതൃഷ്ണയാൽ വിസ്മിതനായ ഫ്റാൻസിസ് യഥാർത്ഥ ക്രിസ്തുധർമ്മാനുസാരികുചിതമായ വിധത്തിൽ, അയാളോടു തർക്കിക്കാതെ, ബർണാർഡിൻെറ പണസഞ്ചിയിൽ കൈയിട്ടു ഒരു പിടി വാരിയെടുത്ത് അയാൾക്കു കൊടുത്തിട്ട്, 'വന്ദ്യനായ വൈദിക, മതിയോ?' എന്നു ചോദിച്ചു. അയാൾ അതുകൊണ്ടു തൃപ്തനായില്ലെന്നുള്ള ഭാവം കണ്ടു് ഫ്റാൻസിസ് വീണ്ടും ഒരു കൈ നിറയെപ്പണമെടുത്തു കൊടുത്തു. സില്വെസ്റ്റർ സംതൃപ്തനായി അവിടെനിന്നും സ്വവസതിയിലേക്കു മടങ്ങിപ്പോയി. പക്ഷെ കുറെ കഴിഞ്ഞപ്പോൾ, വൈദികനല്ലാത്ത ആ രണ്ടു ചെറുപ്പക്കാരുടെ ത്യാഗബുദ്ധിയും നിസ്സംഗതയും തൻെറ ദ്രവ്യാശയും തമ്മിലുള്ള വൈപരീ

ത്യം അയാളെ ചിന്താകുലനാക്കി. ക്രൈസ്തവോചിത
വും വൈദികോചിതവുമല്ലാത്ത തന്റെ ധനതൃഷ്ണയെ
അദ്ദേഹം സ്വയം ശാസിച്ചുതുടങ്ങി. അടുത്ത മൂന്നു രാത്രി
അയാൾക്കു ദൈവത്തിൽനിന്ന് ഒരു ദർശനമുണ്ടായി;
ഫ്റാൻസിസിന്റെ വായിൽനിന്നു സ്വർണ്ണംകൊണ്ടുള്ള
ഒരു കുരിശു പുറപ്പെട്ടു വരുന്നതായും, അതിന്റെ മേല
റ്റം സ്വർഗ്ഗത്തെ സ്പർശിക്കുന്നതായും, അതിന്റെ കവരങ്ങൾ
കിഴക്കുതൊട്ടു പടിഞ്ഞാറുവരെ നീണ്ടു പോകുന്നതായും
അയാൾ കണ്ടു. അതിനുശേഷം അയാൾ സർവ്വസ്വവും ത്യ
ജിച്ചിട്ട് ഫ്റാൻസിസിന്റെ ധർമ്മസഹോദരസംഘ
ത്തിൽ ചേരുകയും ഏററവും പരിശുദ്ധവും ത്യാഗഭൂയിഷ്ഠ
വുമായ ഒരു ജീവിതം നയിക്കുകയും ചെയ്തു. ലോക
ത്തെ ഉപേക്ഷിച്ചിട്ടു ഇദംപ്രഥമമായി ഫ്റാൻസിസി
ന്റെ ശിഷ്യനായിത്തീർന്ന ബർണാർഡ് ഫ്റാൻസി
സ്സുൻ ധർമ്മപ്രസ്ഥാനത്തിൽ അദ്ദേഹത്തിന്റെ വലംകൈ
യായി, ധർമ്മസഹോദര സംഘത്തിലെ ഏററവും പ്രമുഖ
നായ ഒരംഗമായി, പരിലസിച്ചു.

## അദ്ധ്യായം 3

ഒരു സന്ദർഭത്തിൽ ഫ്റാൻസിസിനു ബർണാർഡിനെപ്പററി
ചില പ്രതികൂല ചിന്തകൾ ഉണ്ടായിപ്പോയതിനു പരിഹാര
മായി തന്റെ കഴുത്തിലും വായിലും മൂന്നുപ്രാവശ്യം ചവി
ട്ടുന്നതിന് അദ്ദേഹം ആ ശിഷ്യനോടാജ്ഞാപിക്കുന്നു.

ക്രൂശിതനായ ക്രിസ്തുവിന്റെ ഉപാസകന്മാരിൽ അ
ദ്വിതീയനായ സെയിന്റ് ഫ്റാൻസിസ് തന്റെ പാ
പപരിഹാര ക്രിയകളുടെ കാർക്കശ്യത്താലും തന്റെ കണ്ണു
കളിൽ നിരന്തരമായി ഉണ്ടായിക്കൊണ്ടിരുന്ന അനുതാ
പാശ്രുപ്രവാഹത്താലും മിക്കവാറും അന്ധനായിത്തീർന്നി
രുന്നു. ഒരിക്കൽ അദ്ദേഹം താൻ താമസിച്ചിരുന്ന സ്ഥ

ലത്തുനിന്നു സഹോദരൻ ബർണാർഡ് താമസിച്ചിരുന്ന സ്ഥലത്തേക്ക് ആ സഹോദരനോടു ദിവ്യകാര്യങ്ങളെപ്പറ്റി സംസാരിക്കുന്നതിനായിപ്പോയി. അദ്ദേഹം അവിടെ എത്തിയപ്പോൾ ബർണാർഡ് വനത്തിൽ ധ്യാനനിമഗ്നനായി ഈശ്വരങ്കൽ ലയിച്ചിരിക്കുന്നവനായിക്കണ്ടു. ഫ്റാൻസിസ് വനത്തിൽ ചെന്നു ബർണാർഡിനെ വിളിച്ചു. "സഹോദരാ, വന്ന് ഈ കുരുടനായ മനുഷ്യനോടു സംസാരിക്കുക" എന്ന് അദ്ദേഹം പറഞ്ഞു. ബർണാർഡിൽനിന്നു യാതൊരു മറുപടിയുമുണ്ടായില്ല; അദ്ദേഹം സമാധിയിൽ ലയിച്ചിരിക്കുകയായിരുന്നു. ദിവ്യമായ കാര്യങ്ങളെപ്പറ്റി സംസാരിക്കുന്നതിൽ അദ്ദേഹത്തിനുള്ള നിസ്തുലമായ ചാതുര്യംനിമിത്തം അദ്ദേഹത്തോടു സംഭാഷണം ചെയ്യുന്നതിനു ഫ്റാൻസിസ് കൂടുതൽ ഉൽകണ്ഠിതനായിത്തീർന്നു. കുറെക്കഴിഞ്ഞു ഫ്റാൻസിസ് വീണ്ടും വിളിച്ചു; അദ്ദേഹം മൂന്നാം പ്രാവശ്യവും വിളിച്ചു; ബർണാർഡ് അതൊന്നും കേട്ടില്ല. അതുകൊണ്ട് ആ സഹോദരൻ മറുപടി പറയുകയോ എഴുന്നേററു വരുകയോ ചെയ്തില്ല. അപ്പോൾ, ഫ്റാൻസിസ് മൂന്നുപ്രാവശ്യം വിളിച്ചിട്ടും ബർണാർഡ് വരാതിരുന്നതിനാൽ, അസ്വസ്ഥനായി, വ്യസനാക്രാന്തനായി അവിടെനിന്നു മടങ്ങിപ്പോയി. കുറെ ദൂരം ചെന്നപ്പോൾ അദ്ദേഹം തൻെറ അനുചരനോട്, "ഇവിടെ അല്പനേരം എനിക്കുവേണ്ടി കാത്തുനില്ക്കുക" എന്നു പറഞ്ഞിട്ട്, അടുത്തുള്ള ഒരു ഏകാന്തമായ സ്ഥലത്തേക്കു കടന്നു. അവിടെ അദ്ദേഹം സാഷ്ടാംഗംവീണ്, ബർണാർഡ് തന്നോടു ഉത്തരമൊന്നും പറയാതിരുന്നതെന്തുകൊണ്ടാണെന്നു വെളിപ്പെടുത്തിക്കൊടുക്കമാറാകണമെന്ന്, ദൈവത്തോട് അപേക്ഷിച്ചു. അങ്ങനെ പ്രാർത്ഥനയിൽ നിമഗ്നനായിരുന്നപ്പോൾ അദ്ദേഹം ദൈവത്തിൽനിന്നു ഒരു സ്വരം ഈ പ്രകാരം പറയുന്നതായിക്കേട്ടു:— "ഓ സാധുവായ ചെറിയ മനുഷ്യ, എന്തുകൊണ്ടു നീ അസ്വസ്ഥനായിരിക്കുന്നു? മനുഷ്യനു സ്രഷ്ടാവിനെ സൃഷ്ടിക്കുവേണ്ടി ഉപേക്ഷിക്കാവുന്നതാണോ? നീ വിളിച്ചപ്പോൾ, സഹോദരൻ ബർണാർഡ് സമാധിയിൽ ലയിച്ച് എന്നോടു സംയുക്തനാ

യിരിക്കുകയായിരുന്നു: അതുകൊണ്ട് അവനു നിന്റെയടുക്കൽ വരുന്നതിനോ നിന്നോടുത്തരം പറയുന്നതിനോ സാധിക്കുമായിരുന്നില്ല; നിന്റെ വിളി അവൻ കേൾക്കാതിരുന്നതിലും അതിനു മറുപടി പറയാതിരുന്നതിലും നീ ആശ്ചര്യപ്പെടേണ്ട.'' ഈ ഈശ്വരോക്തികൾ കേട്ടയുടനെ ഫ്റാൻസിസ് സഹോദരൻ ബർണാർഡിന്റെ അടുക്കലേക്ക്, അദ്ദേഹത്തെപ്പറ്റി തന്റെ മനസ്സിലുണ്ടായ പ്രതികൂലവിചാരങ്ങൾക്കു മാപ്പു ചോദിക്കുന്നതിനായി, മടങ്ങിപ്പോയി. അദ്ദേഹം വരുന്നതു കണ്ടപ്പോൾ ബർണാർഡു് അദ്ദേഹത്തെ സമീപിച്ച് അദ്ദേഹത്തിന്റെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തു. അദ്ദേഹം ബർണാർഡിനെ എഴുന്നേൽപ്പിച്ചിട്ട് തന്റെ ആ പ്രിയ ശിഷ്യനെപ്പറ്റി തനിക്ക് എന്തെല്ലാം അസ്വാസ്ഥ്യകരങ്ങളായ വിചാരങ്ങൾ ഉണ്ടായി എന്നും തന്റെ പ്രാർത്ഥനയുടെ ഫലമായി ലഭിച്ച ഈശ്വരപ്രകാശനത്താൽ താൻ യാഥാർത്ഥ്യം എങ്ങനെ ഗ്രഹിച്ചുവെന്നും എത്രയും വിനയത്തോടെ പറഞ്ഞു കേൾപ്പിച്ചു. അവസാനമായി അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഞാൻ എന്തുതന്നെ ആവശ്യപ്പെട്ടാലും അതു നീ ചെയ്യണമെന്ന്, എന്നെ നീ അനുസരിക്കണമെന്ന്, ഞാൻ നിന്നോടാജ്ഞാപിക്കുന്നു.'' "ഞാൻ അങ്ങയെ അനുസരിക്കുന്നതിനു സന്നദ്ധനാണ്; പക്ഷെ ഞാൻ പറയുന്നതുപോലെ ചെയ്യാമെന്ന് അങ്ങ് എന്നോടും പ്രതിജ്ഞ ചെയ്യണം'' എന്ന് ബർണാർഡു് മറുപടി പറഞ്ഞു. ഫ്റാൻസിസും അപ്രകാരം പ്രതിജ്ഞചെയ്തു. അപ്പോൾ ബർണാർഡു് പറഞ്ഞു: "പിതാവെ, പറഞ്ഞാലും, ഞാൻ എന്തുചെയ്യണമെന്ന് അങ്ങ് ആഗ്രഹിക്കുന്നു?'' ഫ്റാൻസിസ് ഇപ്രകാരം മറുപടിപറഞ്ഞു: "ഞാൻ നിന്നോട് ഇങ്ങനെ ആജ്ഞാപിക്കുന്നു: എന്റെ അഹങ്കാരത്തിനും അവിവേകത്തിനും ശിക്ഷയായി, ഇപ്പോൾതന്നെ, ഞാൻ നിലത്തു മലർന്നു കിടക്കുമ്പോൾ, നിന്റെ ഒരു പാദം എന്റെ കഴുത്തിലും, മറ്റേതു് എന്റെ വായിലും വച്ചിട്ടു മൂന്നു പ്രാവശ്യം ഇടത്തോട്ടും വലത്തോട്ടും തേയ്ക്കുകയും എന്നെ ശകാരിക്കുകയും ചെയ്യുക; പ്രത്യേകിച്ച് നീ ഇപ്രകാരം പറയണം:

'പീററർ ബർണാർഡിൻെറ മകനെ, ഇരപ്പാളീ, നീ അവിടെ കിടക്കുക! ഇത്ര നികൃഷ്ടനായ നിനക്ക് അത്ര മാത്രം അഹങ്കരിക്കാനെന്തുണ്ട്?" ഈ കല്പന നിറവേററുന്നതിനു വളരെ പ്രയാസമുണ്ടായിരുന്നുവെങ്കിലും ബർണാർഡ് അനുസരണദീക്ഷയാൽ ഏററവും മൃദുലമായ രീതിയിൽ അതിനെ നിർവഹിച്ചു. അതിനുശേഷം ഫ്റാൻസിസ് ഇങ്ങനെ പറഞ്ഞു: "ഇനി ഞാൻ എന്തു ചെയ്യണമെന്നു നീ ആജ്ഞാപിക്കുക; അനുസരിക്കാമെന്നു ഞാൻ പ്രതിജ്ഞ ചെയ്തിട്ടുണ്ടല്ലോ." "നാം ഒരുമിച്ചായിരിക്കുമ്പോഴെല്ലാം, എൻെറ കുററങ്ങൾക്കായി എന്നെ കഠിനമായി ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുക, എന്നു ഞാൻ അങ്ങയോടാജ്ഞാപിക്കുന്നു" എന്നായിരുന്നു ബർണാർഡിൻെറ മറുപടി. ഇതുകേട്ടു ഫ്റാൻസിസ് അത്ഭുതപ്പെട്ടു; എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിൻെറ അത്യധികമായ ബഹുമാനത്തെ അർഹിക്കത്തക്കവണ്ണം ബർണാർഡ് അത്യന്തം പരിശുദ്ധനും ശാസനീയമായ യാതൊരു കുററവുമില്ലാത്തവനുമായിരുന്നു. അപ്പോൾമുതൽ ഫ്റാൻസിസ് ബർണാർഡിനോടുള്ള സഹവാസം കഴിയുന്നത്ര കുറച്ചു വയ്ക്കുന്നതിനു ശ്രമിച്ചു. ഏററവും നിർദ്ദോഷനും പാവനചരിതനുമാണെന്നു തനിക്ക് അറിയാമായിരുന്ന ആ ശിഷ്യാഗ്രഗണ്യനെ സംബന്ധിച്ചു ശാസനാരൂപത്തിൽ ഒററവാക്കെങ്കിലും പറയുന്നതിനിടയാക്കുന്നതിന് അദ്ദേഹം ആഗ്രഹിച്ചില്ല. ബർണാർഡിനെ കാണുന്നതിനും ഈശ്വരനെപ്പററിയുള്ള ആ ഭക്തൻെറ സംഭാഷണം കേൾക്കുന്നതിനും അദ്ദേഹം വളരെ ഉൽക്കണ്ഠിതനായിരുന്നുവെങ്കിലും, അദ്ദേഹത്തെ വിട്ടുപിരിയുന്നതിന് അദ്ദേഹം പലപ്പോഴും ബദ്ധപ്പാടു കാണിക്കുമായിരുന്നു. തൻെറ പ്രഥമ സന്താനമായ ബർണാർഡിനോട് അദ്ദേഹംപ്രദർശിപ്പിച്ച സ്നേഹാദരങ്ങളും വിനയവും ഏററവും ഹൃദയംഗമമായിരുന്നു. ക്രിസ്തുയേശുവിനും സാധുവും ചെറിയവനുമായ ഫ്റാൻസിസിനും സ്തുതിയും മഹിമയും ഭവിപ്പൂതാക. ആമെൻ.

## അദ്ധ്യായം 4

സ്പൊളേററാ താഴ്‌വരയിലെ ധർമ്മസഹോദരാശ്രമത്തിന്റെ മേലാവായ സഹോദരൻ എലിയാസിനോട് ഒരു ദേവദൂതൻ ഒരു ചോദ്യം ചോദിച്ചു; അതിന് അദ്ദേഹം ധിക്കാരപൂർവ്വം മറുപടി പറയുകയാൽ, ദേവദൂതൻ അവിടെ നിന്നു സെയിന്റ് ജേംസാശ്രമത്തിലേക്കു പോവുകയും അവിടെ സഹോദരൻ ബർണാർഡിനെക്കണ്ടു് ആ സംഭവത്തെപ്പററി പറയുകയും ചെയ്തു.

ഫ്റാൻസിസ്കൻ ധൎമ്മപ്രസ്ഥാനത്തിന്റെ ആരംഭത്തിൽ, ധൎമ്മസഹോദരന്മാരുടെയും അവരുടെ ആശ്രമങ്ങളുടെയും എണ്ണം വളരെ കുറവായിരുന്നപ്പോൾ, ഫ്റാൻസിസ്, ഗലീഷ്യായിലെ സെയിന്റ് ജേംസാശ്രമത്തിൽ ഭക്ത്യനുഷ്ഠാനങ്ങളിൽ നിരതനായി കുറച്ചു കാലം താമസിക്കുന്നതിനായി, ഏതാനും ധൎമ്മസഹോദരന്മാരോടൊന്നിച്ച്, പുറപ്പെട്ടു; അവരിലൊരുവൻ സഹോദരൻ ബർണാർഡായിരുന്നു. ആ യാത്രയിൽ ഒരു ഗ്രാമത്തിൽവച്ചു ഫ്റാൻസിസ് രോഗാതുരനായ ഒരു സാധു മനുഷ്യനെക്കണ്ടു. അദ്ദേഹം അനുകമ്പാകുലനായി സഹോദരൻ ബർണാർഡിനോടു് ഇങ്ങനെ പറഞ്ഞു: “മകനെ, ഈ രോഗിയെ ശുശ്രൂഷിക്കുന്നതിനായി നീ ഇവിടെത്താമസിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.” ബർണാർഡ് ഏററവും വിനയത്തോടെ ആ കല്പനയെ അനുസരിച്ച് അവിടെ താമസിച്ചു. ഫ്റാൻസിസും മററു സഹചരന്മാരും സെയിന്റ് ജേംസാശ്രമത്തിലേക്കു യാത്ര തുടൎന്നു. അവിടെച്ചെന്നു ചേൎന്നശേഷം ആ രാത്രി അവർ സെയിന്റ് ജേംസിന്റെ ദേവാലയത്തിൽ പ്രാൎത്ഥനയിൽ വ്യാപൃതരായിക്കഴിച്ചുകൂട്ടി; അവിടെവച്ചു ഫ്റാൻസിസിനു് അദ്ദേഹത്തിന്റെ ധൎമ്മസംഘത്തിൽ അനവധി ധൎമ്മസഹോദരന്മാർ അംഗങ്ങളായിച്ചേരുമെ

ന്നും അവരുടെ ഒട്ടുവളരെ ആശ്രമങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിക്കപ്പെടുമെന്നും ഈശ്വര പ്രകാശനമുണ്ടായി. അതനുസരിച്ച് അദ്ദേഹം ആ പ്രദേശങ്ങളിൽ അനേകം ധർമ്മസഹോദരാശ്രമങ്ങൾ സ്ഥാപിച്ചു. അവിടെനിന്ന് അദ്ദേഹം മടങ്ങിപ്പോകുന്ന വഴിക്കു സഹോദരൻ ബർണാർഡിനെക്കണ്ടു; ആ ശിഷ്യന്റെ പരിചരണത്തിനു പാത്രീഭവിച്ച രോഗി പൂർണ്ണമായ ആരോഗ്യം പ്രാപിച്ചിരിക്കുന്നതായും കണ്ടു. അപ്പോൾ അദ്ദേഹം ബർണാർഡിന് അടുത്തവർഷം സെയിന്റ് ജേംസാശ്രമത്തിൽ പോകാൻ അനുവാദം നല്കി.

ഫ്റാൻസിസ് സ്പോളേറ്റാ താഴ്വരയിലേക്കു മടങ്ങി; അവിടെ അദ്ദേഹം സഹോദരൻ മാസ്സേയോവിനോടും സഹോദരൻ എലിയാസ്സിനോടും മററു സഹോദരന്മാരോടുമൊന്നിച്ച് ഒരു വനാന്തരത്തിൽ താമസിച്ചു. അദ്ദേഹം പ്രാർത്ഥനയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അദ്ദേഹത്തെ യാതൊരുവിധത്തിലും ഉപദ്രവിക്കാതിരിക്കുന്നതിൽ ഈ സഹോദരന്മാർ പ്രത്യേകം ശ്രദ്ധിച്ചു; അവർക്ക് അദ്ദേഹത്തോടുള്ള ഭക്ത്യാദരങ്ങൾ അത്ര വലുതായിരുന്നു; അദ്ദേഹം പ്രാർത്ഥിക്കുന്ന അവസരങ്ങളിൽ ദൈവം മഹത്തായ കാര്യങ്ങൾ അദ്ദേഹത്തിനു വെളിപ്പെടുത്തിക്കൊടുത്തിരുന്നുവെന്ന് അവർക്ക് അറിയാമായിരുന്നു. ഒരു ദിവസം, ഫ്റാൻസിസ് വനത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ഒരു യാത്രക്കാരന്റെ വേഷം ധരിച്ച സുന്ദരനായ ഒരു യുവാവ് സഹോദരാശ്രമത്തിന്റെ വാതുക്കൽ വന്നു മുട്ടിവിളിച്ചു; ഒട്ടും പൊറുതിയില്ലാതെ അത്യുച്ചത്തിൽ വളരെ നീണ്ടുനിന്ന ആ അസാധാരണമുട്ടൽ കേട്ട് ആശ്രമവാസികൾ അത്ഭുതപ്പെട്ടു. സഹോദരൻ മാസ്സെയോ ചെന്നു വാതിൽതുറന്നു; "എന്റെ മകനെ, നീ എവിടെനിന്നു വരുന്നു? നീ ഇതിനുമുമ്പ് ഇവിടെ വന്നിട്ടില്ലെന്നു തോന്നുന്നു; നിന്റെ മുട്ടൽ അത്ര അസാധാരണമായിരിക്കുന്നു" എന്ന് അദ്ദേഹം ആ യുവാവിനോടു പറഞ്ഞു. "പിന്നെ എങ്ങനെയാണു മുട്ടേണ്ടതു്?" എന്ന് യുവാവു ചോദിച്ചു. "സാവകാശം, ഒന്നിനുപുറകെ ഒന്നായി, മൂന്നുപ്രാവശ്യം മുട്ടുക;

പിന്നീട് വാതിൽ തുറക്കേണ്ട ധൎമ്മസഹോദരൻ "സ്വൎഗ്ഗസ്ഥനായ പിതാവെ" എന്ന പ്രാൎത്ഥന ഒരിക്കൽ ചൊല്ലിയിട്ട് നിൻെറ അടുക്കൽ വരുന്നതുവരെ കാത്തുനില്ക്കുക. ആ സമയത്തിനുള്ളിൽ അയാൾ വരുന്നില്ലെങ്കിൽ, വീണ്ടും ഒരു പ്രാവശ്യം മുട്ടിക്കൊള്ളുക." എന്നു മാസ്സെയോ പ്രതിവചിച്ചു. അപ്പോൾ യുവാവു് ഇങ്ങനെ പറഞ്ഞു: "എനിക്കു വളരെ ധൃതിയുണ്ടു്; അതുകൊണ്ടത്രെ ഞാൻ ഇത്ര ഉച്ചത്തിൽ മുട്ടിയതു്. ഒരു ദീൎഘമായ യാത്രയിൽ ഏൎപ്പെട്ടിരിക്കുന്ന ഞാൻ ഇങ്ങോട്ടു കടന്നതു സഹോദരൻ ഫ്രാൻസിസിനെക്കണ്ടു സംസാരിക്കാനായിരുന്നു. പക്ഷെ അദ്ദേഹം ഇപ്പോൾ വനത്തിൽ ധ്യാനനിമഗ്നനായിരിക്കുന്നതിനാൽ അദ്ദേഹത്തെ ഉപദ്രവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു നിങ്ങൾ പോയി സഹോദരൻ എലിയാസിനെ ഇങ്ങോട്ടു പറഞ്ഞയയ്ക്കുക; അദ്ദേഹത്തോടു് എനിക്കു ഒരു ചോദ്യം ചോദിക്കാനുണ്ടു്; അദ്ദേഹം ജ്ഞാനമുള്ളവനാണല്ലോ." മാസ്സെയോ പോയി എലിയാസിനോടു് ആ യുവാവിനെക്കാണുന്നതിനു വേഗം പോകാൻ പറയുന്നു. എലിയാസിനു അതു രസിക്കുന്നില്ല; അദ്ദേഹത്തിനു യുവാവിനെക്കാണാൻ സമ്മതമില്ല. മാസ്സെയോ എന്തു ചെയ്യണമെന്നോ, യുവാവിനോടു് എന്തു മറുപടി പറയണമെന്നോ അറിയാതെ വിഷമിക്കുന്നു. "സഹോദരൻ എലിയാസിനു വരാൻ നിവൃത്തിയില്ല," എന്നു പറയുന്നുവെങ്കിൽ അതു കള്ളം. "അദ്ദേഹം കോപാവിഷ്ടനായിരിക്കുന്നു" എന്നു പറയുന്നുവെങ്കിൽ അതൊരു ദുൎമ്മാതൃകയായിരിക്കും. അങ്ങനെ മാസ്സെയോ വിഷണ്ണനായി നിന്നപ്പോൾ, യുവാവു മുമ്പിലത്തെപ്പോലെതന്നെ വീണ്ടും മുട്ടി. മാസ്സെയോ വാതുക്കലേക്കു മടങ്ങിവന്നു യുവാവിനോടു്, "മുട്ടുന്നതിനെസ്സംബന്ധിച്ചുള്ള എൻെറ നിൎദ്ദേശം നീ അനുസരിച്ചിട്ടില്ല" എന്നു പറഞ്ഞു. അപ്പോൾ യുവാവു് ഇങ്ങനെ പറഞ്ഞു: "സഹോദരൻ എലിയാസ്സു് എൻെറ അടുക്കൽ വരാൻ വിചാരിക്കുന്നില്ല; താങ്കൾ പോയി സഹോദരൻ ഫ്രാൻസിസിനോടു ഞാൻ അദ്ദേഹത്തെക്കണ്ടു സംസാരിക്കുന്നതിനായി വന്നിരിക്കുന്നു എന്നും പക്ഷെ പ്രാൎത്ഥനയിൽ നിരതനായി

രിക്കുന്ന അദ്ദേഹത്തെ ഉപദ്രവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല എന്നും അതുകൊണ്ട് എന്നെ കാണുന്നതിനു സഹോദരൻ എലിയാസിന്റെ നിയോഗിക്കുമാറാകണമെന്നും പറയുക." മാസ്സെയോ വനത്തിൽപോയി സപ്രശ്ലോകക്കുമുഖമുയർത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഫ്രാൻസിസിനെ ആഗന്തുകനായ യുവാവിൻെറ കാര്യവും സഹോദരൻ എലിയാസിൻെറ മറുപടിയും അറിയിച്ചു. ആ യുവാവു മനുഷ്യരൂപം അവലംബിച്ച ദേവദൂതനായിരുന്നു. ഫ്രാൻസിസ് അനങ്ങുകയോ മുഖം താഴ്ത്തുകയോ ചെയ്യാതെ മാസ്സെയോവിനോട്ട് ഇപ്രകാരം പറഞ്ഞു: "ഉടനെ പോയി സഹോദരൻ എലിയാസിനോട്ട് ആ യുവാവിനെക്കാണുന്നതിനു ഞാൻ ആജ്ഞാപിക്കുന്നുവെന്നു പറയുക." ഫ്രാൻസിസിൻെറ ഈ ആജ്ഞ കേട്ടപ്പോൾ എലിയാസ് ക്ഷോഭവിവശനായി വാതിലിലേക്കു പോയി വലിയ ഒച്ചപ്പാടോടുകൂടി അതു തുറന്നു, "നിനക്കു എന്തു വേണം?" എന്നു യുവാവിനോടു ചോദിച്ചു. "സഹോദര, ഇങ്ങനെ കോപിക്കരുത്; കോപം ആത്മാവിന് അശുഭകരമാണ്; അതു സത്യഗ്രഹണശക്തിയെ ക്ഷയിപ്പിക്കുന്നു" എന്നു യുവാവു പ്രതിവചിച്ചു. "എന്തു കാര്യത്തിനാണ് നീ എന്നെക്കാണുന്നതിന് ആവശ്യപ്പെട്ടതെന്നു പറയുക" എന്ന് എലിയാസ് അക്ഷമനായി വീണ്ടും പറഞ്ഞു. "വിശുദ്ധ സുവിശേഷം അനുസരിച്ചു ജീവിക്കുന്നവർ, ക്രിസ്തു തൻെറ ശിഷ്യന്മാരോട് അനുശാസിച്ചതുപോലെ, തങ്ങളുടെ മുമ്പിൽ വിളമ്പപ്പെടുന്ന ഏതു ഭക്ഷ്യവും തിന്നുന്നതു നിയമാനുസൃതമല്ലയോ എന്നു ഞാൻ താങ്കളോടു ചോദിച്ചുകൊള്ളുന്നു" എന്നു യുവാവു പ്രതിവചിച്ചു. അപ്പോൾ, "അത് എനിക്കു നല്ലവണ്ണം അറിയാം; പക്ഷെ, നിന്നോടുത്തരം പറയാൻ ഞാൻ വിചാരിക്കുന്നില്ല; നീ നിൻെറ പാട്ടിനു പൊയ്ക്കൊള്ളുക" എന്നു സഹോദരൻ എലിയാസ് അഹങ്കാരപൂർവ്വം പറഞ്ഞു. ഇതു കേട്ട യുവാവ്, "ഈ ചോദ്യത്തിനു ശരിയായ ഉത്തരം പറയാൻ താങ്കളേക്കാൾ എനിക്കു കഴിയും," എന്നു മറുപടി പറഞ്ഞു. അപ്പോൾ സഹോദരൻ എലിയാസ് ക്രുദ്ധനായി ഊക്കോടെ വാതിൽ വലിച്ചടച്ചുകൊണ്ട് അവിടെനിന്നു പോയി.

യുവാവിൻെറ ചോദ്യം അദ്ദേഹത്തെ വിഷമിപ്പിച്ചു; അതിനെപ്പററി അദ്ദേഹം സംശയഗ്രസ്തനായി ആലോചിച്ചു തുടങ്ങി; അദ്ദേഹം അപ്പോൾ ഫ്റാൻസിസ്കൻ സഹോദരസംഘത്തിൻെറ ഭരണാധികൃതനായിരുന്നു; സുവിശേഷത്തിനും ഫ്റാൻസിസ്കൻ സന്യാസനിയമത്തിനും അനുരൂപമല്ലാത്ത ഒരു നിയമം അദ്ദേഹം ഏപ്പെടുത്തിയിരുന്നു: അതായതു ഫ്റാൻസിസ്കൻ ധൎമ്മസഹോദരൻ മാംസം ഭക്ഷിക്കാൻ പാടില്ലെന്ന്. അതുകൊണ്ടു പ്രസ്തുത പ്രശ്നം അദ്ദേഹത്തെ ലാക്കാക്കി പുറപ്പെട്ട ഒന്നാണെന്നു സ്പഷ്ടമായിരുന്നു. അതിനു് ഉത്തരം കണ്ടുപിടിക്കാൻ അപ്രാപ്തനായിത്തീൎന്ന അദ്ദേഹം ആ യുവാവിൻെറ സൌമ്യതയെയും ഉത്തരം പറയുന്നതിനു തന്നെക്കാൾ അവനു കഴിയുമെന്നുള്ള പ്രസ്താവനയെയും ഓൎത്തു. പ്രസ്തുത പ്രശ്നത്തെപ്പററി യുവാവിനോടു സംഭാഷണം തുടരുന്നതിനായി അദ്ദേഹം തിരിച്ചുചെന്നു വാതിൽ തുറന്നു. പക്ഷേ അപ്പോഴേക്ക് അവൻ അവിടെനിന്നു പോയിക്കഴിഞ്ഞു. അഹങ്കാരംനിമിത്തം സഹോദരൻ എലിയാസ് ദേവദൂതന്മാരോടു സംസാരിക്കുന്നതിനു് അയോഗ്യനായിരിക്കുന്നുവല്ലൊ.

ഇതിനുശേഷം ഫ്റാൻസിസ് വനത്തിൽനിന്നു മടങ്ങിവന്നു. നടന്ന സംഗതികൾ സകലവും ഈശ്വരപ്രകാശനത്താൽ അറിഞ്ഞിരുന്ന അദ്ദേഹം എലിയാസിനെ ഇപ്രകാരം കഠിനമായി ശാസിച്ചു: "അഹങ്കാരിയായ സഹോദര, നമുക്കു ധൎമ്മോപദേശം നല്കുന്നതിനായി വരുന്ന പരിശുദ്ധന്മാരായ ദേവദൂതന്മാരെ നീ വിരട്ടിയോടിച്ചു കളയുന്നതു നന്നല്ല. നിൻെറ അഹംകാരം നിമിത്തം നീ ഈ ധൎമ്മസംഘത്തിൽനിന്നും ബഹിഷ്കൃതനായശേഷമായിരിക്കും നിൻെറ ജീവിതം അവസാനിക്കുന്നതെന്നു ഞാൻ വളരെ ഭയപ്പെടുന്നുവെന്നു ഞാൻ നിന്നോടു പറയുന്നു." പിന്നീടു സംഭവിച്ചതു ഫ്റാൻസിസ് പ്രവചിച്ചതുപോലെ തന്നെയായിരുന്നു; ഫ്റാൻസിസ്കൻ ധൎമ്മസംഘത്തിൽനിന്നു പുറത്തു പോയശേഷമത്രെ എലിയാസ് മരിച്ചതു്.

അന്നേദിവസം സഹോദരാശ്രമത്തിൽനിന്നു യാത്ര തിരിച്ച സമയത്തുതന്നെ, പ്രസ്തുത ദേവദൂതൻ അതെ രൂപത്തിൽ സഹോദരൻ ബർണാർഡിനു പ്രത്യക്ഷപ്പെട്ടു; അദ്ദേഹം അപ്പോൾ സെയിൻറ് ജേംസാശ്രമത്തിൽനിന്നുള്ള മടക്കയാത്രയിൽ ഒരു വലിയ ആററിൻെറ തീരത്തുക്കൂടി നടക്കുകയായിരുന്നു. ആ യുവാവ് അദ്ദേഹത്തിൻെറ മാതൃഭാഷയിൽ ഇങ്ങനെ അഭിവാദ്യം ചെയ്തു: "ഉത്തമനായ ധമ്മസഹോദര, സ്വസ്തി! ദൈവത്തിൽനിന്നുള്ള ശാന്തി താങ്കൾക്കു ലഭിക്കുമാറാകട്ടെ!." സഹോദരൻ ബർണാർഡു വളരെ വിസ്മയിച്ചു. യുവാവിൻെറ സൌകുമാര്യവും പ്രസന്നവദനവും തൻെറ മാതൃഭാഷയിലുള്ള ആ അഭിവാദനവും അദ്ദേഹത്തെ ആകർഷിച്ചു. "യോഗ്യനായ യുവാവെ, നീ എവിടെനിന്നു വരുന്നു?" എന്ന് അദ്ദേഹം ചോദിച്ചു. "ഞാൻ പുണ്യവാനായ ഫ്റാൻസീസ് താമസിക്കുന്ന സ്ഥലത്തുനിന്നു വരുന്നു; അദ്ദേഹത്തെക്കണ്ടു സംസാരിക്കുന്നതിനായിട്ടത്രെ ഞാൻ അവിടെ പോയതു്; പക്ഷെ അതു സാധിച്ചില്ല; അദ്ദേഹം വനത്തിൽ ദിവ്യകാര്യങ്ങളെപ്പററിയുള്ള ധ്യാനത്തിൽ ലയിച്ചിരിക്കുകയായിരുന്നു; അദ്ദേഹത്തെ ഉപദ്രവിക്കണമെന്നു ഞാൻ വിചാരിച്ചില്ല. അദ്ദേഹത്തിൻെറ ആ ആശ്രമത്തിൽ മാസ്സെയോ, ജിൽസ്, എലിയാസ് എന്നീ ധമ്മസഹോദരന്മാർ താമസിക്കുന്നുണ്ട്. സഹോദരൻ മാസ്സെയോ ഒരു ധമ്മസഹോദരന് ഉചിതമായ വിധത്തിൽ വാതുക്കൽ മുട്ടേണ്ടതു് എങ്ങനെയെന്ന് എന്നെ പഠിപ്പിച്ചു. സഹോദരൻ എലിയാസ് ഞാൻ ചോദിച്ച ഒരു ചോദ്യത്തിന്ന് ഉത്തരം പറയുകയില്ലെന്നു ശഠിച്ചു; പിന്നീട് അദ്ദേഹം പശ്ചാത്തപിച്ച് എന്നെക്കണ്ടു സംസാരിക്കുന്നതിന് ആഗ്രഹിച്ചുവെങ്കിലും, സാധിച്ചില്ല," എന്ന് ആ ദേവദൂതൻ മറുപടി പറഞ്ഞു. ഇത്രയും പറഞ്ഞശേഷം ദേവദൂതൻ, "എന്തുകൊണ്ടു താങ്കൾ അക്കരെയ്ക്കു കടക്കുന്നില്ല?" എന്നു സഹോദരൻ ബർണാർഡിനോടു ചോദിച്ചു. "നദിയുടെ ആഴം ആപൽക്കരമെന്നു

ഞാൻ ഭയപ്പെടുന്നതുകൊണ്ടു" എന്നു ബർണാർഡ് ഉത്തരം പറഞ്ഞു. "നമുക്ക് ഒരുമിച്ച് അക്കരയ്ക്കു കടക്കാം, ഭയപ്പെടേണ്ട" എന്നു പറഞ്ഞുകൊണ്ടു ദേവദൂതൻ അദ്ദേഹത്തിന്റെ കൈക്കുപിടിച്ച് ഒരു നിമിഷത്തിനുള്ളിൽ അദ്ദേഹത്തെ ആററിന്റെ മറുകരയിലെത്തിച്ചു. അപ്പോൾ സഹോദരൻ ബർണാർഡ് ആ യുവാവ് ഒരു ദേവദൂതനാണെന്നുള്ള വാസ്തവം ഗ്രഹിച്ചിട്ട്, അത്യന്തം ഭക്ത്യാദരങ്ങളോടും ആനന്ദത്തോടുംകൂടി ഉച്ചസ്വരത്തിൽ, "ഓ ധന്യനായ ദേവദൂത, അങ്ങയുടെ പേരെന്താണെന്ന് എന്നോടു പറഞ്ഞാലും!" എന്നു ഘോഷിച്ചു. "താങ്കൾ എന്തുകൊണ്ടു വിസ്മയാവഹമായിരിക്കുന്ന എന്റെ പേരു ചോദിക്കുന്നു?" എന്നു ദേവദൂതൻ പ്രതിവചിച്ചു. ഇങ്ങനെ പറഞ്ഞതോടുകൂടി ദേവദൂതൻ തിരോധാനം ചെയ്തു. സഹോദരൻ ബർണാർഡിന് അസുലഭമായ ആശ്വാസം ലഭിച്ചു; അദ്ദേഹം പ്രവൃദ്ധമായ ആനന്ദനിർവൃതിയോടുകൂടി യാത്ര തുടന്നു. ദേവദൂതൻ പ്രത്യക്ഷപ്പെട്ട ആ ദിവസവും മണിക്കൂറും അദ്ദേഹം പ്രത്യേകം ഓർമ്മിച്ചു. ഫ്റാൻസിസും മുൻപറഞ്ഞ ധർമ്മസഹോദരരും താമസിച്ച സഹോദരാശ്രമത്തിലെത്തിയപ്പോൾ, അദ്ദേഹം സകലവും സംഭവക്രമമനുസരിച്ച് അവരെ പറഞ്ഞു കേൾപ്പിച്ചു. തങ്ങൾക്കു പ്രത്യക്ഷപ്പെട്ട ദേവദൂതൻ തന്നെയായിരുന്നു അതേ ദിവസം, അതേ സമയത്ത് അദ്ദേഹത്തിനും പ്രത്യക്ഷപ്പെട്ടതെന്ന് അവർ നിസ്സന്ദേഹം ധരിച്ചു.

## അദ്ധ്യായം 5

ഫ്രാൻസീസിൻെറ നിയോഗപ്രകാരം ബർണാർഡു് ബൊളോഞ്ഞായിലേക്കു പോകുന്നു, അവിടെ അദ്ദേഹം ഒരു സഹോദരാശ്രമം സ്ഥാപിക്കുന്നു.

സെയിൻറ ഫ്രാൻസിസ്സും അനുചരന്മാരും ദൈവത്താൽ വിളിക്കപ്പെട്ടുകയും വരിക്കപ്പെട്ടുകയും ചെയ്തതു് ക്രിസ്തുവിൻെറ കുരിശു് അവരുടെ ഹൃദയങ്ങളിലും പ്രവൃത്തികളിലും വഹിക്കുന്നതിനും, അതിനെ അവരുടെ നാവുകൾകൊണ്ടു പ്രസംഗിക്കുന്നതിനുമായിരുന്നുവല്ലോ; അതിന്നനുരൂപരായി അവർ വസ്ത്രധാരണത്തിലും ജീവിതക്രമത്തിൻെറ കാക്കശ്യത്തിലും പ്രത്യക്ഷമായും യഥാൎത്ഥമായും ക്രൂശിതരായ മനുഷ്യർ തന്നെയായിരുന്നു. അതുകൊണ്ടു ലൌകികമായ ബഹുമതിയോ, പൂജ്യതയോ മനുഷ്യരുടെ പ്രശംസയോ സമ്പാദിക്കുകയെന്നതിനേക്കാൾ ക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം അവമാനവും അവഹേളനവും സഹിക്കുകയെന്നതു് അവൎക്കു് അഭികാമ്യമായിരുന്നു. അതെ, അവർ അവമതിയിൽ ആനന്ദിക്കുകയും ബഹുമതിയിൽ ദുഃഖിക്കുകയും ചെയ്തു; അവർ തീൎത്ഥയാത്രക്കാരെയും പരദേശികളെയുംപോലെ ലോകത്തു സഞ്ചരിച്ചു. ക്രൂശിതനായ ക്രിസ്തുവിനെയല്ലാതെ മററു യാതൊന്നും അവർ കൂടെകൊണ്ടുപോയിരുന്നില്ല. അവർ യഥാൎത്ഥ മുന്തിരിയുടെ, അതായതു ക്രിസ്തുവിൻെറ യഥാൎത്ഥ ശാഖകളായിരുന്നതിനാൽ, അവർ ഈശ്വരങ്കലേക്കു് ആകൎഷിച്ച ആത്മാക്കളിൽ മഹനീയങ്ങളായ സൽഫലങ്ങളെ ഉൽപാദിപ്പിച്ചു.

തൻെറ ധൎമ്മപ്രസ്ഥാനത്തിൻെറ ആരംഭത്തിൽ ഫ്രാൻസിസ് സഹോദരൻ ബർണാർഡിനെ ബൊളോ

ഞ്ഞായിലേക്ക്, അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള ദിവ്യാനുഗ്രഹമനുസരിച്ച് അവിടെ ഫലപ്രദമായി ഈശ്വരസേവനം അനുഷ്ഠിക്കുന്നതിനായി, നിയോഗിച്ചു. സഹോദരൻ ബർണാർഡ് ആ നിയോഗമനുസരിച്ച് പരിശുദ്ധമായ കുരിശടയാളം വരച്ചുകൊണ്ട്, യാത്രതിരിച്ചു ബൊളോഞ്ഞായിലെത്തി. കീറിപ്പറിഞ്ഞ പഴന്തുണികൊണ്ടുള്ള ഉടുപ്പു ധരിച്ചിരുന്ന അദ്ദേഹത്തെ നാഗരിക ബാലന്മാർ കണ്ടപ്പോൾ പരിഹസിക്കുകയും, ഒരു കോമാളിയായി കരുതി കൂകിവിളിച്ചധിക്ഷേപിക്കുകയും ചെയ്തു. സഹോദരൻ ബർണാർഡാകട്ടെ, ക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം അതെല്ലാം ക്ഷമയോടും സന്തോഷത്തോടുംകൂടി സഹിച്ചു. ഇത്തരം അവഹേളനങ്ങൾക്കു കൂടുതൽ വിഷയീഭവിക്കുന്നതിനായി അദ്ദേഹം പട്ടണത്തിലെ ചന്തസ്ഥലത്തുപോയി, ആൾക്കൂട്ടം അധികം കൂടുന്ന ഒരു സ്ഥാനത്തിരുന്നു. അപ്പോൾ ഒട്ടധികം കുട്ടികളും മുതിർന്നവരും അദ്ദേഹത്തിന്റെ ചുററംകൂടി, ഒരുവൻ പിമ്പിൽനിന്നും, അപരൻ മുമ്പിൽനിന്നും അദ്ദേഹത്തിന്റെ ശിരോവേഷ്ടി പിടിച്ചു വലിക്കുകയും, ഒരുവൻ അദ്ദേഹത്തിന്റെ നേരെ മണ്ണും വേറൊരുവൻ കല്ലും വാരി എറിയുകയും, ഒരുവൻ അദ്ദേഹത്തെ ഇടത്തോട്ടും അപരൻ വലത്തോട്ടും തള്ളി മറിച്ചിടുകയും ചെയ്തു രസിക്കുമായിരുന്നു; അദ്ദേഹമാകട്ടെ പരാതി പറയുകയോ മാറിപ്പോവുകയോ ചെയ്യാതെ അവിടെത്തന്നെ ക്ഷമയോടും സന്തുഷ്ടിയോടും കൂടിയിരുന്നിരുന്നു. ഇത്തരം നിന്ദാവമാനങ്ങൾ സഹിക്കുന്നതിനായിമാത്രം അദ്ദേഹം പല ദിവസങ്ങളിലും ആ സ്ഥാനത്തുതന്നെ പോയി ഇരുന്നു. ക്ഷമ പരിപൂർണ്ണതയുടെ ഫലവും ഗുണപൌഷ്കല്യത്തിന്റെ ലക്ഷണവുമാകയാൽ, സഹോദരൻ ബർണാർഡിന്റെ അനതിശയനീയമായ സഹനശക്തിയും സൌശീല്യവും, തുടർച്ചയായി അനേകം ദിവസങ്ങളിൽ നേരിട്ടിരുന്ന ഈ ശല്യങ്ങൾക്കോ അധിക്ഷേപങ്ങൾക്കോ യാതൊരു വിധത്തിലും ചലിപ്പിക്കാൻ സാധിക്കാതിരുന്ന അദ്ദേഹത്തിന്റെ സമചിത്തതയും കണ്ടിട്ടു ബുദ്ധിമാനായ ഒരു നിയമശാസ്ത്രജ്ഞൻ, "ഈ മനുഷ്യൻ ഒരു മഹാപരിശുദ്ധൻ

തന്നെയായിരിക്കണം; അങ്ങനെയല്ലാതിരിക്കുക സാധ്യമല്ല,'' എന്നു തന്നെത്താൻ പറഞ്ഞുപോയി. അയാൾ അദ്ദേഹത്തെ സമീപിച്ചിട്ട് ഇപ്രകാരം ചോദിച്ചു: "താങ്കൾ ആരാണ്? എന്തിനു് ഇവിടെ വന്നിരിക്കുന്നു?'' ഉത്തരമായി സഹോദരൻ ബർണാർഡ്ഡ് നെഞ്ചത്തു് ഉടുപ്പിനുള്ളിൽ കൈയിട്ടു സെയിൻറ് ഫ്റാൻസീസിൻെറ ജീവിതനിയമം വലിച്ചെടുത്തു് അയാൾക്കു വായിച്ചു നോക്കുന്നതിനു കൊടുത്തു. അതു വായിച്ച് അതിൻെറ ലോകോത്തരമായ പരിപൂർണ്ണതയെ ഗ്രഹിച്ചശേഷം അയാൾ അത്ഭുതപരതന്ത്രനായി പുറമെ നിന്നവരോടു് ഇങ്ങനെ ഘോഷിച്ചു: "എൻെറ അറിവിൽപ്പെട്ട സന്യാസജീവിതക്രമത്തിൻെറ പരമോൽകൃഷ്ടമായ രൂപമാണു സത്യമായി ഞാൻ ഇതിൽ കാണുന്നതു്; അതുകൊണ്ടു് ഈ മനുഷ്യനും അദ്ദേഹത്തിൻെറ സഹചരന്മാരും ഈ ലോകത്തുള്ള ഏററവും പുണ്യവാന്മാരായ മനുഷ്യരാണെന്നുള്ളതിനു് സംശയമില്ല; അദ്ദേഹത്തെ അധിക്ഷേപിക്കുന്നവൻ പാപികളിൽ ഏററവും നികൃഷ്ടനാണ്. അദ്ദേഹം ദൈവത്തിൻെറ യഥാർത്ഥ സ്നേഹിതനായിരിക്കുകയാൽ ഏററവും കൂടുതലായ ബഹുമാനത്തിനു് അർഹനായിരിക്കുന്നു.'' അനന്തരം അയാൾ സഹോദരൻ ബർണാർഡ്ഡിനോടു് ഇപ്രകാരം പറഞ്ഞു: "ദൈവത്തെ സൌകര്യമായി സേവിക്കുന്നതിനുള്ള ഒരു സ്ഥലം താങ്കൾ സ്വീകരിക്കുമെന്നുണ്ടെങ്കിൽ, എൻെറ ആത്മാവിൻെറ മുക്തിയെ ഉദ്ദേശിച്ച് അതു നിങ്ങൾക്കു ദാനം ചെയ്യുന്നതിനു് ഞാൻ ആഗ്രഹിക്കുന്നു.'' സഹോദരൻ ബർണാർഡ്ഡ്, "ശ്രീമൻ, ഭഗവാൻ യേശുക്രിസ്തുവിൽനിന്നുള്ള ഒരു അന്തഃപ്രേരണത്തിൻെറ ഫലമായിട്ടാണ് അങ്ങു് ഈ ദാനം ചെയ്യാമെന്നു പറയുന്നതു്; അതുകൊണ്ടു ക്രിസ്തുവിൻെറ മഹിമയെ പുരസ്കരിച്ച് അതിനെ സ്വീകരിക്കുന്നതിനു് എനിക്കു സന്തോഷമുണ്ട്,'' എന്നു മറുപടി പറഞ്ഞു.

അനന്തരം പ്രസ്തുത ശാസ്ത്രജ്ഞൻ സഹോദരൻ ബർണാർഡ്ഡിനെ വളരെ സ്നേഹത്തോടും സന്തോഷത്തോടും കൂടി തൻെറ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. അ

യാൽ തന്റെ പ്രതിജ്ഞയനുസരിച്ചുള്ള സ്ഥലവും കെട്ടിടവും ആവശ്യമുള്ള സകല ഉപകരണങ്ങളോടുംകൂടി അദ്ദേഹത്തിനു കൊടുത്തു. അപ്പോൾമുതൽ അയാൾ അദ്ദേഹത്തിന് ഒരു പിതാവിനു തുല്യനായിത്തീരുകയും അദ്ദേഹത്തെയും സഹചരന്മാരെയും സഹായിക്കുന്നതിൽ സദാ ജാഗരൂകനായിരിക്കുകയും ചെയ്തു. സഹോദരൻ ബർണാർഡിനെ സകല മനുഷ്യരും അധികമായി ബഹുമാനിച്ചു തുടങ്ങി; അദ്ദേഹത്തിന്റെ സ്പർശനമോ ദർശനമോ ലഭിക്കുന്ന ഏതൊരു മനുഷ്യനും അതൊരു മഹാഭാഗ്യമായിക്കരുതി. എന്നാൽ അദ്ദേഹം, ക്രിസ്തുവിന്റെയും വിനീതനായ ഫ്റാൻസിസിന്റെയും ഒരു യഥാർത്ഥ ശിഷ്യനെന്ന നിലയിൽ, ഈ ലോകത്തിന്റെ ബഹുമതികൾ തന്റെ ആത്മാവിന്റെ ശാന്തിക്കും മുക്തിക്കും വിഘ്നകരമായേക്കുമെന്നു ഭയപ്പെട്ടിട്ട്, ഒരു ദിവസം അവിടംവിട്ടു പോവുകയും ഫ്റാൻസിസിന്റെ അടുക്കൽചെന്ന് ഇപ്രകാരം പറയുകയും ചെയ്തു: "ബൊളോഞ്ഞാനഗരത്തിൽ ഒരാശ്രമം സ്ഥാപിച്ചുകഴിഞ്ഞു; അവിടെത്താമസിക്കുന്നതിനു വേറെ സഹോദരന്മാരെ നിയോഗിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു; അവിടത്തെ താമസം മേലാൽ എനിക്കു പ്രയോജനകരമായിരിക്കുകയില്ല; എനിക്ക് അവിടെ ലഭിക്കുന്ന അത്യധികമായ ബഹുമതിമൂലം, ലാഭത്തെക്കാൾ കൂടുതൽ നഷ്ടമാണ് എനിക്കു നേരിടുന്നതെന്നു ഞാൻ ഭയപ്പെടുന്നു." സഹോദരൻ ബർണാർഡ് മുഖേന ദൈവം ബൊളോഞ്ഞായിൽ പ്രവർത്തിച്ചതു സകലവും യഥാക്രമം കേട്ടശേഷം ഫ്റാൻസിസ് തന്റെ ധർമ്മപ്രസ്ഥാനത്തെ സർവ്വത്ര വ്യാപിപ്പിച്ചുതുടങ്ങിയ ദൈവത്തിനു നന്ദി പറഞ്ഞു. അനന്തരം അദ്ദേഹം സ്വശിഷ്യന്മാരിൽ ഏതാനുംപേരെ ബൊളോഞ്ഞായിലേക്കും ലൊംബാർഡിയിലേക്കും നിയോഗിച്ചു; അവർ പല സ്ഥാനങ്ങളിലായി ഒട്ടുവളരെ സഹോദരാശ്രമങ്ങൾ സ്ഥാപിച്ചു.

# അദ്ധ്യായം 6

**സെയിൻറ് ഫ്രാൻസിസ് സഹോദരൻ ബർണാർഡിനെ അനുഗ്രഹിക്കുകയും, തൻെറ മരണത്തിനുശേഷം തൻെറ സംഘത്തിൻെറ അധിപനായി നിയമിക്കുകയും ചെയ്തുവെന്നു്.**

സെയിൻറ് ഫ്റാൻസിസിൻെറ അതിയായ ബഹുമാനത്തിനും പ്രശംസയ്ക്കും പാത്രീഭവിക്കുമാറ് സഹോദരൻ ബർണാർഡ് അത്ര പാവനചരിതനായിരുന്നു. ഒരുദിവസം ഫ്റാൻസിസ് പ്രാർത്ഥനയിൽ നിമഗ്നനായിരുന്നപ്പോൾ, അദ്ദേഹത്തിൻെറ സഹോദരൻ ബർണാർഡ് ദിവ്യസമ്മതപ്രകാരം പിശാചുക്കളുടെ ഉഗ്രങ്ങളായ അനേകം ആക്രമണങ്ങൾക്കു വിധേയനാകാനിരിക്കുന്നതായി ഈശ്വരപ്രകാശനമുണ്ടായി; അപ്പോൾ ബർണാർഡിനെ പുത്രനിർവ്വിശേഷം സ്നേഹിച്ചിരുന്ന ഫ്റാൻസിസ് ആ ശിഷ്യൻെറ സ്ഥിതിയിൽ അനുകമ്പാകുലനായി, പിശാചുക്കളുമായുള്ള ആ സമരത്തിൽ അദ്ദേഹത്തിനു വിജയംനല്കണമേയെന്നു കണ്ണുനീർ പൊഴിച്ചുകൊണ്ട് അനേകദിവസം ക്രിസ്തുയേശുവിനോടു പ്രാർത്ഥിച്ചു. അങ്ങനെ ഒരുദിവസം ഫ്റാൻസിസ് ഭക്തിപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ദൈവത്തിൽനിന്നു് ഈ അരുളപ്പാടുണ്ടായി: "ഫ്റാൻസിസ്, ഭയപ്പെടേണ്ട; സഹോദരൻ ബർണാർഡിനു നേരിടുന്ന സകല പൈശാചികപ്രലോഭനങ്ങളും ആ സഹോദരൻെറ നന്മയും യോഗ്യതയും വർദ്ധിപ്പിക്കുന്നതിനായി ദൈവം അനുവദിച്ചിട്ടുള്ളതാണു്; ഒടുവിൽ അയാൾ സകല ശത്രുക്കളെയും ജയിക്കുന്നതായിരിക്കും; എന്തുകൊണ്ടെന്നാൽ അയാൾ സ്വർഗ്ഗരാജ്യസേവകന്മാരിൽ ഒരുവനാണു്". ഈ അരുളപ്പാടു കേട്ട് ഫ്റാൻസിസ് വളരെ സന്തുഷ്ടനായി ദൈവത്തെ സ്തുതിച്ചു. അപ്പോൾമുതൽ അദ്ദേഹം സഹോദരൻ ബർണാർഡിനെ പൂർവ്വാധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു. ഈ സ്നേഹബ

ഹുമാനങ്ങൾ അദ്ദേഹം തൻെറ ജീവിതകാലത്തു മാത്രമല്ല, മരണസമയത്തും പ്രദശിപ്പിച്ചു. അദ്ദേഹം, പൂവ്വപിതാവായ ജേക്കബിനെപ്പോലെ, തൻെറ ഭക്തന്മാരായ പുത്രന്മാർ അമ്മാതിരി സ്നേഹപൂർണ്ണനായ ഒരു പിതാവിൻെറ ആസന്നമായ വിയോഗത്തിൽ വ്യസനിച്ചും കരഞ്ഞും ചുററും നില്ക്കവേ, മരണശയ്യയിൽ കിടന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു: "എൻെറ പ്രഥമപുത്രൻ എവിടെ? എൻെറ മകനെ, അടുത്തുവരുക; ഞാൻ മരിക്കുന്നതിനു മുമ്പായി എൻെറ ആത്മാവ് നിന്നെ അനുഗ്രഹിച്ചുകൊള്ളട്ടെ". അപ്പോൾ സഹോദരൻ ബർണാർഡ്ഡ് സംഘാധിപനായ സഹോദരൻ എലിയാസിനോട്, "പിതാവെ, പുണ്യവാൻെറ അനുഗ്രഹം വാങ്ങുന്നതിനായി അങ്ങ് അദ്ദേഹത്തിൻെറ വലത്തുഭാഗത്തു പോയി നില്ക്കുക," എന്നു പറഞ്ഞു. സഹോദരൻ എലിയാസ് അദ്ദേഹത്തിൻെറ വലത്തുവശത്തു ചെന്നുനിന്നു; അത്യധികമായ അശ്രുപ്രവാഹത്താൽ കണ്ണിനു കാഴ്ച നശിച്ചിരുന്ന ഫ്രാൻസിസ് വലത്തുകൈ എലിയാസിൻെറ ശിരസ്സിൽ വച്ചിട്ട് ഇങ്ങനെ പറഞ്ഞു: "ഇതു് എൻെറ പ്രഥമപുത്രനായ സഹോദരൻ ബർണാർഡ്ഡിൻെറ ശിരസ്സല്ലല്ലോ". അപ്പോൾ സഹോദരൻ ബർണാർഡ്ഡ് അദ്ദേഹത്തിൻെറ വലത്തുവശത്തു ചെന്നുനിന്നു: ഫ്രാൻസിസ് കൈകളെ കുരിശിൻെറ രൂപത്തിൽ പൊക്കി, വലത്തുകൈ സഹോദരൻ ബർണാർഡ്ഡിൻെറ ശിരസ്സിന്മേലും ഇടത്തുകൈ സഹോദരൻ എലിയാസിൻെറ ശിരസ്സിന്മേലും വച്ചിട്ട്, സഹോദരൻ ബർണാർഡ്ഡിനോട് ഇപ്രകാരം പറഞ്ഞു: "പിതാവായ ദൈവവും ഭഗവാൻ യേശുക്രിസ്തുവും ആത്മീയവും സ്വർഗ്ഗീയവുമായ സകലവരങ്ങളും പ്രദാനംചെയ്തു നിന്നെ അനുഗ്രഹിക്കുമാറാകട്ടെ. സുവിശേഷത്തിന് അനുരൂപമായ ഉത്തമമാതൃക പ്രദശിപ്പിക്കുന്നതിനും സുവിശേഷനിർദ്ദിഷ്ടമായ ദാരിദ്ര്യത്തിൽ ക്രിസ്തുവിനെ അനുഗമിക്കുന്നതിനുമായി, ഈ ധമ്മസംഘത്തിൽ ഒന്നാമതായി സ്വീകരിക്കപ്പെട്ട അതിൻെറ പ്രഥമസന്താനമാണല്ലോ നീ; നീ ക്രിസ്തുവിനോടുള്ള സ്നേഹംനിമിത്തം നിൻെറ ധനം മുഴുവനും ഉപേക്ഷിക്കുകയും പാവങ്ങൾക്കായി ദാനംചെയ്യുകയും ചെയ്തു; ഇപ്രകാരം ഈ ധമ്മസംഘത്തിൽ ചേന്നുകൊണ്ട് നീ മാധുര്യമേറിയ ഒരു ആത്മബലി ദൈ

വത്തിനായി സമപ്പിച്ചു. അതുകൊണ്ട്, നീ നടക്കുമ്പോഴും നില്ക്കുമ്പോഴും, ഉണന്നിരിക്കുമ്പോഴും ഉറങ്ങുമ്പോഴും, ജീവിച്ചിരിക്കുമ്പോഴും മരിക്കുമ്പോഴും, ശാശ്വതങ്ങളായ അനുഗ്രഹങ്ങൾ തന്നു് ഭഗവാൻ ക്രിസ്തുവും അദ്ദേഹത്തിൻെറ ദാസനും എളിയവനുമായ ഞാനും നിന്നെ അനുഗ്രഹിക്കുമാറാകട്ടെ. നിന്നെ അനുഗ്രഹിക്കുന്ന ഏവനും അനുഗ്രഹസമ്പൂണ്ണനായിബ്ഭവിക്കട്ടെ; നിന്നെ ശപിക്കുന്ന ഏവനും ദണ്ഡിതനുമാകട്ടെ. നീ നിൻെറ സഹോദരന്മാരുടെ മേലാവായിരിക്കുക; സകല ധമ്മസഹോദരന്മാരും നിൻെറ ആജ്ഞകളെ അനുസരിക്കുമാറാകട്ടെ; നിനക്കു് ഇഷ്ടമുള്ള ആരെയും ഈ ധമ്മസംഘത്തിൽ ചേത്തുകൊള്ളുക. യാതൊരു ധമ്മസഹോദരനും നിൻെറമേൽ അധികാരമുണ്ടായിരിക്കാൻ പാടില്ല; നിനക്കു് ഇഷ്ടമുള്ള എവിടെയും പോയിത്താമസിക്കുന്നതു് നിന്നെ സംബന്ധിച്ചിടത്തോളം നിയമാനുസൃതമാണു്''.

സെയിൻറു് ഫ്റാൻസിസിൻെറ മരണത്തിനുശേഷം ധമ്മസഹോദരന്മാർ സഹോദരൻ ബർണാർഡിനെ തങ്ങളുടെ സംപൂജ്യനായ ഒരു പിതാവിനെ എന്നവണ്ണം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു. ബർണാർഡു് ആസന്നമരണനായിക്കിടന്നപ്പോൾ, ഒട്ടുവളരെ ധമ്മസഹോദരന്മാർ ലോകത്തിൻെറ നാനാഭാഗങ്ങളിലുംനിന്നു വന്നു് അദ്ദേഹത്തെ സന്ദശിച്ചു; അവരിൽ ദേവദൂതസമാനം പരിപാവനനായി ദിവ്യതേജസ്വിയായിരുന്ന സഹോദരൻ ജിൽസു് സഹോദരൻ ബർണാർഡിൻെറ ദശനത്താൽ ആനന്ദതുന്ദിലനായി ഇങ്ങനെ ഘോഷിച്ചു: 'നിൻെറ ഹൃദയത്തെ ഉയത്തുക, സഹോദരൻ ബർണാർഡു്, നിൻെറ ഹൃദയത്തെ ഉയത്തുക'. അപ്പോൾ, ഏകാന്തധ്യാനത്തിനു പററിയ ഒരു സ്ഥലം സഹോദരൻ ജിത്സിന്നായി ഒരുക്കുന്നതിനു് ബർണാർഡു് ഒരു ധമ്മസഹോദരനോടു രഹസ്യമായി ആജ്ഞാപിച്ചു; ആ ആജ്ഞ അനുവത്തിക്കപ്പെട്ടുകയുംചെയ്തു. സഹോദരൻ ബർണാർഡിനു മരണസമയമായപ്പോൾ, ചുററുംനിന്ന ധമ്മസഹോദരന്മാരോടു് അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഏററവും പ്രിയപ്പെട്ട സഹോദരന്മാരെ, ഞാൻ നിങ്ങളോടു വളരെക്കാര്യങ്ങൾ പറയാൻ വിചാരിക്കുന്നില്ല. എന്നാൽ ഞാൻ ജീവിച്ചിട്ടുള്ളതുപോലു

ള്ള ഒരു സന്യാസജീവിതമാണ് നിങ്ങൾ ജീവിക്കുന്നതെന്നു നിങ്ങൾ ഓൎത്തുകൊള്ളണം; എന്റെ ഇപ്പോഴത്തെ സ്ഥിതി നിങ്ങൾക്കും ഉണ്ടാകും. ഈ ലോകംപോലുള്ള ആയിരം ലോകങ്ങൾ ലഭിക്കുമെന്നിരുന്നാലും ഭഗവാൻ യേശുക്രിസ്തുവിനു് ഞാൻ അനുഷ്ഠിച്ച സേവനം വേറൊരു സ്വാമിയെ സേവിക്കുന്നതിനായി ഞാൻ ഉപേക്ഷിക്കുമായിരുന്നില്ല. എന്റെ എല്ലാ അപരാധങ്ങൾക്കുമായി ഞാൻ ഇപ്പോൾ എന്നെത്തന്നെ കുററപ്പെടുത്തുകയും, എന്റെ രക്ഷകനായ യേശുവിനോടും നിങ്ങളോടും എന്റെ പാപങ്ങളെ ഞാൻ ഏററുപറയുകയും ചെയ്തുകൊള്ളുന്നു. എന്റെ പ്രിയഭാജനങ്ങളായ സഹോദരന്മാരെ, നിങ്ങൾ അന്യോന്യം സ്നേഹിക്കണമെന്നു നിങ്ങളോടു ഞാനപേക്ഷിക്കുന്നു". ഇതിനെത്തുടൎന്നു വേറെയും ചില നല്ല ഉപദേശങ്ങൾ നല്കിയശേഷം അദ്ദേഹം സ്വസ്ഥനായിക്കിടന്നു. അദ്ദേഹത്തിന്റെ മുഖം പരമാനന്ദവിവശതയാൽ പരിശോഭിച്ചു; അതു കണ്ടു് ധൎമ്മസഹോദരന്മാരെല്ലാവരും വിസ്മയിച്ചു. ആ ആനന്ദപാരവശ്യത്തിൽ അദ്ദേഹത്തിന്റെ നിൎമ്മലമായ ആത്മാവു് സ്വൎഗ്ഗീയമഹിമയാൽ മകുടിതമായി ദേവദൂതന്മാരുടെ സൗഭാഗ്യപൂൎണ്ണമായ ജീവിതത്തിലേക്കു നിൎയ്യാണംചെയ്തു.

## അദ്ധ്യായം 7

സെയിൻറു് ഫ്രാൻസിസ് ഒരു നോമ്പുകാലം പെരൂജിയാ തടാകത്തിലെ ഒരു ദ്വീപിൽ എപ്രകാരം കഴിച്ചുകൂട്ടിയെന്നും, ഒരു അപ്പത്തിന്റെ പകുതിമാത്രം തിന്നുകൊണ്ടു് അദ്ദേഹം നാല്പതു പകലും നാല്പതു രാത്രിയും ഉപവാസം അനുഷ്ഠിച്ചുവെന്നും.

ക്രിസ്തുവിന്റെ യഥാൎത്ഥദാസനായ സെയിൻറു് ഫ്രാൻസിസ് മിക്കവാറും ആത്മാക്കളുടെ രക്ഷയ്ക്കായി ലോകത്തിനു പ്രദാനംചെയ്യപ്പെട്ട വേറൊരു ക്രിസ്തുവായിരുന്നതുകൊണ്ടു്, അദ്ദേഹം പലവിധത്തിലും യേശുക്രിസ്തുവിനോടു് ആനുരൂപ്യമുള്ളവനായിരിക്കണമെന്നതു് പിതാവായ ദൈവത്തി

ന്റെ അഭിമതമായിരുന്നു; പന്ത്രണ്ടുപേരുള്ള ഒരു ശിഷ്യസംഘവും, പഞ്ചക്ഷതങ്ങളും, നോമ്പുകാലം മുഴുവനും നീണ്ടുനിന്ന ഉപവാസാനുഷ്ഠാനവും അദ്ദേഹത്തിനുമുണ്ടായിരുന്നുവെന്നതു് ഈ സാമ്യത്തിനു തെളിവുകളാണു്. ഒരാണ്ടിൽ നോമ്പുകാലം ആരംഭിക്കുന്ന ദിവസം അദ്ദേഹം പെറൂജിയാ തടാകത്തിന്റെ തീരത്തുള്ള തന്റെ ഒരു അനുയായിയുടെ വീട്ടിൽ താമസിക്കുകയായിരുന്നു; അപ്പോൾ ആ തടാകത്തിലുള്ള ഒരു ദ്വീപിൽ പോയി ആ നോമ്പുകാലം കഴിച്ചുകൂട്ടണമെന്നുള്ള ഒരഭിനിവേശം അദ്ദേഹത്തിനുണ്ടായി. വിജനമായ ആ ദ്വീപിൽ, ക്ഷാരബുധനാഴ്ച രാത്രിയിൽ ആരും കാണാതെ, തന്നെ ഒരു ചെറുവഞ്ചിയിൽ കയററിക്കൊണ്ടു ചെന്നാക്കുന്നതിനു് അദ്ദേഹം തന്റെ ശിഷ്യനോടപേക്ഷിച്ചു. അദ്ദേഹത്തോടുള്ള അതിയായ ഭക്ത്യാദരങ്ങൾനിമിത്തം അയാൾ അദ്ദേഹത്തിന്റെ അഭിലാഷത്തെ ഉത്സാഹപൂർവ്വം അനുവർത്തിക്കുകയും അദ്ദേഹത്തെ പ്രസ്തുത ദ്വീപിൽ കൊണ്ടുചെന്നാക്കുകയും ചെയ്തു. ഫ്രാൻസിസിന്റെ കൈവശം രണ്ടു ചെറിയ അപ്പമല്ലാതെ മററു യാതൊരു ഭക്ഷ്യസാധനവുമുണ്ടായിരുന്നില്ല. ശിഷ്യൻ മടങ്ങിപ്പോകുന്നതിനുമുമ്പു്, താൻ എവിടെയാണെന്നു് ആക്കും വെളിപ്പെടുത്തിക്കൊടുക്കരുതെന്നും, വലിയവ്യാഴാഴ്ചയ്ക്കു മുമ്പായി തന്നെ കൊണ്ടുപോകുന്നതിനു ചെല്ലരുതെന്നും അദ്ദേഹം അപേക്ഷിച്ചു. അങ്ങനെ ശിഷ്യൻ തിരിച്ചുപോവുകയും ഫ്രാൻസിസ് ഏകനായി അവിടെത്താമസിക്കുകയും ചെയ്തു. വിശ്രമിക്കുന്നതിനു യാതൊരു വീടും ആ ദ്വീപിൽ ഇല്ലാതിരുന്നതിനാൽ, ഒരു ചെറുകുടിലിന്റെ ആകൃതിയിൽ ഇടതൂന്ന ഒരു ചുള്ളിക്കാട്ടിന്റെ ഉള്ളിൽ കടന്നിരുന്നു്, അവിടെ അദ്ദേഹം ഈശ്വരധ്യാനൈകനിരതനായി നോമ്പുകാലം മുഴുവനും കഴിച്ചുകൂട്ടി. താൻ കൊണ്ടുവന്നിരുന്ന രണ്ടു് അപ്പത്തിൽ ഒന്നിന്റെ പകുതിയല്ലാതെ മററു യാതൊന്നും അദ്ദേഹം തിന്നുകയോ കുടിക്കുകയോ ചെയ്തില്ല. ശിഷ്യൻ വലിയ വ്യാഴാഴ്ച മടങ്ങിവന്നപ്പോൾ ഒരപ്പം മുഴുവനും ഒന്നിന്റെ പകുതിയും ബാക്കിയിരിക്കുന്നതായിക്കണ്ടു. സെയിൻറു് ഫ്രാൻസിസ് ഒരപ്പത്തിന്റെ പകുതി തിന്നതു് യാതൊരാഹാരവും കൂടാതെ നാല്പതു പകലും നാല്പതു രാത്രിയും ഉപവസിച്ച

യേശുക്രിസ്തുവിൻെറ ഉപവാസത്തോടുള്ള ആദരാതിശയം കൊണ്ടായിരുന്നുവെന്നു വിശ്വസിക്കപ്പെടുന്നു; നാല്പതു ദിവസത്തെ ഉപവാസത്തിൽ ക്രിസ്തുവിൻെറ ദൃഷ്ടാന്തത്തെ താൻ ശരിക്ക് അനുസരിച്ചുവെന്നുള്ള ആത്മസംഭാവനയെ അദ്ദേഹം ഇങ്ങനെ പകുതിയപ്പം തിന്നു പരിഹരിച്ചതായിരിക്കണം. അദ്ദേഹം ഇത്ര ആശ്ചര്യകരമായ ഉപവാസവും തപസ്സും അനുഷ്ഠിച്ച ആ സ്ഥലത്ത് ദൈവം അനേകം അത്ഭുതങ്ങൾ പ്രവത്തിച്ചു. അതുകൊണ്ട് ജനങ്ങൾ അവിടെപ്പോയി വീടുകൾ പണിതു താമസിച്ചുതുടങ്ങി. അങ്ങനെ അല്പകാലത്തിനുള്ളിൽ ഒരു നല്ല ജനപദം അവിടെ ആവിർഭവിച്ചു. അവിടെ ഒരു സഹോദരാശ്രമവും ഇപ്പോൾ സ്ഥിതിചെയ്യുന്നു. ഇന്നും അവിടെയുള്ള ജനങ്ങൾ സെയിൻറ് ഫ്റാൻസിസ് ഒരു നോമ്പുകാലം കഴിച്ചുകൂട്ടിയ ആ സ്ഥലത്തെ അത്യന്തം ഭക്ത്യാദരങ്ങളോടെ സ്മരിക്കുന്നു.

## അദ്ധ്യായം 8

പരിപൂർണ്ണമായ ആനന്ദം എവിടെ സ്ഥിതി ചെയ്യുന്നുവെന്ന് സെയിൻറ് ഫ്റാൻസീസ് തൻെറ സഹചരനായ സഹോദരൻ ലെയോവിനോട് ഉപന്യസിക്കുന്നു.

വളരെ തണുപ്പുള്ള ഒരു ദിവസം സെയിൻറ് ഫ്റാൻസിസ് സഹോദരൻ ലെയോവിനോടൊന്നിച്ചു പെരൂജ്യായിൽനിന്നു പൊർസ്യുങ്കലായിലേക്കു യാത്രചെയ്കപ്പോൾ മുമ്പേ നടന്ന സഹോദരൻ ലെയോവിനെ വിളിച്ചിട്ട് ഇപ്രകാരം പറഞ്ഞു: "സഹോദരൻ ലെയോ, നമ്മുടെ ചെറുസഹോദരന്മാർ സവ്വത്ര ജീവിതവിശുദ്ധിക്കും ഭക്തിക്കും ഉത്തമ ദൃഷ്ടാന്തങ്ങൾ പ്രദശിപ്പിച്ചുവെന്നാലും, പരിപൂർണ്ണമായ ആനന്ദം അതിലല്ല സ്ഥിതിചെയ്യുന്നത് എന്നു ജാഗ്രതയോടെ എഴുതി സൂക്ഷിച്ചുകൊള്ളുക." കുറച്ചുകൂടി മുമ്പോട്ടു പോയിട്ടു ഫ്റാൻസിസ് സഹചരനെ രണ്ടാംപ്രാവശ്യം വിളി

ച്ചിട്ടു പറഞ്ഞു: "സഹോദരൻ ലെയോ, നമ്മുടെ ധർമ്മസഹോദരൻ കുരുടർക്കു കാഴ്ച നല്കുകയും, കുഷ്ഠരോഗികളെ സുഖപ്പെടുത്തുകയും, പിശാചങ്ങളെ ഉച്ചാടനം ചെയ്കയും, ചെകിടന്നു കേൾവി നല്കുകയും, മുടന്തനെ നടത്തുകയും, മൂകനെ സംസാരിപ്പിക്കുകയും, സർവ്വോപരി, മരിച്ചടക്കപ്പെട്ടവരെ ശവകുടീരത്തിൽനിന്നു നാലുദിവസത്തിനുശേഷം ഉയിർപ്പിക്കുകയും ചെയ്താലും, പരിപൂർണ്ണമായ ആനന്ദം അതിലല്ല സ്ഥിതി ചെയ്യുന്നതു് എന്നു് എഴുതിക്കൊള്ളുക.'' ഇനിയും കുറെക്കൂടി മുമ്പോട്ടു നടന്നശേഷം അദ്ദേഹം വീണ്ടും ഇപ്രകാരം ഉറക്കെ വിളിച്ചു പറഞ്ഞു: "സഹോദരൻ ലെയോ, ദൈവത്തിന്റെ കൊച്ചാടെ, നമ്മുടെ ധർമ്മസഹോദരൻ ദേവദൂതന്മാരുടെ ഭാഷ സംസാരിക്കുകയും, നക്ഷത്രങ്ങളുടെ ഗതിവിഗതികളും സസ്യങ്ങളുടെ ഗുണദോഷങ്ങളും ഗ്രഹിക്കുകയും ചെയ്താലും, ഭൂമിയിൽ മറഞ്ഞിരിക്കുന്ന നിധികൾ അവന്നു വെളിപ്പെട്ടു കിട്ടിയാലും, അവൻ പക്ഷികളുടെയും, മൃഗങ്ങളുടെയും മത്സ്യങ്ങളുടെയും, മനുഷ്യന്റെയും, വൃക്ഷങ്ങളുടെയും, കല്ലുകളുടെയും, വേരുകളുടെയും, ജലാശയങ്ങളുടെയും ഗുണങ്ങളെ വേർതിരിച്ചറിഞ്ഞാലും, അതിലല്ല പരിപൂർണ്ണമായ ആനന്ദം സ്ഥിതി ചെയ്യുന്നതു് എന്നു് എഴുതിക്കൊള്ളുക" അദ്ദേഹം കുറച്ചു ദൂരംകൂടി പോയിട്ടു് ഇങ്ങനെ ഘോഷിച്ചു: "സഹോദരൻ ലെയോ, നമ്മുടെ ധർമ്മസഹോദരന്നു് അവിശ്വാസികളായ സകലരുടെയും ഹൃദയങ്ങളിൽ പരിവർത്തനമുളവാക്കി അവരെ ക്രിസ്തുധർമ്മവിശ്വാസികളാക്കാൻ സാധിക്കുമാറു് പ്രസംഗചാതുര്യമുള്ളവനായിരുന്നാലും അതിലല്ല പരിപൂർണ്ണമായ ആനന്ദം സ്ഥിതിചെയ്യുന്നതു് എന്നു് എഴുതിക്കൊള്ളുക." ഇവ്വിധം സംഭാഷണംചെയ്തു് അവർ രണ്ടു മൈൽ ദൂരം നടന്നു കഴിഞ്ഞപ്പോൾ, സഹോദരൻ ലെയോ ആശ്ചര്യഭരിതനായി അദ്ദേഹത്തോടു്, 'പിതാവെ, പരിപൂർണ്ണമായ ആനന്ദം പിന്നെ എവിടെ സ്ഥിതിചെയ്യുന്നുവെന്നു് എനിക്കു പറഞ്ഞു തരണമേ എന്നു ദൈവത്തിന്റെ നാമത്തിൽ ഞാനപേക്ഷിക്കുന്നു" എന്നു പറഞ്ഞു. ഫ്രാൻസിസ്സ് ലെയോവിനോടു് ഇപ്രകാരം പ്രതിവചിച്ചു: "നാം മഴ നനഞ്ഞു്, തണുപ്പുകൊണ്ടു കിടുകിടു വിറച്ചു്, ചേറും ചെളിയും ചവുട്ടി, വിശന്നു വലഞ്ഞു്, പൊർസ്യുങ്കുലാ ആശ്രമ

ത്തിൽ ചെന്നുചേൎന്നിട്ട് വാതുക്കൽ മുട്ടുമ്പോൾ വാതൽ കാവല്ക്കാരനായ സഹോദരൻ കുപിതനായി വന്ന്, 'നിങ്ങൾ ആരു്?' എന്നു ചോദിക്കുന്നു; 'ഞങ്ങൾ നിങ്ങളുടെ ധൎമ്മസഹോദരന്മാരിൽ രണ്ടുപേരാണ്' എന്നു നാം പറയുന്നു; അപ്പോൾ അയാൾ, 'നിങ്ങൾ പറയുന്നതു സത്യമല്ല; നിങ്ങൾ ലോകത്തെ കളിപ്പിച്ചും പാവങ്ങൾക്കു ഭിക്ഷയായി ലഭിക്കേണ്ട ധനത്തെ മോഷ്ടിച്ചും നടക്കുന്ന രണ്ടു കള്ളന്മാരാണ്; പൊയ്ക്കൊള്ളുക' എന്നു മറുപടി പറയുന്നു. അയാൾ നമുക്കു വാതിൽ തുറന്നു തരാതെ, രാത്രി മുഴുവനും വിശപ്പും തണുപ്പും സഹിച്ച് പുറത്തു മഴയത്തും മഞ്ഞത്തും കിടക്കുന്നതിനായി നമ്മെ പിടിച്ചു തള്ളുന്നു. അപ്പോൾ ആ ക്രൂരതയും ആ അധിക്ഷേപവും, ആ നിൎമ്മൎയ്യാദമായ നിഷ്കാസനവുമൊക്കെ യാതൊരു പരാതിയും പിറുപിറുപ്പും കൂടാതെ നാം ക്ഷമയോടെ സഹിക്കുകയും, നമ്മുടെ യഥാൎത്ഥസ്ഥിതി ആ സഹോദരന്ന് അറിയാമെന്നും ദൈവമാണ് അയാളെക്കൊണ്ടു നമ്മെ അധിക്ഷേപിപ്പിക്കുന്നതെന്നും നാം എളിമയോടും സ്നേഹത്തോടുംകൂടി വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ— ഓ സഹോദരൻ ലെയോ, അവിടെയാണു പരിപൂൎണ്ണമായ ആനന്ദമുള്ളതു് എന്ന് എഴുതിക്കൊള്ളുക. നാം വീണ്ടും വാതിലിൽ മുട്ടുകയും, അയാൾ പുറത്തു വന്ന്, 'കള്ളപ്പോക്കിരികളെ, ഇവിടെ നിന്നു പോ; നിങ്ങൾ പോയി വല്ല കുപ്പപ്പാട്ടിലും കിടന്നുകൊള്ളുക; ഇവിടെ നിങ്ങൾക്കു ഭക്ഷണമോ കിടക്കാൻ സ്ഥലമോ ഇല്ല,' എന്നു പറഞ്ഞുകൊണ്ടു് കോപപരവശനായി നമ്മെ അധിക്ഷേപിച്ചും കന്നത്തടിച്ചും ഓടിക്കുകയും ചെയ്യുന്നു. ഇതു നാം സ്നേഹത്തോടും സന്തുഷ്ടിയോടും സഹിക്കുന്നുവെങ്കിൽ—ഓ സഹോദരൻ ലെയോ, അതത്രെ പരിപൂൎണ്ണമായ ആനന്ദം എന്ന് എഴുതിക്കൊള്ളുക; തണുപ്പും വിശപ്പും സഹിക്കാൻ നിവൃത്തിയില്ലാതെ നാം ഒരിക്കൽക്കൂടി മുട്ടി, ദൈവസ്നേഹത്തെ ഓൎത്തു വാതിൽ തുറന്നു നമ്മെ അകത്തു കടത്തണമെന്നു കണ്ണുനീർ പൊഴിച്ചുകൊണ്ടു് അപേക്ഷിക്കുകയും, അയാൾ പൂൎവ്വാധികം നിൎമ്മൎയ്യാദമായി, 'ഇവർ മുട്ടാളന്മാരായ കള്ളന്മാരാണ്; ഇവരെ ഞാൻ ഒരു പാഠം പഠിപ്പിക്കുകതന്നെ ചെയ്യും,' എന്നു ഗൎജ്ജിച്ചുകൊണ്ടു് ഒരു വലിയ വടിയോടുകൂടി പുറത്തു ചാടി നമ്മളെ പി

ടിച്ചുതള്ളി നിലത്തു മറിച്ചിട്ടു മഞ്ഞുകട്ടയിലിട്ടുരുട്ടുകയും ആ ഉരക്കൻ വടികൊണ്ടു നമ്മുടെ ശരീരത്തിലെ എല്ലുകളോരോന്നും അടിച്ചു നുറുക്കുകയും ചെയ്യുന്നു; ക്രിസ്തു അനുഭവിച്ച ആ തീവ്രവേദനയെ ഓർത്തു നാം ഇതെല്ലാം അദ്ദേഹത്തോടുള്ള സ്നേഹത്തെപ്രതി, ക്ഷമയോടും സന്തോഷത്തോടുംകൂടി സഹിക്കുന്നുവെങ്കിൽ, ഓ സഹോദരൻ ലെയോ, ഇവിടെ, ഇതിൽ, ആണ് പരിപൂർണ്ണമായ ആനന്ദം സ്ഥിതിചെയ്യുന്നത് എന്ന് എഴുതിക്കൊള്ളുക. സഹോദരൻ ലെയോ, ഇതിൽ നിന്നുള്ള അനുമാനമെന്താണെന്നു കേട്ടുകൊള്ളുക. ക്രിസ്തു തന്റെ സ്നേഹഭാജനങ്ങൾക്കു നല്കുന്ന അനുഗ്രഹങ്ങളിലും വരങ്ങളിലും സർവ്വോൽകൃഷ്ടമായുള്ളതു് ആത്മദമനം ചെയ്യുന്നതിനും വേദനയും, പ്രഹരങ്ങളും, അധിക്ഷേപങ്ങളും ഉപദ്രവങ്ങളുമൊക്കെ അദ്ദേഹത്തോടുള്ള സ്നേഹം നിമിത്തം സന്തോഷപൂർവ്വം സഹിക്കുന്നതിനുമുള്ള കഴിവാണ്; എന്തുകൊണ്ടെന്നാൽ ഇതൊഴിച്ചുള്ള മറ്റു അനുഗ്രഹങ്ങളിൽ നമുക്കു അഭിമാനിക്കാൻ വകയില്ല; അവ നമുക്കുള്ളവയല്ല, ദൈവത്തിനുള്ളവയാണല്ലോ. അതുകൊണ്ടാണ്, 'ദൈവത്തിൽനിന്നുള്ളതല്ലാത്തതായി നിനക്ക് എന്തുണ്ട്? നിനക്കുള്ളതു നിനക്കു ദൈവത്തിൽനിന്നു സിദ്ധിച്ചിട്ടുള്ളതാണെങ്കിൽ, അതു നിനക്കു സ്വകീയമായുള്ളതായിരുന്നാലത്തെപ്പോലെ നീ സ്വയം അഭിമാനിക്കുന്നതെന്തുകൊണ്ട്? എന്ന് അപ്പോസ്തലൻ ചോദിക്കുന്നതു്. എന്നാൽ സങ്കടവും പീഡനവുമാകുന്ന കുരിശിൽ നമുക്കു അഭിമാനിക്കാവുന്നതാണ്; എന്തു കൊണ്ടെന്നാൽ അതു നമ്മുടെതാണ്. അതുകൊണ്ടത്രെ, 'ഭഗവാൻ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റു യാതൊന്നിലും ഞാൻ അഭിമാനിക്കുകയില്ല,' എന്ന് അപ്പോസ്തലൻ പറയുന്നതു്.

## അദ്ധ്യായം 9

തന്നോടു മറുപടി പറയേണ്ടതെങ്ങനെയെന്നു് സെയിൻറ് ഫ്റാൻസിസ്സ് സഹോദരൻ ലെയോവിനെ പഠിപ്പിക്കുന്നു; പക്ഷെ ഫ്റാൻസിസ്സ് പഠിപ്പിച്ചതിനുനേരെ വിരുദ്ധമായൊരു മറുപടിയല്ലാതെ മററു യാതൊന്നും പറയാൻ ലെയോയ്ക്കു സാധിക്കുന്നില്ല.

ഫ്റാൻസിസ്കൻ ധർമ്മപ്രസ്ഥാനത്തിൻെറ ആരംഭകാലത്തു് ഒരിക്കൽ ഒരു സഹോദരാശ്രമത്തിൽവച്ചു ഫ്റാൻസിസിനും ലെയോയ്ക്കും തങ്ങളുടെ ഔദ്യോഗിക പ്രാർത്ഥനകൾ ചൊല്ലുന്നതിനു് ആവശ്യമുള്ള പ്രാർത്ഥനപ്പുസ്തകമുണ്ടായിരുന്നില്ല. പ്രഭാത പ്രാർത്ഥനകൾക്കുള്ള സമയമായപ്പോൾ ഫ്റാൻസിസ്സ് സഹോദരൻ ലെയോവിനോടു് ഇപ്രകാരം പറഞ്ഞു: "സ്നേഹിത, പ്രഭാത പ്രാർത്ഥനകൾ ചൊല്ലുന്നതിനു നമുക്കു പ്രാർത്ഥനപ്പുസ്തകമില്ല; അതുകൊണ്ടു്, അതിനുള്ള സമയം നമുക്കു ഈശ്വരനെ വാഴ്ത്തി കഴിച്ചുകൂട്ടാം. ഞാൻ ഒരു വാചകം പറയും; നീ അതിനു ഞാൻ നിന്നെ പഠിപ്പിക്കുന്ന മറുപടി പറയണം; ഞാൻ നിർദ്ദേശിക്കുന്ന വാക്കുകളിലൊന്നെങ്കിലും മാററരുതു്, സൂക്ഷിച്ചു കൊള്ളുക. ഞാൻ ഇങ്ങനെ പറയുന്നതായിരിക്കും: 'ഓ സഹോദരൻ ഫ്റാൻസിസ്സ്, നീ ലോകത്തു വളരെ വളരെ ദുഷ്കർമ്മങ്ങൾ പ്രവർത്തിക്കുകയും പാപങ്ങൾ ചെയ്യുകയും ചെയ്തിരിക്കുന്നതിനാൽ, നീ നരകത്തിനു പാത്രീഭവിച്ചിരിക്കുന്നു.' അപ്പോൾ, സഹോദരൻ ലെയോ, നീ ഇങ്ങനെ പ്രതിവചിക്കണം: 'അതെ, നീ വാസ്തവത്തിൽ ഏററവും അഗാധമായ നരകത്തെ അർഹിക്കുന്നുണ്ടു്." "പിതാവേ, ഞാൻ സന്തോഷപൂർവ്വം അപ്രകാരം ചെയ്യാം; അങ്ങു ദൈവത്തിൻെറ നാമത്തിൽ ആരംഭിച്ചാലും," എന്നു സഹോദരൻ ലെയോ മറുപടി പറഞ്ഞു അപ്പോൾ ഫ്റാൻസിസ്സ് ഇങ്ങനെ ആരംഭിച്ചു: "ഓ സ

ഹോദരൻ ഫ്റാൻസിസ്, നീ ലോകത്തു വളരെ വളരെ ദുഷ്കൎമ്മങ്ങൾ പ്രവൎത്തിക്കുകയും പാപങ്ങൾ ചെയ്യുകയും ചെയ്തിരിക്കുന്നതിനാൽ, നീ നരകത്തിനു പാത്രീഭവിച്ചിരിക്കുന്നു.” സഹോദരൻ ലെയോ, “ദൈവം അങ്ങു മുഖേന വളരെ വളരെ സൽകൎമ്മങ്ങൾ പ്രവൎത്തിക്കും; അതുകൊണ്ടു അങ്ങു സ്വൎഗ്ഗത്തെ പ്രാപിക്കുന്നതായിരിക്കും.” എന്നു പ്രതിവചിക്കുന്നു. “സഹോദരൻ ലെയോ, അങ്ങനെ പറയരുതു്; പ്രത്യുത, ‘ഓ സഹോദരൻ ഫ്റാൻസിസ്, ദൈവത്തിനു വിരുദ്ധമായി വളരെ വളരെ അക്രമങ്ങൾ നീ പ്രവൎത്തിച്ചിരിക്കുന്നതിനാൽ, നീ ദൈവത്തിൻെറ ശാപത്തിന്നു് അൎഹനാണു്” എന്നു ഞാൻ പറയുമ്പോൾ, ‘അതെ വാസ്തവത്തിൽ നീ ശപിക്കപ്പെട്ടവരുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതിന്നു് അൎഹനാണു്,’ എന്നു നീ പ്രതിവചിക്കണം” എന്നു ഫ്റാൻസിസ് പറയുന്നു. “പിതാവെ, സന്തോഷപൂൎവ്വം ഞാൻ അപ്രകാരം ചെയ്തുകൊള്ളാം’’ എന്നു സഹോദരൻ ലെയോ മറുപടി പറയുന്നു. അപ്പോൾ സെയിൻറു് ഫ്റാൻസിസ് കണ്ണുനീർപൊഴിച്ചും, നെടുവീൎപ്പിട്ടും, നെഞ്ചിലടിച്ചുംകൊണ്ടു് ഇപ്രകാരം ഉറക്കെപ്പറയുന്നു: ‘‘ഓ സ്വൎഗ്ഗത്തിൻെറയും ഭൂമിയുടെയും നാഥനായ ദൈവമെ, ഞാൻ അങ്ങേയ്ക്കു വിരുദ്ധമായി വളരെ വളരെ പാപങ്ങളും അക്രമങ്ങളും ചെയ്തിരിക്കുന്നതിനാൽ, അങ്ങയുടെ ശാപത്തെ പരിപൂൎണ്ണമായി ഞാൻ അൎഹിക്കുന്നു.’’ അതിനു സഹോദരൻ ലെയോ ഇങ്ങനെ പ്രതിവചിക്കുന്നു: ‘‘ഓ സഹോദരൻ ഫ്റാൻസിസ്, അങ്ങു ധന്യന്മാരുടെ ഗണത്തിൽ ഏററവും ധന്യനായിരിക്കുമാറു് ദൈവം അങ്ങയോടു വൎത്തിക്കുന്നതായിരിക്കും.’’ തൻെറ ആജ്ഞയ്ക്കു വിരുദ്ധമായി സഹോദരൻ ലെയോ പ്രതിവചിക്കുന്നുവെന്നതിൽ അത്ഭുതപ്പെട്ടിട്ടു് ഫ്റാൻസിസ് അദ്ദേഹത്തെ ശാസിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു: “ഞാൻ നിന്നെ പഠിപ്പിക്കുന്നതുപോലെ നീ പ്രതിവചിക്കാത്തതെന്താണു്? ഞാൻ പഠിപ്പിക്കുന്നതുപോലെതന്നെ നീ പ്രതിവചിക്കണമെന്നു നിൻെറ അനുസരണദീക്ഷയെ അനുസ്മരിപ്പിച്ചുകൊണ്ടു നിന്നോടു ഞാൻ ആജ്ഞാപിക്കുന്നു. ‘ഓ സഹോദരൻ ഫ്റാൻസിസ്, അധമാധമ; കരുണയ്ക്കു നിനക്കു് അൎഹതയുണ്ടാകാൻ പാടില്ലാത്തവണ്ണം നിൻെറ പിതാവും കരുണാനി

ധിയുമായ ദൈവത്തിനു വിരുദ്ധമായി അത്ര വളരെ പാപ ങ്ങൾ ചെയ്തിരിക്കുന്ന നിന്നോടു ദൈവം കരുണ കാണിക്കു മെന്നു നീ വിചാരിക്കുന്നുവോ?' എന്നു ഞാൻ പറയും. അ പ്പോൾ സഹോദരൻ ലെയോ, കൊച്ചാടെ, നീ, 'യാതൊരു വിധത്തിലും നീ കരുണ ലഭിക്കുന്നതിനു യോഗ്യനല്ല,' എന്നു പ്രതിവചിക്കണം." എന്നാൽ, സെയിൻറ് ഫ്റാൻ സിസ്, "ഓ സഹോദരൻ ഫ്റാൻസിസ്, അധമാധമ..." എന്നു പറഞ്ഞപ്പോൾ, സഹോദരൻ ലെയോ വീണ്ടും ഇങ്ങ നെ പ്രതിവചിച്ചു: "പിതാവായ ദൈവത്തിൻെറ കാരു ണ്യം അനന്തമാണ്; അതു് അങ്ങയുടെ പാപങ്ങളെ അധഃ കരിക്കുന്നു. അദ്ദേഹം അങ്ങയോടു വലുതായ കരുണ കാണി ക്കുകയും അനവധി അനുഗ്രഹങ്ങൾ അങ്ങേക്കു പ്രദാനം ചെ യ്യുകയും ചെയ്യും." ഈ ഉത്തരം കേട്ടു ഫ്റാൻസിസ് പരി ഭവിച്ചിട്ടു് സഹോദരൻ ലെയോവിനോടു് ഇപ്രകാരം പറ ഞ്ഞു: "നിൻെറ അനുസരണദീക്ഷയെ അതിലംഘിച്ചിട്ടു്, നിന്നോടു ഞാൻ പറയുകയും ആജ്ഞാപിക്കുകയും ചെയ്തിട്ടുള്ള തിനു വിരുദ്ധമായി ഇത്രവളരെ പ്രാവശ്യം പ്രതിവചിക്ക ത്തക്കവണ്ണം നീ അഹങ്കാരിയായിപ്പോയതെന്തുകൊണ്ടു്?" സഹോദരൻ ലെയോ അത്യധികമായ വിനയാദരങ്ങളോടു കൂടി ഇങ്ങനെ ഉത്തരം പറഞ്ഞു: "എൻെറ പിതാവെ, അതു ദൈവത്തിനറിയാം; ഓരോ പ്രാവശ്യവും അങ്ങു് എ ന്നോടാജ്ഞാപിച്ചിട്ടുള്ളതനുസരിച്ചുതന്നെ പ്രതിവചിക്ക ണമെന്നു ഞാൻ ഹൃദയത്തിൽ നിശ്ചയിച്ചിരുന്നു; എ ന്നാൽ ദൈവം തൻെറ ഇഷ്ടമനുസരിച്ചു്, എൻെറ ഇഷ്ടമനു സരിച്ചല്ല, എന്നെക്കൊണ്ടു സംസാരിപ്പിക്കുന്നു." ഇതു കേട്ടു ഫ്റാൻസിസ് ആശ്ചര്യഭരിതനായി സഹോദരൻ ലെയോ വിനോടു് ഇങ്ങനെ പറഞ്ഞു: "ഞാൻ നിന്നോടു് ആജ്ഞാ പിച്ചിട്ടുള്ളതനുസരിച്ചു് ഈ ഒരു പ്രാവശ്യം എന്നോടു് ഉ ത്തരം പറയുക, എന്നു ഞാൻ ഏററവും സ്നേഹപൂർവ്വം നി ന്നോടപേക്ഷിക്കുന്നു." "ദൈവത്തിൻെറ നാമത്തിൽ, പറ ഞ്ഞുകൊള്ളുക. ഇപ്രാവശ്യം അങ്ങേയുടെ അഭിലാഷമനുസ രിച്ചുതന്നെ ഞാൻ തീർച്ചയായും പ്രതിവചിച്ചുകൊള്ളാം" എന്നു സഹോദരൻ ലെയോ പറഞ്ഞു. "ഓ സഹോദരൻ ഫ്റാൻസിസ്, അധമാധമ, ദൈവത്തിനു നിന്നോടു കരു

ണയുണ്ടായിരിക്കുമെന്നു നീ വിചാരിക്കുന്നുവോ......" എന്നു ഫ്റാൻസിസ് കണ്ണുനീർ പൊഴിച്ചുകൊണ്ടു പറഞ്ഞു. "അങ്ങനെയല്ല, അങ്ങേക്കു ദൈവത്തിൽനിന്നു വലുതായ അനുഗ്രഹം ലഭിക്കുന്നതായിരിക്കും. അദ്ദേഹം അങ്ങയെ എന്നേക്കുമായി ഉയൎത്തുകയും വാഴ്ത്തുകയും ചെയ്യും; എന്തുകൊണ്ടെന്നാൽ തന്നെത്താൻ താഴ്ത്തുന്നവൻ ഉയൎത്തപ്പെടും. ഇങ്ങനെയല്ലാതെ എനിക്കു പറയാൻ സാധിക്കുകയില്ല—ദൈവമാണ് എന്റെ വായ്‌വഴി സംസാരിക്കുന്നതു്" എന്നു സഹോദരൻ ലെയോ പ്രതിവചിക്കുന്നു. ഇപ്രകാരം അവർ ഏററവും വിനയപൂൎവ്വം വാദപ്രതിവാദം ചെയ്തും കണ്ണുനീർ പൊഴിച്ചും ആത്മീയ നിർവൃതിയനുഭവിച്ചും നേരം പുലരുന്നതുവരെ ഈശ്വരഭജനത്തിൽ ജാഗരൂകരായി വൎത്തിച്ചു.

---

## അദ്ധ്യായം 10

സഹോദരൻ മാസ്സെയോ സെയിന്റ് ഫ്രാൻസിസിനോട് ലോകം മുഴുവനും അദ്ദേഹത്തെ അനുഗമിക്കുന്നുവെന്ന്, പകുതി നേരംപോക്കായി, പറയുന്നു. ലോകത്തെ അമ്പരപ്പിക്കുന്നതിനായി ഈശ്വരാനുഗ്രഹത്താലത്രെ അപ്രകാരം സംഭവിക്കുന്നതെന്നു സെയിന്റ് ഫ്രാൻസിസ് മറുപടി പറയുന്നു.

സെയിന്റ് ഫ്റാൻസിസ് സഹോദരൻ മാസ്സെയോവിനോടൊന്നിച്ചു പൊർസ്യുങ്കലായിലെ സഹോദരാശ്രമത്തിൽ താമസിക്കുകയായിരുന്നു. പാവനചരിതനും ദൈവികകാൎയ്യങ്ങളെപ്പററി എത്രയും ഹൃദയംഗമമായി സംസാരിക്കുന്നതിൽ ചതുരനുമായ മാസ്സെയോ ഗുരുനാഥന്റെ സവിശേഷമായ പ്രീതിക്കു പാത്രീഭവിച്ചിരുന്നു. ഒരുദിവസം ഫ്റാൻസിസ് വനത്തിൽനിന്നു പ്രാൎത്ഥനയ്ക്കുശേഷം മടങ്ങിവരുന്ന വഴിക്ക് മാസ്സെയോ എതിരെ ചെന്ന്, അദ്ദേഹത്തിന്റെ വിനയത്തെ തെളിയിക്കണമെന്നുദ്ദേശിച്ചുകൊണ്ട്, പകുതി നേരംപോക്കായി

ഇങ്ങനെ ചോദിച്ചു: “എന്തുകൊണ്ടു് അങ്ങയുടെ പിന്നാലെ? എന്തുകൊണ്ടു് അങ്ങയുടെ പിന്നാലെ? എന്തുകൊണ്ടു് അങ്ങയുടെ പിന്നാലെ?” ഫ്റാൻസിസ്: “നിന്റെ ഈ ചോദ്യത്തിന്റെ അൎത്ഥമെന്താണു്?” സഹോദരൻ മാസ്സെയോ: “ഞാൻ ഉദ്ദേശിക്കുന്നതു് ഇതാണു്: എന്തുകൊണ്ടു ലോകം മുഴുവനും അങ്ങയെ പിന്തുടരുന്നു? എന്തുകൊണ്ടു സകല മനുഷ്യരും അങ്ങയെക്കാണുന്നതിനും അങ്ങു പറയുന്നതു കേൾക്കുന്നതിനും അങ്ങയെ അനുസരിക്കുന്നതിനും ആഗ്രഹിക്കുന്നു? അങ്ങു കാഴ്ചയിൽ സുന്ദരനല്ല; അങ്ങു വളരെ സാമൎത്ഥ്യമുള്ള ഒരു മനുഷ്യനല്ല; അങ്ങു കുലശ്രേഷ്ഠതയുള്ളവനല്ല; ആ സ്ഥിതിക്കു് ലോകംമുഴുവനും അങ്ങയെ അനുഗമിക്കുന്നുവെന്നതു് എങ്ങനെ സംഭവിക്കുന്നു?” ഫ്റാൻസിസ് ഇതുകേട്ടപ്പോൾ ആത്മാവിൽ അത്യധികമായ ആനന്ദം അനുഭവിച്ചു. അദ്ദേഹം മുഖം സ്വൎഗ്ഗത്തേക്കുയൎത്തി വളരെനേരം ഈശ്വരങ്കൽ ഏകതാനഹൃദയനായി സമാധിയിൽ ലയിച്ചു നിലകൊണ്ടു. അനന്തരം അദ്ദേഹം ജാഗരൂകനായി മുട്ടുകുത്തി ദൈവത്തെ വാഴ്ത്തിയശേഷം, സഹോദരൻ മാസ്സെയോവിന്റെ നേരെ തിരിഞ്ഞു് ഇപ്രകാരം പറഞ്ഞു: “എന്തുകൊണ്ടു് എന്റെ പിന്നാലെ എന്നു നിനക്കു് അറിയണമോ? എല്ലായിടത്തുമുള്ള ശിഷ്ടന്മാരെയും ദുഷ്ടന്മാരെയും ദൎശിക്കുന്ന സൎവ്വദൎശിയായി, പരമോന്നതനായിരിക്കുന്ന ദൈവത്തിന്റെ ആ ദൃഷ്ടികളിൽനിന്നു് എനിക്കു് ഇതു സിദ്ധിച്ചിരിക്കുന്നുവെന്നു നീ അറിഞ്ഞാലും; ആ പരിശുദ്ധതമങ്ങളായ നേത്രങ്ങൾ പാപികളുടെ ഇടയിൽ എന്നെക്കാൾ നികൃഷ്ടതരനും അപൂൎണ്ണതരനും ഗൎഹണീയതരനുമായ ഒരു പാപിയെ ദൎശിച്ചിട്ടില്ല; താൻ ഉദ്ദേശിക്കുന്ന ആ വിസ്മയാവഹമായ കാൎയ്യം നിൎവ്വഹിക്കുന്നതിനു് ഭൂമിയിൽ എന്നെക്കാൾ നികൃഷ്ടതരനായ ഒരു സൃഷ്ടിയെ അദ്ദേഹം കണ്ടിട്ടില്ലാത്തതിനാൽ, ലോകത്തു് പ്രഭുത്വവും ഔന്നത്യവും ശക്തിയും സൗന്ദൎയ്യവുമുള്ളവരെ അമ്പരപ്പിച്ചു് സകല നന്മകളും സൃഷ്ടിയിൽനിന്നല്ല, സ്രഷ്ടാവിൽനിന്നത്രെ വരുന്നതെന്നും, അദ്ദേഹത്തിന്റെമുമ്പിൽ ആരും സ്വയം അഭിമാനിക്കേണ്ടതില്ലെന്നും, അങ്ങനെ അഭിമാനിക്കുന്ന ഏവനും സക

ല മഹിമകൾക്കും ബഹുമതികൾക്കും എന്നെന്നേക്കും ഉടയവനായിരിക്കുന്ന ഭഗവാനിലാണ് അഭിമാനിക്കേണ്ടതെന്നും തെളിയിക്കുന്നതിനായി അദ്ദേഹം എന്നെ തിരഞ്ഞെടുത്തിരിക്കുന്നു''. അത്യന്തം ശുഷ്കാന്തിയോടെ നല്കപ്പെട്ട വിനയാന്വിതമായ ഈ മറുവടി കേട്ട് സഹോദരൻ ലെയോ പൂർവ്വാധികം ഭക്തിപരവശനായിത്തീർന്നു; അദ്ദേഹത്തിന്, ഫ്റാൻസിസ് എളിമയിൽ അടിയുറച്ചിരിക്കുകയാണെന്നു നിസ്സന്ദേഹം ഗ്രഹിക്കാൻകഴിഞ്ഞു.

---

# അദ്ധ്യായം 11

സഹോദരൻ ഫ്രാൻസിസ് ഒരു മുക്കവലയിൽവച്ച് സഹോദരൻ മാസ്സെയോവിനെ പമ്പരംപോലെ കറക്കുന്നു; അനന്തരം സീയന്നായിലേക്കു പോകുന്നു.

ഒരുദിവസം സെയിൻറ് ഫ്റാൻസിസ് സഹോദരൻ മാസ്സെയോവിനോടൊന്നിച്ചു യാത്രചെയ്തപ്പോൾ, ഈ സഹോദരൻ മാസ്സെയോ അല്പം മുമ്പേ നടന്നു. അവർ മൂന്നു പാതകൾ—ഫ്ളോറൻസിലേക്കും സീയന്നായിലേക്കും ആറെസ്സോവിലേക്കുമുള്ളവ—സമ്മേളിക്കുന്ന ഒരു കവലയിലെത്തിയപ്പോൾ, സഹോദരൻ മാസ്സെയോ, "പിതാവെ, ഏതു വഴിക്കാണു നാം പോകേണ്ടതു്?'' എന്നു ചോദിച്ചു. ഫ്റാൻസിസ്: "ദൈവത്തിനു് ഇഷ്ടമുള്ള വഴിക്ക്''. സഹോദരൻ മാസ്സെയോ: "ദൈവത്തിൻെറ ഇഷ്ടം നമുക്ക് എങ്ങനെ അറിയാൻ കഴിയും?'' ഫ്റാൻസിസ്: "ഞാൻ കാണിച്ചുതരാൻ പോകുന്ന ഈ അടയാളമനുസരിച്ച്; ഈ മുക്കവലയിൽ നീ നില്ക്കുന്ന സ്ഥലത്തുതന്നെ നിന്നുകൊണ്ട്, കുട്ടികൾ ചെയ്യാറുള്ളതുപോലെ, അതിവേഗത്തിൽ വട്ടംകറങ്ങുക; ഞാൻ പറയുന്നതുവരെ കറക്കം നിറുത്തരുതു്''. അപ്പോൾ സഹോദരൻ മാസ്സെയോ വട്ടം കറങ്ങിത്തുടങ്ങി; ദീർഘനേരം അതിവേഗ

ത്തിൽ അങ്ങനെ കറങ്ങി; തലച്ചുററി അനേകം പ്രാവശ്യം നിലത്തു മറിഞ്ഞുവീണു; എന്നിട്ടും ഫ്റാൻസിസ് നിറുത്തുന്നതിനു പറയാതിരുന്നതിനാൽ, അദ്ദേഹത്തെ അനുസരിക്കണമെന്നുള്ള നിഷ്ഠകൊണ്ട്, വീണ്ടും എഴുന്നേററു കറങ്ങി. ഒടുവിൽ, അദ്ദേഹം അങ്ങനെ തിടുക്കത്തിൽ കറങ്ങികൊണ്ടുനിന്നപ്പോൾ, "നിറുത്തുക, അനങ്ങാതെ നില്ക്കുക" എന്നു ഫ്റാൻസിസ് ആജ്ഞാപിച്ചു. മാസ്സെയോ കറങ്ങാതെ നിന്നു. അപ്പോൾ ഫ്റാൻസിസ്, "നീ ഏതു ദിക്കിലേക്കാണ് അഭിമുഖമായി നില്ക്കുന്നത്" എന്നു ചോദിച്ചു. സഹോദരൻ മാസ്സെയോ: "സീയന്നായിലേക്ക്". ഫ്റാൻസിസ്, "ആ വഴിക്കു നാം പോകണമെന്നുള്ളതാണ് ദൈവത്തിൻെറ ഇഷ്ടം". അങ്ങനെ അവർ ആ വഴിയേ നടന്നപ്പോൾ, സെയിൻറ് ഫ്റാൻസിസ് തന്നോടു്, അതിലെ കടന്നുപോയ ഒട്ടുവളരെ ഗ്രാമീണജനങ്ങൾ കാണവെ, ഒരു കുട്ടിയെപ്പോലെ വട്ടംകറങ്ങുന്നതിനു് ആജ്ഞാപിച്ചതിൽ സഹോദരൻ മാസ്സെയോ അത്ഭുതപ്പെട്ടു; എങ്കിലും ഗുരുനാഥനോടുള്ള ഭക്ത്യതിരേകത്താൽ അദ്ദേഹം അതിനെപ്പററി യാതൊന്നും പറയാൻ ധൈര്യപ്പെട്ടില്ല. അവർ സീയന്നാനഗരത്തെ സമീപിച്ചപ്പോൾ, പുണ്യവാൻെറ വരവിനെപ്പററി കേട്ടിട്ട് നഗരവാസികൾ അദ്ദേഹത്തെ എതിരേല്ക്കുന്നതിനായി വന്നു. അവർ ഭക്തിപ്രകർഷത്താൽ പുണ്യവാനെയും സഹചരനെയും മെത്രാൻെറ അരമനവരെ തോളിൽ വഹിച്ചുകൊണ്ടുപോയി. ആ സമയത്തു് സീയന്നായിൽ കുറെ ആളുകൾതമ്മിൽ അടികലശലുണ്ടാവുകയും അവരിൽ രണ്ടുപേർ കൊല്ലപ്പെടുകയും ചെയ്തു. അതറിഞ്ഞു ഫ്റാൻസിസ് ലഹളസ്ഥലത്തു ചെന്ന് അവരോടു ക്രിസ്തുധർമ്മം ഉപദേശിക്കുകയും അവരെ പരസ്പരം രഞ്ജിപ്പിച്ചു സമാധാനം പുനഃസ്ഥാപിക്കുകയും ചെയ്തു. സീയന്നായിലെ മെത്രാൻ ഫ്റാൻസിസ് നിർവ്വഹിച്ച ഈ ധർമ്മകൃത്യത്തെപ്പററി കേട്ടപ്പോൾ അദ്ദേഹത്തെ തൻെറ അരമനയിലേക്കു ക്ഷണിക്കുകയും ഏററവും ബഹുമാനപൂർവ്വം സ്വീകരിക്കുകയും ചെയ്തു. ഒരു പകലും രാത്രിയും ഫ്റാൻസിസ് മെത്രാനോടൊന്നിച്ചു താമസിച്ചു. അടുത്തദിവ

സം രാവിലെ, ഈശ്വരമഹത്വത്തിൽമാത്രം ദത്താവധാനനായിരുന്ന ഫ്റാൻസിസ്സ് എഴുന്നേററു കൂട്ടുകാരനോടൊന്നിച്ച്, മെത്രാനറിയാതെ യാത്രതിരിച്ചു. അവർ പോകുന്ന വഴിക്ക് സഹോദരൻ മാസ്സെയോ അസംതൃപ്തനായി ഇങ്ങനെ ആത്മഗതം ചെയ്തു: "ഈ പരിശുദ്ധനായ മനുഷ്യൻ ഇച്ചെയ്തിരിക്കുന്നത് എന്താണ്? അദ്ദേഹം എന്നെ ഒരു കുട്ടിയെപ്പോലെ വട്ടംകറക്കി; തന്നെ അത്ര വളരെ ബഹുമാനിച്ച ആ മെത്രാനോടു യാതൊന്നും പറയാതെ, ഒരു നന്ദിവാക്കുപോലും ഉച്ചരിക്കാതെ, പുറപ്പെട്ടുപോന്നിരിക്കുന്നു!" ഫ്റാൻസിസിൻെറ പെരുമാററം അല്പം വിവേകശൂന്യമായിപ്പോയി എന്നു മാസ്സെയോവിനു തോന്നി. എന്നാൽ അധികം താമസിക്കുന്നതിനു മുമ്പെ, ദിവ്യപ്രബോധനത്താൽ തൻെറ ആ തോന്നൽ തെററാണെന്നു മാസ്സെയോ ഗ്രഹിക്കുകയും ഇങ്ങനെ ആത്മഗതമായി തന്നെത്താൻ കുററപ്പെടുത്തുകയും ചെയ്തു: "സഹോദരൻ മാസ്സെയോ, നീ ക്രമത്തിലധികം അഹംകരിച്ചു ദൈവത്തിൻെറ മാർഗ്ഗങ്ങളെപ്പററി വിധി കല്പിക്കുന്നുവല്ലൊ; നിൻെറ ഈ അഹംകാരവും അവിവേകവും നിമിത്തം നീ നരകത്തിനു് അർഹനായിത്തീർന്നിരിക്കുന്നു. ഇന്നലെ സഹോദരൻ ഫ്റാൻസിസ്സ് പ്രവർത്തിച്ച പാവന കൃത്യങ്ങൾ, ഒരു ദേവദൂതൻതന്നെ പ്രവർത്തിച്ചവയെന്നപോലെ, മഹനീയങ്ങളും അത്ഭുതാവഹങ്ങളുമായിരുന്നുവല്ലൊ. അതുകൊണ്ട് അദ്ദേഹം എന്തുതന്നെ പറഞ്ഞാലും നീ അദ്ദേഹത്തെ അനുസരിക്കണം. അദ്ദേഹം ഈ പട്ടണത്തിൽ പ്രവർത്തിച്ചിട്ടുള്ളതെല്ലാം ദിവ്യപ്രചോദനത്തിൻെറ ഫലമാണ്; അതു് അനന്തര സംഭവങ്ങൾ കൊണ്ടു തെളിഞ്ഞിരിക്കുന്നു; അദ്ദേഹം അവിടെ ശണ്ഠകൂടിയവരെ തമ്മിൽ നിരത്തി സമാധാനം സ്ഥാപിച്ചില്ലായിരുന്നുവെങ്കിൽ, അനേകം ശരീരങ്ങൾ ഹനിക്കപ്പെട്ടുമായിരുന്നുവെന്നുമാത്രമല്ല, ഒട്ടുവളരെ ആത്മാക്കളും പിശാചനാൽ നരകത്തേക്ക് ആനയിക്കപ്പെട്ടുമായിരുന്നു. അതുകൊണ്ട് പ്രത്യക്ഷമായി ദൈവഹിതമനുസരിച്ചു നടക്കുന്ന ഈ കാര്യങ്ങളെപ്പററി പിറുപിറുക്കുന്ന നീ കേവലം മൂഢനും അഹംകാരിയുമാണ്" ഈ ധർമ്മസഹോ

ദരൻ ആത്മഗതംചെയ്ത സംഗതികളെല്ലാം ദൈവം ഫ്റാൻസിസിനു വെളിപ്പെടുത്തിക്കൊടുക്കകയാൽ, ഫ്റാൻസിസ് അദ്ദേഹത്തെ സമീപിച്ച് ഇപ്രകാരം പറഞ്ഞു: "ഇപ്പോൾ നീ വിചാരിക്കുന്ന സംഗതികളെ മുറുകെപ്പിടിച്ചുകൊള്ളുക; അവ വിശിഷ്ടവും ഗുണകരവും ഈശ്വരപ്രബോധിതവുമാണ്. പ്രത്യുത, നിൻെറ ആദ്യത്തെ വിചാരങ്ങൾ അന്ധവും മിഥ്യയും അഹംകാരജന്യവും, പിശാചനാൽ പ്രേരിതവുമായിരുന്നു." അപ്പോൾ, തൻെറ രഹസ്യ വിചാരങ്ങളെ സെയിൻറ് ഫ്റാൻസിസ് ഗ്രഹിച്ചുവെന്നു സഹോദരൻ മാസ്സെയോ മനസ്സിലാക്കി; തൻെറ ഗുരുനാഥനെ അദ്ദേഹത്തിൻെറ സകല പ്രവൃത്തികളിലും ഭരിക്കുന്നതു് ജ്ഞാനസ്വരൂപനായ പരമാത്മാവു തന്നെയാണെന്ന് ആ സഹോദരനു ബോദ്ധ്യമായി.

## അദ്ധ്യായം 12

സെയിൻറ് ഫ്റാൻസിസ് സഹോദരൻ മാസ്സെയോവിനെ വാതിൽ കാവൽക്കാരനായും ധർമ്മകാര്യസ്ഥനായും പാചകനായും നിയമിക്കുന്നു; പിന്നീട് മററു സഹോദരന്മാരുടെ അപേക്ഷയനുസരിച്ച് ആ ഉദ്യോഗങ്ങളിൽനിന്നു് അദ്ദേഹത്തെ മാററുന്നു.

സെയിൻറ് ഫ്റാൻസിസ് ആദ്യത്തെ ശിഷ്യന്മാരോടൊന്നിച്ച് ഏകാന്തമായ ഒരു സ്ഥലത്തുള്ള ഒരാശ്രമത്തിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ദിവസം സഹോദരൻ മാസ്സെയോ ദൈവത്തിൽനിന്നു സിദ്ധിച്ച അനവധി വരങ്ങളാലും അനുഗ്രഹങ്ങളാലും ഉദ്ധതനായിപ്പോകാതിരിക്കുന്നതിനായി അദ്ദേഹത്തെ ഒന്നു താഴ്ത്തണമെന്ന് ഉദ്ദേശിച്ച് ഇപ്രകാരം പറഞ്ഞു: "സഹോദരൻ മാസ്സെയോ, നിൻെറ ഈ കൂട്ടുകാരെല്ലാവരും ഈശ്വരധ്യാനത്തിലും പ്രാർത്ഥനയിലും പ്രത്യേകം താൽപര്യമുള്ള

വരാണ്; നീ ജനങ്ങളെ ആകർഷിക്കത്തക്കവണ്ണം പ്രസംഗിക്കുന്നതിനു സാമർത്ഥ്യമുള്ളവനുമാണ്. അതുകൊണ്ടു നീ വാതിൽ കാവൽക്കാരന്റെയും, ധർമ്മകാര്യസ്ഥന്റെയും, പാചകന്റെയും ഉദ്യോഗങ്ങൾ വഹിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു; അപ്പോൾ നിന്റെ കൂട്ടുകാർക്കു പ്രാർത്ഥനയിൽ നിരതരായിരിക്കാൻ സാധിക്കുമല്ലോ. മററു സഹോദരന്മാർ ഭക്ഷണം കഴിക്കുമ്പോൾ, നിന്റെ ആഹാരം നീ ആശ്രമത്തിന്റെ വാതിലിനു പുറത്തുവച്ചു കഴിക്കണം; അപ്പോൾ ആശ്രമത്തിൽ വരുന്നവരോട്, അവർ വാതിലിൽ മുട്ടുന്നതിനു മുമ്പായി, കുറെ സദ്വചനങ്ങൾ പറഞ്ഞ് അവരെ സന്തോഷിപ്പിക്കാൻ നിനക്കു കഴിയുന്നതായിരിക്കും; അങ്ങനെയായാൽ മററു സഹോദരന്മാരിൽ ആർക്കും ആ സമയത്തു പുറത്തേക്കു പോകേണ്ട ആവശ്യം നേരിടുകയില്ല. നിന്റെ അനുസരണ ദീക്ഷയെ പുരസ്കരിച്ച് നീ ഇപ്രകാരം ചെയ്യുക.” അപ്പോൾ സഹോദരൻ മാസ്സേയോ ശിരോവേഷ്ടനീക്കി നമ്രശിരസ്കനായി ആ ആജ്ഞയെ സ്വീകരിക്കുകയും ഏററവും വിനയത്തോടും നിഷ്ഠയോടുംകൂടി അതിനെ നിർവ്വഹിക്കുകയും ചെയ്തു. ഇങ്ങനെ കുറെക്കാലം അദ്ദേഹം വാതിൽ കാവൽക്കാരന്റെയും ധർമ്മകാര്യസ്ഥന്റെയും, പാചകന്റെയും ഉദ്യോഗങ്ങൾ വഹിച്ചു. ഒടുവിൽ ഈശ്വരപ്രബുദ്ധരായ മററു സഹോദരന്മാർ തങ്ങളേക്കാൾ പുണ്യവാനായ സഹോദരൻ മാസ്സേയോ തന്റെ ചുമലിൽ ഇത്ര വലിയ ഭാരം വഹിക്കേണ്ടിവന്നതിൽ അനുകമ്പികളായി ഗുരുനാഥനെ സമീപിച്ച് ആ ഭാരത്തെ തങ്ങൾക്കെല്ലാവർക്കും വീതിച്ചു നല്കണമെന്ന് ഏകകണ്ഠമായി അപേക്ഷിച്ചു. ഈ അപേക്ഷയനുസരിച്ച് അദ്ദേഹം സഹോദരൻ മാസ്സേയോയെ വിളിച്ച് ഇപ്രകാരം പറഞ്ഞു: “സഹോദരൻ മാസ്സേയോ, നിന്റെ സതീർത്ഥ്യർ ഞാൻ നിനക്കു തന്നിട്ടുള്ള ഉദ്യോഗങ്ങളിൽ ഭാഗഭാക്കുകളാകണമെന്ന് ആഗ്രഹിക്കുന്നു; അതുകൊണ്ട്. അവയെ ഭാഗിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു.” സഹോദരൻ മാസ്സേയോ ഏററവും വിനയത്തോടും സൌമ്യതയോടുംകൂടി ഇങ്ങനെ പറയുന്നു: “പിതാവേ, പൂർണ്ണമായിട്ടായാലും അംശ

മായിട്ടായാലും അങ്ങ് എന്തെല്ലാമാണോ എന്നെ ഭരമേല്പിക്കുന്നതു്, അതെല്ലാം ദൈവത്തിൽ നിന്നുള്ളതാണെന്നു ഞാൻ കരുതുന്നു.'' അപ്പോൾ ഫ്റാൻസിസ്, അവരുടെ സ്നേഹവും സഹോദരൻ മാസ്സെയോയുടെ വിനയവും കണ്ടിട്ട്, ഏററവും പാവനമായ വിനയത്തെപ്പററി വിസ്മയജനകമായ ഒരു പ്രസംഗം ചെയ്തു; ദൈവം നമുക്കു പ്രദാനം ചെയ്യുന്ന അനുഗ്രഹങ്ങളും വരങ്ങളും എത്ര വലുതാണോ അത്ര വലുതായിരിക്കണം നമ്മുടെ വിനയം എന്നും, വിനയം കൂടാതെയുള്ള യാതൊരു സദ്ഗുണവും ദൈവത്തിനു സ്വീകാര്യമല്ലെന്നും അദ്ദേഹം അവരോടുപദേശിച്ചു. പ്രസംഗം അവസാനിച്ചശേഷം അദ്ദേഹം പ്രസ്തുതോദ്യോഗങ്ങളെ ഏററവും സ്നേഹത്തോടും കാരുണ്യത്തോടുംകൂടി അവക്കു വീതിച്ചു കൊടുത്തു.

## അദ്ധ്യായം 13

സെയിൻറ് ഫ്റാൻസിസും സഹോദരൻ മാസ്സെയോവും യാചിച്ചു കിട്ടിയ അപ്പം ഒരു ഉറവിന്നടുത്തുള്ള ഒരു പാറക്കല്ലിൻെറ മുകളിൽ വച്ചിട്ട്, ഫ്റാൻസിസ് ദാരിദ്ര്യത്തെ വാഴ്ത്തുന്നു. അനന്തരം അദ്ദേഹം ദൈവത്തോടും സെയിൻറ് പീററിനോടും സെയിൻറ് പോളിനോടും പരിശുദ്ധമായ ദാരിദ്ര്യത്തോടുള്ള സ്നേഹം തന്നിലുളവാക്കണമെന്നു പ്രാർത്ഥിക്കുന്നു; സെയിൻറ് പീററും സെയിൻറ പോളും അദ്ദേഹത്തിനു പ്രത്യക്ഷീഭവിക്കുന്നു.

അത്ഭുതകരമാംവണ്ണം ക്രിസ്തുവിൻെറ ദാസനും അനുയായിയുമായിരുന്ന സെയിൻറ് ഫ്റാൻസീസ്, സ്വശിഷ്യന്മാരെ ഈരണ്ടുപേരായി താൻ പോകേണ്ട പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും നിയോഗിച്ച ക്രിസ്തുവിനോട് എല്ലാക്കാര്യങ്ങളിലും പരിപൂർണ്ണമായ അനുരൂപ്യം സിദ്ധിക്കുന്നതിന്നായി, പന്ത്രണ്ടു ശിഷ്യന്മാരെ തിരഞ്ഞെടുത്തു്, ക്രിസ്തുവിൻെറ മാതൃകയനുസരിച്ച്, ഈരണ്ടുപേരാ

യി ലോകമൊട്ടുക്കു ധൎമ്മം പ്രസംഗിക്കുന്നതിനു നിയോഗിച്ചു. അവൎക്കു് ഉത്തമദൃഷ്ടാന്തമായി അദ്ദേഹം തന്നെ ആദ്യം പുറപ്പെട്ടു ഉപദേശിച്ചു തുടങ്ങുന്നതിനുമുമ്പു പ്രവൎത്തിച്ചു കാണിച്ചു കൊടുത്ത ക്രിസ്തുവിനെ അദ്ദേഹം സൎവ്വദാ അനുകരിക്കണമായിരുന്നല്ലൊ. ശിഷ്യന്മാൎക്കു് ഇതര ഭൂവിഭാഗങ്ങൾ നിർദ്ദേശിച്ചിട്ടു്, അദ്ദേഹം സഹോദരൻ മാസ്സെയോവിനോടുകൂടി ഫ്രാൻസിലേക്കു പുറപ്പെട്ടു. ഒരു ദിവസം യാത്ര ചെയ്തശേഷം അവർ വിശന്നു തളൎന്നു ഒരു പട്ടണത്തിലെത്തി; തങ്ങളുടെ ജീവിതനിയമമനുസരിച്ചു് അവർ ദൈവസ്നേഹത്തെ മുൻനിൎത്തി ഭക്ഷണം യാചിക്കുന്നതിനാരംഭിച്ചു. — ഫ്രാൻസിസ് ഒരു തെരുവിലും മാസ്സെയോ വേറൊരു തെരുവിലും— ഫ്രാൻസിസ് കാഴ്ചയിൽ അസുന്ദരനും കിളരം കുറഞ്ഞവനുമായിരുന്നതിനാൽ അപരിചിതരായ പൌരജനങ്ങൾ അദ്ദേഹത്തെ ഒരു നികൃഷ്ട മനുഷ്യനായി പരിഗണിച്ചു; അദ്ദേഹത്തിനു വളരെക്കുറച്ചു അപ്പക്കഷണങ്ങൾ മാത്രമേ കിട്ടിയുള്ളു; എന്നാൽ സുന്ദരനും പ്രാംശുകായനുമായ മാസ്സെയോവിനു് ഒട്ടുവളരെ വലിയ അപ്പക്കഷണങ്ങളും ഏതാനും മുഴുവൻ അപ്പവും ലഭിച്ചു. ഭക്ഷണം യാചിച്ചു കഴിഞ്ഞശേഷം അവർ പട്ടണത്തിനു പുറത്തു് ഒരു ഉറവുള്ള സ്ഥലത്തു വന്നു ചേൎന്നു. അതിനടുത്തു കണ്ട വൃത്തിയും വീതിയുമുള്ള ഒരു പാറക്കല്ലിന്റെ മുകളിൽ അവർ ഇരന്നു സമ്പാദിച്ച ആ ഭക്ഷണസാധനങ്ങൾ വച്ചു. സഹോദരൻ മസ്സെയോ കൊണ്ടുവന്ന അപ്പക്കഷണങ്ങളും മററും തന്റേതിനേക്കാൾ നല്ലതും വലുതുമാണെന്നു കണ്ടപ്പോൾ ഫ്രാൻസിസ് ആനന്ദഭരിതനായി ഇപ്രകാരം ഘോഷിച്ചു: "സഹോദരൻ മാസ്സെയോ, ഇത്ര വലുതായൊരു സമ്പാദ്യത്തിനു നാം യോഗ്യരല്ല." ഈ വാക്കുകൾ അദ്ദേഹം പലപ്രാവശ്യം ആവൎത്തിച്ചപ്പോൾ, സഹോദരൻ മാസ്സെയോ ഇങ്ങനെ പ്രതിവചിച്ചു: "ഏററവും പ്രിയപ്പെട്ട പിതാവെ, നമ്മുടെ ദരിദ്രാവസ്ഥ ഇത്ര വലുതായിരിക്കുകയും ആവശ്യമുള്ളതു പലതും ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ, വലുതായൊരു സമ്പാദ്യമെന്നു് ഇതിനെ നമുക്കു് എങ്ങനെ വിളിക്കാൻ കഴിയും? നമുക്കു

മേശത്തുണിയോ, കത്തിയോ, പാനപാത്രമോ, വീടോ, മേശയോ, ഭൃത്യനോ, ഭൃത്യയോ ഇല്ലല്ലോ.'' അപ്പോൾ ഫ്റാൻസിസ് ഇപ്രകാരം പറഞ്ഞു: "ഇതിനെയത്രെ ഞാൻ വലിയൊരു സമ്പാദ്യമെന്നു പറയുന്നത്; ഇവിടെ മനുഷ്യകരങ്ങൾകൊണ്ടു നിർമ്മിക്കപ്പെട്ട ഒരു ഭവനമില്ല; സകലവും നമുക്കായി ദൈവം സജ്ജീകരിച്ചിരിക്കുന്നു; നാം ശേഖരിച്ച ഈ അപ്പക്കഷണങ്ങൾ വച്ചിരിക്കുന്ന പാറക്കല്ലാകുന്ന ഈ സുന്ദരമായ മേശയും ഈ സ്വച്ഛമായ ഉറവും ആ വസ്തുതയെ തെളിയിക്കുന്നു. അതുകൊണ്ടു്, ഈശ്വരൻ പരിചരിക്കുന്ന വിശുദ്ധ ദാരിദ്ര്യമാകുന്ന ഈ ശ്രേഷ്ഠസമ്പാദ്യത്തെ നാം പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നതിനു ദൈവം സംഗതിയാക്കണമെന്നു നാം പ്രാർത്ഥിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.'' ഈ വാക്കുകൾക്കുശേഷം, അവർ ഭക്ഷണം കഴിച്ചു; പ്രാർത്ഥനയ്ക്കുശേഷം അവർ എഴുന്നേററു ഫ്റാൻസിലേക്കുള്ള യാത്ര തുടന്നു. ഒരു ദേവാലയത്തെ സമീപിച്ചപ്പോൾ, ഫ്റാൻസിസ് അനുചരനോടു്, "നമുക്ക് ഈ പള്ളിയിൽ കയറി പ്രാർത്ഥിക്കാം'' എന്നു പറഞ്ഞു. ഫ്റാൻസിസ് ബലിപീഠത്തിൻെറ പിന്നിൽപോയി മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, ദിവ്യസാമീപ്യത്താൽ അദ്ദേഹത്തിൻെറ ആത്മാവു് ആനന്ദഭരിതമാവുകയും പരിശുദ്ധമായ ദാരിദ്ര്യത്തോടുള്ള സ്നേഹത്താൽ സമുജ്ജ്വലിക്കുകയും ചെയ്തു; അദ്ദേഹത്തിൻെറ മുഖം വിവർണ്ണവും വായ് കോട്ടുവായിടുന്നതുപോലെ തുറന്നുമിരുന്നു; സ്നേഹാഗ്നിജ്വാലകൾ അദ്ദേഹത്തിൽനിന്നു പൊട്ടിപ്പുറപ്പെടുന്നതുപോലെ തോന്നി. അഗ്നിജ്വാലകളാൽ പരിവൃതനായിട്ടെന്നവണ്ണം അദ്ദേഹം സഹചരനെ സമീപിച്ചിട്ടു് ഇങ്ങനെ പറഞ്ഞു: "ഹാ, ഹാ, ഹാ, സഹോദരൻ മാസ്സേയോ, നീ നിന്നെത്തന്നെ എനിക്കു തന്നാലും.'' ഇങ്ങനെ അദ്ദേഹം മൂന്നുപ്രാവശ്യം പറഞ്ഞു. മൂന്നാമത്തെ പ്രാവശ്യം അദ്ദേഹം മാസ്സേയോവിനെ തൻെറ ശ്വാസംകൊണ്ടു് അന്തരീക്ഷത്തിലേക്ക് ഉയർത്തിയിട്ടു, ഒരു നീണ്ട കുന്തത്തിൻെറ നീളത്തോളം ദൂരത്തിലേക്ക് എറിഞ്ഞു. അപ്പോൾ മാസ്സേയോ ആശ്ചര്യപര

തന്ത്രനായി. അങ്ങനെ ഫ്റാൻസിസ് തന്നെ ശ്വാസം കൊണ്ടു് ഉയർത്തുകയും ദൂരത്തേക്കു് എറിയുകയും ചെയ്തപ്പോൾ, ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു ദിവ്യാനന്ദാനുഭൂതി തൻെറ ആത്മാവിനുണ്ടായി എന്നു സഹോദരൻ മാസ്സെയോ പിന്നീടു തൻെറ സതീർത്ഥ്യരോടു പറഞ്ഞു. ഈ അപദാനത്തിനുശേഷം, ഫ്റാൻസിസ് ഇപ്രകാരം പറഞ്ഞു: “പ്രിയ സ്നേഹിത, ഇനി നമുക്കു സെയിൻറ് പീററിൻെറയും സെയിൻറ് പോളിൻെറയും സന്നിധിയിൽ പോയി, പരിശുദ്ധ ദാരിദ്ര്യമാകുന്ന ഈ നിസ്തുല നിധിയെപ്പററി വേണ്ട ഉപദേശം തരുന്നതിനും അതിനെ സ്വാധീനപ്പെടുത്തുന്നതിനു നമ്മെ സഹായിക്കുന്നതിനും അവരോടു പ്രാർത്ഥിക്കാം; അതിൻെറ അമൂല്യതയെയും ദിവ്യത്വത്തെയും പരിഗണിച്ചാൽ, അതിനെ നമ്മുടെ നികൃഷ്ടങ്ങളായ പാത്രങ്ങളിൽവച്ചു സൂക്ഷിക്കുന്നതിനു നാം അയോഗ്യരാണല്ലോ. ആ സ്വർഗ്ഗീയമായ നിധി നമുക്കുണ്ടെങ്കിൽ, ഭൗമങ്ങളും നശ്വരങ്ങളുമായ സകല സ്വത്തുക്കളെയും നാം നിസ്സാരങ്ങളായിച്ചവുട്ടിത്തേക്കുകയും ആത്മാവും ദൈവവുമായുള്ള സ്വച്ഛന്ദസംയോഗത്തിനു വിഘാതങ്ങളായുള്ള സകലതിനെയും തട്ടിനീക്കിക്കളയുകയും ചെയ്യുന്നതായിരിക്കും. അതത്രെ ആത്മാവിനെ ഭൂമിയിൽവച്ചുതന്നെ സ്വർഗ്ഗത്തുള്ള ദേവദൂതന്മാരുമായി സഹവസിക്കുന്നതിനു ശക്തമാക്കുന്നതു്; അതത്രെ ക്രിസ്തുവിനെ ‘കുരിശുവരെയും’ അനുഗമിക്കുകയും ക്രിസ്തുവിനോടൊന്നിച്ചു് അടക്കപ്പെടുകയും, ക്രിസ്തുവിനോടൊന്നിച്ചു ഉയിർത്തെഴുന്നേൽക്കുകയും, ക്രിസ്തുവിനോടൊന്നിച്ചു സ്വർഗ്ഗാരോഹണം ചെയ്യുകയും ചെയ്തതു്. അതത്രെ വിനയവും സ്നേഹവുമാകുന്ന കവചത്തെ പരിരക്ഷിക്കുകയും, അതിനെ സ്നേഹിക്കുന്ന ആത്മാക്കളുടെ സ്വർഗ്ഗത്തേക്കുള്ള പ്രയാണത്തെ സുകരമാക്കുകയും ചെയ്യുന്നതു്. അതുകൊണ്ടു് ഈ സുവിശേഷരത്നത്തെ പരിപൂർണ്ണമായി സ്നേഹിച്ചവരായ ക്രിസ്തുവിൻെറ ആ അപ്പോസ്തലന്മാരോടു് നമ്മളും അതിനെ യഥാർത്ഥമായി സ്നേഹിക്കുകയും അനുഗമിക്കുകയും ആശ്ലേഷിക്കുകയും ചെയ്യുന്നതിനു യോഗ്യതയുള്ളവരായിത്തീരാൻ വേണ്ട അനുഗ്രഹം ഭഗവാൻ യേശു

ക്രിസ്തുവിൽനിന്നു വാങ്ങിത്തരുന്നതിന്നായി, അപേക്ഷിക്കാം''. ഇങ്ങനെ സംഭാഷണംചെയ്തു് അവർ റോമായിലെത്തി; അവിടെ സെയിൻറ്പീറേറഴ്സ് ദേവാലയത്തിൽ കയറി സെയിൻറ് ഫ്റാൻസിസ് അതിൻെറ ഒരു മൂലയിലും സഹോദരൻ മാസ്സെയോ വേറൊരു മൂലയിലും ഇരുന്നു പ്രാർത്ഥിച്ചു തുടങ്ങി. സെയിൻറ് ഫ്റാൻസിസ് ദീർഘനേരം ഭക്തിപരവശനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, അപ്പോസ്തലന്മാരായ പീററും പോളും പ്രതാപമഹിമയോടുകൂടി അദ്ദേഹത്തിനു പ്രത്യക്ഷീഭവിച്ചു് ഇപ്രകാരം പറഞ്ഞു: "ക്രിസ്തുവും അപ്പോസ്തലന്മാരും ഉപാസിച്ചതിനെ ഉപാസിക്കുന്നതിനു നീ ആഗ്രഹിക്കുകയും അതിനായി അപേക്ഷിക്കുകയും ചെയ്യുന്നതുകൊണ്ടു്, ദൈവം നിൻെറ പ്രാർത്ഥനയെ കേട്ടിരിക്കുന്നുവെന്നും ആ പരിശുദ്ധ ദാരിദ്ര്യമാകുന്ന അമൂല്യനിധിയെ നിനക്കും നിൻെറ അനുയായികൾക്കും പ്രദാനം ചെയ്തിരിക്കുന്നുവെന്നും അറിയിക്കുന്നതിനായി ഭഗവാൻ യേശുക്രിസ്തു ഞങ്ങളെ നിൻെറയടുക്കലേക്കയച്ചിരിക്കുകയാണു്. നിൻെറ ദൃഷ്ടാന്തത്തെ അനുകരിച്ചു് ആരുതന്നെ ഈ വ്രതത്തെ പരിപൂർണ്ണമായി ആശ്ലേഷിച്ചാലും അവന്നു നിത്യജീവിതസൌഭാഗ്യം ലഭിക്കുമെന്നുള്ളതു തീർച്ചയാണെന്നു നിന്നോടു പറയുന്നതിന്നു് അദ്ദേഹം ഞങ്ങളെ അധികാരപ്പെടുത്തിയിരിക്കുന്നു; നീയും നിൻെറ അനുയായികളായുള്ള സകലരും ദൈവത്താൽ സവിശേഷം അനുഗ്രഹിക്കപ്പെടും.'' ഇത്രയും പറഞ്ഞശേഷം അവർ തിരോധാനംചെയ്തു. സെയിൻറ് ഫ്റാൻസിസ് അവർണ്ണനീയമായ ആനന്ദമനുഭവിച്ചു. അദ്ദേഹം എഴുന്നേററു കൂട്ടുകാരൻെറ അടുക്കൽചെന്നു് അയാൾക്കു് എന്തെങ്കിലും ദിവ്യപ്രകാശം ഉണ്ടായോ എന്നു ചോദിച്ചു. 'ഇല്ല' എന്നു് അയാൾ ഉത്തരം പറഞ്ഞു. അപ്പോൾ അപ്പോസ്തലന്മാർ തനിക്കു പ്രത്യക്ഷീഭവിച്ചതും അവർ വെളിപ്പെടുത്തിയ സംഗതികളും അദ്ദേഹം അയാളെ പറഞ്ഞു കേൾപ്പിച്ചു. അതിനുശേഷം അവർ ഫ്റാൻസിലേക്കുള്ള യാത്ര വേണ്ടെന്നു വച്ചിട്ടു സ്പോളെറേറാവിലേക്കു മടങ്ങിപ്പോകുന്നതിന്നു നിശ്ചയിച്ചു.

## അദ്ധ്യായം 14

**സെയിൻറ് ഫ്രാൻസിസും സഹോദരന്മാരും ദൈവത്തെപ്പററി സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്ന മദ്ധ്യേ ദൈവം പ്രത്യക്ഷപ്പെടുന്നു.**

ഫ്റാൻസിസ്കൻ ധർമ്മസംഘത്തിൻെറ ആരംഭകാലത്തു് സെയിൻറ് ഫ്റാൻസിസ് ധർമ്മസഹോദരന്മാരുമായി ക്രിസ്തുവിനെപ്പററി സംഭാഷണം ചെയ്തുകൊണ്ടിരുന്ന ഒരു സന്ദഭത്തിൽ, അദ്ദേഹം അവരിലൊരുവനോട് ദൈവത്തിൻെറ നാമത്തിൽ വായ് തുറന്ന് ദൈവത്തെപ്പററി പരിശുദ്ധാത്മാവു തോന്നിപ്പിക്കുന്നതെന്താണോ അതു പറയുന്നതിന് ആജ്ഞാപിച്ചു. ആ ധർമ്മസഹോദരൻ ഗുരുനാഥൻെറ ആജ്ഞയനുസരിച്ച് വായ് തുറന്നു ദൈവത്തെപ്പററി അത്ഭുതകരമാംവണ്ണം സംസാരിച്ചു. അയാളെ നിശ്ശബ്ദനാക്കിയിട്ട് അദ്ദേഹം വേറൊരു സഹോദരനോട് അപ്രകാരം ആജ്ഞാപിച്ചു. അയാളും അതനുസരിച്ചു ദൈവത്തെപ്പററി നിപുണമായി സംസാരിച്ചുകഴിഞ്ഞപ്പോൾ, അദ്ദേഹം അയാളെ നിശ്ശബ്ദനാക്കിയിട്ട്, മൂന്നാമതൊരുവനോട് ദൈവത്തെപ്പററി സംസാരിക്കുന്നതിനാജ്ഞാപിച്ചു. അയാളും ദൈവത്തെപ്പററി ദുരവഗാഹങ്ങളായ സംഗതികളെ പ്രതിപാദിച്ചുതുടങ്ങിയപ്പോൾ, അവർ മൂന്നുപേരും പരിശുദ്ധാത്മാവിനാൽ പ്രബുദ്ധരായി അപ്പിധം സംസാരിച്ചതാണെന്ന് അദ്ദേഹം തീർച്ചയാക്കി. സുസ്പഷ്ടമായ ഒരു അടയാളത്താൽ ഇതു് സന്ദേഹാതീതമായിത്തീന്നു. അവർ അങ്ങനെ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, ക്രിസ്തു ഏററവും സുന്ദരനായ ഒരു യുവാവിൻെറ രൂപത്തിൽ അവരുടെ നടുവിൽ പ്രത്യക്ഷീഭവിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്തു. അപ്പോഴുണ്ടായ ദിവ്യാനന്ദപരവശതയാൽ അവരെല്ലാവരും ബോധരഹിതരായി മൃതതുല്യരായിക്കിടന്നുപോയി. അവക്ക് വീണ്ടും

ബോധം വന്നപ്പോൾ, ഫ്റാൻസിസ് അവരോട് ഇങ്ങനെ പറഞ്ഞു: "എൻെറ ഏററവും പ്രിയപ്പെട്ട സഹോദരന്മാരെ, ശുദ്ധന്മാരുടെ അധരങ്ങൾ വഴി ദിവ്യജ്ഞാനനിധികളെ വെളിപ്പെടുത്തുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദൈവത്തിനു നന്ദി പറയുവിൻ; മൂകന്മാരുടെ നാവുകളെ തുറക്കുന്നതു ദൈവമാണല്ലൊ; ശുദ്ധന്മാരുടെ നാവുകൾകൊണ്ട് അദ്ദേഹം വലുതായ ജ്ഞാനത്തെ സംസാരിപ്പിക്കുന്നു".

## അദ്ധ്യായം 15

പുണ്യവതിയായ ക്ലാരാ പുണ്യവാനായ ഫ്റാൻസിസിനോടും അദ്ദേഹത്തിൻെറ ധർമ്മസഹോദരന്മാരോടുമൊന്നിച്ചു പൊർസ്യൂങ്കലാ ആശ്രമത്തിൽവച്ചു ഭക്ഷണം കഴിക്കുന്നു.

ഫ്റാൻസിസ് അസീസിയിൽ താമസിച്ച കാലത്തു ക്ലാര എന്ന പുണ്യവതിയെ പല തവണയും സന്ദർശിച്ച് അവരെ ആശ്വസിപ്പിച്ചിരുന്നു. അദ്ദേഹത്തോടൊന്നിച്ചു ഭക്ഷണം കഴിക്കുന്നതിന് അവർ വളരെ ആഗ്രഹിക്കുകയും അതിന് അദ്ദേഹത്തിൻെറ അനുവാദത്തിനായി പലപ്പോഴും അപേക്ഷിക്കുകയും ചെയ്തുവെങ്കിലും അദ്ദേഹം അതിന് ഒരിക്കലും അനുകൂലിച്ചിരുന്നില്ല. ക്ലാരയുടെ ആഗ്രഹത്തിൻെറ ആധിക്യം കണ്ടിട്ട ധർമ്മസഹോദരന്മാരിൽ ചിലർ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു: "പിതാവെ, എത്രയും വിശുദ്ധയും ദൈവത്തിൻെറ സ്നേഹഭാജനവുമായിരിക്കുന്ന കന്യകയായ സഹോദരി ക്ലാരയുടെ അപേക്ഷയെ, അങ്ങയോടൊന്നിച്ചു ഭക്ഷണം കഴിക്കണമെന്നുള്ള ആ അല്പകാര്യം സംബന്ധിച്ച അപേക്ഷയെ, അങ്ങ് അനുവദിക്കാതിരിക്കുകയെന്നതു്, വിശേഷിച്ച് അങ്ങയുടെ ധർമ്മോപദേശമനുസരിച്ചാണ് അവർ ലൌകിക സമ്പത്തുകളെയും സുഖഭോഗങ്ങളെയും ഉപേക്ഷിച്ചതെന്നോക്കുമ്പോൾ, വളരെ നിർദ്ദയവും, ദി

വൃസ്നേഹത്തിനു യോജിക്കാത്തതുമായ ഒരു പ്രവൃത്തിയാണെന്നു ഞങ്ങൾക്കു തോന്നുന്നു. അതിനേക്കാൾ മഹത്തരമായ ഒരനുഗ്രഹമാണ് അവർ അപേക്ഷിച്ചതെന്നിരുന്നാലും, അതു് അങ്ങയുടെ ആത്മീയ സന്തതിയായ അവൾക്ക് അങ്ങു് അനുവദിക്കേണ്ടതാണല്ലോ.'' അപ്പോൾ ഫ്രാൻസിസ്സ് ഇങ്ങനെ പ്രതിവചിച്ചു: "അവളുടെ അപേക്ഷയെ അനുവദിക്കുന്നതു് നല്ലതാണെന്നു നിങ്ങൾ വിചാരിക്കുന്നോ?'' ധർമ്മസഹോദരന്മാർ: "പിതാവെ, ഞങ്ങൾ അങ്ങനെതന്നെ വിചാരിക്കുന്നു; അങ്ങു് ഈ അനുഗ്രഹം അവൾക്കു നല്കി അവരെ ആശ്വസിപ്പിക്കുകയെന്നതു് ഉചിതമാണ്.'' ഫ്രാൻസിസ്സ്: "നിങ്ങൾ അതു നല്ലതെന്നു വിചാരിക്കുന്നതുകൊണ്ടു ഞാനും അതു നല്ലതെന്നുതന്നെ വിചാരിക്കുന്നു. എന്നാൽ അവളുടെ ആനന്ദം വർദ്ധിപ്പിക്കുന്നതിനായി, ഈ സഹഭോജനം പോർസ്യുങ്കുലാ ആശ്രമത്തിൽവച്ചു നടത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ദീർഘകാലമായി സെയിൻറ് ഡാമിയൻസ് മഠത്തിൽ അടച്ചിടപ്പെട്ടിരിക്കുന്ന അവൾക്കു പൊർസ്യുങ്കലാ ആശ്രമം സന്ദർശിക്കുന്നതു പ്രയോജനകരമായിരിക്കും; അവിടെ വച്ചായിരുന്നല്ലൊ, അവളുടെ മുടിവെട്ടി, അവൾ യേശുക്രിസ്തുവിൻെറ മണവാട്ടിയായിത്തീർന്നതു്. അതുകൊണ്ടു നമുക്കൊരുമിച്ചു് അവിടെവച്ചു് ഈശ്വരനാമത്തിൽ ഭക്ഷണം കഴിക്കാം.''

നിശ്ചിത ദിവസമായപ്പോൾ, സഹോദരി ക്ലാര ഒരു ധർമ്മസഹോദരിയോടൊന്നിച്ചു കന്യാമഠത്തിൽ നിന്നു പുറപ്പെട്ടു്, ഫ്രാൻസിസിൻെറ ധർമ്മസഹോദരന്മാരാൽ അനുഗതയായി, പൊർസ്യുങ്കലായിലെ ആശ്രമത്തിൽ ചെന്നുചേർന്നു. കന്യാമറിയത്തിൻെറ പ്രതിമയുടെ മുമ്പിൽ—അവിടെയുള്ള ബലിപീഠത്തിൻെറ മുമ്പിൽ വച്ചായിരുന്നു അവർ മുണ്ഡനം ചെയ്യപ്പെട്ടതും മൂടുപടം ധരിപ്പിക്കപ്പെട്ടതും—നമസ്കരിച്ചശേഷം ഭക്ഷണത്തിനുള്ള സമയം ആകുന്നതുവരെ അവർ ധർമ്മസഹോദരന്മാരാൽ നീതയായി ആ സഹോദരാശ്രമം ചുററി നടന്നു കണ്ടു. ഇതിനിടയ്ക്കു ഫ്രാൻസിസ്സ്, പതിവനുസ

രിച്ച്, ഭക്ഷണ പാനീയങ്ങൾ വെറും തറയിൽ നിരത്തുകയായിരുന്നു. ഭക്ഷണസമയമായപ്പോൾ, ഫ്റാൻസിസ്സും ക്ലാരയും ഒരു ധൎമ്മസഹോദരനും ക്ലാരായോടുകൂടിവന്ന ധൎമ്മസഹോദരിയും ഒരുമിച്ച് ഇരുന്നു; മററു ധൎമ്മസഹോദരന്മാരും യഥാസ്ഥാനങ്ങളിൽ ഇരുന്നു. ഭക്ഷണം ആരംഭിച്ചപ്പോൾ ഫ്റാൻസിസ് ദിവ്യകാൎയ്യങ്ങളെപ്പററി സംസാരിച്ചു തുടങ്ങി. എല്ലാവരും ഈശ്വരാനുഗ്രഹസമ്പുഷ്ടരായി, സ്വൎഗ്ഗീയാനന്ദനിർല്ലീനരാകത്തക്കവണ്ണം ആ സംഭാഷണം അത്ര അദ്ധ്യാത്മസുന്ദരവും മനോമോഹനവുമായിരുന്നു. അങ്ങനെ അവരെല്ലാവരും പരമാനന്ദവിവശരായി സ്വൎഗ്ഗോന്മീലിത നയനങ്ങളോടുകൂടിയിരുന്ന ആ സമയത്ത്, അസ്സീസി നഗരത്തിലും ചുററുമുള്ള ജനങ്ങൾ ആ ആശ്രമവും ദേവാലയവും ചുററും സ്ഥിതിചെയ്ത വനവും കത്തിയെരിയുന്നതായിക്കണ്ടു; വലുതായൊരു അഗ്നിബാധയാൽ ദേവാലയവും, ആശ്രമവും, വനവും ഒന്നിച്ചു ദഹിക്കപ്പെടുന്നതായി അവൎക്കു തോന്നി. അതു വാസ്തവത്തിൽ സകലത്തിനെയും നശിപ്പിക്കുന്ന ഒരു അഗ്നിബാധതന്നെയാണെന്നു വിശ്വസിച്ചു ആളുകൾ അതിനെ ശമിപ്പിക്കുന്നതിനായി ഓടിയെത്തി. എന്നാൽ അവർ ആശ്രമത്തിനടുത്തു വന്നപ്പോൾതന്നെ അവിടെ യാതൊന്നിലും തീപിടുത്തമുണ്ടായില്ലെന്ന് അവൎക്കു മനസ്സിലായി; അവർ ആശ്രമത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ, ഫ്റാൻസിസ് ക്ലാരയോടും ധൎമ്മസഹോദരങ്ങളോടുംകൂടി ഭക്ഷണത്തിനായി വട്ടമിട്ടിരിക്കുന്നതായും അതേസമയം അവരെല്ലാവരും ദിവ്യാനന്ദനിമഗ്നരായി വൎത്തിക്കുന്നതായും കണ്ടു. അപ്പോൾ അവർ ആ അഗ്നിബാധ ഭൌതികമായ ഒന്നായിരുന്നില്ലെന്നും, ആ വിശുദ്ധരായ ധൎമ്മസഹോദരന്മാരെയും ധൎമ്മസഹോദരികളെയും ദഹിപ്പിച്ചിരുന്ന ദിവ്യസ്നേഹാഗ്നിയെ പ്രദ്യോതിപ്പിക്കുന്നതിനായി ദൈവം അത്ഭുതകരമായി അവിടെ പ്രത്യക്ഷപ്പെടുത്തിയ ഒരു ദിവ്യാഗ്നി ആയിരുന്നു അതെന്നും ഗ്രഹിച്ചു. അങ്ങനെ അവർ ഹൃദയത്തിൽ അനനുഭൂതപൂൎവ്വമായ ശാന്തിയോടും സമാധാനത്തോടുംകൂടി അവിടെനിന്നു മടങ്ങിപ്പോയി. വളരെനേരം കഴിഞ്ഞശേഷം

ഫ്റാൻസിസ്സും ക്ലാരയും കൂട്ടുകാരും സമാധിയിൽ നിന്നുണർന്നു; ഭൗതിക ഭക്ഷണത്തെക്കാൾ ആ ആദ്ധ്യാത്മിക ഭക്ഷണം അവൎക്കു കൂടുതൽ സൌഹിത്യപ്രദമായിരുന്നുവെന്നു പറയേണ്ടതില്ല. അങ്ങനെ ആ അത്യന്തം മംഗളകരമായ സഹഭോജനം അവസാനിച്ചപ്പോൾ, ക്ലാരാ കൂട്ടുകാരിയോടൊന്നിച്ച്, ഏതാനും ധൎമ്മസഹോദരന്മാരാൽ അനുഗതയായി സെയിൻറ് ഡാമിയൻസ് കന്യാമഠത്തിലേക്കു തിരിച്ചുപോയി. അവിടത്തെ സഹോദരികൾ ക്ലാരായെക്കണ്ടപ്പോൾ വളരെ സന്തോഷിച്ചു; സെയിൻറ് ഫ്റാൻസിസ് അവരെ മറേറതെങ്കിലും കന്യാമഠത്തിൻെറ അധിപയായി നിയോഗിച്ചിരിക്കാമെന്ന് ആ സഹോദരികൾ ശങ്കിച്ചിരുന്നു; അവരുടെ സഹോദരിയായ ആഗ്നസിനെ അദ്ദേഹം അവ്വിധം ഫ്ളോറൻസിൽ മോണ്ടിസെല്ലി മഠത്തിൻെറ അധിപയായി അയച്ചുകഴിഞ്ഞിരുന്നുവല്ലോ. ഒരിക്കൽ അദ്ദേഹം ക്ലാരയോട്, "എനിക്കു നിന്നെ വേറൊരു മഠത്തിലേക്കയക്കേണ്ട ആവശ്യമുണ്ടാകുന്നുവെങ്കിൽ, അതിനു തയ്യാറായിരുന്നുകൊള്ളുക," എന്നു പറയുകയും, അവർ അനുസരണമുള്ള ഒരു പുത്രി എന്നവണ്ണം, 'പിതാവേ, അങ്ങ് എന്നെ എവിടെ അയച്ചാലും അവിടെപ്പോകുന്നതിനു ഞാൻ എപ്പോഴും സന്നദ്ധയാണ്," എന്നു പ്രതിവചിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അതുകൊണ്ട് അവർ തിരിച്ചു വന്നപ്പോൾ സഹോദരിമാൎക്കുണ്ടായ ആനന്ദം അപരിമിതമായിരുന്നു.



# അദ്ധ്യായം 16

**സെയിൻറ് ഫ്റാൻസിസ് അനവധി ജനങ്ങളെ നല്ല ക്രിസ്ത്യാനികളാക്കമെന്നു സഹോദരി ക്ലാരയും സഹോദരൻ സില്വെസ്റ്ററും അദ്ദേഹത്തോടു പറയുന്നു. അദ്ദേഹം തൃതീയസംഘം സ്ഥാപിക്കുന്നു. അദ്ദേഹം പക്ഷികളോടു പ്രസംഗിക്കുകയും അദ്ദേഹത്തിൻെറ ആജ്ഞയനുസരിച്ചു കുരുവികൾ മൌനമവലംബിക്കുകയും ചെയ്യുന്നു.**

ദൈവത്തിൻെറ വിനീതദാസനായ ഫ്റാൻസിസ് സന്യാസമവലംബിക്കുകയും അനേകം ശിഷ്യന്മാരെ തൻെറ സംഘത്തിൽ ചേർക്കുകയും ചെയ്തശേഷം, താൻ തപസ്സിലും പ്രാർത്ഥനയിലുംമാത്രം വ്യാപൃതനായിക്കഴിഞ്ഞുകൂടണമോ, അതോ ചിലപ്പോഴെല്ലാം ധർമ്മം പ്രസംഗിക്കുകകൂടി ചെയ്യണമോ എന്നതിനെപ്പററി തീർച്ചയില്ലാതെ സംശയാവിഷ്ടനായിത്തീർന്നു. ഇക്കാര്യത്തിൽ ഈശ്വരഹിതമെന്താണെന്നു് അറിയുന്നതിന്നു് അദ്ദേഹം വളരെ ആഗ്രഹിച്ചു. വിനയാതിരേകത്താൽ തൻെറ സ്വന്തം അഭിപ്രായത്തെയോ പ്രാർത്ഥനകളെയോ കൂടുതലായി ആശ്രയിക്കാതെ, മററുള്ളവരുടെ പ്രാർത്ഥനകൾവഴി ഈശ്വരേഷ്ടം എന്തെന്നു് ആരായുന്നതാണു നല്ലതെന്നു് അദ്ദേഹം വിചാരിച്ചു. അതുകൊണ്ടു് അദ്ദേഹം സഹോദരൻ മാസ്സെയോവിനെ വിളിച്ചു് ഇപ്രകാരം പറഞ്ഞു: "സഹോദരി ക്ലാരായുടെ അടുക്കൽപോയി ഞാൻ പ്രാർത്ഥനയിൽമാത്രം വ്യാപൃതനായിരിക്കണമോ, ധർമ്മം പ്രസംഗിക്കുകകൂടി ചെയ്യണമോ എന്നതിനെപ്പററി ദൈവഹിതമെന്താണെന്നു ദിവ്യപ്രകാശനമുണ്ടാകുന്നതിനായി ക്ലാരയും മററു സഹോദരികളും ദൈവത്തോടു ഭക്തിപൂർവ്വം പ്രാർത്ഥിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നതായിപ്പറയുക; അതിനുശേഷം സഹോദരൻ സില്വെസ്റ്ററിൻെറയടുക്കൽ പോയി ആ സഹോദരനോടും അപ്രകാരം ചെയ്യുന്നതിനാവശ്യ

പ്പെടുക.” മുമ്പൊരിക്കൽ സഹോദരൻ സില്വെസ്റ്റർ ഫ്രാൻ
സിസിന്റെ വായിൽനിന്നു് ഒരു പൊൻകുരിശു പുറപ്പെടുന്ന
തായും അതിന്റെ നീളത്തിലുള്ള ഭാഗം സ്വർഗ്ഗംവരെയും കുറു
ക്കെയുള്ളതു ഭൂമിയുടെ അറുതികൾവരെയും എത്തുന്നതായും ക
ണ്ടിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭക്തിയുടെയും വിശുദ്ധി
യുടെയും പ്രകർഷംനിമിത്തം അദ്ദേഹം എന്തുതന്നെ ദൈവ
ത്തോടു പ്രാർത്ഥിച്ചാലും അതു സാധിക്കുമായിരുന്നു; അദ്ദേഹം
പലപ്പോഴും ദൈവവുമായി സംഭാഷണംചെയ്തിരുന്നു. അതു
കൊണ്ടു് അദ്ദേഹത്തോടു ഫ്രാൻസിസിനു വലുതായ ബഹു
മാനമുണ്ടായിരുന്നു. സഹോദരൻ മാസ്സെയോ ഗുരുനാഥ
ന്റെ ആജ്ഞയനുസരിച്ചു് ആദ്യമായി ക്ലാരായുടെ അടുക്കലേ
ക്കും പിന്നീടു സഹോദരൻ സില്വെസ്റ്ററിന്റെ അടുക്കലേ
ക്കും പോയി തന്റെ ദൌത്യം നിർവ്വഹിച്ചു. സഹോദരൻ
സില്വെസ്റ്റർ ഉടനെതന്നെ പ്രാർത്ഥിച്ചു തുടങ്ങുകയും ഈശ്വര
ഹിതം ഗ്രഹിച്ചിട്ടു്, സഹോദരൻ മാസ്സെയോവിനു് ഈ
പ്രതിസന്ദേശം നല്കുകയും ചെയ്തു. “സഹോദരൻ ഫ്രാൻ
സിസിന്റെ അടുക്കൽ പോയി ദൈവം അദ്ദേഹത്തെ ഈ
സ്ഥിതിയിലെത്തിച്ചിരിക്കുന്നതു് അദ്ദേഹത്തിന്റെ നന്മയെ
മാത്രം ഉദ്ദേശിച്ചല്ലെന്നും അദ്ദേഹംമൂലം മററു ആത്മാക്കൾ
ക്കും ഗുണമുണ്ടാകുന്നതിനും അനേകംപേർ രക്ഷപ്രാപിക്കുന്ന
തിനും കൂടിയാണെന്നും അദ്ദേഹത്തോടു പറയുക.” ഈ മറു
പടി ലഭിച്ചശേഷം സഹോദരൻ മാസ്സെയോ സഹോദരി
ക്ലാരായ്ക്കു ദൈവത്തിൽനിന്നു കിട്ടിയ വെളിപ്പാടെന്താണെ
ന്നു് അറിയാൻ പോയി. സഹോദരൻ സില്വെസ്റ്ററിനു്
ദൈവത്തിൽനിന്നു ലഭിച്ച മറുപടി തന്നെയാണു തനിക്കും
തന്റെ ധർമ്മസഹോദരികൾക്കും കിട്ടിയതെന്നു് അവർ പറ
ഞ്ഞു. ഈ മറുപടിയോടുകൂടി സഹോദരൻ മാസ്സെയോ
ഫ്രാൻസിസിന്റെ അടുക്കലേക്കു മടങ്ങി. ഫ്രാൻസിസ്
ആ സന്ദേശഹരന്റെ പാദങ്ങൾ കഴുകിയും അദ്ദേഹത്തിനു
ഭക്ഷണം വിളമ്പിക്കൊടുത്തും വളരെ സ്നേഹപൂർവ്വം അദ്ദേഹ
ത്തെ സ്വീകരിച്ചു. ഭക്ഷണത്തിനുശേഷം ഫ്രാൻസിസ്
സഹോദരൻ മാസ്സെയോവിനെ വനത്തിലേക്കു കൂട്ടിക്കൊണ്ടു
പോയി, ആ ശിഷ്യന്റെ മുമ്പിൽ മുട്ടുകുത്തി, കൈകൾ കു
രിശിന്റെ രൂപത്തിൽ നീട്ടിപ്പിടിച്ചിട്ടു് ഇപ്രകാരം ചോദി

ച്ചു: "എന്റെ ഭഗവാൻ യേശുക്രിസ്തുവിന്റെ ആജ്ഞയെന്താണ്?" സഹോദരൻ മാസ്സെയോ ഈ മറുപടി പറഞ്ഞു: "സഹോദരൻ സില്വെസ്റ്ററിനും സഹോദരി ക്ലാരായ്ക്കും മററു സഹോദരികൾക്കും തന്റെ ഹിതം ഇപ്രകാരമാണെന്നു ഭഗവാൻ വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നു: അദ്ദേഹം അങ്ങയെ തിരഞ്ഞെടുത്തിരിക്കുന്നതു് അങ്ങയെ ഉദ്ദേശിച്ചു മാത്രമല്ല, മററുള്ളവരുടെ രക്ഷയെ ഉദ്ദേശിച്ചു കൂടെയാണ് എന്നുള്ളതുകൊണ്ട്, അങ്ങു ലോകമൊട്ടുക്കുപോയി ധൎമ്മം പ്രസംഗിക്കണമെന്നു." ഈ വാക്കുകൾ കേട്ടു ക്രിസ്തുവിന്റെ അഭിമതം എന്താണെന്നു ഗ്രഹിച്ചു കഴിഞ്ഞപ്പോൾ, ഫ്റാൻസിസ് എഴുന്നേററ് അത്യധികമായ ഭക്തിതീക്ഷ്ണതയോടുകൂടി, "ആസ്ഥിതിക്കു നമുക്കു ദൈവത്തിന്റെ നാമത്തിൽ പുറപ്പെടാം," എന്നു പറഞ്ഞു.

അനന്തരം അദ്ദേഹം വിശുദ്ധന്മാരായ സഹോദരൻ മാസ്സെയോവിനാലും സഹോദരൻ ആഞ്ജലോവിനാലും അനുഗതനായി ഏററവും ശുഷ്കാന്തിയോടുകൂടി പുറപ്പെട്ടു; അവർ എങ്ങോട്ടു പോകുന്നുവെന്നോ ഏതുവഴിക്കു പോകുന്നുവെന്നോ, ആലോചിക്കാതെ നടന്ന്, സബൎണ്യാനോ എന്നൊരു പട്ടണത്തിൽ ചെന്നുചേൎന്നു. അവിടെ പ്രസംഗം ആരംഭിക്കുന്നതിനു മുമ്പ് ഫ്റാൻസിസ്, ശബ്ദായമാനമായി ചിലച്ചുകൊണ്ടിരുന്ന കുരുവിപ്പക്ഷികളോടു തന്റെ പ്രസംഗം അവസാനിക്കുന്നതുവരെ, ചിലയ്ക്കാതെ നിശ്ശബ്ദമായിരിക്കുന്നതിനാജ്ഞാപിച്ചു. കുരുവികൾ തന്നെ അനുസരിച്ചുവെന്നു കണ്ടപ്പോൾ, അദ്ദേഹം ഏററവും ഹൃദയംഗമമായ ഭക്തിതീക്ഷ്ണതയോടുകൂടി പ്രസംഗിച്ചു. അദ്ദേഹത്തിന്റെ ധൎമ്മതീക്ഷ്ണതയാൽ സ്പൃഷ്ടഹൃദയരായി ആ പട്ടണത്തിലെ സകല പുരുഷന്മാരും സ്ത്രീകളും സ്വനഗരത്തെ ഉപേക്ഷിച്ചിട്ട് അദ്ദേഹത്തെ പിന്തുടരുന്നതിനാഗ്രഹിച്ചു. എന്നാൽ അദ്ദേഹം അതിന് അനുവദിക്കാതെ, അവരോട് ഇങ്ങനെ പറഞ്ഞു: "നിങ്ങൾ പട്ടണം വിട്ടു പോരുന്നതിനു ബദ്ധപ്പെടേണ്ട; നിങ്ങളുടെ രക്ഷയ്ക്കായി നിങ്ങൾ എന്തു ചെയ്യണമെന്നു ഞാനുപദേശിക്കുന്നതായിരിക്കും." അനന്തരം അദ്ദേഹം സകല ജനങ്ങളുടെയും രക്ഷയ്ക്കായി സ്ഥാപിച്ച തൃതീയസംഘ

ത്തിൻെറ നിയമങ്ങളെ അവക്കു കൊടുത്തു. അങ്ങനെ അവരിൽ ഹൃദയപരിവർത്തനവും പാപപരിഹാരേച്ഛയും ഉളവാക്കുകയും അവരെ സമാശ്വസിപ്പിക്കുകയും ചെയ്തശേഷം അദ്ദേഹം അവിടെനിന്നു പുറപ്പെട്ടു കന്നാറായ്ക്കും ബാവാഞ്ഞായ്ക്കും മദ്ധ്യേയുള്ള ഒരു സ്ഥലത്തുവന്നു. അവിടെ വഴിയരുകിലുള്ള വൃക്ഷങ്ങളിൽ അനവധി പക്ഷികൾ ഇരിക്കുന്നതായി അദ്ദേഹം കണ്ടിട്ടു് തൻെറ സഹചരന്മാരോടു് ഇങ്ങനെ പറഞ്ഞു: "നിങ്ങൾ ഇവിടെ അല്പനേരം നില്ക്കുക; ഞാൻ പോയി എൻെറ ചെറുസഹോദരികളായ ആ പക്ഷികളോടു ധർമ്മം പ്രസംഗിച്ചുകൊണ്ടു വരട്ടെ" അദ്ദേഹം അടുത്തുള്ള വയലിൽ ചെന്നു നിലത്തിരുന്ന പക്ഷികളോടു പ്രസംഗിച്ചു തുടങ്ങി; അപ്പോൾ വൃക്ഷങ്ങളിലിരുന്ന പക്ഷികളും അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുന്നതിനായി താഴെ പറന്നു വന്നു. അദ്ദേഹം പ്രസംഗം അവസാനിപ്പിക്കുന്നതുവരെ അവയെല്ലാം നിശ്ശബ്ദമായി, നിശ്ചലമായി നിലകൊണ്ടു. പ്രസംഗം അവസാനിച്ചശേഷവും അദ്ദേഹത്തിൻെറ ആശീർവ്വാദം ലഭിക്കുന്നതുവരെ അവ അവിടംവിട്ടു പോയില്ല. സഹോദരൻ മാസ്സെയോവും സഹോദരൻ ജേംസും പിന്നീടു പ്രസ്താവിച്ചിട്ടുള്ളതനുസരിച്ചു, ഫ്റാൻസിസ് അവയുടെ അടുത്തു ചെല്ലുകയും ഉടുപ്പിൻെറ അററംകൊണ്ടു് അവയെ തൊടുകയും ചെയ്തിട്ടും അവയിലൊന്നും അനങ്ങിയില്ല. അദ്ദേഹം ആ പക്ഷികളോടു ചെയ്ത പ്രസംഗത്തിൻെറ സാരം ഇതായിരുന്നു: "എൻെറ ചെറുസഹോദരികളായ പക്ഷികളെ, നിങ്ങളുടെ സ്രഷ്ടാവായ ഈശ്വരനോടു നിങ്ങൾ വളരെ കടപ്പെട്ടിരിക്കുന്നു. നിങ്ങൾക്കു രണ്ടും മൂന്നും മടക്കുള്ള വസ്ത്രങ്ങൾ തന്നിരിക്കുന്ന അദ്ദേഹത്തെ നിങ്ങൾ എല്ലായ്പോഴും എല്ലായിടത്തും സ്തുതിക്കണം; എവിടെയും പോകുന്നതിനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കു് അദ്ദേഹം തന്നിരിക്കുന്നു. ഭൂമിയിൽ നിങ്ങളുടെ ജാതിക്കു നാശം സംഭവിക്കാതിരിക്കുന്നതിനായി, നിങ്ങളുടെ ബീജത്തെ നോഹയുടെ പെട്ടകത്തിൽ സൂക്ഷിച്ചുവല്ലോ. വായുമണ്ഡലത്തെ നിങ്ങൾക്കായി പ്രത്യേകം അദ്ദേഹം തന്നിരിക്കുന്നതുകൊണ്ടും നിങ്ങൾ അദ്ദേഹത്തോടു കടപ്പെട്ടിരിക്കുന്നു. നിങ്ങൾ വിതയ്ക്കുകയോ കൊയ്യുകയോ ചെയ്യുന്നില്ല; എങ്കിലും ഈശ്വരൻ നിങ്ങൾക്കു്

ആഹാരം തരുന്നു; നിങ്ങൾക്കു വെള്ളം കുടിക്കുന്നതിനായി ആറുകളും ഉറവുകളും അദ്ദേഹം തന്നിരിക്കുന്നു. നിങ്ങൾക്ക് അഭയം പ്രാപിക്കുന്നതിനായി മലകളും താഴ്വരകളും കൂടുകൾ കെട്ടുന്നതിനായി പൊക്കമുള്ള മരങ്ങളും അദ്ദേഹം തന്നിരിക്കുന്നു. നിങ്ങൾക്കു നൂല്ക്കുന്നതിനോ നെയ്യുന്നതിനോ കഴിവില്ലെങ്കിലും നിങ്ങൾക്കും നിങ്ങളുടെ കുഞ്ഞുങ്ങൾക്കും അദ്ദേഹം വസ്ത്രം തരുന്നു. നിങ്ങളോട് അത്ര ഉദാരമായി വർത്തിക്കുന്ന നിങ്ങളുടെ സ്രഷ്ടാവ് നിങ്ങളെ വളരെ സ്നേഹിക്കുന്നു. അതുകൊണ്ട് എന്റെ ചെറുസഹോദരികളെ, കൃതഘ്നത എന്ന പാപം നിങ്ങളിലുണ്ടാകാതെ സൂക്ഷിച്ചുകൊള്ളുക; ദൈവത്തെ സദാ സ്തുതിക്കുന്നതിൽ ഉത്സുകരായിരിക്കുവിൻ." ഫ്രാൻസിസ് ഇങ്ങനെ പ്രസംഗിച്ചുകൊണ്ടു നിന്നപ്പോൾ, ആ പക്ഷികളെല്ലാം ചുണ്ടുകൾ തുറന്നു കഴുത്തുനീട്ടി ചിറകുകൾ വിടുർത്തി, ഭക്തിപൂർവ്വം തലകുനിക്കുകയും, ആ പുണ്യവാന്റെ വാക്കുകൾ തങ്ങൾക്ക് ഏററവും ആനന്ദപ്രദമായിരുന്നുവെന്ന് ചേഷ്ടകളും പാട്ടുകളുംകൊണ്ടു തെളിയിക്കുകയും ചെയ്തു. അവയോടൊത്ത് അദ്ദേഹവും ആനന്ദിച്ചു. പക്ഷികളുടെ അത്ര വലുതായൊരു സമൂഹത്തെയും അവയുടെ സൌന്ദര്യത്തിന്റെ വൈവിധ്യത്തെയും, അവയുടെ ശ്രദ്ധയെയും സൌഹാർദ്ദത്തെയുംപററി അദ്ദേഹം അത്ഭുതപ്പെട്ടു. അവയിൽ സ്രഷ്ടാവിന്റെ മഹിമയെ അദ്ദേഹം ദർശിക്കുകയും വാഴ്ത്തുകയും ചെയ്തു. ഒടുവിൽ പ്രസംഗം അവസാനിച്ചപ്പോൾ, അദ്ദേഹം അവയെ കുരിശടയാളംകൊണ്ട് ആശീർവ്വദിക്കുകയും പൊയ്ക്കൊള്ളുന്നതിന് അനുവദിക്കുകയും ചെയ്തു. അപ്പോൾ ആ പറവകളെല്ലാം കുതുഹലഭരിതങ്ങളായ ഗാനങ്ങൾ പാടിക്കൊണ്ട് ഒരു പററമായി പ്പറന്ന് ആകാശത്തിലേക്കുയരുകയും അനന്തരം ഫ്രാൻസിസ് അവയുടെ മേൽ വരച്ച കുരിശടയാളത്തിന്റെ ആകൃതിയിൽ നാലു വിഭാഗങ്ങളായിപ്പിരിഞ്ഞ് ഒരു വിഭാഗം കിഴക്കോട്ടും, വേറൊന്നു പടിഞ്ഞാറോട്ടും, മൂന്നാമത്തേതു തെക്കോട്ടും, നാലാമത്തേതു വടക്കോട്ടും പറന്നുപോവുകയും ചെയ്തു. ഇവ ഇങ്ങനെ നാലു വിഭാഗങ്ങളായിപ്പിരിഞ്ഞ് ആനന്ദഭരിതമായിപ്പാടിക്കൊണ്ടു ഫ്രാൻസിസിന്റെ ധർമ്മോപദേശം അനുസരിച്ചും അദ്ദേഹം അവയുടെമേൽ വ

രച്ച കുരിശടയാളത്തിനു യോജിച്ച വിധത്തിലും, ലോകത്തിന്റെ നാലു ദിക്കുകളിലേക്കും പറന്നുപോയതു് ഫ്രാൻസിസിനാൽ പ്രത്യുദ്ധരിക്കപ്പെട്ട ക്രൈസ്തവ ധർമ്മോപദേശം അദ്ദേഹത്താലും അദ്ദേഹത്തിന്റെ ധർമ്മസഹോദരന്മാരാലും ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും സംവഹിക്കപ്പെടാനിരിക്കുന്നുവെന്നതിനെയത്രെ ദ്യോതിപ്പിച്ചതു്; ഈ പറവകളെപ്പോലെ തങ്ങളുടെ വകയായി ലോകത്തു യാതൊന്നുമില്ലാതിരുന്ന ആ ധർമ്മസഹോദരന്മാർ സ്വജീവിതത്തെ പരിപൂർണ്ണമായി ഈശ്വരരഹസ്യങ്ങളിൽ ഭരമേല്പിച്ചു.

## അദ്ധ്യായം 17

*സെയിന്റ് ഫ്രാൻസിസ് ഒരു രാത്രി പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, ക്രിസ്തുവും കന്യാമറിയവും മററനേകം പുണ്യാത്മാക്കളും അദ്ദേഹത്തോടു സംഭാഷണം ചെയ്യുന്നതായി ബാലനായ ഒരു ധർമ്മസഹോദരൻ കാണുന്നു.*

പരിശുദ്ധനും നിർദ്ദോഷനുമായ ഒരു ബാലൻ, ഫ്രാൻസിസ് ജീവിച്ചിരുന്ന കാലത്തു്, അദ്ദേഹത്തിന്റെ ധർമ്മസംഘത്തിൽ സ്വീകരിക്കപ്പെട്ടു. ആ ബാലൻ താമസിച്ച ആശ്രമം ഒരു കിടക്കയിൽ ഈരണ്ടു ധർമ്മസഹോദരന്മാർ ഒരുമിച്ചു കിടന്നുറങ്ങാൻ നിർബ്ബദ്ധരാകത്തക്കവണ്ണം ചെറുതും സ്ഥലസൌകര്യമില്ലാത്തതുമായിരുന്നു. ഒരിക്കൽ ഫ്രാൻസിസ് ആ മഠത്തിൽ വന്നു. അദ്ദേഹം പതിവനുസരിച്ചു, രാത്രിയിൽ മററു ധർമ്മസഹോദരന്മാരെല്ലാവരും ഉറങ്ങിക്കഴിയുമ്പോൾ പ്രാർത്ഥിക്കാൻ എഴുന്നേല്ക്കുന്നതിനായി, പ്രദോഷപ്രാർത്ഥനയ്ക്കുശേഷം നേരത്തെ ഉറങ്ങാൻ കിടന്നു. പ്രസ്തുത ബാലൻ ഫ്രാൻസിസിന്റെ രീതികളെ രഹസ്യമായി കണ്ടുപഠിക്കണമെന്നു നിശ്ചയിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ കിടക്കയിൽക്കൂടി ഉറങ്ങാനായിക്കിടന്നു. ഉറങ്ങിപ്പോകാതിരിക്കുന്നതിനായി, തന്നെ ഉണർത്താതെ അദ്ദേഹത്തിനു്

എഴുന്നേല്ക്കാൻ സാധിക്കാതിരിക്കത്തക്കവണ്ണം അവൻ തന്റെ അരക്കെട്ട് അദ്ദേഹത്തിന്റെ അരക്കെട്ടുമായി കൂട്ടികെട്ടി. അദ്ദേഹം അതറിഞ്ഞില്ല. രാത്രി മററു സഹോദരന്മാരെല്ലാവരും ഗാഢനിദ്രയെ പ്രാപിച്ചുവെന്നു കണ്ട് അദ്ദേഹം എഴുന്നേററപ്പോൾ അദ്ദേഹത്തിന്റെ അരക്കെട്ടു ബാലന്റേതുമായി ബന്ധിക്കപ്പെട്ടിരുന്നുവെന്നു മനസ്സിലാക്കി. ബാലനറിയാത്ത വിധത്തിൽ വളരെ പതുക്കെ ആ കെട്ടഴിച്ചിട്ട് അദ്ദേഹം എഴുന്നേററ് ഏകനായി ആശ്രമത്തിനടുത്തുള്ള വനത്തിലേക്കു പോയി അവിടെ ഒരു പർണ്ണശാലയിലിരുന്നു പ്രാർത്ഥിച്ചു. കുറെക്കഴിഞ്ഞു ബാലൻ ഉണൎന്നപ്പോൾ തന്റെ കെട്ട് അഴിഞ്ഞിരിക്കുന്നതായും ഫ്രാൻസിസ് എഴുന്നേററു പോയിരിക്കുന്നതായും കണ്ടു; അവൻ എഴുന്നേററ് അദ്ദേഹത്തെ അന്വേഷിച്ചപ്പോൾ, വനത്തിലേക്കിറങ്ങുന്ന ആശ്രമവാതൽ തുറന്നിരിക്കുന്നതായിക്കാണുകയും, അദ്ദേഹം അങ്ങോട്ടു പോയിരിക്കണമെന്നു വിചാരിച്ച് അവനും വനത്തിലേക്കു കടന്നു ചെല്ലുകയും ചെയ്തു. ഫ്രാൻസിസ് പ്രാർത്ഥിച്ചുകൊണ്ടിരുന്ന സ്ഥലത്തെ സമീപിച്ചപ്പോൾ, അവൻ അനേകംപേർ ചേൎന്നു സംസാരിക്കുന്ന ശബ്ദം കേട്ടു. അവൻ കേട്ടതെന്താണെന്നു കണ്ടു മനസ്സിലാക്കുന്നതിനായി കുറെക്കൂടി അടുത്തു ചെന്നപ്പോൾ, ഫ്രാൻസിസിന്റെ ചുററും അത്ഭുതകരമായ ഒരു പ്രകാശം കണ്ടു; അവിടെ ക്രിസ്തുവും കന്യാമറിയവും സ്നാപകനായ ജോണും സുവിശേഷകാരനായ ജോണും അസംഖ്യം ദേവദൂതന്മാരും ഫ്രാൻസിസിനോടു സംഭാഷണം ചെയ്യുകയായിരുന്നു. ഇതു കാണുകയും കേൾക്കുകയും ചെയ്ത ആ ബാലൻ ബോധരഹിതനായി നിലം പതിച്ചു. ആ ദിവ്യദൎശനം അവസാനിച്ചു ഫ്രാൻസിസ് ആശ്രമത്തിലേക്കു മടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ പാദം മൃതതുല്യനായിക്കിടന്ന ആ ബാലന്റെ ശരീരത്തിൽ തട്ടി. അദ്ദേഹം അനുകമ്പാകുലനായി അവനെ പൊക്കിയെടുത്ത്, ഒരു നല്ല ഇടയൻ ആട്ടിൻകുട്ടിയെ എന്നവണ്ണം, കരങ്ങളിൽ വഹിച്ചുകൊണ്ടുപോയി. അവനു ബോധം വീണപ്പോൾ, പ്രസ്തുത ദിവ്യദൎശനത്തിനു് അവൻ സാക്ഷിയായതെങ്ങനെയെന്നു ഫ്രാൻസിസ് ഗ്രഹിക്കുകയും, തന്റെ ജീവിതകാലത്തു് അതിനെപ്പററി ആരോടും പറയരുതെന്നു് ആജ്ഞാപി

ക്കുകയും ചെയ്തു. ആ ബാലൻ ദിവ്യാനുഗ്രഹത്തിലും ഫ്രാൻസിസിനോടുള്ള ഭക്തിയിലും അനുദിനം വളൎന്നു, ഫ്രാൻസിസ്കൻ ധൎമ്മസൈന്യത്തിലെ ഒരു വീരഭടനായിത്തീൎന്നു. ഫ്രാൻസിസിന്റെ മരണത്തിനുശേഷം അവൻ പ്രസ്തുത ദിവ്യദൎശനത്തെപ്പറ്റിയുള്ള പൂൎണ്ണവിവരങ്ങൾ മററു ധൎമ്മസഹോദരന്മാരെ പറഞ്ഞു കേൾപ്പിച്ചു.

## അദ്ധ്യായം 18

### പൊർസ്യുങ്കുലയിൽ നടന്ന അയ്യായിരത്തിൽപരം ധർമ്മസഹോദരന്മാരുടെ അത്ഭുതകരമായ സമ്മേളനം

ക്രിസ്തുവിന്റെ വിശ്വസ്തദാസനായ ഫ്രാൻസിസ് ഒരിക്കൽ പൊർസ്യുങ്കുലായിൽവച്ചു ഫ്രാൻസിസ്കൻ ധൎമ്മസംഘത്തിന്റെ ഒരു പൊതുസമ്മേളനം നടത്തി. അതിൽ അയ്യായിരത്തിൽപരം ധൎമ്മസഹോദരന്മാർ സന്നിഹിതരായിരുന്നു. ഡോമിനിക്കൻ ധൎമ്മസംഘത്തിന്റെ സ്ഥാപകനും അധിപനുമായ സെയിൻറ് ഡോമിനിക്കും ബർഗണ്ഡിയിൽനിന്നു റോമായിലേക്കുള്ള തന്റെ യാത്രമ്ലൂടിടയ്ക്കു ഈ ഫ്രാൻസിസ്കൻ സമ്മേളനത്തെപ്പററി കേൾക്കുകയാൽ, തന്റെ ഏഴു ശിഷ്യന്മാരോടൊന്നിച്ചു പൊർസ്യുങ്കുലായിൽ വന്നിരുന്നു. ഫ്രാൻസിസിനോടു വളരെ ഭക്തിയുണ്ടായിരുന്ന ഒരു കർദ്ദിനാളും—ഭാവിയിൽ മാർപ്പാപ്പായാകുമെന്നു ഫ്രാൻസിസ് പ്രവചിക്കുകയും അപ്രകാരം ഗ്രിഗൊരി ഒമ്പതാമൻ എന്നപേരിൽ മാർപ്പാപ്പായായിത്തീൎന്ന കർദ്ദിനാൾ ഉഗോലിനോ—ആ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. ഈ കർദ്ദിനാൾ, മാർപ്പാപ്പാ സപരിവാരം തല്ക്കാലം താമസിച്ചിരുന്ന പെരുജ്യായിൽനിന്നു് അസ്സീസിയിലേക്കു സമ്മേളനം നടന്ന ഓരോ ദിവസവും ഉത്സാഹപൂൎവ്വം വന്നു പൊർസ്യുങ്കുലായിൽ സമ്മേളിച്ചിരുന്ന ധൎമ്മസഹോദരന്മാൎക്കായി കർബാന അൎപ്പിക്കുകയും സമ്മേളനത്തിൽ പ്രസംഗിക്കുകയും ചെയ്തു. അദ്ദേ

ഹത്തിനു് ഈ വിശുദ്ധസമ്മേളനം ഏററവും ആനന്ദപ്രദവും ഭക്തിസംവദ്ധകവും ആയിരുന്നു. സഹോദരാശ്രമത്തിനു ചുററുമുള്ള ആ മൈതാനത്തു് അനേക സഹസ്രം ധമ്മസഹോദരന്മാർ, നാല്പതും നൂറും എൺപതുംപേരടങ്ങിയ പല പല സംഘങ്ങളായി, ഈശ്വരപരമായ സംഭാഷണത്തിലോ പ്രാത്ഥനയിലോ, സ്നേഹപരങ്ങളായ കൃത്യങ്ങളിലോ വ്യാപൃതരായി, ഒച്ചപ്പാടോ മാത്സര്യമോ അശേഷമില്ലാതെ നിശ്ശബ്ദരും വിനീതരുമായി ഇരിക്കുന്നതു കണ്ടു് അദ്ദേഹം വിസ്മയവിവശനായി ഇങ്ങനെ ഉദ്ഘോഷിച്ചു: "ഇതു വാസ്തവത്തിൽ ദൈവത്തിൻെറ ധമ്മഭടന്മാരുടെ സൈന്യവും പാളയവും തന്നെയാണു്." അത്ര വിപുലമായ ആ പാളയത്തിൽ ഒരിടത്തും അനാവശ്യമായ വാക്കുകളോ തമാശകളോ കേൾക്കപ്പെട്ടില്ല; ധർമ്മസഹോദരന്മാരുടെ ഈ സംഘങ്ങളിലെവിടെയും അവരുടെ പ്രാത്ഥനകളോ, പാപങ്ങളെപ്പററിയുള്ള പശ്ചാത്താപപ്രകടനങ്ങളോ, ആത്മാക്കളുടെ രക്ഷയെപ്പററിയുള്ള സംഭാഷണങ്ങളോ അല്ലാതെ മററു യാതൊന്നും കേൾക്കാനുണ്ടായിരുന്നില്ല. തണലിനും വിശ്രമത്തിനുമായി അവർ പുല്പ്പായ് കൊണ്ടു മേഞ്ഞ വള്ളിക്കുടിലുകൾ നിമ്മിച്ചിരുന്നു; അതുകൊണ്ടു് ഈ ധമ്മസഹോദരസമ്മേളനം ചരിത്രത്തിൽ കട (പുല്പാ) സമ്മേളനം (The chapter of mats) എന്ന പേരിൽ പ്രഖ്യാതമായിത്തീന്നു. അവരുടെ കിടക്ക വെറും തറയായിരുന്നു; ചിലക്കു മാത്രം കുറച്ചു വയ്ക്കോലുണ്ടായിരുന്നു; കല്ലിൻെറയോ മരത്തിൻെറയോ കഷണങ്ങൾ അവർ തലയണകളായി ഉപയോഗിച്ചു. ഈ സ്ഥിതിയിൽ അവരെ കാണുകയോ അവരെപ്പററി കേൾക്കുകയോ ചെയ്ത സകലക്കും അവരോടു് അപാരമായ ഭക്ത്യാദരങ്ങൾ തോന്നി. അവരുടെ അന്യാദൃശമായ ജീവിതവിശുദ്ധിയാലും ആദശമഹത്വത്താലും ആകൃഷ്ടരായി അനവധി മാടമ്പിമാരും ധനാഢ്യന്മാരും പ്രഭുക്കന്മാരും മെത്രാന്മാരും ആശ്രമാധിപന്മാരും കർദ്ദിനാളന്മാരും സമീപപ്രദേശങ്ങളിൽനിന്നു് ആ വിശിഷ്ട സമ്മേളനം കാണുന്നതിനായി വന്നു; അത്ര പരിശുദ്ധന്മാരും വിനീതന്മാരും പുണ്യവാന്മാരുമായ മനുഷ്യരുടെ അത്ര മഹത്തായ ഒരു സമ്മേളനം ലോകത്തു് അദൃഷ്ടപൂവ്വമായൊരു കാഴ്ചയായിരുന്നു. യഥാത്ഥ അജപാല

നായ യേശുക്രിസ്തുവിൻെറ ചുവട്ടടികളെ പിന്തുടരുന്നതിനായി അത്ര ഭക്തിഭരിതവും വിശ്വമോഹനവുമായ ഒരു അജഗണത്തെ ലോകത്തുനിന്നു ശേഖരിച്ച ആ ധമ്മസംഘത്തിൻെറ സ്ഥാപകനും പിതാവുമായ പുണ്യപുരുഷൻെറ ദശ്നാ ലഭിക്കുക എന്നതായിരുന്നു ഈ സന്ദശ്കരുടെയെല്ലാം മുഖ്യമായ ഉദ്ദേശ്യം. സകല ധമ്മസഹോദരന്മാരുടെയും പിതാവും നേതാവുമായ ഫ്റാൻസിസ് പരിശുദ്ധാത്മാവിൻെറ പ്രചോദനത്തിനു വശംവദനായി ആ സമ്മേളനത്തിൽ സംബന്ധിച്ചിരുന്ന സകലരോടും ദൈവവചനത്തെ വിശദീകരിച്ചു ഒരു പ്രസംഗം ചെയ്തു. അദ്ദേഹത്തിൻെറ പ്രസംഗത്തിനു ആധാരമായിരുന്നതു ഈ വാക്കുകളായിരുന്നു. "എൻെറ മക്കളെ, നാം മഹത്തായ കാര്യങ്ങൾ പ്രതിജ്ഞചെയ്തിട്ടുണ്ടു; തീർച്ചയായും നാം നമുക്കായി പ്രതിശ്രുതങ്ങളായ ആ കാര്യങ്ങളെ പ്രതീക്ഷിച്ചിരിക്കുന്നു. ഈ ലോകത്തെ ആനന്ദം താൽക്കാലികവും ഭാവിയിലുണ്ടാകാനിരിക്കുന്ന ദുഃഖം ശാശ്വതവുമാണു; ഈ ജീവിതത്തിലെ ദുഃഖം പരിമിതവും, ഭാവിജീവിതത്തിലെ സൌഭാഗ്യം അപരിമിതവുമാണു." ഈ വാക്കുകളെ ആസ്പദമാക്കി അദ്ദേഹം ഏററവും ഭക്തിതീക്ഷ്ണതയോടെ പ്രസംഗിച്ചു ആ ധമ്മസഹോദരന്മാരെ സമാശ്വസിപ്പിക്കുകയും അവരിൽ അനുസരണബുദ്ധിയും തിരുസഭയോടു ഭക്തിയും, സഹോദരസ്നേഹവും ഉളവാക്കുകയും ചെയ്തു; അവർ സകല മനുഷ്യക്കുംവേണ്ടി പ്രാത്ഥിക്കണമെന്നും, ഈ ലോകത്തെ കഷ്ടപ്പാടുകൾ ക്ഷമയോടെ സഹിക്കുകയും, സുഖാനുഭവത്തിൽ മിതത്വവും ദേവദൂതോചിതമായ വിശുദ്ധിയും ബ്രഹ്മചര്യവും പാലിക്കുകയും ചെയ്യണമെന്നും, ദൈവത്തോടും മനുഷ്യരോടും സ്വന്തം മനഃസാക്ഷിയോടും സമാധാനത്തിൽ ജീവിക്കണമെന്നും പരിശുദ്ധമായ ദാരിദ്ര്യത്തെ സ്നേഹിക്കുകയും അനുഷ്ഠിക്കുകയും ചെയ്യണമെന്നും അദ്ദേഹം അവരോടു ഏററവും ഹൃദയംഗമമായി ഉപദേശിച്ചു. അദ്ദേഹം പ്രസംഗത്തെ ഇങ്ങനെ ഉപസംഹരിച്ചു: "നിങ്ങളിൽ ആരും തന്നെ ഭക്ഷണത്തെപ്പററിയോ പാനീയത്തെപ്പററിയോ ശരീരത്തിനുള്ള മറെറന്താവശ്യങ്ങളെപ്പറ്റിയോ കവലപ്പെടുകയോ ബദ്ധപ്പെടുകയോ ചെയ്യരുതെന്നും പ്രത്യുത സകലരും പ്രാത്ഥനയിലും ദൈവ

സ്തുതിയിലും മാത്രം നിരതരായിരിക്കണമെന്നും നിങ്ങളുടെ ശരീരത്തെ ഉദ്ദേശിച്ചുള്ള കവല മുഴുവനും നിങ്ങളെപ്പററി പ്രത്യേകം കരുതലുള്ള ദൈവത്തിൽ നിക്ഷേപിക്കണമെന്നും ഇവിടെ സമ്മേളിച്ചിരിക്കുന്ന നിങ്ങളോടെല്ലാവരോടും ഞാൻ നിഷ്കൃഷ്ടം അനുശാസിക്കുന്നു." അവരെല്ലാവരും ഈ അനുശാസനത്തെ സന്തോഷപൂർവ്വം സ്വീകരിച്ചു. ഫ്റാൻസിസിൻെറ പ്രസംഗം അവസാനിച്ചപ്പോൾ സകലരും സാഷ്ടാംഗംവീണു പ്രാർത്ഥിച്ചു.

ഈ പ്രസംഗവും നടപടികളും ശ്രദ്ധിച്ചുകൊണ്ടിരുന്ന ഡോമിനിക്ക് ഫ്റാൻസിസിൻെറ ഈ കല്പനയെപ്പററി ആശ്ചര്യപ്പെട്ടു; അദ്ദേഹത്തിന് അതു വിവേകശൂന്യമാണെന്നു തോന്നി; ശരീരത്തിനാവശ്യമുള്ള കാര്യങ്ങളെപ്പററി യാതൊരു ശ്രദ്ധയും കൂടാതെ, അത്ര വലുതായൊരു സംഘത്തെ സംരക്ഷിച്ചു പുലർത്തിക്കൊണ്ടു പോകുന്നതിനു സാധിക്കുന്നതെങ്ങനെയെന്ന് അദ്ദേഹത്തിനു മനസ്സിലായില്ല. എന്നാൽ അജപാലപ്രധാനനായ ക്രിസ്തു തൻെറ അജഗണത്തെപ്പററി തനിക്കുള്ള ശ്രദ്ധയും ദരിദ്രരോടും എളിയവരോടും തനിക്കുള്ള നിസ്സീമസ്നേഹത്തെയും പ്രദർശിപ്പിക്കണമെന്നു കരുതി, പെരുജ്യായിലും സ്പൊളേററോയിലും, ഫൊളിഞ്ഞോവിലും, സ്പെല്ലോവിലും അസീസിയിലും ചുററുമുള്ള മററു പട്ടണങ്ങളിലുമുള്ള ജനങ്ങളുടെ ഹൃദയങ്ങളെ അവിടെ സമ്മേളിച്ചിരുന്ന ധർമ്മസഹോദരസംഘത്തിന് ആവശ്യമുള്ള ഭക്ഷണപാനീയങ്ങൾ കൊണ്ടുവരുന്നതിന് പ്രചോദിപ്പിച്ചു. ആ ദരിദ്രനാരായണന്മാർക്ക് വേണ്ടുവോളം അപ്പം, വെള്ളം, വീഞ്ഞു, പയറു തുടങ്ങിയ ഭോജ്യപേയങ്ങൾ, വഹിച്ചുകൊണ്ട് ഒട്ടുവളരെ ആളുകളും കഴുതകളും കുതിരകളും വണ്ടികളും പ്രസ്തുത പട്ടണങ്ങളിൽനിന്നു തെരുതെരെ അവിടെ വന്നു. അത്ര വലുതായ ഒരു സമുദായത്തിന് ആവശ്യമുള്ള മേശത്തുണികളും കോപ്പകളും പിഞ്ഞാണങ്ങളും വെൺകലപാത്രങ്ങളും മററുംകൂടി അവർ കൊണ്ടുവന്നു. ഏററവും കൂടുതൽ സാധനങ്ങൾ കൊണ്ടുവരുന്നതിലും ഏററവും ഉത്സാഹപൂർവ്വം ആ ഭിക്ഷുക്കൾക്കു

വിളമ്പിക്കൊടുക്കുന്നതിലും അവർ അഹമഹമിക പ്രകടിപ്പിച്ചു. പ്രഭുക്കന്മാരും ധനികന്മാരും ഏററവും വിനയത്തോടും ആദരത്തോടുംകൂടി ആ പാരികാംക്ഷികളെ പരിചരിച്ചു. ഇതെല്ലാം സകൌതുകം കണ്ടുകൊണ്ടിരുന്ന ഡോമിനിക്കിനു ദിവ്യപരിപാലനയുടെ പ്രത്യക്ഷ ലക്ഷണങ്ങളാണു താൻ അവിടെ കാണുന്നതെന്നും ഫ്റാൻസിസിൻെറ രീതി വിവേകശൂന്യമാണെന്നു താൻ വിധിച്ചതു് തെററായിപ്പോയി എന്നും ബോദ്ധ്യമായി. അദ്ദേഹം ഫ്റാൻസിസിൻെറ അടുത്തുചെന്നു മുട്ടുകുത്തി വിനയപൂർവ്വം തൻെറ കററം സമ്മതിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു: "സത്യമായി, ദൈവത്തിനു് അദ്ദേഹത്തിൻെറ ദരിദ്രരായ ഈ മക്കളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധയുണ്ടു്; അതു ഞാൻ മനസ്സിലാക്കിയിരുന്നില്ല. മേലാൽ ഞാൻ സുവിശേഷത്തിൽ ഉപദേശിക്കപ്പെടുന്ന വിശുദ്ധ ദാരിദ്ര്യത്തെ അനുഷ്ഠിക്കുമെന്നു പ്രതിജ്ഞചെയ്തുകൊള്ളുന്നു; എൻെറ ധർമ്മസംഘത്തിൽ സ്വന്തമായി വസ്തുവകകൾ സമ്പാദിക്കുന്നതിനു മുതിരുന്ന സകല ധർമ്മസഹോദരന്മാരെയും ഞാൻ ദൈവത്തിൻെറ നാമത്തിൽ ശപിക്കുകയും ചെയ്യുന്നു." ഫ്റാൻസിസിൻെറ വിശ്വാസവും, അത്ര വിപുലമായ ഒരു ശിഷ്യസംഘത്തിൻെറ ദാരിദ്ര്യനിഷ്ഠയും അച്ചടക്കവും അനുസരണബുദ്ധിയും, അവിടെ പ്രകടിതമായ ദിവ്യപരിപാലനയുടെ അനിഷേധ്യലക്ഷണങ്ങളും ഡോമിനിക്കിനു വളരെ ധൈര്യപ്രദമായിരുന്നു.

ആ സമ്മേളനത്തിൽ സംബന്ധിച്ച ധർമ്മസഹോദരന്മാരിൽ വളരെപ്പേർ സ്വശരീരങ്ങളെ ദണ്ഡിപ്പിക്കുന്നതിനായി ഇരുമ്പുകൊണ്ടുള്ള ചട്ടകളും വളയങ്ങളും ധരിച്ചിരുന്നതായും അതുമൂലം പലരും രോഗികളും അവശരുമായിത്തീർന്നതായും ഫ്റാൻസിസിനു് അറിവുകിട്ടി. അങ്ങനെ ഇരുമ്പുചട്ടകളും ഇരുമ്പുവളയങ്ങളും ധരിച്ചിരുന്ന സകലരും അവയെ ഊരി തൻെറ മുമ്പിൽ വയ്ക്കുന്നതിനു് അദ്ദേഹം ആജ്ഞാപിക്കുകയും അവർ അപ്രകാരം ചെയ്യുകയും ചെയ്തു. അങ്ങനെ അഞ്ഞൂർ ഇരുമ്പുചട്ടക

ളും അതിൽ കൂടുതൽ ഇരുമ്പുവളയങ്ങളും ഒരു വലിയ കൂമ്പാരമായി അദ്ദേഹത്തിൻെറ മുമ്പിൽ നിക്ഷേപിക്കപ്പെട്ടു. അവയെല്ലാം അവിടെത്തന്നെ കിടന്നുകൊള്ളട്ടെ എന്നു് അദ്ദേഹം അവരോടു പറഞ്ഞു. സമ്മേളനം അവസാനിച്ചപ്പോൾ അദ്ദേഹം അവരെ സൽകർമ്മനിരതരായിരിക്കുന്നതിൽ പ്രോത്സാഹിപ്പിക്കുകയും ഈ ദുഷ്ടമായ ലോകത്തിൽ പാപത്തിൽനിന്നു് ഒഴിഞ്ഞുമാറേണ്ടതെങ്ങനെയെന്നു പഠിപ്പിക്കുകയും ചെയ്തു. അനന്തരം അദ്ദേഹം അവരെ ദൈവത്തിൻെറയും തൻെറയും അനുഗ്രഹത്തോടുകൂടി, ആത്മീയാനന്ദസംപൂരിതരായി, അവരവരുടെ പ്രവർത്തനരംഗങ്ങളിലേയ്ക്കു പറഞ്ഞയച്ചു.

---

## അദ്ധ്യായം 19

റിയേററിയിലെ ഇടവകവൈദികൻെറ അതിഥിയായിരുന്ന ഫ്രാൻസീസിൻെറ ദർശനം ലഭിക്കുന്നതിനായി വന്നുകൂടിയ പുരുഷാരത്തിൻെറ തിക്കും തിരക്കുംമൂലം ആ വൈദികൻെറ മുന്തിരിത്തോട്ടത്തിലെ കൃഷിക്കു നാശം സംഭവിച്ചു; എന്നാൽ ഫ്രാൻസീസിൻെറ അനുഗ്രഹത്താൽ ആ തോട്ടത്തിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവണ്ണം ധാരാളം മുന്തിരിപ്പഴങ്ങൾ അത്ഭുതകരമായി ഉണ്ടായി. ഫ്രാൻസീസിനു മരണശേഷം പറുദീസാ ദാനമായി ലഭിക്കുമെന്നു ദൈവം വെളിപ്പെടുത്തിക്കൊടുക്കുന്നു.

ഫ്രാൻസിസിൻെറ കണ്ണിനു കഠിനമായൊരു രോഗം ബാധിച്ചുവെന്നറിഞ്ഞു ഫ്രാൻസിസ്കൻ ധർമ്മസംഘത്തിൻെറ രക്ഷാധികാരിയായ കർദ്ദിനാൾ ഉഗോലിനോ അദ്ദേഹത്തെ ചികിത്സയ്ക്കായി റിയെത്തിലേക്കു ക്ഷണിച്ചു; അത്ര നേത്രരോഗ ചികിത്സയിൽ വിദഗ്ദ്ധന്മാരായ അനേകം വൈദ്യന്മാരുണ്ടായിരുന്ന ഒരു പട്ട

ണമായിരുന്നു. കർദ്ദിനാളിൻെറ ക്ഷണമനുസരിച്ച് അദ്ദേഹം റിയെത്തിലേക്ക പോകുന്ന വഴിക്ക സഹോദരി ക്ലാരായെ സന്ദർശിക്കുന്നതിനായി സെയിൻറ് ഡാമിയൻസ് കന്യാമഠത്തിൽ കയറി. അദ്ദേഹം അവിടെ എത്തിയ രാത്രി, കാഴ്ച നിശ്ശേഷം നശിക്കമാറ് കണ്ണിൻെറ വ്യാധി വദ്ധിച്ചു. അങ്ങനെ അദ്ദേഹത്തിനു് അവിടം വിട്ടു പോകാൻ നിവൃത്തിയില്ലാതാകയാൽ, സഹോദരി ക്ലാരാ ഒരു വള്ളിക്കുടിലുണ്ടാക്കി അദ്ദേഹത്തെ തൽക്കാലം അതിൽ വിശ്രമിപ്പിച്ചു. എന്നാൽ കണ്ണിലെ വേദനയും എലികളുടെ ശല്യവും നിമിത്തം അദ്ദേഹത്തിനു് അവിടെ രാത്രിയായാലും പകലായാലും ഒരു നിമിഷം വിശ്രമിക്കാൻ സാധിച്ചില്ല. അനേക ദിവസം തുടർച്ചയായി ആ വേദനയും ദുരിതവും അനുഭവിച്ചു കഴിഞ്ഞപ്പോൾ, അതെല്ലാം തൻെറ പാപങ്ങൾക്കായി ഈശ്വരൻ നിശ്ചയിച്ച ശിക്ഷയാണെന്നു് അദ്ദേഹം കരുതി. അതിനായി അദ്ദേഹം പൂൎണ്ണഹൃദയത്തോടെ ദൈവത്തിനു നന്ദിപറഞ്ഞു. അദ്ദേഹം കൃതജ്ഞതാഭരിതനായി ഇങ്ങനെ ഉദ്ഘോഷിച്ചു: "എൻെറ ഭഗവാനെ, ഇതിനും ഇതിനേക്കാൾ വലുതായ കഷ്ടപ്പാടുകൾക്കും അഹനാണ് ഞാൻ. എൻെറ നാഥനായ യേശുക്രിസ്തുവെ, ഉത്തമനായ അജപാല, പാപികളായ ഞങ്ങൾക്ക് അങ്ങയുടെ കാരുണ്യാതിരേകത്താൽ വിവിധങ്ങളായ രോഗങ്ങളും ദുരിതങ്ങളും നിശ്ചയിച്ചിരിക്കുന്ന അങ്ങ്, അങ്ങയുടെ കുഞ്ഞാടായ എനിക്ക് യാതൊരു രോഗത്താലും കഷ്ടാനുഭവത്താലും അങ്ങയെ വിട്ടുപിരിയാതിരിക്കുന്നതിനുള്ള അനുഗ്രഹവും ശക്തിയും പ്രദാനം ചെയ്യേണമേ". അപ്പോൾ സ്വൎഗ്ഗത്തുനിന്നു് ഒരു ശബ്ദം ഇങ്ങനെ പറയുന്നതായി അദ്ദേഹം കേട്ടു: "ഫ്റാൻസീസ്, ഇതിനുത്തരം പറയുക: ഭൂമി മുഴുവനും സ്വൎണ്ണവും, സമുദ്രങ്ങളും നദികളും ഉറവുകളുമെല്ലാം പരിമളതൈലവും, മലകളും കുന്നുകളും പാറകളുമെല്ലാം രത്നങ്ങളും ആയിരിക്കുകയും, സ്വൎണ്ണം മണ്ണിനെക്കാളും, പരിമളതൈലം വെള്ളത്തെക്കാളും, രത്നങ്ങൾ മലകളേയും പാറകളേയുംകാളും വിശിഷ്ടതരമായിരിക്കുന്നതുപോലെ, ഇവയെ എല്ലാററിനെയുംകാൾ വിശിഷ്ട

തരമായ വേറൊരു നിധിയുണ്ടെന്നു കാണുകയും, ആ സ ർവ്വോൽകൃഷ്ടമായ നിധി നിൻെറ രോഗത്തിനു പകരമായി നിനക്കു പ്രദാനം ചെയ്യപ്പെടുകയും ചെയ്യുന്നുവെങ്കിൽ, നീ അത്യന്തം സന്തുഷ്ടനും ആനന്ദഭരിതനുമായിരിക്കുക യില്ലേ?'' ഫ്റാൻസിസ് ഇപ്രകാരം പ്രതിവചിച്ചു: "ഭഗവൻ, അത്ര വിലയേറിയ ഒരു നിധിക്കു ഞാൻ യോ ഗ്യനല്ല'' ആകാശവാണി വീണ്ടും പറഞ്ഞു: "ഫ്റാൻ സിസ്, സന്തോഷിക്കുക; നിനക്കായി ഞാൻ കരുതി റ ച്ചിട്ടുള്ള അനന്തജീവിതസൌഭാഗ്യമാകുന്ന ആ നിധിയാ ണ് അത്. ഈ സമയംമുതൽ അതിനെ നിന്നിൽ ഞാൻ പ്രതിഷ്ഠിക്കുന്നു. ഈ രോഗവും കഷ്ടപ്പാടും ആ സൌഭാ ഗ്യകരമായ നിധിയുടെ അച്ചാരമാണ്.'' അനന്തരം അ ത്യധികമായ ആനന്ദത്തോടെ തൻെറ അനുചരനെ വി ളിച്ച്, "നമുക്കു കർദ്ദിനാളിൻെറഅടുക്കലേക്കു പോകാം,'' എന്നു പറഞ്ഞു. സഹോദരി ക്ലാരയെ വിശുദ്ധ വചന ങ്ങൾകൊണ്ട് സമാശ്വസിപ്പിച്ച് അവരോടു യാത്ര പറ ഞ്ഞശേഷം അദ്ദേഹം റീയത്തിലേക്കു യാത്ര തുടന്നു. അ ദ്ദേഹം ആ നഗരത്തെ സമീപിച്ചപ്പോൾ വലുതായൊരു ജനസമൂഹം തന്നെ എതിരേല്ക്കുന്നതിനായി വരുന്നതു കണ്ട് മുമ്പോട്ടു പോകാതെ പട്ടണത്തിൽനിന്നു രണ്ടു മൈൽ അകലെയുള്ള ഒരു പള്ളിയിലേക്കു പോയി. അ ദ്ദേഹം ആ പള്ളിയിലുണ്ടെന്ന് അറിഞ്ഞപ്പോൾ, പൌര ജനങ്ങൾ കൂട്ടംകൂട്ടമായി അദ്ദേഹത്തിൻെറ ദർശനത്തിനു വേണ്ടി അവിടത്തേക്ക് ഓടി. പുരുഷാരത്തിൻെറ തി ക്കും തിരക്കും നിമിത്തം പള്ളിവക മുന്തിരിത്തോട്ടത്തിലെ കൃഷി മിക്കവാറും നശിപ്പിക്കപ്പെട്ടു. പള്ളിയിലെ വൈ ദികൻ ആ നഷ്ടത്തിനു ഹേതുഭൂതമായ പുരുഷാരത്തെ അ വിടത്തേക്ക് ആകർഷിച്ച ഫ്റാൻസിസിനെ അവിടെ സ്വീകരിച്ചതിനെപ്പററി പശ്ചാത്തപിച്ചു. അയാളുടെ ചിത്തവൃത്തിയെ ഗ്രഹിച്ച ഫ്റാൻസിസ് അയാളോട് ഇപ്രകാരം ചോദിച്ചു: "എൻെറ പ്രിയപ്പെട്ട പിതാവെ, ഏററവും കൂടുതൽ വിളവുള്ളപ്പോൾ ഒരാണ്ടിൽ ഈ മുന്തി രിത്തോട്ടത്തിൽനിന്ന് എത്ര പറ വീഞ്ഞ് അങ്ങേയ്ക്കു ലഭി ക്കും?'' വൈദികൻ, "പന്ത്രണ്ടുപറ.'' ഫ്റാൻസിസ്,

“പിതാവെ, ഏതാനും ദിവസം ഇവിടെത്താമസിക്കുന്നതിനു് എന്നെ അനുവദിക്കാൻ ക്ഷമയുണ്ടാകണമെന്നു ഞാനപേക്ഷിച്ചുകൊള്ളുന്നു; ഇവിടത്തെ താമസം എനിക്കു വളരെ വിശ്രമകരമായിരിക്കുന്നു. ദൈവത്തോടും, ദരിദ്രനും എളിയവനുമായ എന്നോടുമുള്ള സ്നേഹത്തെ ഓൎത്തു്, ഇവിടെ വരുന്നവരെല്ലാവരും അങ്ങയുടെ മുന്തിരിത്തോട്ടത്തിൽ നിന്നു പഴങ്ങൾ യഥേഷ്ടം പറിച്ചുകൊള്ളട്ടെ. അതിനുപകരം അങ്ങേയുടെ തോട്ടത്തിൽനിന്നു പ്രതിവൎഷം ഇരുപതു പറ വീഞ്ഞു ലഭിക്കുന്നതായിരിക്കുമെന്നു ഭഗവാൻ യേശുക്രിസ്തുവിൻെറ നാമത്തിൽ ഞാൻ അങ്ങയോടു പ്രതിജ്ഞ ചെയ്തുകൊള്ളുന്നു.” അങ്ങനെ ഫ്രാൻസിസ് അവിടെ ഏതാനും ദിവസം താമസിച്ചു; അദ്ദേഹത്തിൻെറ സാന്നിദ്ധ്യം അവിടെ വന്നുകൊണ്ടിരുന്ന ജനങ്ങൾക്കു് അത്യന്തം ഗുണപ്രദമായിരുന്നു; അവരിൽ വളരെപ്പേർ ദിവ്യസ്നേഹത്തിനു സവിശേഷം പാത്രീഭവിക്കുകയും ലൌകിക സുഖാനുഭോഗങ്ങളെ പരിത്യജിച്ചിട്ടു് മോക്ഷമാൎഗ്ഗത്തെ അവലംബിക്കുകയും ചെയ്തു. ഫ്രാൻസീസിൻെറ പ്രതിശ്രുവത്തെ വിശ്വസിച്ചു് പ്രസ്തുത വൈദികൻ തൻെറ മുന്തിരിത്തോട്ടത്തെ സന്ദൎശകരായ ബഹുജനങ്ങൾ യഥേഷ്ടം അനുഭവിച്ചുകൊള്ളുന്നതിനായി വിട്ടുകൊടുത്തു. അതിൻെറ ഫലമായി തോട്ടം മിക്കവാറും ശൂന്യമാക്കപ്പെട്ടു. എന്നാൽ, എന്തൊരത്ഭുതം! വിളവെടുക്കുന്ന കാലമായപ്പോൾ, ആ വൈദികൻ അവശേഷിച്ചിരുന്ന ഏതാനും മുന്തിരിക്കുലകൾ ശേഖരിച്ചു മുന്തിരിച്ചക്കിലിട്ടു് ആട്ടിയെടുത്തപ്പോൾ, ഫ്രാൻസിസിൻെറ പ്രവചനമനുസരിച്ചു് ഇരുപതു പറ ഒന്നാംതരം വീഞ്ഞുണ്ടായിരുന്നു. മുന്തിരിക്കുലകൾ അപഹരിക്കപ്പെട്ടിട്ടും ഫ്രാൻസിസിൻെറ പുണ്യാതിരേകത്താൽ മുന്തിരിത്തോട്ടത്തിൽനിന്നു ധാരാളം വീഞ്ഞു ലഭിച്ചതുപോലെ, പാപത്താൽ ഗുണശൂന്യമായിബ്ഭവിച്ച ക്രൈസ്തവ ജനങ്ങളിൽ പലപ്പോഴും ഫ്രാൻസിസിൻെറ പുണ്യത്തിൻെറയും ഉപദേശത്തിൻെറയും ഫലമായി പശ്ചാത്താപജന്യങ്ങളായ സൽഫലങ്ങൾ ധാരാളമായി വിളഞ്ഞിട്ടുണ്ടു എന്ന വസ്തുതയെ ഈ അത്ഭുതം ദ്യോതിപ്പിക്കുന്നു.

## അദ്ധ്യായം 20

സന്ന്യാസ വസ്ത്രത്തോടുള്ള അതിയായ വിദ്വേഷം നിമിത്തം അതു മാററിവച്ച് ധർമ്മസഹോദരസംഘത്തെ ഉപേക്ഷിച്ചുപോകാൻ വിചാരിച്ച ഒരു യുവധർമ്മസഹോദരനുണ്ടായ മനോഹരമായൊരു ദർശനത്തെപ്പററി.

ഉൽകൃഷ്ടമായൊരു കുടുംബത്തിൽ ജനിച്ചവനും സുഖഭോഗങ്ങളിൽ വളൎന്നവനുമായ ഒരു യുവാവ് ഫ്റാൻസിസ്കൻ ധമ്മസഹോദര സംഘത്തിൽ ചേൎന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അയാൾ പിശാചിന്റെ പ്രേരണയ്ക്കു വശീഭവിച്ച്, താൻ ധരിച്ചിരുന്ന സന്ന്യാസവസ്ത്രത്തെ വെറുത്തു തുടങ്ങി; അത് ഏററവും നികൃഷ്ടമായ ചാക്കുതുണി കൊണ്ടുണ്ടാക്കപ്പെട്ടതാണെന്ന് അയാൾക്കു തോന്നി. അതിന്റെ കൈകളോട് അയാൾക്കു വളരെ പുച്ഛമായി; അതിനോടുചേൎന്ന ശിരോവേഷ്ടിയെ അയാൾ നിന്ദിച്ചു; അതിന്റെ നീളവും പരുപരുപ്പും അയാൾക്കു ദുൎവ്വഹമായിത്തോന്നി. അതിനോടൊപ്പം സഹോദരസംഘത്തെപ്പററിയുള്ള അയാളുടെ നീരസവും വൎദ്ധിച്ചു. അവസാനമായി സന്ന്യാസവസ്ത്രം ഉപേക്ഷിച്ചിട്ട് ലൌകികജീവിതത്തിലേക്കു തിരിച്ചുപോകുന്നതിന് അയാൾ തീർച്ചപ്പെടുത്തി. ഗുരൂപദേശമനുസരിച്ച്, അയാൾ ക്രിസ്തുവിന്റെ ശരീരം സൂക്ഷിക്കപ്പെട്ടിരുന്ന ആശ്രമദേവാലയത്തിലെ ബലിപീഠത്തിന്റെ മുമ്പിൽക്കൂടി കടന്നു പോകുമ്പോഴൊക്കെ ശിരോവേഷ്ടി പുറകോട്ടു വലിച്ചിട്ട്, കൈകൂപ്പി, മുട്ടുകുത്തി ഭക്തിപൂൎവ്വം നമസ്കരിക്കുക പതിവായിരുന്നു. അയാൾ ആശ്രമം വിട്ടുപോകാൻ വിചാരിച്ച ആ രാത്രിയിലും പ്രസ്തുത ബലിപീഠത്തിന്റെ മുമ്പിൽക്കൂടി കടന്നുപോകാനായി അവിടെച്ചെല്ലുകയും, പതിവനുസരിച്ച്, അതിന്റെ

മുമ്പിൽ മുട്ടുകുത്തി നമസ്കരിക്കുകയും ചെയ്തു. അപ്പോൾ പെട്ടെന്ന് അയാൾ ആത്മീയാനന്ദവിവശനാവുകയും അത്ഭുതകരമായ ഒരു ദിവ്യദർശനം അയാൾക്കുണ്ടാവുകയും ചെയ്തു. അസംഖ്യം പുണ്യവാന്മാർ, ഈരണ്ടുപേരായി ഒരു ഘോഷയാത്രയുടെ രീതിയിൽ, തന്റെ മുമ്പിൽക്കൂടി കടന്നു പോകുന്നതായി അയാൾ കണ്ടു; അവർ ഏററവും ഭംഗിയുള്ളതും വിലകൂടിയതുമായ ഉടുപ്പുകൾ ധരിച്ചിരുന്നു; അവരുടെ മുഖങ്ങളും കരതലങ്ങളും സൂര്യനുതുല്യം പ്രകാശിച്ചു; അവർ ചുവടുവച്ചതു ദേവദൂതന്മാരുടെ സംഗീതത്തിന്റെ താളത്തിനൊത്തായിരുന്നു; ഈ പുണ്യാത്മാക്കളുടെ നടുവിൽ രണ്ടുപേർ മററു സകലരെയുംകാൾ വിശിഷ്ടതരങ്ങളായ വസ്ത്രാലംകാരങ്ങൾ ധരിച്ചിരുന്നു; അവരെ ചുററിയിരുന്ന പരിവേഷത്തിന്റെ സമുജ്ജ്വലത വിസ്മയാവഹമായിരുന്നു; ആ ഘോഷയാത്രാസംഘത്തിന്റെ മിക്കവാറും ഒടുവിലായി ഒരു ധന്യൻ, പുതുതായി മാടമ്പിസ്ഥാനം ലഭിച്ച ഒരു വീരസേനാനിയെന്നു തോന്നുമാറു പ്രതാപമഹിമകളോടുകൂടിയവനായി, മററുള്ളവരേക്കാൾ ബഹുമാനിതനായി, കാണപ്പെട്ടു. ഈ ദർശനത്താൽ യുവാവു് അന്ധാളിച്ചു്, അതിന്റെ അർത്ഥമെന്തെന്ന് അറിയാൻ പാടില്ലാതെ, അർത്ഥമെന്തെന്നു് ചോദിക്കുന്നതിനു ധൈര്യപ്പെടാതെ, അതിന്റെ ലോകോത്തരമോഹനതയാൽ അപഹൃതചിത്തവൃത്തിയായി, സ്തബ്ധനായി നിന്നുപോയി. എങ്കിലും ആ ഘോഷയാത്രാസംഘം മുഴുവനും കടന്നുപോയപ്പോൾ, അയാൾ ധൈര്യമവലംബിച്ചു് പിന്നാലെ ഓടിച്ചെന്നു് അതിന്റെ ഒടുവിൽ നിന്നവരോടു് ഇങ്ങനെ ചോദിച്ചു: "ഓ സ്നേഹമൂർത്തികളെ, ഈ സംപൂജ്യമായ ഘോഷയാത്രയിൽ ഇത്ര പ്രകാശമാനങ്ങളായ വസ്ത്രാലംകാരങ്ങൾ ധരിച്ചിരിക്കുന്നവർ ആരാണെന്നു് എനിക്കു പറഞ്ഞു തരേണമേ എന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു." അവർ ഇപ്രകാരം പ്രതിവചിച്ചു: "മകനെ, ഞങ്ങളെല്ലാവരും ധർമ്മസഹോദരന്മാരാണു്; ഞങ്ങൾ ഇപ്പോൾ പറദീസായിലെ പ്രതാപമഹിമകളോടുകൂടി വരുകയാണു"; അയാൾ വീണ്ടും ഇപ്രകാരം ചോദിച്ചു: "മററുള്ളവരെക്കാൾ ഉജ്ജ്വ

ലതരമായി പ്രകാശിക്കുന്ന ആ രണ്ടുപേർ ആരാണ്?'' അവർ ഇങ്ങനെ പ്രതിവചിച്ചു: "അവർ പുണ്യാത്മാക്കളായ ഫ്റാൻസിസും ആൻറണിയുമാണ്. എല്ലാവരെയുംകാൾ ബഹുമാനിക്കപ്പെടുന്നവനായി നീ കണ്ട ആ ഒടുവിൽ നില്ക്കുന്നയാൾ ഇയ്യിടെ മരിച്ച വിശുദ്ധനായ ഒരു ധർമ്മസഹോദരനാണ്; അയാളെ വിജയശ്രീയോടെ പറദീസായിലെ അനന്തസൌഭാഗ്യം അനുഭവിക്കുന്നതിനായി ഞങ്ങൾ എതിരേററു കൊണ്ടുപോവുകയാണ്; അയാൾ പ്രലോഭനങ്ങളോടു വീരോചിതമായി സമരം ചെയ്തു് വിജയം പ്രാപിച്ചിരിക്കുന്നു. ഞങ്ങൾ ധരിച്ചിരിക്കുന്ന നേരിയ തുണികൊണ്ടുള്ള ഈ ഭംഗിയേറിയ വസ്ത്രങ്ങൾ, ഫ്റാൻസിസ്കൻ സംഘത്തിലെ അംഗങ്ങളെന്ന നിലയിൽ ഞങ്ങൾ ധരിച്ചിരുന്ന പരുക്കനുടുപ്പുകളുടെ സ്ഥാനത്തു്, ദൈവം ഞങ്ങൾക്കു തന്നിട്ടുള്ളതാണ്. നീ കാണുന്ന ഈ പ്രോജ്ജ്വലമായ പ്രതാപമഹിമകൾ ഞങ്ങളുടെ അവസാനംവരെ അഭംഗമായിരുന്ന വിനയത്തിനും ക്ഷമയ്ക്കും ദാരിദ്ര്യനിഷ്ഠയ്ക്കും അനുസരണദീക്ഷയ്ക്കും ബ്രഹ്മചര്യത്തിനും സമ്മാനമായി ദൈവം പ്രദാനം ചെയ്തിട്ടുള്ളതാകുന്നു. അതുകൊണ്ടു്, മകനെ, ഫ്റാൻസിസ്കൻ ധർമ്മസംഘത്തിലെ ചാക്കുതുണി ധരിക്കുന്നതു് നിനക്കു പ്രയാസമുള്ള ഒരു കാര്യമായിത്തോന്നരുതു്; അതു വളരെ ഫലാവഹമായ ഒന്നാണ്. പുണ്യവാനായ ഫ്റാൻസിസിൻെറ ചാക്കുതുണി ധരിച്ചുകൊണ്ടു്, നീ ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി ലോകത്തെ വെറുക്കുകയും ഇന്ദ്രിയനിഗ്രഹം ചെയ്യുകയും പിശാചന്നെതിരായി സുധീരം പോരാടുകയും ചെയ്യുന്നുവെങ്കിൽ, നിനക്കു ഞങ്ങളോടൊപ്പം ഭംഗിയേറിയ മൃദുലവസ്ത്രവും അനന്തമായ പ്രതാപമഹിമകളും ലഭിക്കുന്നതായിരിക്കും.'' ഇതിനുശേഷം യുവാവു് ആ ദിവ്യദർശനത്തിൽനിന്നു നിവൃത്തനാവുകയും, ആ ദർശനത്താൽ ധൈര്യസംയുക്തനായി പൈശാചിക പ്രലോഭനങ്ങളെയെല്ലാം ആട്ടിപ്പായിക്കുകയും ചെയ്തു. തൻെറ അപരാധത്തെ അയാൾ മേലാവിനോടും മററു ധർമ്മസഹോദരന്മാരോടും ഏററു പറഞ്ഞു. അപ്പോൾമുതൽ അയാൾക്കു പാപപരിഹാരകർമ്മങ്ങളുടെ

തികതതയും സന്യാസവസ്ത്രത്തിൻെറ പരുപരുപ്പവും ഏററവും പ്രിയംകരമായിത്തീരുകയും അയാൾ ആമരണം ഫ്റാൻസിസ്സിൻ ധമ്മസംഘത്തിലെ അതിവിശുദ്ധനായ ഒരംഗമായി പരിശോഭിക്കുകയും ചെയ്തു.

# അദ്ധ്യായം 21

ഫ്റാൻസിസ് ഗൂബിയോവിലെ ചെ
ന്നായെ അത്ഭുതകരമായി ഇണക്കുന്നു

ഫ്റാൻസിസ് ഗൂബിയോ പട്ടണത്തിൽ താമസിച്ചിരുന്ന കാലത്ത് അതിഭയങ്കരനായ ഒരു വലിയ ചെന്നായ് പട്ടണ പരിസരങ്ങളിൽ പ്രത്യക്ഷപ്പെട്ട് മൃഗങ്ങളേയും മനുഷ്യരേയും പിടികൂടി ഭക്ഷിച്ചുതുടങ്ങി. നഗരവാസികൾ ആസകലം ഭയപ്പെട്ടു. അവർ സംഘം ചേന്നും ആയുധം ധരിച്ചുമല്ലാതെ പുറത്തിറങ്ങുന്നതിനു ധൈര്യപ്പെട്ടില്ല. ഒററയ്ക്കൊരുത്തൻ ആയുധധാരിയായിരുന്നാലും ആ ചെന്നായോടെതിത്ത് രക്ഷപ്രാപിക്കുക സാധ്യമായിരുന്നില്ല. ഒടുവിൽ ഭയാക്രാന്തരായ പൌരജനങ്ങൾ ഒട്ടും പുറത്തിറങ്ങി സഞ്ചരിക്കാതായി. അവരുടെ ഈ ദുഃസ്ഥിതിയിൽ അനുകമ്പ തോന്നിയിട്ട് ഫ്റാൻസിസ് ആ ചെന്നായെ പിടികൂടുന്നതിനായി പുറപ്പെടാൻ നിശ്ചയിച്ചു. നഗരവാസികൾ അദ്ദേഹത്തെ ആ സാഹസത്തിൽനിന്നു വിരമിപ്പിക്കുന്നതിനു ശ്രമിച്ചു. അദ്ദേഹം അവരുടെ ഉപദേശം വകവയ്ക്കാതെ, കരിശടയാളം വരച്ച് ദൈവത്തെ ശരണീകരിച്ചുകൊണ്ട് ഏതാനും അനുചരന്മാരോടുകൂടി പുറപ്പെട്ടു. കുറെ ദൂരം പോയപ്പോൾ കൂട്ടുകാർ ഭയന്നു പിൻവലിഞ്ഞു; ഫ്റാൻസിസ് ഏകനായി ചെന്നായുടെ സങ്കേതത്തിലേക്കു കടന്നു. അദ്ദേഹം അടുത്തു ചെന്നപ്പോൾ, കാണികളായി അവിടെ കൂടിയിരുന്ന ഒട്ടുവളരെ ആളുകൾ കാണവെ, ചെന്നായ് അ

തിൻെറ ഘോരദംഷ്ട്രങ്ങൾ വിടൎത്തികൊണ്ടു് അദ്ദേഹത്തിൻെറ നേരെ കുതിച്ചുചാടി. അദ്ദേഹം നിൎഭയനായി അടുത്തുചെന്നു് അതിൻെറ നേരെ കുരിശടയാളം വരച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "സഹോദരൻ ചെന്നായെ, ഇവിടെ വരുക; നീ എനിക്കാകട്ടെ മററാൎക്കെങ്കിലുമാകട്ടെ യാതൊരുപദ്രവവും ചെയ്യരുതെന്നു ക്രിസ്തുവിൻെറ നാമത്തിൽ നിന്നോടു ഞാൻ ആജ്ഞാപിക്കുന്നു." എന്തൊരത്ഭുതം! ഫ്റാൻസിസ് കുരിശടയാളം വരച്ച മാത്രയിൽ, ആ ഭയങ്കരസത്വം വായ് പൂട്ടി അടങ്ങിനിന്നു; ക്രിസ്തുവിൻെറ നാമത്തിലുള്ള ആജ്ഞ പുറപ്പെട്ട മാത്രയിൽ അതു ഒരു കുഞ്ഞാടിനെപ്പോലെ സൌമ്യനായി വന്നു് അദ്ദേഹത്തിൻെറ പാദസന്നിധിയിൽ കിടന്നു. അപ്പോൾ ദ്ദേഹം അതിനോടു് ഇപ്രകാരം പറഞ്ഞു: "സഹോദരൻ ചെന്നായെ, നീ ഈ പ്രദേശത്തു വലുതായ ദുഷ്കൃത്യങ്ങൾ പ്രവൎത്തിക്കുന്നു; നീ ദൈവത്തിൻെറ സൃഷ്ടികളെ അദ്ദേഹത്തിൻെറ അനുവാദമില്ലാതെ കൊല്ലുന്നു. മൃഗങ്ങളെ മാത്രമല്ല നീ കൊന്നുതിന്നിട്ടുള്ളതു്; ദൈവത്തിൻെറ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യരെയും കൊല്ലുന്നതിനു നീ മുതിൎന്നിരിക്കുന്നു. അതുകൊണ്ടു് ദുഷ്ടനായ ഒരു തസ്കരൻെറയും കൊലപാതകിയുടെയും നിലയിൽ നീ വധശിക്ഷയ്ക്കൎഹനായിരിക്കുന്നു. ജനങ്ങളെല്ലാവരും നിനക്കെതിരായി പരാതി പറയുകയും മുറവിളി കൂട്ടുകയും ചെയ്യുന്നു; ഈ പട്ടണം മുഴുവനും നിന്നോടു ശത്രുതയിൽ വൎത്തിക്കുന്നു. എന്നാൽ, സഹോദരൻ ചെന്നായെ, നീ മൂലം മേലാൽ അവൎക്കു് ഉപദ്രവമുണ്ടാകാതിരിക്കുന്നതിനായി അവരെയും നിന്നെയും രഞ്ജിപ്പിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. നീ ചെയ്തുപോയ അപരാധങ്ങളെല്ലാം അവർ ക്ഷമിക്കുന്നതായിരിക്കും. മനുഷ്യരാകട്ടെ നായ്ക്കളാകട്ടെ നിന്നെ ഹിംസിക്കുകയില്ല." ഫ്റാൻസിസ് ഈ വാക്കുകൾ ഉച്ചരിച്ചപ്പോൾ, താൻ അവയെ സ്വീകരിച്ചിരിക്കുന്നുവെന്നും അനുസരിക്കാമെന്നു സമ്മതിച്ചിരിക്കുന്നുവെന്നും കാണിക്കുന്നതിനായി ചെന്നായ് വാലും ചെവികളും ചലിപ്പിക്കുകയും തല കുനിക്കുകയും ചെയ്തു. അനന്തരം

ഫ്റാൻസിസ് ഇങ്ങനെ പറഞ്ഞു: "സഹോദരൻ ചെന്നായെ, ഈ രാജിക്ക നീ സന്തോഷപൂൎവ്വം സമ്മതിച്ചിരിക്കുകയാൽ നിൻെറ ജീവിതകാലം മുഴുവനും നിനക്കു വിശക്കാനിടയാകാതെ ആവശ്യമുള്ള ഭക്ഷണ സാധനങ്ങളെല്ലാം ഈ പട്ടണവാസികൾ തരുന്നതിനു ഞാൻ ഏൎപ്പാടു ചെയ്യാം. നിൻെറ വിശപ്പടക്കുന്നതിനായിട്ടാണല്ലോ നീ ഈ അക്രമങ്ങളെല്ലാം പ്രവൎത്തിച്ചിട്ടുള്ളതു്. എന്നാൽ ഈ ഉപകാരം നിനക്കു ഞാൻ ചെയ്തുകഴിഞ്ഞാൽ, സഹോദരൻ ചെന്നായെ, നീ യാതൊരു മനുഷ്യനെയും മൃഗത്തെയും ഉപദ്രവിക്കുകയില്ലെന്നു പ്രതിജ്ഞചെയ്യണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ഈ പ്രതിജ്ഞ ചെയ്യാൻ നിനക്കു സമ്മതമാണോ?" ചെന്നായ് അപ്രകാരം പ്രതിജ്ഞ ചെയ്യുന്നുവെന്നു് ചേഷ്ടകൾകൊണ്ടു സ്പഷ്ടമായി തെളിയിച്ചു. ഫ്റാൻസിസ് വീണ്ടും ഇങ്ങനെ പറഞ്ഞു: "സഹോദരൻ ചെന്നായെ, നിന്നെ ഞാൻ പൂൎണ്ണമായി വിശ്വസിക്കത്തക്കവണ്ണം നീ ഈ പ്രതിജ്ഞ ശരിക്കു പാലിക്കുമെന്നുള്ളതിനു് എനിക്കു് ഉറപ്പു തരണമെന്നു ഞാൻ ആഗ്രഹിക്കുന്നു." ഈ ഉറപ്പു വാങ്ങുന്നതിനായി ഫ്റാൻസിസ് കൈനീട്ടിയപ്പോൾ, ചെന്നായ് അതിൻെറ വലത്തുകൈ പൊക്കി അദ്ദേഹത്തിൻെറ കൈയിൽവച്ചു; അങ്ങനെ തന്നാൽ കഴിയുന്ന മാതിരിയിലുള്ള ഉറപ്പിൻെറ സൂചന അതു് അദ്ദേഹത്തിനു നല്കി. അപ്പോൾ ഫ്റാൻസിസ് ഇങ്ങനെ പറഞ്ഞു: "സഹോദരൻ ചെന്നായെ എന്നോടൊന്നിച്ചു വരുന്നതിനു യേശുക്രിസ്തുവിൻെറ നാമത്തിൽ നിന്നോടു ഞാൻ ആജ്ഞാപിക്കുന്നു. ഒട്ടും ഭയപ്പെടേണ്ട, നമുക്കു പോയി ദൈവത്തിൻെറ നാമത്തിൽ ഈ സന്ധിയെ സ്ഥിരീകരിക്കണം." ചെന്നായ് അദ്ദേഹത്തിനു വശംവദനായി ഒരു ഓമനക്കുഞ്ഞാടിനെപ്പോലെ അദ്ദേഹത്തോടൊന്നിച്ചു പുറപ്പെട്ടു. നഗരവാസികൾ ഇതു കണ്ടു് അത്യന്തം വിസ്മയിച്ചു. ഈ അത്ഭുതം പട്ടണമൊട്ടുക്കു് ഉടനെ പ്രസിദ്ധമായി. ജനങ്ങൾ ആബാലവൃദ്ധം ഫ്റാൻസിസിനോടു് ഇണങ്ങിച്ചേൎന്നു നില്ക്കുന്ന ചെന്നായെക്കാണുന്നതിനായി ചന്തസ്ഥലത്തു തിങ്ങിക്കൂടി. ജനങ്ങളെല്ലാവരും അവിടെ വന്നു കൂടിയപ്പോൾ

ഫ്റാൻസിസ് അവരോട് ഒരു പ്രസംഗം ചെയ്തു. അത്തരം അത്യാചാരിതങ്ങൾ അവക്കു സംഭവിക്കുന്നതിനു ദൈവം അനുവദിച്ചതു് അവരുടെ പാപങ്ങൾ നിമിത്തമായിരുന്നുവെന്നും, ശപിക്കപ്പെട്ടവർ അനന്തമായി അനുഭവിച്ചേ മതിയാവൂ എന്നുള്ള നരകാഗ്നിജ്വാലകൾ, ശരീരത്തെമാത്രം കൊല്ലാൻ സാധിക്കുന്ന ചെന്നായുടെ അലച്ചയെക്കാൾ എത്രയധികം ഭയങ്കരമാണെന്നും, ഒരു ചെറിയ മൃഗത്തിൻെറ ദംഷ്ട്രങ്ങളെ ഭയന്ന് ഇത്രയധികം ജനങ്ങൾ സംഭ്രാന്തരായിത്തീൎന്ന സ്ഥിതിക്ക് നരകത്തിൻെറ ദംഷ്ട്രങ്ങൾ എത്രയധികം ഭയജനകമായിരിക്കുമെന്നും അദ്ദേഹം, മററു കാര്യങ്ങളുടെ കൂട്ടത്തിൽ, അവരോട്ട് ഉപന്യസിച്ചു. "അതുകൊണ്ടു, പ്രിയസഹോദരന്മാരെ, ദൈവസന്നിധിയിലേക്കു തിരിയുവിൻ; നിങ്ങളുടെ പാപങ്ങൾക്ക് ഉചിതമായ പരിഹാരം ചെയ്യുവിൻ; അപ്പോൾ ദൈവം നിങ്ങളെ ഈ ലോകത്തെ ചെന്നായിൽനിന്നും പരലോകത്തെ അനന്തമായ അഗ്നിയിൽനിന്നും മോചിപ്പിക്കുന്നതായിരിക്കും" എന്ന് അദ്ദേഹം പറഞ്ഞു. അനന്തരം അദ്ദേഹം തുടൎന്നു: "സഹോദരന്മാരെ, ശ്രദ്ധിച്ചു കേൾക്കുവിൻ: ഇവിടെ നിങ്ങളുടെ മുമ്പിൽ നില്ക്കുന്ന സഹോദരൻ ചെന്നായ്, നിങ്ങൾ ദിവസവും അവനു ഭക്ഷണം കൊടുത്തുകൊള്ളുമെന്നു പ്രതിജ്ഞ ചെയ്യുമെങ്കിൽ, നിങ്ങളെ യാതൊരു വിധത്തിലും ഉപദ്രവിക്കുകയില്ലെന്നു പ്രതിജ്ഞ ചെയ്യുകയും ആ പ്രതിജ്ഞ ശരിക്കു പാലിക്കുമെന്ന് എനിക്ക് ഉറപ്പുതരുകയും ചെയ്തിരിക്കുന്നു. അവൻ ഈ സമാധാന ഉടമ്പടിയെ സനിഷ്കൃഷ്ടം പാലിക്കുമെന്നുള്ളതിനു ജാമ്യക്കാരനായി ഇതാ ഞാൻ നില്ക്കുന്നു." അപ്പോൾ ജനങ്ങൾ ഏകകണ്ഠമായി ചെന്നായുടെ ജീവിതകാലം മുഴുവനും അവനു ഭക്ഷണം കൊടുത്തു കൊള്ളാമെന്നു പ്രതിജ്ഞചെയ്തു. അനന്തരം ഫ്റാൻസിസ് എല്ലാ ജനങ്ങളുടെയും മുമ്പിൽവച്ച് ചെന്നായോട്ട് ഇപ്രകാരം ചോദിച്ചു: "സഹോദരൻ ചെന്നായെ, ഈ ജനങ്ങളുടെ എല്ലാവരുടെയും മുമ്പിൽവച്ച് ഈ സന്ധിവ്യവസ്ഥകൾ പാലിച്ചു കൊള്ളാമെന്നും, മനുഷ്യനെയോ മൃഗത്തെയോ മററേതെങ്കിലും ജീവിയെ

യോ ഉപദ്രവിക്കയില്ലെന്നും നീ പ്രതിജ്ഞ ചെയ്യുന്നോ?'' അപ്പോൾ ചെന്നായ് മുട്ടുകുത്തി തലകുനിച്ചുകൊണ്ടും, വാലും ചെവിയും ശരീരമാസകലവും ചലിപ്പിച്ചുകൊണ്ടും സന്ധിവ്യവസ്ഥകൾ സകലവും ശരിക്കു പാലിക്കുമെന്നുള്ള അവന്റെ ദൃഢനിശ്ചയത്തെ പ്രകടിപ്പിച്ചു. ഫ്റാൻസിസ് വീണ്ടും പറയുന്നു: "സഹോദരൻ ചെന്നായെ, നിന്റെ പ്രതിജ്ഞയിൽനിന്നു നീ ഒരിക്കലും വ്യതിചലിക്കുകയില്ലെന്നു നഗരവാതിലുകൾക്കു പുറത്തുവച്ചു നീ എനിക്കു ഉറപ്പു തന്നതുപോലെ, ഇപ്പോൾ ഇവിടെ ഈ ജനങ്ങളുടെ എല്ലാവരുടെയും മുമ്പിൽവച്ചു്, നീ നിന്റെ ശപഥത്തെ പുതുക്കുകയും നിന്റെ ജാമ്യക്കാരനായ എന്നെ നീ കളിപ്പിക്കുകയില്ലെന്നു കരാറു ചെയ്യുകയും ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നു.'' അപ്പോൾ ചെന്നായ് അതിന്റെ വലതുകൈ ഉയർത്തി അതിനെ ഫ്റാൻസീസിന്റെ കൈയ്യിൽ വച്ചു. ഈ അത്ഭുതവും ചെന്നായുമായി അസാധാരണ രീതിയിലുള്ള ഈ രാജിയും കണ്ടു് സകല ജനങ്ങളും ആശ്ചര്യാനന്ദ പരതന്ത്രരായി. അവരെല്ലാവരും സ്വരമുയർത്തി ദുഷ്ടനായ ചെന്നായിൽനിന്നു തങ്ങളെ മോചിപ്പിക്കുന്നതിനു പുണ്യവാനായ ഫ്റാൻസിസിനെ അയച്ച ദൈവത്തെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തു. ഈ ചെന്നായ് രണ്ടു വർഷം ഗുബ്ബിയോയിൽ ജീവിച്ചു; അതു് ഒരു ആട്ടിൻകുട്ടിയെപ്പോലെ തെരുവുകളിൽകൂടി നടക്കുകയും വീടുതോറും പോവുകയും ചെയ്തു; അതു് ആരെയെങ്കിലും ഉപദ്രവിക്കുകയോ, ആരെങ്കിലും അതിനെ ഉപദ്രവിക്കുകയോ ചെയ്തില്ല. ജനങ്ങൾ ഉദാരമായി അതിനു ഭക്ഷണം കൊടുത്തു. പട്ടണത്തിൽക്കൂടെയുള്ള അതിന്റെ സ്വച്ഛന്ദ സഞ്ചാരത്തിൽ യാതൊരു പട്ടിയും അതിന്റെ നേരെ കുരച്ചില്ല. ഒടുവിൽ, രണ്ടു കൊല്ലത്തിനുശേഷം, വാർദ്ധക്യത്താൽ സഹോദരൻ ചെന്നായ് ചരമഗതിയെ പ്രാപിച്ചു. തന്റെ സൗശീല്യവും ഇണക്കവും കൊണ്ടു ഫ്റാൻസിസിന്റെ പുണ്യശക്തിയേയും വിശുദ്ധിയെയുംപററി പട്ടണവാസികളെ എപ്പോഴും അനുസ്മരിപ്പിച്ചു കൊണ്ടിരുന്ന ആ വൃകസഹോദരന്റെ വിയോഗം അവർക്കു വളരെ ദുഃഖകരമായിരുന്നു.

# അദ്ധ്യായം 22

### സെയിൻറ് ഫ്റാൻസീസ് കാട്ടുപ്രാവുകളെ ഇണക്കുന്നു

ഒരു ദിവസം ഒരു ചെറുപ്പക്കാരൻ ഏതാനും കാട്ടു പ്രാവുകളെ കുരുക്കുവെച്ചു പിടിച്ച് ചന്തയിലേക്കു കൊണ്ടുപോകുന്നതു് ഫ്റാൻസിസ് കണ്ടു. സാധു ജീവികളോട് എപ്പോഴും സവിശേഷമായ കാരുണ്യമുണ്ടായിരുന്ന അദ്ദേഹം അനുകമ്പയോടുകൂടി ആ പ്രാവുകളെ നോക്കിയിട്ട് ആ യുവാവിനോട് ഇപ്രകാരം പറഞ്ഞു: "ഹേ, നല്ലവനായ ചെറുപ്പക്കാരാ, ആ പ്രാവുകൾ എത്ര സൌമ്യശീലമുള്ളവയായിരിക്കുന്നു. അവയുടെ സൌമ്യതാതിശയം നിമിത്തം വേദപുസ്തകത്തിൽ നിർമ്മലവും നിഷ്കപടവും വിനീതവുമായ ആത്മാക്കൾ അവയോട് ഉപമിക്കപ്പെട്ടിരിക്കുന്നുവല്ലോ. അവയെ കൊന്നുകളയുമെന്നുള്ള ദുഷ്ടന്മാരുടെ കൈയിൽ അവ ചെന്നു ചേരുന്നതു് എത്ര കഷ്ടമാണ്! അതിനിടയാകാതെ അവയെ എനിക്കു തരുമാറാകണമെന്നു ഞാനപേക്ഷിക്കുന്നു." ഉടനെ തന്നെ ദൈവത്താൽ പ്രചോദിതനായി ആ യുവാവ് അവയെ ഫ്റാൻസീസിനു കൊടുത്തു. അദ്ദേഹം അവയെ വാങ്ങി നെഞ്ചോടണച്ചു പിടിച്ചുകൊണ്ട് ഇങ്ങനെ സുമധുരമായി സംഭാഷണം ചെയ്തുതുടങ്ങി: "ഓ എൻെറ ചെറുസഹോദരികളെ, നിഷ്കപടകളും നിർദ്ദോഷകളും നിർമ്മലകളുമായ പ്രാവുകളെ, നിങ്ങൾ എന്തുകൊണ്ടു മനുഷ്യർക്ക് നിങ്ങളെ പിടിക്കാൻ സൌകര്യം കൊടുത്തു? ഇപ്പോൾ ഞാൻ നിങ്ങളെ മൃത്യുവിൽനിന്നു മോചിപ്പിക്കുകയും നിങ്ങൾക്കു കൂടുകൾ ഉണ്ടാക്കിത്തരുകയും ചെയ്യും. നമ്മുടെ സ്രഷ്ടാവിൻെറ കല്പനയനുസരിച്ച് നിങ്ങൾ ഫലപ്രദായിനികളായി നിങ്ങളുടെ ജാതിയെ വർദ്ധിപ്പിക്കുവിൻ." ഫ്റാൻസിസ് അവയെ കൊണ്ടുപോയി അവയ്ക്കു കൂടുകളു

ണ്ടാക്കിക്കൊടുത്തു. അവ മുട്ടയിട്ടു കുഞ്ഞുങ്ങളെ കൊത്തി വിരിച്ചു വളത്തുകയും ഫ്റാൻസിസിനോടും ധമ്മസഹോദരന്മാരോടുമൊരുമിച്ച് ഇണങ്ങിക്കഴിഞ്ഞുകൂടുകയും ചെയ്തു. ഫ്റാൻസിസിൻെറ അനുവാദവും അനുഗ്രഹവും ലഭിക്കുന്നതുവരെ അവ ആശ്രമം വിട്ടുപോയില്ല. അവയെ തനിക്കു നല്കിയ ആ യുവാവിനോട് അദ്ദേഹം ഇപ്രകാരം പറഞ്ഞിരുന്നു: "മകനെ നീ ഈ ധമ്മസംഘത്തിൽചേന്ന് ഒരു സഹോദരനായിത്തീരുകയും യേശുക്രിസ്തുവിനെ സമുചിതമായി സേവിക്കുകയും ചെയ്യുന്നതായിരിക്കും." ഈ പ്രവചനം നിറവേറി; പ്രസ്തുത യുവാവ് ഒരു ധമ്മസഹോദരനായിത്തീരുകയും ധമ്മസംഘത്തിൽ പുണ്യജീവിതം നയിക്കുകയും ചെയ്തു.

## അദ്ധ്യായം 23

ഫ്രാൻസീസ് പാപിയായ ഒരു ധർമ്മസഹോദരനെ പിശാചൻെറ ആധീനത്തിൽനിന്നും മോചിപ്പിക്കുന്നു.

ഒരിക്കൽ ഫ്റാൻസീസ് പോർസ്യുങ്കിലായിലെ ആശ്രമത്തിൽ പ്രാത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, പിശാചങ്ങളുടെ ഒരു വലുതായ സൈന്യം ആ ആശ്രമത്തെ വളഞ്ഞ് അവരോധിച്ചിരിക്കുന്നതായി അദ്ദേഹത്തിനു ദിവ്യദർശനമുണ്ടായി. എന്നാൽ അവയ്ക്കു ആശ്രമത്തിനുള്ളിൽ പ്രവേശിക്കാൻ സാധിച്ചില്ല; ആശ്രമവാസികൾ യാതൊരു ദുഷ്ടഭൂതത്തിനും അടുത്തുചെല്ലാൻ സാധിക്കാതിരിക്കത്തക്കവണ്ണം അത്ര പരിശുദ്ധന്മാരായിരുന്നു. എങ്കിലും ശത്രു അകത്തു കടക്കുന്നതിനു വല്ലപഴുതും കിട്ടുമോ എന്നു നോക്കി നില്ക്കുകയായിരുന്നു. അപ്പോൾ ധർമ്മസഹോദരന്മാരിലൊരുവൻ വേറൊരുവനോടു ശണ്ഠകൂടി, അവനോടു പ്രതികാരംചെയ്യുന്നതിനുള്ള മാർഗ്ഗം ആലോചിച്ചു. ഇങ്ങനെ അവൻ പാപകർമ്മോദ്യതനായിനിന്നപ്പോൾ

പിശാചൻ അകത്തേക്കുള്ള വഴി തുറന്നിരിക്കുന്നതായി കാണുകയും, ആശ്രമത്തിനുള്ളിൽ കടന്നു ആ ധർമ്മസഹോദരൻെറ തോളിൽ കയറിഇരിക്കുകയുംചെയ്തു. അപ്പോൾ തൻെറ അജഗണത്തെ എപ്പോഴും സൂക്ഷിച്ചുകൊണ്ടിരുന്ന ദീനദയാലുവും ജാഗരൂകനുമായ ആ അജപാലൻ തൻെറ കുഞ്ഞാടിനെ പിടിച്ചു വിഴുങ്ങുന്നതിനായി ചെന്നായ് ആട്ടാലയിൽ കടന്നു കൂടിയതുകണ്ടു്, ആ ധർമ്മസഹോദരനെ തൻെറയടുക്കൽ വിളിപ്പിച്ചു് മനുഷ്യവർഗ്ഗത്തിൻെറ ശത്രുവിൻെറ ആധീനത്തിൽ അവനെ അകപ്പെടുത്തിയ സഹോദരവിദ്വേഷമാകുന്ന വിഷത്തെ ഉടനെ അവൻെറ ഉള്ളിൽനിന്നു വിസർജ്ജിക്കുന്നതിനു് ആജ്ഞാപിച്ചു. ആ പരിശുദ്ധനായ പിതാവു് തൻെറ ഹൃദയത്തെ യഥാസ്ഥിതി കണ്ടിരിക്കുന്നുവെന്നു് അറിഞ്ഞപ്പോൾ, പ്രസ്തുത ധർമ്മസഹോദരൻ ഭയഭക്തിപരവശനായി തൻെറ ഹൃദയത്തിൽ സ്ഥിതിചെയ്തു വിദ്വേഷവിഷത്തെയും ദുഷ്ടതയെയും ഛർദ്ദിച്ചിടുകയും തൻെറ പാപത്തെ ഏററുപറഞ്ഞു് മാപ്പപേക്ഷിക്കുകയും ചെയ്തു. ഫ്രാൻസിസ് അവൻെറ പശ്ചാത്താപപ്രകടനത്തിൽ സംതൃപ്തനായി, അവനു പ്രായശ്ചിത്തം കല്പിച്ചു മാപ്പു നല്കിയ ഉടനെ പാപവിമുക്തനായ അവനിൽനിന്നു പിശാചൻ വിട്ടുപോയി. തൻെറ പുണ്യവാനായ ഗുരുനാഥൻെറ സ്നേഹത്താലും ഔദാര്യത്താലും ദുഷ്ടനായ പിശാചൻെറ ആധീനത്തിൽ നിന്നു മോചനംപ്രാപിച്ച ആ ധർമ്മസഹോദരൻ ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ടു് ഉല്ലാഘനായി, പ്രബുദ്ധമാനസനായി തൻെറ മുറിയിലേക്കു മടങ്ങിപ്പോയി. അതിൻെറ ശേഷമുള്ള അവൻെറ ജീവിതം സഹോദരസ്നേഹത്തിൻെറയും വിശുദ്ധിയുടെയും ഒരു ദർപ്പണംതന്നെയായിരുന്നു.

## അദ്ധ്യായം 24

ഫ്രാൻസീസും ബാബിലോണിലെ സുൽത്താനും.

ഫ്രാൻസിസ് ഒരിക്കൽ ക്രിസ്തുധമ്മം പ്രചരിപ്പിക്കുന്നതിലുള്ള ഉത്സാഹപ്രകർഷത്താലും അതിനുവേണ്ടി രക്തസാക്ഷിത്വം വരിക്കുന്നതിനുള്ള അഭിനിവേശത്താലും പ്രചോദിതനായി, ഏററവും വിശ്രുദ്ധന്മാരായ പന്ത്രണ്ട് അനുചരന്മാരോടുകൂടി കടൽ കടന്നു ബാബിലോണിലെ സുൽത്താൻെറ രാജധാനിയിലേക്കു പ്രയാണം ചെയ്തു. അക്കാലത്തു ക്രിസ്ത്യാനികൾക്ക് ആ രാജ്യത്തു പ്രവേശനം അനുവദിക്കപ്പെട്ടിരുന്നില്ല. അവരുടെ പ്രവേശനത്തെ നിരോധിക്കുന്നതിനായി അതൃത്തികൾ ഭദ്രമായി ബന്തോവസ്സു ചെയ്യപ്പെട്ടിരുന്നു. ബന്തോവസിൻെറ കക്കശത നിമിത്തം ക്രിസ്ത്യാനിയായ ഒരുവനു ജീവഹാനി കൂടാതെ രാജ്യത്തിനുള്ളിൽ കടക്കാൻ സാധിക്കുമായിരുന്നില്ല. എങ്കിലും ഫ്രാൻസിസും അനുചരന്മാരും ഒരു തരത്തിൽ അകത്തു കടന്നുകൂടി. അവരെ കാവൽ ഭടന്മാർ പിടികൂടി അടിക്കുകയും മററും ചെയ്തുവെങ്കിലും കൊന്നില്ല. ദ്വാരപാലന്മാർ അവരെ വിലങ്ങുവച്ചു സുൽത്താൻെറ മുമ്പിൽ ഹാജരാക്കി. രാജസന്നിധിയിൽനിന്നുകൊണ്ടു ഫ്രാൻസിസ്, പരിശുദ്ധാത്മാവിനാൽ പ്രബുദ്ധനായി, ക്രിസ്തുധമ്മത്തെപ്പററി അത്യുജ്ജ്വലമായി പ്രസംഗിച്ചു. തൻെറ വിശ്വാസത്തിനുവേണ്ടി അഗ്നിപരീക്ഷയ്ക്കുപോലും അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചു. അദ്ദേഹത്തിൻെറ വിശ്വാസസ്ഥൈര്യത്താലും നിസ്സംഗതയാലും ധർമ്മവീര്യത്താലും സമാകൃഷ്ടനായ സുൽത്താൻ അദ്ദേഹത്തോടു വളരെ ആദരം പ്രദർശിപ്പിച്ചു. അപ്പോൾ മുതൽ സുൽത്താൻ അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുന്നതിനു താൽപര്യം കാണിക്കുകയും തൻെറ സന്നിധിയിൽ പ്രസം

ഗിക്കുന്നതിനു കൂടെക്കൂടെ അദ്ദേഹത്തെ ക്ഷണിക്കുകയും ചെയ്തു. തന്റെ രാജ്യത്തെവിടേയും നിർബാധം ക്രിസ്തുധർമ്മം പ്രസംഗിക്കുന്നതിനുള്ള സ്വാതന്ത്ര്യവും അധികാരവും സുൽത്താൻ അദ്ദേഹത്തിനും അനുചരന്മാർക്കും കൊടുത്തു. അതനുസരിച്ച് അദ്ദേഹം തന്റെ അനുചരന്മാരെ ഈരണ്ടുപേരായി പല ഭാഗങ്ങളിലേക്കും സുവിശേഷം പ്രചരിപ്പിക്കുന്നതിനു നിയോഗിച്ചു. അദ്ദേഹം അവരിലൊരുവനോടുകൂടി ഒരു വഴിക്കു പുറപ്പെട്ടു. ആ യാത്രയിൽ ഒരു രാത്രി അദ്ദേഹം വിശ്രമിക്കുന്നതിനായി ഒരു സത്രത്തിൽ ചെന്നു. അവിടെ ശരീരത്തിൽ സുരൂപയും എന്നാൽ ആത്മാവിൽ വിരൂപയുമായ ഒരു സ്ത്രീയുണ്ടായിരുന്നു. പാപഗ്രസ്തയായ അവൾ അദ്ദേഹത്തെ പാപംചെയ്യുന്നതിനു പ്രേരിപ്പിച്ചു. അദ്ദേഹം വശംവദനാണെന്നു ധരിച്ച് അവൾ അദ്ദേഹത്തെ ഒരു മുറിയിലേക്കു കൊണ്ടുപോയി. അപ്പോൾ, "എന്നെ പിന്തുടരുക," എന്നു ഫ്രാൻസിസ് അവളോടു പറഞ്ഞു. അങ്ങനെ അദ്ദേഹം അവളെ ആ മുറിയിൽ കത്തിയെരിഞ്ഞുകൊണ്ടിരുന്ന അഗ്നികുണ്ഡത്തിലേക്ക് ആനയിച്ചു. അദ്ദേഹം ഉടുപ്പൂരിഞ്ഞു മാററിയിട്ട് ഒട്ടും കൂസൽകൂടാതെ ആ തീച്ചൂളയിൽ കയറിക്കിടന്നുകൊണ്ട്, അവളെ ആ സുമൃദുലവും സുമനോഹരവുമായ ശയ്യയിൽ കൂടെച്ചെന്നുകിടക്കുന്നതിനു ക്ഷണിച്ചു! അങ്ങനെ അദ്ദേഹം ഏറെനേരം വെന്തുപോകാതെ, പൊള്ളുകപോലും ചെയ്യാതെ, ആ പാവകശയ്യയിൽ പ്രസന്നവദനനായി കിടക്കുന്നതു കണ്ടപ്പോൾ ആ കുലട ഭയാക്രാന്തയായി; അവളുടെ ഹൃദയത്തിന് ഉടനെ പരിവർത്തനമുണ്ടായി, അവൾ തന്റെ പാപത്തെയും ദുഷ്ടോദ്ദേശ്യത്തെയും പററി പശ്ചാത്തപിക്കുകയും ക്രിസ്തുധർമ്മത്തിൽ പൂർണ്ണമായി വിശ്വസിച്ചു ക്രിസ്ത്യാനിയായിത്തീരുകയും ചെയ്തു. അതിനുശേഷം അവൾ നയിച്ച പരിപാവന ജീവിതം ആ രാജ്യത്ത് ഒട്ടധികം ആത്മാക്കളുടെ രക്ഷയ്ക്കു ഹേതുവായിബ്ഭവിച്ചു.

ഒടുവിൽ ദൈവത്തിൽനിന്നുണ്ടായ ഒരു അന്തശ്ചോദനമനുസരിച്ച് ഫ്രാൻസിസ് അനുചരന്മാരോടുകൂടി

സ്വദേശത്തേക്കു മടങ്ങിപ്പോകുന്നതിനു നിശ്ചയിച്ചു. അദ്ദേഹം സുൽത്താൻെറ പക്കൽ പോയി യാത്രപറഞ്ഞു. അപ്പോൾ സുൽത്താൻ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു: "സഹോദരൻ ഫ്റാൻസിസ്, ക്രിസ്തുമതം സ്വീകരിക്കുന്നതിന് എനിക്കു സന്തോഷമുണ്ട്. എന്നാൽ ഇപ്പോൾ അതിനു ഞാൻ ഭയപ്പെടുന്നു. എന്തുകൊണ്ടെന്നാൽ ഇവിടത്തെ ജനങ്ങൾ അതിനെപ്പറ്റി അറിഞ്ഞാൽ, അവർ തീർച്ചയായും അങ്ങയെയും അങ്ങയുടെ അനുചരന്മാരെയും കൊന്നുകളയും. അങ്ങേയ്ക്കു് ഇനിയും ധാരാളം നന്മ ചെയ്യാൻ കഴിയുമെന്നുള്ളതുകൊണ്ടും എനിക്ക് അതിപ്രധാനങ്ങളായ പല കാര്യങ്ങളും ചെയ്തുതീർക്കാനുള്ളതുകൊണ്ടും, അങ്ങയുടെയും എൻെറയും മരണത്തിനു ഞാൻ കാരണക്കാരനാകാൻ വിചാരിക്കുന്നില്ല. എന്നാൽ എനിക്കു രക്ഷപ്രാപിക്കാനുള്ള മാർഗ്ഗം പറഞ്ഞുതരിക; അങ്ങയുടെ ഉപദേശമനുസരിച്ചു പ്രവർത്തിക്കാൻ ഞാൻ സന്നദ്ധനാണ്." ഫ്റാൻസിസ് ഇങ്ങനെ പ്രതിവചിച്ചു: "പ്രഭോ ഇപ്പോൾ ഞാൻ അങ്ങയെ വിട്ടുപിരിയേണ്ടിയിരിക്കുന്നു. എന്നാൽ ഞാൻ എൻെറ നാട്ടിൽ മടങ്ങിപ്പോയി, ദൈവാനുഗ്രഹത്താൽ മരണാനന്തരം സ്വർഗ്ഗം പ്രാപിച്ചശേഷം, ഞാൻ എൻെറ ധർമ്മസഹോദരന്മാരിൽ രണ്ടുപേരെ അങ്ങയുടെ പക്കലേക്കു നിയോഗിക്കുന്നതായിരിക്കും. അവരുടെ കരങ്ങളാൽ അങ്ങു ജ്ഞാനസ്നാപനം ചെയ്യപ്പെടുകയും മോക്ഷം പ്രാപിക്കുകയും ചെയ്യും. ഈ പരിപാടി എനിക്കു ഭഗവാൻ യേശുക്രിസ്തു വെളിപ്പെടുത്തിത്തന്നിട്ടുള്ളതാണ്. അതിനുള്ളിൽ അങ്ങു് ഈശ്വരാനുഗ്രഹത്തിനു യഥാകാലം പാത്രീഭവിക്കത്തക്കവണ്ണം സകല പ്രതിബന്ധങ്ങളെയും നീക്കി സ്വതന്ത്രനായി ഇരുന്നു കൊള്ളുക.!!

ഇപ്രകാരം പറഞ്ഞശേഷം ഫ്റാൻസിസ് അനുചരന്മാരോടൊന്നിച്ചു മടങ്ങിപ്പോയി. ഏതാനും വർഷങ്ങൾ കഴിഞ്ഞു് അദ്ദേഹം ദേഹവിയോഗം ചെയ്തു് സ്വർഗ്ഗം പ്രാപിച്ചു. സുൽത്താൻ രോഗബാധിതനായി ശയ്യയെ അവലംബിച്ചു. അദ്ദേഹം ഫ്റാൻസിസിൻെറ

പ്രതിജ്ഞയുടെ നിർവർത്തനം ഉൽക്കണ്ഠയോടെ പ്രതീക്ഷിക്കുന്നു. തന്റെ രാജ്യത്തേക്കുള്ള പ്രവേശനമാർഗ്ഗങ്ങളിൽ കാവൽനില്ക്കുന്ന ഭടന്മാരോട് ഫ്രാൻസിസ്സിൻ സന്യാസവസ്ത്രം ധരിച്ചു രണ്ടു ധർമ്മസഹോദരന്മാർ വരുന്നുവെങ്കിൽ അവരെ ഉടനെ തന്റെ മുമ്പിൽ കൊണ്ടുവരുന്നതിനാജ്ഞാപിക്കുന്നു. അതേസമയത്തുതന്നെ ഫ്രാൻസിസ് രണ്ടു ധർമ്മസഹോദരന്മാർക്കു പ്രത്യക്ഷപ്പെട്ട് അവർ വേഗം പുറപ്പെട്ടു സുൽത്താന്റെയടുക്കൽ പോയി തന്റെ പ്രതിജ്ഞയനുസരിച്ച് അദ്ദേഹത്തിന്റെ മോക്ഷപ്രാപ്തിക്കു വേണ്ടതു ചെയ്യാൻ കല്പിക്കുന്നു. ആ ധർമ്മസഹോദരന്മാർ ഉടനെ പുറപ്പെടുകയും അതൃത്തിയിൽവച്ച് അവരെ കാവൽഭടന്മാർ സ്വീകരിച്ച് സുൽത്താന്റെ മുമ്പിൽ ആനയിക്കുകയും ചെയ്തു. സുൽത്താൻ അവരെ കണ്ടപ്പോൾ ഇങ്ങനെ പറഞ്ഞു: "പുണ്യവാനായ ഫ്രാൻസിസ് എന്നോട് ചെയ്തിട്ടുള്ള പ്രതിജ്ഞയനുസരിച്ച് എന്റെ രക്ഷയ്ക്കായി ദൈവം തന്റെ ദാസന്മാരെ അയച്ചിരിക്കുകയാണെന്ന് എനിക്ക് ഇപ്പോൾ ബോദ്ധ്യമായിരിക്കുന്നു." സുൽത്താൻ ആ ധർമ്മസഹോദരന്മാരിൽനിന്നു ക്രിസ്തുധർമ്മം സംബന്ധിച്ച ഉപദേശങ്ങളും ജ്ഞാനസ്നാനവും സ്വീകരിച്ച്, ക്രിസ്തുവിൽ പുനർജ്ജന്മം പ്രാപിച്ചശേഷം ചരമഗതിയെ പ്രാപിച്ചു. പുണ്യാത്മാവായ ഫ്രാൻസിസിന്റെ പുണ്യാതിശയത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി ആ രാജാവിന്റെ ആത്മാവിനു മോക്ഷം സിദ്ധിച്ചു.

## അദ്ധ്യായം 25

**ഫ്റാൻസീസ് ഒരു കുഷ്ഠരോഗിയുടെ ശരീരത്തിനും ആത്മാവിനും ആരോഗ്യം പ്രദാനംചെയ്യുന്നു.**

ക്രിസ്തുവിൻെറ യഥാർത്ഥശിഷ്യനായ ഫ്റാൻസിസ് തൻെറ ആ ദിവ്യഗുരുനാഥനെ എല്ലാവിധത്തിലും അനുകരിക്കുന്നതിനു തൻെറ കഴിവു മുഴുവനും ഉപയോഗിച്ചു ശ്രമിച്ചു. അതിൻെറ ഫലമായി പലപ്പോഴും ദിവ്യാനുഗ്രഹശക്തിയാൽ, ക്രിസ്തുവിനെ സംബന്ധിച്ച സുവിശേഷങ്ങളിൽ നാം വായിക്കുന്നതുപോലെ, ഫ്റാൻസിസ് അത്ഭുതകരമായി സുഖപ്പെടുത്തിയ രോഗികളുടെ ആത്മശരീരങ്ങൾ ഒന്നുപോലെ ഉല്ലാഘങ്ങളായി. അദ്ദേഹം സ്വയം കുഷ്ഠരോഗികൾക്കു ശുശ്രൂഷ ചെയ്തുവെന്നു മാത്രമല്ല, തൻെറ ശിഷ്യന്മാരായ ധർമ്മസഹോദരന്മാരും അവർ പോകുന്ന സ്ഥലങ്ങളിലെല്ലാം, ക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം, കുഷ്ഠരോഗികളെ, ക്രിസ്തുവിനെ എന്നവണ്ണം, പരിചരിക്കണമെന്ന് അനുശാസിച്ചു. ഒരിക്കൽ ഫ്റാൻസിസ് താമസിച്ചിരുന്ന ആശ്രമത്തിനടുത്തുള്ള ഒരു കുഷ്ഠരോഗാശുപത്രിയിലെ രോഗികൾക്ക് ഈ ധർമ്മസഹോദരന്മാർ ശുശ്രൂഷ ചെയ്തിരുന്നു. ആ രോഗികളുടെ കൂട്ടത്തിൽ ധിക്കാരിയും ശഠനും ആഭാസനുമായ ഒരുവനുണ്ടായിരുന്നു. അവൻ തന്നെ ശുശ്രൂഷിക്കുന്നവരോട് എപ്പോഴും വഴക്കു കൂട്ടുകയും അവരെ ചീത്ത പറയുകയും അടിക്കുകയും ചെയ്യുക പതിവായിരുന്നുവെന്നു മാത്രമല്ല, ക്രിസ്തുവിനെയും ദേവമാതാവായ കന്യകാമറിയത്തെയുംകൂടി ദുസ്സഹമാംവണ്ണം ദൂഷിക്കുകയും ചെയ്തിരുന്നു. അവൻെറ ഈ അക്രമവും അസഭ്യവർഷവും ദൈവദൂഷണവും നിമിത്തം അവൻ തീർച്ചയായും പിശാചബാധിതനായിരുന്നുവെന്നു വിശ്വസിക്കപ്പെട്ടു. അവനെ പരിചരിക്കുന്നതിനു ധർമ്മ

സഹോദരന്മാർ കഴിയുന്നത്ര ശ്രമിച്ചുവെങ്കിലും, ക്രിസ്തുവിനും ദേവമാതാവിനും വിരുദ്ധമായുള്ള അവൻെറ ദൂഷണങ്ങൾ സഹിക്കുക അവരുടെ മനഃസാക്ഷിക്കു സദ്ധ്യമായിരുന്നില്ല. അതുകൊണ്ടു് അവനെ ഉപേക്ഷിക്കുന്നതിനു് അവർ തീർച്ചപ്പെടുത്തി. പക്ഷേ, അതിനു് മുമ്പായി അവനെപ്പററിയുള്ള സകല വിവരങ്ങളും അടുത്തുള്ള ഒരാശ്രമത്തിൽ അപ്പോഴുണ്ടായിരുന്ന ഫ്റാൻസിസിനെ അറിയിക്കണമെന്നു് അവർ വിചാരിച്ചു. അങ്ങനെ അവർ അദ്ദേഹത്തെ വിവരം അറിയിച്ചപ്പോൾ, അദ്ദേഹം ആ തലതിരിഞ്ഞ കുഷ്ഠരോഗിയുടെ അടുക്കൽ വന്നു. അദ്ദേഹം അവനെ ഇപ്രകാരം അഭിവാദനം ചെയ്തു: "എൻെറ ഏററവും പ്രിയപ്പെട്ട സഹോദര, ദൈവം നിനക്കു ശാന്തി തരുമാറാകട്ടെ!'' അപ്പോൾ അവൻ ഇങ്ങനെ പ്രതിവചിച്ചു: "ശാന്തിയും നല്ലതായുള്ള സകലവും എന്നിൽനിന്നു് അപഹരിക്കുകയും എന്നെ വ്രണവും ദുഷ്ടും നാററവുംകൊണ്ടു നിറയ്ക്കുകയും ചെയ്തിരിക്കുന്ന ദൈവത്തിൽനിന്നു് എനിക്കു് എന്തു ശാന്തിയാണു് കിട്ടാൻ പോകുന്നതു്?'' ഫ്റാൻസിസ്: "മകനെ, ക്ഷമയുള്ളവനായിരിക്കുക; ഈ ലോകത്തു ദൈവം നമ്മുടെ ശരീരത്തിനു രോഗങ്ങൾ വച്ചിരിക്കുന്നതു് ആത്മാക്കളെ രക്ഷിക്കുന്നതിനായിട്ടാണു്. അവയെ നാം ക്ഷമയോടെ സഹിക്കുന്നുവെങ്കിൽ, അവ നമുക്കു വളരെ ഗുണകരവും പുണ്യസംവദ്ധകവുമായിരിക്കും.'' രോഗി: "രാവും പകലും നിരന്തരമായി എന്നെ കഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ വേദന എനിക്കു് എങ്ങനെ ക്ഷമയോടെ സഹിക്കാൻ കഴിയും? രോഗം മാത്രമല്ല എന്നെ കഷ്ടപ്പെടുത്തുന്നതു്; എന്നെ ശുശ്രൂഷിക്കുന്ന സഹോദരന്മാരും എന്നെ കഷ്ടപ്പെടുത്തുന്നു. അവർ വേണ്ട വിധത്തിൽ എന്നെ ശുശ്രൂഷിക്കുന്നില്ല.'' ഇതു കേട്ടപ്പോൾ ആ കുഷ്ഠരോഗി പിശാചബാധിതനാണെന്നു് ഫ്റാൻസിസിനു ബോദ്ധ്യമായി. അദ്ദേഹം അവനുവേണ്ടി ദൈവത്തോടു് ഏററവും തീക്ഷ്ണതയോടെ പ്രാത്ഥിച്ചശേഷം അവനോടു് ഇപ്രകാരം പറഞ്ഞു: "മകനെ, മററുള്ളവരുടെ ശുശ്രൂഷ നിനക്കു തൃപ്തികരമല്ലാത്തതുകൊണ്ടു നിന്നെ

ഞാൻ തന്നെ ശുശ്രൂഷിക്കാമെന്നു വിചാരിക്കുന്നു.'' കുഷ്ഠരോഗി: "അങ്ങനെയാകട്ടെ; പക്ഷെ, അങ്ങേയ്ക്കു മററുള്ളവരെക്കാൾ കൂടുതലായി എന്തു ചെയ്യാൻ കഴിയും?'' ഫ്റാൻസിസ്: "നിനക്ക് എന്തെല്ലാം വേണമോ അതെല്ലാം ഞാൻ ചെയ്തുതരാം.'' "കുഷ്ഠരോഗി: "എൻെറ ദേഹം ആകപ്പാടെ അങ്ങു കഴുകിത്തരണമെന്ന് ഞാനാഗ്രഹിക്കുന്നു; എനിക്കു സഹിക്കാൻ പാടില്ലാത്തവണ്ണം എൻെറ ദേഹം മുഴുവനും ചീഞ്ഞുനാറുന്നു.'' ഫ്റാൻസിസ് സുഗന്ധമുള്ള ചില പച്ചമരുന്നുകളിട്ട് കുറെ വെള്ളം വേഗം തിളപ്പിച്ചു; അനന്തരം കുഷ്ഠരോഗിയുടെ ഉടുപ്പു മാററിയിട്ട്, വേറൊരു സഹോദരൻ വെള്ളം ഒഴിച്ചുകൊണ്ടിരിക്കവെ, അദ്ദേഹം സ്വന്തം കൈകൾകൊണ്ട് അവൻെറ ദേഹമാസകലം തേച്ചു കഴുകി. ദിവ്യമായൊരത്ഭുതം! പരിപാവനങ്ങളായ അദ്ദേഹത്തിൻെറ കരങ്ങൾ സ്പർശിച്ച അവൻെറ ശരീരത്തിൻെറ സകല ഭാഗങ്ങളും രോഗവിമുക്തമായി; മാംസരക്തങ്ങൾ നിശ്ശേഷം ശുദ്ധീകരിക്കപ്പെട്ടു. ശരീരം സുഖം പ്രാപിച്ചതോടെ ആത്മാവും അരോഗമായിബ്ഭവിച്ചു. അവൻെറ പാപങ്ങളെപ്പററി അവൻ ഹൃദയപൂർവ്വം പശ്ചാത്തപിച്ചു തുടങ്ങി. വെള്ളം അവൻെറ ശരീരത്തിൽനിന്നു കുഷ്ഠരോഗത്തെ കഴുകിക്കളഞ്ഞതുപോലെ, പശ്ചാത്താപാശ്രുക്കൾ ആത്മാവിനെ പ്രക്ഷാളനം ചെയ്തു. അങ്ങനെ ശരീരവും ആത്മാവും ഒന്നുപോലെ ഉല്ലാഘമായിക്കഴിഞ്ഞപ്പോൾ, അവൻ അവൻെറ പാപങ്ങളെ ഏററു പറയുകയും ഉച്ചത്തിൽ ഇങ്ങനെ വിലപിക്കുകയും ചെയ്തു: "വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ധർമ്മസഹോദരന്മാരെ അധിക്ഷേപിക്കുകയും ഉപദ്രവിക്കുകയും ദൈവദൂഷണം പറയുകയും ചെയ്ത എനിക്കു ദുരിതം! അതുനിമിത്തം ഞാൻ നരകത്തിനർഹനാണ്'' ഇങ്ങനെ രണ്ടാഴ്ചക്കാലം അവൻ പശ്ചാത്താപപരവശനായി വിലപിക്കുകയും ഈശ്വരകാരുണ്യം അഭ്യർത്ഥിക്കുകയും ഒടുവിൽ വൈദികനോടു ഹൃദയംതുറന്നു കുമ്പസാരിക്കുകയും ചെയ്തു. ഫ്റാൻസിസ് തൻെറ കരങ്ങൾ മുഖേന ദൈവം പ്രവർത്തിച്ച ആ പ്രത്യക്ഷമായ അത്ഭുതത്തിനു ദൈവത്തോടു കൃതജ്ഞ

ത പ്രകാശിപ്പിച്ചുകൊണ്ട് അവിടംവിട്ടു വിദൂരമായ ഒരു ദേശത്തേക്കു പോയി. വിനീതനായ അദ്ദേഹം മനുഷ്യരുടെ സ്തുതിയിൽനിന്ന് ഒഴിഞ്ഞു മാറുന്നതിന് ആഗ്രഹിച്ചു. തൻെറ പ്രവൃത്തികളിലെല്ലാം ദൈവത്തിൻെറ മഹിമയല്ലാതെ തൻെറ മഹിമയെ അദ്ദേഹം അന്വേഷിച്ചില്ല. ശരീരത്തിലും ആത്മാവിലും ആരോഗ്യം തിരിച്ചു കിട്ടിയ ആ കുഷ്ഠരോഗി, ഈശ്വരനിശ്ചയമനുസരിച്ച്, കുറെക്കഴിഞ്ഞപ്പോൾ വേറൊരു രോഗം പിടിപെട്ട് ഏറ്റവും സൌഭാഗ്യകരമായ വിധത്തിൽ ചരമഗതിയെ പ്രാപിച്ചു. അവൻെറ ആത്മാവ് സ്വർഗ്ഗത്തേക്കുള്ള യാത്രയ്ക്കിടയ്ക്ക്, അപ്പോൾ ഒരു വനത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഫ്റാൻസിസിനു പ്രത്യക്ഷപ്പെട്ട്, "അങ്ങേയ്ക്ക് എന്നെ അറിയാമോ?" എന്നു ചോദിച്ചു. ഫ്റാൻസിസ്: നീ ആരാണ്?" ആത്മാവ്: "ഞാൻ അങ്ങയുടെ പുണ്യത്താൽ ക്രിസ്തുദേവൻ സുഖപ്പെടുത്തിയ ആ കുഷ്ഠരോഗിയാണ്. ഇന്നു ഞാൻ അനന്തജീവിതസൌഭാഗ്യം അനുഭവിക്കുന്നതിനായി പോകുന്നു. അതുകൊണ്ടു ഞാൻ അങ്ങേയ്ക്കും ദൈവത്തിനും നന്ദി പറഞ്ഞുകൊള്ളുന്നു. അങ്ങയുടെ ആത്മാവും ശരീരവും അനുഗ്രഹിക്കപ്പെട്ടുമാറാകട്ടെ. പരിശുദ്ധങ്ങളായ അങ്ങയുടെ വാക്കുകളും പ്രവൃത്തികളും അനുഗ്രഹിക്കപ്പെട്ടുമാറാകട്ടെ. അങ്ങുമുഖേന അനവധി ആത്മാക്കൾ ഈ ലോകത്തു രക്ഷ പ്രാപിക്കുന്നതായിരിക്കും. അങ്ങും അങ്ങയുടെ ധർമ്മസംഘവും ലോകത്തിൻെറ നാനാഭാഗങ്ങളിലും നിർവ്വഹിക്കുന്ന അമോഘങ്ങളായ സേവനങ്ങൾക്കായി ദേവദൂതന്മാരും പുണ്യവാന്മാരും ദൈവത്തോടു നന്ദിപറയാതെ ഒരു ദിവസവും കടന്നുപോകുന്നില്ല. അതുകൊണ്ടു സന്തോഷിക്കുക; ദൈവത്തോടു നന്ദിപറഞ്ഞും അദ്ദേഹത്തിൻെറ അനുഗ്രഹത്തോടുകൂടിയും വർത്തിക്കുക." ഇതിനുശേഷം ആ ആത്മാവ് സ്വർഗ്ഗാരോഹണം ചെയ്തു; ഫ്റാൻസിസ് സമാശ്വസ്തനായി ജീവിതയാത്ര തുടരുകയും ചെയ്തു.

# അദ്ധ്യായം 26

ഫ്രാൻസീസ് മൂന്നു തസ്കരന്മാരുടെ ഹൃദയപരിവത്തനം നിർവ്വഹിക്കുകയും അവർ ധർമ്മസഹോദരസംഘത്തിൽ ചേരുകയും ചെയ്യുന്നു. അവരിലൊരുവനു് ഒരു ദിവ്യദശ്നമുണ്ടാകുന്നു.

ഒരിക്കൽ ഫ്റാൻസിസ്സ് ഒരു വനപ്രദേശത്തുകൂടി യാത്രചെയ്യുകയായിരുന്നു. അദ്ദേഹം മോണ്ടികസാല എന്നു പേരായ ഒരു പ്രാകാരം കടന്നുപോയപ്പോൾ സുന്ദരനും അഭിജാതനുമായ ഒരു യുവാവു് അദ്ദേഹത്തെ സമീപിച്ച് ഇപ്രകാരം പറഞ്ഞു: "പിതാവെ, അങ്ങയുടെ ധമ്മസഹോദരന്മാരിൽ ഒരുവനാകുന്നതിനു ഞാനാഗ്രഹിക്കുന്നു." ഫ്റാൻസിസ്സ്: "മകനെ, നീ വലിയ കുഌംബത്തിൽ ജനിച്ചു സുഖിച്ചു വളൎന്ന ഒരു ചെറുപ്പക്കാരനാണല്ലോ; പക്ഷെ നിനക്കു ഞങ്ങളുടെ ദാരിദ്ര്യവും കഷ്ടപ്പാടുകളും ദുസ്സഹമായിരിക്കും." യുവാവു്: "പിതാവെ, നിങ്ങൾ എന്നെപ്പോലെ മനുഷ്യരല്ലേ? ഇതെല്ലാം നിങ്ങൾ സഹിക്കുന്നുവല്ലോ; അതുപോലെ യേശുക്രിസ്തുവിൻെറ അനുഗ്രഹത്താൽ എനിക്കും സഹിക്കാവുന്നതാണ്." ഈ മറുപടിയാൽ സന്തുഷ്ടനായി ഫ്റാൻസിസ്സ് അവനെ അനുഗ്രഹിച്ച് അപ്പോൾതന്നെ ധമ്മസംഘത്തിൽ ചേക്കുകയും സഹോദരൻ ഏഞ്ജൽ എന്നു നാമകരണം ചെയ്യുകയും ചെയ്തു. ഈ യുവാവു് സന്യാസജീവിതത്തിൽ വളരെ വേഗം അഭിവൃദ്ധി പ്രാപിക്കുകയാൽ ഫ്റാൻസിസ്സ് അയാളെ ഏറെത്താമസിയാതെ മോണ്ടികസാലെ എന്ന ആശ്രമത്തിൻെറ അധിപനാക്കി.

അക്കാലത്തു് ആ പ്രദേശത്തെവിടെയും മോഷണവും പിടിച്ചുപറിയും കൊള്ളയും കൊലയും നടത്തി കുപ്രസിദ്ധി നേടിയിരുന്ന മൂന്നു ഭയങ്കര തസ്കരന്മാർ ഒരി

ക്കൽ പ്രസ്തുതാശ്രമത്തിൽ വന്ന് അതിൻെറ അധിപനായ സഹോദരൻ ഏഞ്ജലിനോട് ആഹാരം ആവശ്യപ്പെട്ടു. അദ്ദേഹം അവരെ കഠിനമായി ശാസിച്ചുകൊണ്ട് ഇപ്രകാരം മറുപടി പറഞ്ഞു: "കള്ളന്മാരും കൊലപാതകികളുമായ ദുഷ്ടന്മാരെ, നിങ്ങൾ മററുള്ളവരുടെ അദ്ധ്വാനഫലങ്ങളെ നിർല്ലജ്ജം മോഷ്ടിക്കുന്നതു പോരാഞ്ഞിട്ട്, ദൈവത്തിൻെറ ദാസന്മാക്കു കിട്ടുന്ന ഭക്ഷണത്തെയും കവൎന്നു വിഴുങ്ങാൻ വന്നിരിക്കുന്നോ? ഈ ഭൂമിയിൽക്കൂടി നടക്കാൻ തന്നെ നിങ്ങൾക്ക് അൎഹതയില്ല. നിങ്ങൾ മനുഷ്യനെയോ നിങ്ങളെ സൃഷ്ടിച്ച ദൈവത്തെയോ ആദരിക്കുന്നില്ല. നിങ്ങൾ പൊയ്ക്കൊള്ളുക, മേലാൽ ഇവിടെയെങ്ങും കണ്ടുപോകരുതു്." ഇതുകേട്ട് അവർ അസ്വസ്ഥരായി, ക്രുദ്ധരായി അവിടെനിന്നു പോയി. അപ്പോൾ ഫ്റാൻസിസ് ഒരു സഞ്ചിനിറയെ തെണ്ടിക്കിട്ടിയ അപ്പവും ഒരു ചെറിയ പാത്രം വീഞ്ഞുമായി ആശ്രമവാതുക്കൽ വന്നു. തസ്കരന്മാർ അവിടെ വന്നുപോയ കഥ ആശ്രമാധിപൻ അദ്ദേഹത്തോടു പറഞ്ഞു. അതു കേട്ട് ഫ്റാൻസിസ് ആശ്രമാധിപൻെറ പെരുമാററം നിർദ്ദയമായിപ്പോയെന്നും, നിർദ്ദയമായ ശാസനകൊണ്ടല്ല, സ്നേഹംകൊണ്ടാണ് പാപികളെ ഈശ്വരങ്കലേക്കു് ആകർഷിക്കേണ്ടതെന്നും പറഞ്ഞ് ആശ്രമാധിപനെ കുററപ്പെടുത്തി. "ആരോഗ്യമുള്ളവനല്ല, രോഗിക്കാണ് വൈദ്യൻെറ ആവശ്യമുള്ളതെന്നും താൻ വന്നതു നീതിമാന്മാരെ വിളിക്കുന്നതിനല്ല, പാപികളെ പശ്ചാത്തപിച്ചു പാപപരിഹാരം ചെയ്യുന്നതിനു വിളിക്കാനാണെന്നും ആകുന്നുവല്ലോ നമ്മുടെ ദിവ്യഗുരുനാഥനായ യേശുക്രിസ്തു പറഞ്ഞിട്ടുള്ളതു്. അദ്ദേഹം പല പ്രാവശ്യവും അവരോടൊന്നിച്ചിരുന്നു ഭക്ഷണം കഴിക്കുകയും ചെയ്തുവല്ലോ. നീ സ്നേഹത്തിനും ക്രിസ്തുധൎമ്മത്തിനും വിരുദ്ധമായി പ്രവൎത്തിച്ചിരിക്കുന്നതുകൊണ്ടു ഞാൻ നിന്നോട് ഇപ്രകാരം ആജ്ഞാപിക്കുന്നു: "ഞാൻ യാചിച്ചുകൊണ്ടു വന്നിട്ടുള്ള ഈ അപ്പവും വീഞ്ഞുമെല്ലാം എടുത്തുകൊണ്ട് ഉടനെ പുറപ്പെട്ടുപോയി, മലയിലായാലും കാട്ടിലായാലും, അവരെ കണ്ടു പിടിച്ച് അവൎക്കു കൊടുക്കുക; കൊടുത്തിട്ട്

അവരുടെ മുമ്പിൽ മുട്ടുകുത്തി, നിൻെറ നിർദ്ദയതയാകുന്ന തെററു സമ്മതിച്ച് അതിനു മാപ്പപേക്ഷിക്കുക; അവർ മേലാൽ യാതൊരു ദുഷ്കൃത്യവും ചെയ്യരുതെന്നും, ദൈവത്തെ ഭയപ്പെടണമെന്നും, അദ്ദേഹത്തിൻെറ അപ്രീതി സമ്പാദിക്കരുതെന്നും എനിക്കുവേണ്ടി അവരോട് അഭ്യർത്ഥിക്കുക. അവർ അപ്രകാരം വർത്തിക്കുമെങ്കിൽ, അവരുടെ ആവശ്യങ്ങളെല്ലാം ഞാൻ നിറവേററിക്കൊടുക്കാമെന്നും അവർക്കു വേണ്ടുന്ന ഭക്ഷണപാനീയങ്ങൾ കൊടുത്തുകൊണ്ടിരിക്കാമെന്നും ഞാൻ പ്രതിജ്ഞചെയ്യുന്നതായി അവരോടു പറയുക. ഇക്കാര്യം നിർവ്വഹിച്ചശേഷം നീ വിനീതനായി മടങ്ങിവരുക.'' ഈ കല്പന നടത്തുന്നതിന് ആശ്രമാധിപൻ പോയപ്പോൾ, ഫ്റാൻസിസ് ആ തസ്കരന്മാരുടെ ഹൃദയങ്ങളെ സ്പർശിച്ച് അവരെ സത്യോന്മുഖന്മാരാക്കുന്നതിന് ദൈവത്തോടു ദീർഘനേരം പ്രാർത്ഥിച്ചു. അതിനിടയ്ക്കു അദ്ദേഹത്തിൻെറ ആജ്ഞയെ ശിരസാവഹിച്ചുകൊണ്ടു തസ്കരന്മാരുടെ പിറകെ ഓടിയ ആശ്രമാധിപൻ അവരെ പിടികൂടി അവർക്ക് അപ്പവും വീഞ്ഞും കൊടുത്തിട്ട് അദ്ദേഹം ആജ്ഞാപിച്ചതുപോലെ പ്രവർത്തിക്കുകയും പറയുകയും ചെയ്തു. ദൈവാനുഗ്രഹത്താൽ, അവർ ഫ്റാൻസിസിൻെറ ഭൈക്ഷം ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ, ഇപ്രകാരം പറഞ്ഞുതുടങ്ങി: "ദുർഭഗന്മാരും ദുഷ്ടന്മാരുമായ നമുക്കു കഷ്ടം! നാം എന്തെല്ലാം ദുരിതങ്ങൾ നരകത്തനുഭവിക്കാനിരിക്കുന്നു! നാം അന്യരുടെ വക മോഷ്ടിക്കുകയും അവരെ അടിച്ചു ദേഹോപദ്രവമേല്പിക്കുകയും മാത്രമല്ല, അവരെ കൊല്ലുകയുംകൂടി ചെയ്യുന്നവല്ലോ. അത്ര ദുഷ്കൃത്യങ്ങളും പാതകങ്ങളും നാം ചെയ്തിട്ടും നമുക്കു മനഃസാക്ഷിക്കുത്തോ ദൈവഭയമോ ഇല്ല. ഇതാ ഈ പരിശുദ്ധനായ ധർമ്മസഹോദരൻ നമ്മുടെ അടുക്കൽ വന്ന്, നമ്മുടെ ദുഷ്ടതയ്ക്കു നാം അർഹിക്കുന്ന വിധത്തിൽ നമ്മെ ശാസിച്ച് ഏതാനും വാക്കുകൾ പറഞ്ഞതിനു വിനയപൂർവ്വം നമ്മോടു മാപ്പു ചോദിക്കുന്നു. അതിനും പുറമേ നമുക്കായി അദ്ദേഹത്തിൻെറ പുണ്യവാനായ ഗുരുനാഥനിൽനിന്ന് അപ്പവും വീഞ്ഞും ഉദാരമായ ഒരു പ്രതിജ്ഞയും കൊണ്ടുവന്നിരി

ക്കുന്നു. ഇവർ സാക്ഷാൽ ദൈവത്തിൻെറ ധർമ്മസഹോദരന്മാരും അദ്ദേഹത്തിൻെറ പറുദീസാ അർഹിക്കുന്നവരും തന്നെയാണ്. നമ്മളോ നിത്യനാശത്തിൻെറ സന്തതികളും നരകയാതന അർഹിക്കുന്നവരുമാകുന്നു; നാം ഓരോ ദിവസവും നമ്മുടെ ശിക്ഷാവിധിയുടെ ഭയങ്കരതയെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതെ, നാം ഇന്നുവരെ ചെയ്തിട്ടുള്ള മഹാപാപങ്ങൾക്കു ദൈവം നമ്മോടു കരുണ കാണിക്കുമോ എന്നു നമുക്കറിഞ്ഞുകൂടാ. എത്ര ഭയങ്കരം!'' ഇങ്ങനെ പലതും അവരിലൊരുവൻ പറഞ്ഞപ്പോൾ മററുള്ളവർ അവനോടനുകൂലിച്ചു. "നീ പറഞ്ഞതു തീർച്ചയായും സത്യമാണ്; ആ സ്ഥിതിക്കു നാം എന്താണ് ചെയ്യേണ്ടത്?'' എന്ന് അവർ ചോദിച്ചു. "നമുക്കു പുണ്യവാനായ ഫ്റാൻസിസിൻെറ അടുക്കൽ പോകാം. നമ്മുടെ പാപങ്ങൾക്കു ദൈവം നമ്മോടു കരുണ കാണിക്കുമെന്ന് അദ്ദേഹം നമുക്കു പ്രത്യാശ തരുന്നുവെങ്കിൽ അദ്ദേഹം നമ്മോട് എന്തുതന്നെ പറഞ്ഞാലും നമുക്ക് അനുസരിക്കാം. അങ്ങനെ നരകയാതനകളിൽനിന്ന് നമ്മുടെ ആത്മാക്കളെ നമുക്കു മോചിപ്പിക്കാം'' എന്ന് ഒരുവൻ പറഞ്ഞു. ഈ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു. അങ്ങനെ അവർ മൂന്നുപേരും അപ്പോൾ തന്നെ ഫ്റാൻസിസിൻെറയടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു: "പിതാവെ, ഞങ്ങൾ ചെയ്തിട്ടുള്ള അനവധി പാപങ്ങൾക്കു ദൈവം ഞങ്ങളോടു കരുണ കാണിക്കുകയില്ലെന്നു ഞങ്ങൾ ഭയപ്പെടുന്നു. എന്നാൽ ദൈവം കാരുണ്യപൂർവ്വം ഞങ്ങളെ സ്വീകരിക്കുമെന്ന് അങ്ങു ഞങ്ങൾക്കു പ്രത്യാശയ്ക്കു വക തരുമെങ്കിൽ, അങ്ങയുടെ ആജ്ഞയെ അനുസരിക്കുന്നതിനും അങ്ങയോടു ചേർന്നു പാപപരിഹാരം ചെയ്യുന്നതിനും ഞങ്ങൾ തയ്യാറാണ്.'' അപ്പോൾ അദ്ദേഹം സ്നേഹപൂർവ്വം അവരെ സ്വീകരിക്കുകയും, പല ദൃഷ്ടാന്തങ്ങളുംകൊണ്ട് അവരെ സമാശ്വസിപ്പിച്ച് ദൈവത്തിൻെറ കാരുണ്യത്തെപ്പററി അവരിൽ വിശ്വാസം ജനിപ്പിക്കുകയും, താൻ അവരെ ദൈവത്തിൻെറ കരുണയ്ക്കു തീർച്ചയായും അർഹരാക്കിത്തീർക്കുമെന്നു പ്രതിജ്ഞ ചെയ്യുകയും ചെയ്തു. ദൈവത്തിൻെറ കാരുണ്യം അനന്തമാ

ണെന്നും, നമ്മുടെ പാപങ്ങളെക്കാൾ വലുതാണെന്നും, 'സ്നേഹമൂർത്തിയായ ക്രിസ്തു ലോകത്തവതരിച്ചതു പാപികളെ രക്ഷിക്കാനാണ്' എന്ന് അപ്പോസ്തലൻ പോൾ പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം അവരോടു പറഞ്ഞു. ഏവംവിധങ്ങളായ ധർമ്മോപദേശങ്ങളുടെ ഫലമായി ആ തസ്കരന്മാർ മൂന്നുപേരും പിശാചനെയും അവന്റെ സേവനത്തെയും ഉപേക്ഷിക്കുകയും ഫ്രാൻസിസ് അവരെ തന്റെ ധർമ്മസംഘത്തിലേക്കു സ്വീകരിക്കുകയും ചെയ്തു. ഫ്രാൻസിസ്സിൻ ധർമ്മസഹോദരന്മാരായതോടെ അവരിലുണ്ടായ മാററം അത്ഭുതകരമായിരുന്നു. അവർ അതികഠിനങ്ങളായ തപശ്ചര്യകൾ അനുഷ്ഠിക്കുകയും ജീവിതവിശുദ്ധിയിലും പുണ്യത്തിലും നിസ്തുലമായ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു. അവരിൽ രണ്ടുപേർ അവരുടെ ജീവിതപരിവർത്തനത്തിനുശേഷം കുറച്ചുകാലമേ ജീവിച്ചിരുന്നുള്ളു. അവർ അഞ്ചിടെതന്നെ ദിവംഗതരായി. മൂന്നാമത്തെയാൾ ഉത്തമനായൊരു ഫ്രാൻസിസ്സിൻ ധർമ്മസഹോദരനായി പിന്നെയും പതിനഞ്ചുകൊല്ലം ജീവിച്ചിരുന്നു. ഇക്കാലമെല്ലാം അയാൾ തപോനുഷ്ഠാനങ്ങളിലും പാപപരിഹാരകർമ്മങ്ങളിലും സവിശേഷം ശ്രദ്ധ പതിപ്പിച്ചിരുന്നു. നോമ്പുകാലത്തെ നിയമപ്രകാരമുള്ള ഉപവാസത്തിനു പുറമേ, മററു കാലങ്ങളിലും ആഴ്ചയിൽ മൂന്നു ദിവസം അയാൾ ഉപവാസം അനുഷ്ഠിച്ചു; നഗ്നപാദനായും ഒററ ഉടുപ്പുമാത്രം ധരിച്ചുമായിരുന്നു അയാൾ പുറത്തേക്കു സഞ്ചരിച്ചതു്; അർദ്ധരാത്രിക്കുള്ള പ്രാർത്ഥനക്കു ശേഷം അയാൾ ഉറങ്ങുമായിരുന്നില്ല.

ഇതിനിടക്കു ഫ്രാൻസിസ് ചരമഗതിയെ പ്രാപിച്ചു. പ്രസ്തുത ധർമ്മസഹോദരൻ തപശ്ചര്യകളിൽ നിരതനായി അനേകം സംവത്സരം തന്റെ ജീവിതം തുടർന്നു. ഒരു രാത്രി പാതിരാക്കുള്ള പ്രാർത്ഥനക്കുശേഷം അയാൾക്കു തടുക്കാൻ സാധിക്കാത്ത വിധത്തിൽ കലശലായ ഉറക്കം വരികയാൽ പതിവുപോലെ ജാഗരണമനുഷ്ഠിക്കാൻ കഴിഞ്ഞില്ല. നിദ്രയെ നിരോധിക്കുന്നതിനോ പ്രാർത്ഥിക്കുന്നതിനോ കഴിവില്ലാതെ അയാൾ ഉറങ്ങാൻ കിടന്നു.

കിടക്കയിൽ കിടന്ന ഉടനെ ഒരു ദേവദൂതൻ തന്നെ ഒരു മലയുടെ മുകളിലേയ്ക്കു കൊണ്ടുപോയി കിഴക്കാംതൂക്കായ ഒരു സ്ഥാനത്തു നിറുത്തിയതായി അയാൾക്കു തോന്നി; അതിൻെറ ഇരുവശങ്ങളും പിളൎന്നു കുത്തനെ നില്ക്കുന്ന പാറകളും കൂൎത്ത മുനയുള്ള കല്ലുകളുംകൊണ്ടു നിറഞ്ഞിരുന്നു. ഈ ധൎമ്മസഹോദരനെ നയിച്ച ദേവദൂതൻ അയാളെ കിഴക്കാംതൂക്കായ ആ സ്ഥാനത്തുനിന്നു തള്ളിമറിച്ചിടുകയും പാറകളിലും കല്ലുകളിലും തട്ടിയുരുണ്ടു് അയാൾ താഴെ വീഴുകയും ചെയ്തു; തൻെറ അവയവങ്ങളെല്ലാം ഉടഞ്ഞു നുറുങ്ങിപ്പോയതായി അയാൾക്കു തോന്നി. അയാളെ നയിച്ചവൻ ഇപ്രകാരം പറഞ്ഞു: "എഴുന്നേല്ക്കുക, നീ ഇനിയും ദീൎഘമായൊരു യാത്ര ചെയ്യേണ്ടിയിരിക്കുന്നു." ധൎമ്മസഹോദരൻ ഇങ്ങനെ പ്രതിവചിച്ചു: "നീ ഏററവും ബുദ്ധിഹീനനും ക്രൂരനുമായ ഒരുവനാണെന്നു തോന്നുന്നല്ലോ. ഞാൻ വീണു സൎവ്വാംഗം തകൎന്നു മരിക്കാറായിരിക്കുന്നതു നീ കാണുന്നില്ലേ? എന്നിട്ടു് എഴുന്നേല്ക്കുവാൻ നീ പറയുന്നുവോ?" അപ്പോൾ ദേവദൂതൻ അടുത്തുവന്നു് അവനെ സ്പൎശിക്കുകയും അവൻെറ മുറിവുകൾ കരിച്ചു് അവയവങ്ങളെല്ലാം ശരിപ്പെടുത്തി പൂൎണ്ണമായി സുഖപ്പെടുത്തുകയും ചെയ്തു. അനന്തരം ദേവദൂതൻ അയാൾക്കു കൂൎത്തു മുനയുള്ള കല്ലുകളും മുൾപ്പടൎപ്പുകളും നിറഞ്ഞ ഒരു വിശാലമായ സമനിലം കാണിച്ചുകൊടുത്തിട്ടു്, അയാൾ അതിൻെറ നടുവിൽക്കൂടി അങ്ങേയററംവരെ നഗ്നപാദനായി ഓടണമെന്നും, അങ്ങേയററത്തു് കത്തിജ്ജ്വലിക്കുന്ന ഒരു അഗ്നികുണ്ഡം കാണുമെന്നും അതിൽ പ്രവേശിക്കണമെന്നും പറഞ്ഞു. അതനുസരിച്ചു് അയാൾ ആ സമനിലത്തിൻെറ കുറുകേ ഓടി അങ്ങേയററത്തെത്തിയപ്പോൾ, ദേവദൂതൻ ഇപ്രകാരം പറഞ്ഞു: "അക്കാണുന്ന തീച്ചൂളയിൽ ചാടിവീഴുക; അതു നീ ഇപ്പോൾ ചെയ്യേണ്ടിയിരിക്കുന്നു." ധൎമ്മസഹോദരൻ: "കഷ്ടം! നീ എന്തു ദുഷ്ടനായൊരു മാൎഗ്ഗദൎശിയാണു്; ഈ ഭയങ്കരമായ സമനിലം മുഴുവനും ഓടിക്കടന്ന ഞാൻ ചാകാറായിരിക്കുന്നതു് നീ കാണുന്നുവല്ലോ; എന്നിട്ടും എന്നെ വിശ്രമിക്കാൻ അനുവദിക്കുന്നതിനു പകരം ഈ കത്തിക്കാളുന്ന

തീച്ചൂളയിൽ ചാടിവീഴണമെന്നു നീ പറയുന്നുവോ?" അങ്ങനെ അയാൾ അന്ധാളിച്ചു നിന്നപ്പോൾ, ആ തീച്ചൂളയ്ക്കുചുറ്റും ഒട്ടുവളരെ പിശാചുക്കൾ കൈകളിൽ ഇരുമ്പുകുന്തങ്ങൾ വഹിച്ചുകൊണ്ടു നില്ക്കുന്നതു കണ്ടു. അയാൾ അതിൽ കടക്കുന്നതിനു് മടിക്കുന്നതു കണ്ടു് അവർ അയാളെ ആ കുന്തങ്ങൾകൊണ്ടു കുത്തിത്തള്ളി അതിൽ മറിച്ചിട്ടു. അയാൾ തീച്ചൂളയിൽ കിടന്നുകൊണ്ടു ചുററുംനോക്കിയപ്പോൾ, തൻെറ ദുർമ്മാർഗ്ഗ ജീവിതത്തിൽ കൂട്ടുകാരനായിരുന്ന ഒരുവൻ തീയിൽ കിടന്നു വെന്തുരുകുന്നതു കണ്ടു. "ഓ നിർഭാഗ്യനായ കൂട്ടുകാരാ, നീ എങ്ങനെ ഇവിടെ വന്നു?" എന്നു് അയാൾ അവനോടു ചോദിച്ചു. "കുറച്ചുകൂടി അങ്ങോട്ടു പോയാൽ, നിനക്കു് എൻെറ ഭാര്യയെ, നിൻെറ ചങ്ങാതിയെ, കാണാം. ഞങ്ങളുടെ ഈ ശാപവിധിക്കുള്ള കാരണം അവൾ നിന്നോടു പറയുന്നതായിരിക്കും." എന്നു് അവൻ മറുപടി പറഞ്ഞു. അങ്ങനെ നമ്മുടെ ധർമ്മസഹോദരൻ മുമ്പോട്ടു പോയപ്പോൾ ആ ചങ്ങാതിച്ചി അഗ്നിമയമായ ഒരു ധാന്യപ്പുരയിൽ അടയ്ക്കപ്പെട്ടു് കത്തിക്കാളുന്ന തീയിൽ കിടന്നുവേകുന്നതായി പ്രത്യക്ഷപ്പെട്ടു. "ഓ ഭാഗ്യഹീനയായ എൻെറ കൂട്ടുകാരീ, ഇത്ര ഘോരമായൊരു പീഡ അനുഭവിക്കാൻ നിനക്കു സംഗതിയായതെന്തുകൊണ്ടു്?" എന്നു് അയാൾ അവളോടു ചോദിച്ചു. "പുണ്യവാനായ ഫ്രാൻസിസ് ദീർഘദർശനം ചെയ്തിരുന്ന ആ മഹാക്ഷാമം സംഭവിച്ച കാലത്തു് എൻെറ ഭർത്താവും ഞാനും കള്ളപ്പറകൊണ്ടു ഗോതമ്പും മററും അളന്നു കൊടുത്തു; അതുകൊണ്ടാണു് ഞാൻ ഈ പറയിൽ കിടന്നു വേകുന്നതു്." എന്നു അവൾ ഉത്തരം പറഞ്ഞു. അനന്തരം ദേവദൂതൻ ആ ധർമ്മസഹോദരനെ തീച്ചൂളയിൽ നിന്നു തള്ളിമാററിയിട്ടു് ഇങ്ങനെ പറഞ്ഞു: "ഇനിയും നീ ഒരു അതിഭയങ്കരമായ യാത്രയ്ക്കു ഒരുങ്ങിക്കൊള്ളുക." അപ്പോൾ അയാൾ കരഞ്ഞുകൊണ്ടു് ഇപ്രകാരം പ്രതിവചിച്ചു: "ഓ ഏററവും ക്രൂരനായ മാർഗ്ഗദർശി, നിനക്കു് എന്നോടു് ഒട്ടും ദയയില്ലയോ? ഈ തീച്ചൂളയിൽവീണു ഞാൻ മിക്കവാറും വെന്തുപോയിരിക്കുന്നതു നീ കാണുന്നില്ലേ? ഇനിയും ഞാൻ കൂടുതൽ ആപൽക്കരവും ഭയങ്കര

വ്യമായ ഒരു യാത്രചെയ്യുന്നതിന് നീ ആവശ്യപ്പെട്ടുന്നുവോ?" ദേവദൂതൻ സ്പർശനംകൊണ്ട് അയാൾക്ക് ആരോഗ്യവും ശക്തിയും പ്രദാനം ചെയ്തശേഷം അയാളെ ഒരു പാലത്തിലേക്കു നയിച്ചു; അതു കടക്കുകയെന്നതു് ഏറവും അപകടകരമായൊരു കൃത്യമായിരുന്നു. അതു് ഉറപ്പില്ലാത്തതും ഇടുങ്ങിയതും തെന്നലുള്ളതും വശങ്ങളിൽ കൈതാങ്ങിയോ അഴിവേലിയോ ഇല്ലാത്തതുമായിരുന്നു. അതിന്റെ താഴെക്കൂടെ ഒഴുകിയ ആറു് സർപ്പം, പാമ്പ്, തേള മുതലായ ജന്തുക്കളെക്കൊണ്ടു നിറഞ്ഞു ഭയങ്കരവും ദുസ്സഹമായ ദുർഗ്ഗന്ധം വമിക്കുന്നതുമായിരുന്നു. "ഈ പാലം കടന്നുപോവുക; ഏതു വിധത്തിലെങ്കിലും നീ അതു കടന്നേ മതിയാവൂ'' എന്നു ദേവദൂതൻ പറഞ്ഞു. ധർമ്മസഹോദരൻ: "ഈ അപകടംനിറഞ്ഞ ആററിൽ വീഴാതെ എനിക്ക് എങ്ങനെ അതു കടക്കാൻ കഴിയും?"ദേവദൂതൻ: "എന്റെ പിന്നാലെ വരുക; ഞാൻ കാലുവയ്ക്കുന്ന സ്ഥാനത്തു നീയും വയ്ക്കുക; അങ്ങനെ നിനക്കു സുഖമായി കടന്നുപോകാം." അപ്രകാരം ധർമ്മസഹോദരൻ ദേവദൂതനെ പിന്തുടന്നു പാലത്തിന്റെ നടുവിലെത്തി. അവിടെവെച്ചു് ദേവദൂതൻ പെട്ടെന്നു വളരെ ദൂരെയുള്ള ഒരു മലയുടെ മുകളിലേക്കു പറന്നുപോയി. ദേവദൂതൻ പറന്നെത്തിയ സ്ഥാനം ധർമ്മസഹോദരൻ ശ്രദ്ധിച്ചു നോക്കിക്കൊണ്ടു നിന്നു. അങ്ങനെ അസഹായനായിനിന്നു് അയാൾ കീഴോട്ടു നോക്കിയപ്പോൾ, ആ ബീഭത്സജന്തുക്കൾ വെള്ളത്തിന്റെ മീതെ തല ഉയത്തി, വായ് പൊളിച്ചു്, താൻ വീഴുന്നുവെങ്കിൽ ഹിംസിക്കാൻ തയ്യാറായി നില്ക്കുന്നതു കണ്ടു. എന്തു ചെയ്യണമെന്നോ എന്തു പറയണമെന്നോ അറിയാൻ പാടില്ലാതെ അവൻ സംഭ്രമിച്ചു; അവന്നു മുമ്പോട്ടോ പുറകോട്ടോ പോകുന്നതിനു സാധിക്കുമായിരുന്നില്ല. അങ്ങനെ ദുസ്തരമായ അപകടത്തിലായി, അനന്യഗതിയായിത്തീന്നപ്പോൾ അയാൾ ദൈവത്തെ ശരണം പ്രാപിച്ചു. അയാൾ കുനിഞ്ഞിരുന്നു് പാലപ്പലകയിൽ മുറുകെപ്പിടിച്ചുകൊണ്ട് കരുണാനിധിയായ ദൈവം അവനെ ആ ആപദ്ഘട്ടത്തിൽനിന്നു് മോചിപ്പിക്കണമെന്നു് പൂണ്ണഹൃദയത്തോടും കണ്ണുനീരോടുംകൂടി പ്രാത്ഥി

ച്ചു. പ്രാൎത്ഥന അവസാനിച്ചപ്പോൾ അയാൾക്കു ചിറകുകളുണ്ടായി വളരുന്നതായി തോന്നി; അങ്ങനെ തനിക്കു പാലത്തിൽനിന്നു പറന്നു ദേവദൂതൻ പറന്നെത്തിയ സ്ഥലത്തു ചെന്നുചേരാൻ സാധിക്കുമല്ലോ എന്ന് അയാൾ സന്തോഷിച്ചു. കുറെക്കഴിഞ്ഞ് ആ പാലത്തിൽനിന്നു രക്ഷപ്പെടുന്നതിനുള്ള ഉൽക്കണ്ഠാതിരേകം നിമിത്തം അയാൾ പറക്കുന്നതിനു ശ്രമിച്ചു. പക്ഷേ അയാളുടെ ചിറകുകൾക്കു പൂൎണ്ണമായ വളർച്ച ഉണ്ടായിട്ടില്ലാതിരുന്നതിനാൽ, അവ ഒടിഞ്ഞുപോവുകയും അയാൾ പാലത്തിൽത്തന്നെ വീഴുകയും ചെയ്തു. അപ്പോൾ അയാൾ പാലപ്പലകയിൽ വീണ്ടും മുറുകെപ്പിടിച്ചുകൊണ്ടു മുമ്പിലത്തെപ്പോലെ ദൈവത്തോടു പ്രാൎത്ഥിച്ചു. പ്രാൎത്ഥന അവസാനിച്ചപ്പോൾ അയാൾക്കു വീണ്ടും ചിറകുകൾ വച്ചുവരുന്നതായി തോന്നി. എന്നാൽ അവ പൂൎണ്ണമായി വളരുന്നതിനുള്ള സമയമാകുന്നതിനു മുമ്പ് അയാൾ മുമ്പിലത്തെപ്പോലെ അക്ഷമനായി പറക്കാൻ ശ്രമിക്കുകയും വീണ്ടും ചിറകുകളൊടിഞ്ഞു പാലത്തിൽ വീഴുകയും ചെയ്തു. അപ്പോൾ കാലമാകുന്നതിനു മുമ്പ പറക്കുന്നതിനുള്ള തന്റെ ബദ്ധപ്പാട് നിമിത്തമാണ് ഇങ്ങനെ ചിറകൊടിഞ്ഞു വീണുപോയതെന്നു ഗ്രഹിച്ചിട്ടു അയാൾ ഇപ്രകാരം ആത്മഗതം ചെയ്തു: “എനിക്കു മൂന്നാംപ്രാവശ്യവും ചിറകുകളുണ്ടാകുന്നുവെങ്കിൽ, വീണ്ടും വീണുപോകാതെ പറക്കാൻ സാധിക്കുമാറ് അവ വളരുന്നതുവരെ തീർച്ചയായും ഞാൻ കാത്തിരിക്കും.’’ ഇപ്രകാരം മനനംചെയ്തുകൊണ്ടിരുന്നപ്പോൾ അയാൾക്കു 3-ാംപ്രാവശ്യവും ചിറകുകൾ വരുന്നതായിത്തോന്നി. അവ നല്ലവണ്ണം വളരുന്നതുവരെ ദീർഘകാലം അയാൾ കാത്തിരുന്നു. ഇങ്ങനെ 1-ാമത്തെയും 2-ാമത്തെയും 3-ാമത്തെയും പ്രാവശ്യം തനിക്കു ചിറകുകളുണ്ടായി വളൎന്നുവരുന്നതിനു നൂററിയമ്പതിനുമേൽ സംവത്സരങ്ങൾ വേണ്ടിവന്നുവെന്ന് അയാൾക്കു തോന്നി. മൂന്നാംപ്രാവശ്യം അയാൾ പറന്നു ദേവദൂതൻ പറന്നുപോയ ആ സ്ഥലത്തു ചെന്നുചേൎന്നു. അയാൾ ദേവദൂതൻ താമസിച്ച കൊട്ടാരത്തിന്റെ വാതുക്കൽ മുട്ടിയപ്പോൾ, വാതൽ കാവൽക്കാരൻ അയാളോട് “ഇവിടെ വന്നിരിക്കുന്ന നീ ആരാണ്?’’ എന്നു ചോദിച്ചു.

അയാൾ: "ഞാൻ വിനീതനായ ഒരു ധർമ്മസഹോദരനാണു്". വാതൽകാവല്ക്കാരൻ: "അല്പം ക്ഷമിക്കണേ, പുണ്യവാനായ ഫ്രാൻസിസ് നിന്നെ അറിയുമോ എന്നു നോക്കുന്നതിനായി, ഞാൻ പോയി അദ്ദേഹത്തെ കൊണ്ടുവന്നുകൊള്ളട്ടെ." അയാൾ ഫ്റാൻസിസിന്റെ അടുക്കലേക്കു പോയപ്പോൾ നമ്മുടെ ധർമ്മസഹോദരൻ ആ കൊട്ടാരത്തിന്റെ വിസ്മയജനകങ്ങളായ ഭിത്തികളെ സകൌതുകം പരിശോധിച്ചു തുടങ്ങി. അവ അച്ഛസ്ഫടികംപോലെ പ്രസന്നങ്ങളും അത്യന്തം പ്രകാശമാനങ്ങളുമായിരുന്നു. അവയ്ക്കുള്ളിലുള്ള പുണ്യാത്മാക്കളുടെ വൃന്ദങ്ങളെയും അവരുടെ സകല പ്രവൃത്തികളെയും അവനു കാണാൻ കഴിഞ്ഞു. അങ്ങനെ അവൻ ആശ്ചര്യഭരിതനായി നില്ക്കുമ്പോൾ, ഇതാ പുണ്യവാനായ ഫ്റാൻസിസും ധർമ്മസഹോദരന്മാരായ ബർണാർഡും ജിത്സും വരുന്നു. ഫ്റാൻസിസിന്റെ ജീവിതമാതൃകയെ അനുകരിച്ചിരുന്ന പുണ്യവാന്മാരുടെയും പുണ്യവതികളുടെയും ഒരു വലിയ സംഘം അവരെ പിന്തുടരുന്നു. ഫ്റാൻസിസ് വന്നു, "അയാൾ എന്റെ ധർമ്മസഹോദരന്മാരിൽ ഒരാൾ തന്നെ, അകത്തു പ്രവേശിച്ചുകൊള്ളട്ടെ" എന്നു ദ്വാരപാലകനോടു പറഞ്ഞു. ഉള്ളിലേക്കു കടന്ന മാത്രയിൽത്തന്നെ അയാൾക്കു് എന്തെന്നില്ലാത്തൊരു് ആശ്വാസവും ആനന്ദവും ഉണ്ടായി. ആ പരമാനന്ദനിർല്ലീനതയിൽ തന്റെ സകല കഷ്ടപ്പാടുകളും അയാൾ വിസ്മരിച്ചു. യാതൊരു കഷ്ടപ്പാടും ഒരിക്കലും തനിക്കുണ്ടായിട്ടില്ലാത്തപോലെ അയാൾക്കു തോന്നി. അനന്തരം പുണ്യാത്മാവായ ഫ്റാൻസിസ് അയാളെ അകത്തോട്ടു കൊണ്ടുപോയി ആശ്ചര്യാവഹമായുള്ള പലതും കാണിച്ചുകൊടുത്തിട്ടു് ഇപ്രകാരം പറഞ്ഞു: "മകനെ, നീ ലോകത്തേക്കു മടങ്ങിപ്പോയി ഏഴു ദിവസംകൂടി അവിടെ താമസിക്കേണ്ടതു് ആവശ്യമായിരിക്കുന്നു. അതിനു നീ അത്യന്തം ജാഗ്രതയോടും ഭക്തിയോടുംകൂടി വേണ്ട വിധത്തിൽ ഒരുങ്ങിക്കൊള്ളണം. ആ ഏഴു ദിവസങ്ങൾക്കു ശേഷം ഞാൻ നിന്നെ കൊണ്ടുപോരുന്നതിനായി വരുന്നതായിരിക്കും. അപ്പോൾ നിനക്കു് എന്നോടൊന്നിച്ചു് ഈ ഭാഗ്യശാലികളുടെ നികേതത്തിൽ പ്രവേശി

ക്കാവുന്നതാണ്'' അപ്പോൾ സെയിൻറ് ഫ്രാൻസിസ് അതിവിചിത്രങ്ങളായ നക്ഷത്രപ്പൊട്ടുകളാൽ അലംകൃതമായി ചേതോഹരമായിരുന്ന ഒരു വസ്ത്രവിശേഷം ധരിച്ചിരുന്നു. അദ്ദേഹത്തിന്റെ അഞ്ചു മുറിവുകൾ അഞ്ചു പ്രോജ്ജ്വലങ്ങളായ നക്ഷത്രങ്ങൾക്കു തുല്യം ആ രമ്യഹർമ്മ്യത്തെ ആസകലം അവയുടെ കിരണധോരണിയാൽ പ്രകാശിപ്പിച്ചു. സഹോദരൻ ബർണാർഡിന്റെ ശിരസ്സ് ഏററവും സുന്ദരങ്ങളായ താരങ്ങളാൽ അവതംസിതമായിരുന്നു. സഹോദരൻ ജിത്സിനെ സുഷമ പൊഴിയുന്ന ഒരു പരിവേഷം വലയം ചെയ്തിരുന്നു. നമ്മുടെ ധർമ്മസഹോദരൻ ലോകത്തുവച്ചു കണ്ടിട്ടില്ലാതിരുന്ന വേറെയും ഒട്ടുവളരെ സഹോദരന്മാരെ അങ്ങനെ അവരുടെ കൂട്ടത്തിൽ കണ്ടു. ഒടുവിൽ അയാൾ, വളരെ വൈമനസ്യത്തോടു കൂടിയാണെങ്കിലും, സെയിൻറ് ഫ്രാൻസിസിനോടു യാത്ര പറഞ്ഞിട്ടു ലോകത്തേക്കു മടങ്ങി. അയാൾ ഉണർന്നു ബോധവാനായിത്തീർന്നപ്പോൾ ആശ്രമവാസികൾ ഉഷഃകാല ജപങ്ങൾ ചൊല്ലുകയായിരുന്നു. അതിൽനിന്ന് ആ ദർശനം അർദ്ധരാത്രിജപംമുതൽ ഉഷഃകാലജപംവരെ മാത്രമേ ദീർഘിച്ചുള്ളുവെന്നു സ്പഷ്ടമായിരുന്നു. എങ്കിലും അനേകവർഷം അതു നീണ്ടുനിന്നിരുന്നുവെന്ന് അയാൾക്കു തോന്നി. അയാൾ ഈ ദർശനത്തെ ആശ്രമാധിപനെ യഥാക്രമം വിവരിച്ചു കേൾപ്പിച്ചു. ഏഴു ദിവസത്തിനുള്ളിൽ അയാളെ മരണകരമായൊരു ജ്വരം ബാധിക്കുകയും, ഏഴാമത്തെ ദിവസം സെയിൻറ് ഫ്രാൻസിസ്, പ്രതിജ്ഞയനുസരിച്ചു, പുണ്യാത്മാക്കളുടെ ഒരു വലിയ സംഘത്താൽ അനുഗതനായി വന്ന് ദേഹവിയോഗം ചെയ്ത അയാളുടെ ആത്മാവിനെ എതിരേററു പുണ്യശാലികൾ അനന്തമായ പരമാനന്ദം അനുഭവിക്കുന്ന ആ പാരത്രിക ഗേഹത്തിലേക്കു കൊണ്ടുപോവുകയും ചെയ്തു.

## അദ്ധ്യായം 27

**സെയിൻറ് ഫ്റാൻസിസ് ബൊളോഞ്ഞായിൽവച്ച് രണ്ടു പണ്ഡിതന്മാരിൽ ഹൃദയപരിവത്തനമുളവാക്കുന്നു. അവർ ധർമ്മസഹോദരസംഘത്തിൽ ചേരുന്നു. ഫ്രാൻസിസ് അവരിലൊരുവനെ വലുതായൊരു പൈശാചിക പരീക്ഷയിൽനിന്നു രക്ഷിക്കുന്നു.**

ഒരിക്കൽ സെയിൻറ് ഫ്റാൻസിസ് ബൊളോഞ്ഞാ നഗരത്തിൽ ചെന്നപ്പോൾ ആ നഗരത്തിലെ ജനങ്ങൾ ആബാലവൃദ്ധം അദ്ദേഹത്തിൻെറ ദശ്നം ലഭിക്കുന്നതിനായി ഓടിക്കൂടി. അതു നിമിത്തം തെരുവീഥികളിലുണ്ടായ തിക്കം തിരക്കുംകൊണ്ടു് ആളുകൾ അദ്ദേഹം പ്രസംഗിക്കാനായി നിന്ന ചന്തമൈതാനത്തു ചെന്നുചേന്നു സൌകര്യമായി അദ്ദേഹത്തിൻെറ ദശ്നം സമ്പാദിക്കുന്നതിനും പ്രസംഗം കേൾക്കുന്നതിനും വളരെ പ്രയാസം സഹിക്കേണ്ടി വന്നു. അദ്ദേഹം സ്ത്രീകളും പുരുഷന്മാരും, പാമരന്മാരും പണ്ഡിതന്മാരും ഉൾപ്പെട്ടിരുന്ന ആ പുരുഷാരത്തിൻെറ നടുവിൽ ഉയന്ന ഒരു സ്ഥാനത്തു കയറി നിന്നുകൊണ്ടു പരിശുദ്ധാത്മാവിൻെറ പ്രബോധനമനുസരിച്ചു് ക്രിസ്തുധമ്മം പ്രസംഗിച്ചു. അദ്ദേഹത്തിൻെറ പ്രസംഗം ഒരു മനുഷ്യൻേറതല്ല, ഒരു ദേവദൂതൻേറതാണു് എന്നു തോന്നിപ്പോകുമാറു് അത്ര വിസ്മയാവഹമായിരുന്നു. സ്വൎഗ്ഗീയമായ അദ്ദേഹത്തിൻെറ വാക്കുകൾ, കൂരമ്പുകൾപോലെ, ശ്രോതാക്കളുടെ ഹൃദയങ്ങളിൽ തുളച്ചു കയറുകയും, തൽഫലമായി ഒട്ടുവളരെ പുരുഷന്മാരുടെയും സ്ത്രീകളുടെയും ഹൃദയങ്ങളിൽ പരിവത്തനവും പശ്ചാത്താപവും ഉളവാക്കുകയും ചെയ്തു. ഇവരുടെ കൂട്ടത്തിൽ പെല്ലെഗ്രീനോ എന്നും റിനിയെറി എന്നും പേരായി അങ്കോണായുടെ പ്രാന്തത്തിൽനിന്നു വന്ന കുലീനരായ രണ്ടു വിദ്യാത്ഥികളുണ്ടായിരുന്നു. അവർ ഫ്റാൻസിസിൻെറ പ്രസംഗത്താൽ സ്പൃഷ്ടഹൃദയരായി, സന്യാസമവലംബിക്കുന്നതിനു

സന്നദ്ധരായി, അദ്ദേഹത്തെ സമീപിക്കുകയും അദ്ദേഹത്തിൻെറ ധമ്മസഹോദരസംഘത്തിൽ പ്രവേശനം അഭ്യത്ഥിക്കുകയും ചെയ്തു. അവർ തൻെറ ധമ്മസഹോദരസംഘത്തിൽ ചേൎന്ന വിശുദ്ധ ജീവിതം നയിക്കുന്നതിനു ദൈവത്താൽ നിയുക്തരാണെന്നു ദിവ്യപ്രകാശനത്താൽ ഗ്രഹിച്ച ഫ്റാൻസിസ്സ് അവരെ സന്തോഷപൂവ്വം സ്വീകരിച്ചിട്ട് ഇപ്രകാരം പറഞ്ഞു: "പെല്ലിഗ്രീനോ, നീ ഈ ധമ്മസംഘത്തിൽ ഏററവും താണനിലയിൽ ജീവിക്കുക. റിനിയേറീ, നീ അതിൽ ആത്മീയ സേവനമനുഷ്ഠിക്കുക." ഈ നിർദ്ദേശമനുസരിച്ച് പെല്ലിഗ്രീനോ ഒരു മഹാപണ്ഡിതനും വേദവിശാരദനുമായിരുന്നുവെങ്കിലും അവസാനംവരെ വൈദികപദം വരിക്കാതെ കേവലം ഒരു ധമ്മസഹോദരനായിത്തന്നെ വത്തിച്ചു. ഈ വിനയാതിരേകത്താൽ അയാൾ മഹനീയമായ പുണ്യപരിപൂണ്ണതയെ പ്രാപിച്ചു; ഫ്റാൻസിസിൻെറ പ്രഥമശിഷ്യനായ ബർണാർഡ്ഡ് അയാളെ ഉത്തമനായൊരു ധമ്മസഹോദരൻ എന്ന് അഭിനന്ദിക്കുമാറ് അയാൾ പുണ്യജീവിതത്തിൽ അത്യധികം പ്രശോഭിച്ചു. ഈ പുണ്യാതിശയത്തിൻെറ ഫലമായി പെല്ലിഗ്രീനോ തൻെറ മരണത്തിനുമുമ്പും പിമ്പും അനേകം അത്ഭുതങ്ങൾ പ്രവത്തിച്ചു. റിനിയേറി ഏററവും വിശുദ്ധിയും വിനയവുമുള്ള ഒരു വൈദികധമ്മസഹോദരനായി അത്യന്തം പ്രശസ്തമാംവണ്ണം സേവനമനുഷ്ഠിക്കുകയും സെയിൻറ് ഫ്റാൻസിസിൻെറ സവിശേഷമായ സ്നേഹത്തിനു പാത്രീഭവിക്കുകയും ചെയ്തു. അയാൾ അങ്കോണാ സംസ്ഥാനത്തിലെ സഹോദരാശ്രമങ്ങളുടെ അധീശനായി നിയമിക്കപ്പെട്ടുകയും സ്വാകൃത്യം ദീർഘകാലം വളരെ വിവേകത്തോടും സമാധാനത്തോടുംകൂടി നിവ്വഹിക്കുകയും ചെയ്തു. ഒടുവിൽ, ദൈവനിശ്ചയമനുസരിച്ച്, ഘോരമായൊരു പൈശാചികപരീക്ഷ അയാളുടെ ആത്മാവിനെ ബാധിച്ചു. അതിനെ ജയിക്കുന്നതിനായി അയാൾ അഹോരാത്രം പ്രാത്ഥിക്കുകയും ഉപവാസം മുതലായി അതികഠിനങ്ങളായുള്ള തപശ്ചര്യകൾ അനുഷ്ഠിക്കുകയും ചെയ്തു. എങ്കിലും അതിൽനിന്നു മോചനം പ്രാപിക്കുന്നതിനു് അയാൾക്കു കഴിഞ്ഞില്ല. താൻ ദൈവത്താൽ പരിത്യക്തനാണെന്നുള്ള നൈരാശ്യജനകമായ ചിന്തയ്ക്കു അയാൾ

പലപ്പോഴും അധീനനായി. ഈ ഭഗ്നാശമായ അവസ്ഥയിൽ ആശ്വാസം തേടുന്നതിനായി സെയിൻറ് ഫ്റാൻസിസിനെ സമീപിക്കുന്നതിന്ന് അയാൾ നിശ്ചയിച്ചു. "പുണ്യവാനായ ഫ്റാൻസിസ് പതിവനുസരിച്ച് എന്നോടു ദയയും സ്നേഹവും കാണിക്കുന്നുവെങ്കിൽ, ദൈവവും എന്നോടു കരുണ കാണിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങനെയല്ലെങ്കിൽ, അതു ഞാൻ ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നവനാണെന്നുള്ളതിന്ന് ഒരടയാളമായിരിക്കും" എന്ന് അയാൾ ആത്മഗതം ചെയ്തു. അങ്ങനെ അയാൾ ഫ്റാൻസിസിൻെറയടുക്കൽ പോകുന്നതിനായി പുറപ്പെട്ടു. അദ്ദേഹം അപ്പോൾ അസീസിയിലെ മെത്രാൻെറ അരമനയിൽ രോഗബാധിതനായി കിടക്കുകയായിരുന്നു. റിനിയേറിയുടെ ദയനീയ സ്ഥിതിയെയും വരവിനെയുംപററി ദിവ്യപ്രകാശനത്താൽ അദ്ദേഹം അറിഞ്ഞു. അദ്ദേഹം ധൎമ്മസഹോദരന്മാരായ ലെയോവിനെയും മാസ്സെയോവിനെയും വിളിച്ച് ഇപ്രകാരം പറയുന്നു: "നിങ്ങൾ ഉടനെ പോയി എൻെറ പ്രിയപുത്രനായ സഹോദരൻ റിനിയേറിയെ എതിരേററ് എനിക്കു വേണ്ടി അഭിവാദനംചെയ്ത് ആശ്ലേഷിച്ചിട്ടു ലോകത്തുള്ള സകല ധൎമ്മസഹോദരന്മാരിലുംവെച്ച് ആ സഹോദരൻ എൻെറ സവിശേഷമായ സ്നേഹത്തിനു പാത്രീഭൂതനാണെന്നു പറയുവിൻ." അങ്ങനെ അവർ പുറപ്പെട്ടുപോയി, വഴിയരികിൽവെച്ചു സഹോദരൻ റിനിയേറിയെ കാണുകയും, ആശ്ലേഷിച്ചശേഷം ഫ്റാൻസിസ് പറഞ്ഞതുപോലെ അയാളോടു പറയുകയും ചെയ്തു. അപ്പോൾ അയാൾ അപാരമായ ആശ്വാസമനുഭവിച്ചു. ആനന്ദഭരിതനായി ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് അയാൾ യാത്ര തുടൎന്നു ഫ്റാൻസിസിൻെറ അടുക്കലെത്തി. അദ്ദേഹം രോഗവിവശനായി കിടക്കുകയായിരുന്നുവെങ്കിലും, സഹോദരൻ റിനിയേറി വരുന്നുവെന്നു കേട്ടപ്പോൾ, കിടക്കയിൽനിന്ന് എഴുന്നേററു ചെന്ന് അയാളെ ഏററവും വാത്സല്യപൂൎവ്വം ആശ്ലേഷിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "സഹോദരൻ റിനിയേറീ, ഏററവും പ്രിയപ്പെട്ട മകനെ, ഞാൻ നിന്നെ ലോകത്തുള്ള സകല ധൎമ്മസഹോദരന്മാരെയുംകാൾ കൂടുതലായി സ്നേഹിക്കുന്നു. നിന്നോട്ട് എനിക്കു സവിശേഷമായൊരു

സ്നേഹമുണ്ട്.” ഈ വാക്കുകളോടുകൂടി അദ്ദേഹം അയാളുടെ നെററിയിൽ കുരിശടയാളം വരച്ചുകൊണ്ട് അവിടെ ചുംബിച്ചു. അനന്തരം അദ്ദേഹം ഇപ്രകാരം പറഞ്ഞു: “ഏററവും പ്രിയപ്പെട്ട മകനെ, ഈ ഘോരമായ പരീക്ഷ ദൈവം നിനക്കനുവദിച്ചതു് നിൻെറ പുണ്യാഭിവൃദ്ധിക്കായിട്ടാണ്. നിനക്ക് അതു ദുസ്സഹമായിത്തീന്നിട്ടുണ്ടെങ്കിൽ, അതു ഇതാ അവസാനിച്ചിരിക്കുന്നു.” എന്തൊരത്ഭുതം! പുണ്യവാനായ ഫ്റാൻസിസ് ഈ വാക്കുകൾ ഉച്ചരിച്ച മാത്രയിൽ തന്നെ, റിനിയേറി പരീക്ഷയിൽനിന്നു നിശ്ശേഷം വിമുക്തനായി. അതു് ഒരിക്കലും തന്നെ ബാധിക്കാതിരുന്നാലത്തെപ്പോലെ പരിപൂൎണ്ണമായ ആശ്വാസവും ആനന്ദവും അയാൾ അനുഭവിച്ചു.

## അദ്ധ്യായം 28

സഹോദരൻ ബർണാർഡു് ഒരിക്കൽ പ്രഭാതംമുതൽ മദ്ധ്യാഹ്നംവരെ സമാധിയിൽ ലയിച്ചു് ദിവ്യാനന്ദപരവശനായി, പരിതസ്ഥിതികൾക്കു് അജാഗരൂകനായി വത്തിച്ചതിനെപ്പററി

ക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം ലോകത്തെ ഉപേക്ഷിച്ചു് സുവിശേഷധമ്മത്തിനനുരൂപമായി ദാരിദ്ര്യം സ്വയം വരിച്ച മുമുക്ഷുക്കൾ ഈശ്വരാനുഗ്രഹത്തിനു് എത്രയധികമായി പാത്രീഭവിച്ചിരുന്നുവെന്നതിന് സഹോദരൻ ബർണാർഡിൻെറ അനുഭവം സാക്ഷ്യം വഹിക്കുന്നു. അദ്ദേഹം ഫ്റാൻസിസ്സുൻ സന്യാസവസ്ത്രം ധരിച്ചശേഷം പലപ്പോഴും സ്വൎഗ്ഗീയകാര്യങ്ങളെപ്പററി ധ്യാനിച്ചു് സമാധിയിൽ ലയിച്ചു് ദിവ്യാനന്ദപരവശനായിത്തീന്നിരുന്നു. ഒരിക്കൽ അദ്ദേഹം ദേവാലയത്തിൽ ദിവ്യപൂജയിൽ സംബന്ധിച്ചപ്പോൾ, മനസ്സ് മുഴുവനും ദൈവത്തിൽ പതിഞ്ഞു സമാധിയിൽ ലയിച്ചു പോവുകയാൽ, വൈദികൻ കുർബ്ബാന ഉയത്തിയതു ശ്രദ്ധിക്കുകയോ, അപ്പോൾ മററുള്ളവരെ

പ്പോലെ മുട്ടുകുത്തുകയോ ശിരോവേഷ്ടി നീക്കുകയോ ചെയ്യാതെ, ബാഹ്യകാര്യങ്ങളെപ്പററി ഒട്ടും ഉണർവില്ലാത്തവനായി പ്രഭാതംമുതൽ മദ്ധ്യാഹ്നംവരെ ഒരേനിലയിൽ സ്വർഗ്ഗത്തു തന്നെ നോട്ടമുറപ്പിച്ച് നിർന്നിമേഷനായി, നിശ്ചേഷ്ടനായി നിന്നുപോയി. ഉച്ചയ്ക്കുശേഷം ബോധം വന്നപ്പോൾ, അദ്ദേഹം ആശ്രമത്തിൽ ചുററിനടന്ന് ഇപ്രകാരം ആശ്ചര്യോദ്ഘോഷം ചെയ്തു: “ഓ സഹോദരന്മാരെ, ഓ സഹോദരന്മാരെ, ഓ സഹോദരന്മാരെ, ഈ രാജ്യത്തുള്ള ഏതൊരു മനുഷ്യനാണ്, അവൻ എത്രമാത്രം മഹത്വമോ പ്രഭുത്വമോ ഉള്ളവനായിരുന്നാലും, അവന്ന് ഒരു ചാക്കു നിറയെ ചാണകം കൊണ്ടു സ്വർണ്ണമയമായൊരു രമ്യഹർമ്മ്യം സമ്പാദിക്കാൻ കഴിയുമെന്നുണ്ടെങ്കിൽ, അതിനായി ആ ചാണകം ചുമന്നുകൊണ്ടു പോവുകയെന്നത് ഏററവും സുകരമായൊരു കാര്യമായി കരുതാത്തത്?” ദൈവത്തെ സ്നേഹിക്കുന്നവർക്കു പ്രതിശ്രുതമായ ഈ സ്വർഗ്ഗീയനിധിയിങ്കലേക്ക് അദ്ദേഹം തന്റെ ഹൃദയത്തെ ഉയർത്തിയിരുന്നു. അതിന്റെ ഫലമായി പതിനഞ്ചു സംവത്സരക്കാലം തികച്ചും സ്വർഗ്ഗോന്മുഖമായ മനസ്സോടും മുഖത്തോടുംകൂടി അദ്ദേഹം വർത്തിച്ചു. ഇക്കാലത്ത് അദ്ദേഹം വിശപ്പടങ്ങുമാറ് ഒരിക്കലും ആഹാരം കഴിച്ചിരുന്നില്ല. തനിക്കായി വിളമ്പുന്ന ഭോജ്യപേയങ്ങളിൽനിന്ന് വളരെ കുറച്ചുമാത്രമേ അദ്ദേഹം കഴിക്കുമായിരുന്നുള്ളു. ഒരുവന്നു രുചികരമല്ലാത്തതിനെ വേണ്ടെന്നു വയ്ക്കുന്നതിലല്ലാ സ്വാദിഷ്ടങ്ങളായ ഭക്ഷണപാനീയങ്ങളെ മിതമായി ഉപയോഗിക്കുന്നതിലാണ് ഉത്തമമായ ആഹാരവർജ്ജനവ്രതം സ്ഥിതി ചെയ്യുന്നതെന്ന് അദ്ദേഹം പറയുമായിരുന്നു. ഈ തപശ്ചര്യകളാൽ അദ്ദേഹത്തിന്റെ ബുദ്ധിക്കു പ്രകാശവും പ്രസന്നതയും വളരെയധികം വർദ്ധിച്ചു. മഹാപണ്ഡിതന്മാർപോലും വേദഗ്രന്ഥത്തിലെ ദുർഗ്രഹങ്ങളായ ഭാഗങ്ങളെയും വിഷമപ്രശ്നങ്ങളെയും സംബന്ധിച്ചു സംശയനിവൃത്തി വരുത്താനായി അദ്ദേഹത്തെ സമീപിക്കുകയും അവരുടെ സംശയങ്ങളെയെല്ലാം അദ്ദേഹം പരിഹരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മനസ്സ് ഐഹലൗകികങ്ങളായ കാര്യങ്ങളോടു് ഒട്ടും ബന്ധമില്ലാതെ പരിപൂർണ്ണ വൈരാഗ്യത്തെ പ്രാപിച്ചിരുന്നതിനാൽ അദ്ദേഹം അദ്ധ്യാത്മധ്യാന

നിരതനായി, കുരുവികളെപ്പോലെ ഉച്ചത്തിൽ, വിഹരിച്ചു. അങ്ങനെ അദ്ദേഹം ചിലപ്പോൾ ഇരുപതും, ചിലപ്പോൾ മുപ്പതും ദിവസം തുടർച്ചയായി അത്യുന്നതങ്ങളായ പർവ്വതങ്ങളുടെ മുകളിൽ ദിവ്യധ്യാനൈകനിരതനായി, ഏകനായി, വസിക്കുമായിരുന്നു. ഇക്കാരണത്താൽ, കുരുവികളെപ്പോലെ, പറന്നു ഭക്ഷിക്കുന്നതിനുള്ള വരം സഹോദരൻ ബർണാർഡിനു സിദ്ധിച്ചതുപോലെ മററാർക്കും സിദ്ധിച്ചിട്ടില്ലെന്നു സഹോദരൻ ജിൽസ് അദ്ദേഹത്തെപ്പററി പറയുമായിരുന്നു. ഈ ദൈവദത്തമായ അനുഗ്രഹവിശേഷംനിമിത്തം അദ്ദേഹവുമായി സെയിൻറു് ഫ്റാൻസിസു് രാത്രിയും പകലും, കൂടെക്കൂടെ, സന്തോഷപൂർവ്വം സംഭാഷണം ചെയ്യുമായിരുന്നു. അങ്ങനെ അവർ ചിലപ്പോൾ ഒരുമിച്ചു വനാന്തരത്തിൽപോയി ഈശ്വരോദ്ദേശ്യകങ്ങളായ കാര്യങ്ങളെപ്പററി സംഭാഷണത്തിലേർപ്പെട്ടു ബ്രഹ്മാനന്ദനിർല്ലീനരായി കഴിഞ്ഞുകൂടിയിരുന്നു.

---

# അദ്ധ്യായം 29

പിശാചൻ ക്രൂശിതവേഷത്തിൽ അനേകം പ്രാവശ്യം സഹോദരൻ റൂഫിനോയ്ക്കു പ്രത്യക്ഷപ്പെട്ടു്, ആ സഹോദരൻ മോക്ഷാർഹരായി വരിക്കപ്പെട്ടവരിൽപ്പെട്ടവനല്ലെന്നുള്ളതുകൊണ്ടു്, അയാൾ പരിശീലിച്ചുവന്ന പുണ്യം അയാൾക്കു നഷ്ടീഭവിച്ചുവെന്നു പറഞ്ഞു; ഇതു് ദിവ്യപ്രകാശനം മൂലം അറിഞ്ഞ സെയിൻറു് ഫ്റാൻസിസു് സഹോദരൻ റൂഫിനോയുടെ അബദ്ധവിശ്വാസങ്ങളെ തിരുത്തുന്നു

അസ്സീസി നഗരത്തിലെ ആഢ്യതമന്മാരായ പൌരന്മാരിലൊരുവനും സെയിൻറു് ഫ്രാൻസിസിൻെറ വിശുദ്ധിയേറിയ ഒരനുയായിയുമായ സഹോദരൻ റൂഫിനോ ഒരിക്കൽ മുൻകൂട്ടിയുള്ള ദൈവവിധിയെപ്പററി അത്യുഗ്രങ്ങളായ സംശയങ്ങൾക്കും പരീക്ഷകൾക്കും വിധേയനായി, ചഞ്ചലചിത്തനായിത്തീർന്നു; അയാൾ നിത്യശിക്ഷയ്ക്കർഹനായിക്കഴിഞ്ഞു

വെന്നും, ദൈവനിശ്ചയപ്രകാരം നിത്യരക്ഷയ്ക്കർഹരായവരുടെ ഗണത്തിൽ ഉൾപ്പെട്ടിട്ടില്ലെന്നും, ഫ്റാൻസിസ്സിൻ ധർമ്മസംഘത്തിൽ അയാൾ അനുഷ്ഠിക്കുന്ന സേവനം മുഴുവനും നിഷ്ഫലമാണെന്നും പിശാചൻ അയാളെ വിശ്വസിപ്പിക്കുകയാൽ അയാളുടെ മനസ്സ് ദുഃഖനിമഗ്നവും വ്യാകുലവുമായിബ്ഭവിച്ചു. ഈ പരീക്ഷണത്തിന്റെ ഉഗ്രത ദിവസേന വർദ്ധിച്ചുവന്നുവെങ്കിലും അതിനെപ്പറ്റി സെയിന്റ് ഫ്റാൻസിസിനെ അറിയിക്കുന്നതിന് അയാൾ ധൈര്യപ്പെട്ടില്ല. പക്ഷെ ഈ ഘട്ടത്തിലും അയാൾ പ്രാർത്ഥനയും ഉപവാസാനുഷ്ഠാനവും അഭംഗം തുടർന്നു. ശത്രുവാകട്ടെ തന്റെ ആക്രമണത്തിന്റെ ഭീകരത ഉത്തരോത്തരം വർദ്ധിപ്പിച്ചുകൊണ്ടിരുന്നു ആന്തരമായ വൈഷമ്യങ്ങളോടൊപ്പം ബാഹ്യമായും കപടദർശനങ്ങൾകൊണ്ടു് അയാളെ വഞ്ചിക്കുന്നതിന് അവനുദ്യമിച്ചു. ഒരിക്കൽ അവൻ ക്രൂശിതന്റെ വേഷത്തിൽ അയാൾക്കു പ്രത്യക്ഷപ്പെട്ടു് ഇപ്രകാരം പറഞ്ഞു: ഓ സഹോദരൻ റൂഫിനോ, നീ ദൈവനിശ്ചയപ്രകാരം നിത്യരക്ഷയ്ക്കർഹനല്ലാതിരിക്കുന്ന സ്ഥിതിക്ക്, പാപപരിഹാരകർമ്മങ്ങളും പ്രാർത്ഥനയുംകൊണ്ടു നീ എന്തിനു സ്വയം പീഡിപ്പിക്കുന്നു? നിത്യരക്ഷയ്ക്കർഹരായി മുൻകൂട്ടി നിശ്ചയിച്ചു് ആരെയെല്ലാം ദൈവം തിരഞ്ഞെടുത്തിട്ടുണ്ടെന്നു് എനിക്കറിയാം, എന്നെ വിശ്വസിക്കുക. അതിനു വിപരീതമായി പീറ്റർ ബർണാഡൊന്റെ മകൻ നിന്നോടു പറയുന്നുവെങ്കിൽ, അവനെ വിശ്വസിക്കരുതു്; ഇക്കാര്യത്തെപ്പറ്റി നീ അവനോടു് ആലോചിക്കരുതു്; ദൈവപുത്രനായ എനിക്കല്ലാതെ അവനോ മറ്റാർക്കുമോ ഇതിനെപ്പറ്റി യാതൊന്നുമറിയാൻ പാടില്ല. അതുകൊണ്ടു നീ നിത്യശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നവരുടെ ഗണത്തിൽ തീർച്ചയായും ഉൾപ്പെട്ടിരിക്കുന്നുവെന്നു വിശ്വസിച്ചാലും; നിന്റെ പിതാവായ പീറ്റർ ബർണാഡൊന്റെ മകനും അവന്റെ പിതാവും കൂടി നിത്യശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുകയാണു്; അവനെ അനുഗമിക്കുന്ന ഏവരും വഞ്ചിതരാകുന്നു.’’ ഈ വാക്കുകൾ കേട്ടശേഷം സഹോദരൻ റൂഫിനോ അന്ധകാരശക്തിയ്ക്കധീനനായി നിശ്ശേഷം അന്ധനായിബ്ഭവിക്കുകയും അയാൾക്കു സെയിന്റ് ഫ്രാൻസിസിലുണ്ടായിരു

ന്ന വിശ്വാസവും സ്നേഹവും തീരെ നശിക്കുകയും ചെയ്തു; തൻെറ ദുഃഖിതിയെപ്പററി അദ്ദേഹത്തെ അറിയിക്കണമെന്നുപോലും അയാൾക്കു തോന്നിയില്ല. പക്ഷെ, സഹോദരൻ റുഫിനോ തൻെറ ഗുരുവിനെ അറിയിക്കാതിരുന്നതു് പരിശുദ്ധാത്മാവു് അദ്ദേഹത്തിനു വെളിപ്പെടുത്തിക്കൊടുത്തു. അങ്ങനെ തൻെറ ശിഷ്യനു നേരിട്ടിരിക്കുന്ന മഹാവിപത്തിനെ ഗ്രഹിച്ചിട്ടു് സെയിൻറു് ഫ്രാൻസിസു് അയാളെ വിളിച്ചു കൊണ്ടുവരുന്നതിനായി സഹോദരൻ മസെയോവിനെ അയച്ചു. എന്നാൽ സഹോദരൻ റുഫിനോയുടെ മറുപടി പ്രതികൂലമായിരുന്നു: "എനിക്കും സഹോദരൻ ഫ്റാൻസിസിനും തമ്മിൽ എന്തൊരു ബന്ധമാണുള്ളതു്?" എന്നു് അയാൾ പിറുപിറുത്തു. അപ്പോൾ ദിവ്യജ്ഞാനത്താൽ പ്രബുദ്ധനും പിശാചൻെറ കാപട്യങ്ങളെപ്പററി അറിയാവുന്നവനുമായ സഹോദരൻ മസേയോ ഇപ്രകാരം പറഞ്ഞു: "ഓ സഹോദരൻ റുഫിനോ, സെയിൻറ് ഫ്റാൻസിസ് ഈ ലോകത്തു ഒട്ടുവളരെ ആത്മാക്കളെ പ്രബുദ്ധരാക്കുകയും നമുക്കു ദൈവാനുഗ്രഹത്തെ പ്രദാനം ചെയ്യുകയും ചെയ്തിട്ടുള്ള ഒരു ദേവദൂതനു സദൃശനാണെന്നു നിനക്കു് അറിയാവുന്നതല്ലേ? അതുകൊണ്ടു നീ എന്നോടൊന്നിച്ചു് അദ്ദേഹത്തിൻെറയടുക്കലേക്കു വരുക തന്നെ വേണമെന്നു ഞാൻ ആഗ്രഹിക്കുന്നു; എന്തുകൊണ്ടെന്നാൽ നീ പിശാചനാൽ വഞ്ചിതനായിരിക്കുന്നുവെന്നു ഞാൻ സ്പഷ്ടമായിക്കാണുന്നു." ഈ വാക്കുകൾ കേട്ടു്, സഹോദരൻ റുഫിനോ എഴുന്നേററു് ഫ്റാൻസിസിൻെറ അടുക്കലേക്കു പോയി. അയാൾ വരുന്നതു ദൂരെ കണ്ടപ്പോൾ, സെയിൻറ് ഫ്റാൻസിസ്, "സഹോദൻ റുഫിനോ, മഠയാ, നീ ആരിലാണു് വിശ്വാസമപ്പിക്കുന്നതു്?" എന്നു് ഉദീരണം ചെയ്തു. സഹോദരൻ റുഫിനോ തൻെറ അടുക്കൽ വന്നപ്പോൾ സെയിൻറ് ഫ്റാൻസിസ് അയാൾക്കു ബാഹ്യമായും ആന്തരമായുമുണ്ടായ പൈശാചികപ്രലോഭനങ്ങളെല്ലാം യഥാക്രമം വിവരിക്കുകയും അയാൾക്കു പ്രത്യക്ഷപ്പെട്ടതു ക്രിസ്തുവല്ലാ, പിശാചനാണെന്നും പിശാചൻെറ നിർദ്ദേശങ്ങൾക്കു് അയാൾ ഒരു പ്രകാരത്തിലും വശംവദനാകരുതെന്നും അയാളെ സ്പഷ്ട

മായി ഗ്രഹിപ്പിക്കുകയും ചെയ്തു. "നീ നിത്യശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നുവെന്നു പിശാചൻ വീണ്ടും നിന്നോടു പറയുമ്പോഴൊക്കെ, നീ അവനോടു, നിൻെറ വായ് തുറക്കുക, ഞാൻ അതിൽ അമേധ്യമിടും, എന്നു പ്രതിവചിക്കുക. നീ അങ്ങനെ മറുപടി പറയുന്ന മാത്രയിൽ അവൻ നിൻെറ മുമ്പിൽനിന്നു ഓടിയൊളിക്കും; അവൻ ക്രിസ്തുവല്ല, പിശാചനാണ്, എന്ന് ഈ അടയാളത്തിൽ നിന്നു നീ സ്പഷ്ടമായി മനസ്സിലാക്കണം. പിശാചൻ നിൻെറ ഹൃദയത്തെ സകല നന്മകൾക്കുമെതിരായി കർക്കശമാക്കി; അതു് അവനു സ്വതഃസിദ്ധമായി ഉചിതമായുള്ള ഉദ്ദേശ്യമാണ്. എന്നാൽ സച്ചിദാനന്ദസ്വരൂപനായ ക്രിസ്തുവാകട്ടെ, 'ഞാൻ നിന്നിൽ നിന്നു ശിലാമയമായ ഹൃദയത്തെ എടുത്തുകളഞ്ഞിട്ടു്, മാംസമയമായ ഒരു ഹൃദയത്തെ നിനക്കു പ്രദാനം ചെയ്യും,' എന്ന പ്രവാചകസൂക്തിയനുസരിച്ച്, വിശ്വാസമുള്ള മനുഷ്യൻെറ ഹൃദയത്തെ ഒരിക്കലും കഠിനമാക്കാതെ, അതിനെ സുമൃദുലമാക്കുന്നു" എന്ന് അദ്ദേഹം തുടന്നു പറഞ്ഞു. അപ്പോൾ സഹോദരൻ രുഫിനോ തനിക്കുണ്ടായ പൈശാചികപരീക്ഷകളും പ്രലോഭനങ്ങളും സകലവും സെയിൻറ് ഫ്രാൻസിസ് യഥാസ്ഥിതി ഗ്രഹിച്ചിരിക്കുന്നുവെന്നു മനസ്സിലാക്കുകയും അദ്ദേഹത്തിൻെറ വാക്കുകളാൽ സ്പൃഷ്ടഹൃദയനായി വിലപിക്കുകയും, തൻെറ അസ്വാസ്ഥ്യത്തെ അദ്ദേഹത്തിൽ നിന്നു മറച്ചുവച്ചതിലുള്ള അപരാധത്തെ വിനയപൂർവം ഏററുപറയുകയും ചെയ്തു. അങ്ങനെ അയാൾ ഗുരുനാഥൻെറ ഉപദേശങ്ങളാൽ സമാശ്വസ്തനും ആനന്ദഭരിതനുമായി. അവസാനമായി സെയിൻറ് ഫ്രാൻസിസ് അയാളോട് ഇങ്ങനെ പറഞ്ഞു: "എൻെറ മകനെ, നീ പോയി കുമ്പസാരിക്കുക; നിൻെറ പതിവായുള്ള പ്രാർത്ഥനകളും അനുഷ്ഠാനങ്ങളും മുടക്കരുതു്; ഈ പൈശാചിക പ്രലോഭനം നിനക്കു വലുതായ നന്മയ്ക്കും ആശ്വാസത്തിനും നിദാനമായിരിക്കുമെന്നുള്ളതു തീർച്ചയാണെന്നു നീ ഗ്രഹിച്ചാലും; അചിരേണ നിനക്കതു് ബോധ്യമാകും." അനന്തരം സഹോദരൻ രുഫിനോ വനത്തിലുള്ള തൻെറ ആശ്രമത്തിലേക്കു മടങ്ങുന്നു; അവിടെ അയാൾ കണ്ണുനീർ

പൊഴിച്ചു പ്രാൎത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, പിശാചൻ ക്രിസ്തുവിൻെറ ബാഹ്യരൂപത്തിൽ വീണ്ടും പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു: "ഓ സഹോദരൻ റുഫിനോ, പീററർ ബർണാദോവിൻെറ മകനെ വിശ്വസിക്കരുതെന്നും, നീ നിത്യശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്കു പ്രാൎത്ഥനയും ഉപവാസവുംകൊണ്ട് ക്ഷീണിതനാകേണ്ടതില്ലെന്നും നിന്നോടു ഞാൻ പറഞ്ഞില്ലയോ? മരണശേഷം നിനക്കു രക്ഷയില്ലെന്നു തീർച്ചയായിരിക്കുന്ന സ്ഥിതിക്ക് നീ ജീവിച്ചിരിക്കുമ്പോൾ സ്വയം പീഡിതനാകുന്നതുകൊണ്ട് എന്തു പ്രയോജനം?" ഉടനെ സഹോദരൻ റുഫിനോ, "നിൻെറ വായ് തുറക്കുക, അതിൽ ഞാൻ അമേധ്യമിടും" എന്നു പ്രതിവചിക്കുന്നു. തൽക്ഷണം പിശാചൻ കോപാക്രാന്തനായി അവിടെനിന്നു നിഷ്ക്രമിക്കുന്നു; അവൻെറ കോപത്തിൻെറ പ്രചണ്ഡതയാൽ സമീപസ്ഥമായ സുബാസിയോ മല കുലുങ്ങി, പാറകൾ പൊട്ടിത്തെറിച്ചു; പൊട്ടിത്തെറിച്ച പാറകളുടെ ഉരസലിൽനിന്നു തീപ്പൊരികൾ ചിതറിവീണ് താഴ്വരയിൽ വലുതായൊരു തീപിടിത്തമുണ്ടായി. പാറകൾപൊട്ടി അടൎന്നുവീഴുന്ന ഘോരാരവം കേട്ട് സെയിൻറ് ഫ്രാൻസിസും ശിഷ്യന്മാരും വിസ്മയവിവശരായി എന്തു സംഭവിച്ചുവെന്നു കാണുന്നതിന്ന് ആശ്രമത്തിൽ നിന്നിറങ്ങിവന്നു. അങ്ങനെ അവിടെ പൊട്ടിത്തെറിച്ച താറുമാറായികിടക്കുന്ന ശിലാഖണ്ഡങ്ങൾ ഇന്നും ദൃശ്യങ്ങളാണ്. ഇവ്വിധം സഹോദരൻ റുഫിനോ തന്നെ വഞ്ചിച്ചതു പിശാചൻ തന്നെയായിരുന്നെന്നു പ്രത്യക്ഷമായി കാണുകയും സെയിൻറ് ഫ്റാൻസിസിൻെറ അടുക്കലേക്കു മടങ്ങിപ്പോയി, അദ്ദേഹത്തിൻെറ പാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തു തൻെറ അപരാധത്തെ ക്ഷമാപണപൂൎവ്വം ഏററുപറയുകയും ചെയ്തു. ഗുരു ശിഷ്യനെ കൃപാമസൃണമായ വാക്കുകളാൽ സമാശ്വസിപ്പിച്ചു, അയാളുടെ ആശ്രമത്തിലേക്ക് ആനന്ദഭരിതനായി തിരിച്ചയച്ചു. അവിടെ അയാൾ അത്യന്തം ഭക്തിയോടെ പ്രാൎത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, സാക്ഷാൽ സച്ചിദാനന്ദസ്വരൂപനായ ക്രിസ്തു പ്രത്യക്ഷപ്പെട്ട് അയാളുടെ ആത്മാവിനെ ദിവ്യസ്നേഹാ

ഗ്നിയാലുജ്ജ്വലിപ്പിച്ചുകൊണ്ട്, ഇപ്രകാരം പറഞ്ഞു: "എന്റെ മകനെ, സഹോദരൻ ഫ്രാൻസിസ്സിൽ നീ വിശ്വാസമർപ്പിച്ചതു നന്നായി; എന്തുകൊണ്ടെന്നാൽ, നിന്നെ പീഡിപ്പിച്ചതു പിശാചനായിരുന്നു. എന്നാൽ ഞാൻ നിന്റെ സ്വാമിയായ ക്രിസ്തുവാകുന്നു; അതിനു തെളിവായി ഇത്തരം ശല്യം മേലാൽ നിന്നെ ഒരിക്കലും ബാധിക്കുകയില്ലെന്നു നിനക്കു ഞാൻ ഉറപ്പുതരുന്നു." ഇത്രയും പറഞ്ഞശേഷം ക്രിസ്തു അപ്രത്യക്ഷനായി. ഈ ദിവ്യദർശനത്തിന്റെ ഫലമായി സഹോദരൻ റൂഫിനോ അവാച്യമായ ആനന്ദവും ശാന്തിയും അനുഭവിച്ചു; അയാൾ അഹോരാത്രം ദൈവത്തിൽ നിർല്ലീനനായിക്കഴിഞ്ഞുകൂടി. ആ നിമിഷംമുതൽ അയാൾ ദിവ്യപ്രസാദത്തിൽ സ്ഥിരപ്രതിഷ്ഠനായി, തന്റെ നിത്യരക്ഷയെപ്പററി ഉറപ്പുള്ളവനായി, നിശ്ശേഷം നവീകൃതനായൊരു മനുഷ്യനായിത്തീൎന്നു. സഹോദരന്മാർ അനുവദിക്കുമായിരുന്നുവെങ്കിൽ, അയാൾ രാവും പകലും പ്രാൎത്ഥനയിലും ദിവ്യധ്യാനത്തിലും മാത്രം നിരതനായിക്കഴിഞ്ഞുകൂടുമായിരുന്നു. അതുമൂലം അയാളെ ഇഹത്തിൽ വച്ചുതന്നെ ക്രിസ്തു പുണ്യപട്ടാഭിഷേകം ചെയ്തുവെന്നും, അയാൾ അപ്പോഴും ലോകത്തു ജീവിച്ചിരുന്നുവെങ്കിലും, അയാളുടെ സാന്നിദ്ധ്യമില്ലാത്തപ്പോൾ, അയാളെ സെയിന്റ് റൂഫിനോ എന്നു വിളിക്കുന്നതിനു താൻ മടിക്കുകയില്ലെന്നും സെയിന്റ് ഫ്രാൻസിസ് പറയുമായിരുന്നു.



## അദ്ധ്യായം 30

**സെയിൻറ് ഫ്രാൻസിസും സഹോദരൻ രൂഫീനോയും അസ്സീസിയിൽവച്ചു ചെയ്ത ചേതോഹരമായ ധൎമ്മപ്രസംഗം.**

സഹോദരൻ രൂഫീനോ നിരന്തരം പ്രണിധാനനിമഗ്നനായി, ഈശ്വരധ്യാനൈകനിരതനായി വൎത്തിച്ചതുകൊണ്ട് ബാഹ്യകാര്യങ്ങളിൽ പ്രായേണ അജാഗരൂകനായും മൌനം ദീക്ഷിക്കുന്നവനായും ഭവിച്ചു. അദ്ദേഹത്തിനു വാഗ്മിത്വമോ പ്രസംഗചാതുൎയ്യമോ ഒരിസ്സുലും ഉണ്ടായിരുന്നില്ല. എന്നിട്ടും സെയിൻറ് ഫ്രാൻസിസ് ഒരു ദിവസം അയാളോട്ട് അസ്സീസിയിൽ പോയി ഈശ്വരപ്രബോധനമനുസരിച്ചു ജനങ്ങളോടു പ്രസംഗിക്കുന്നതിനാജ്ഞാപിച്ചു. അയാൾ അനുസരിക്കാൻ സന്നദ്ധനാകാതെ ഇപ്രകാരം പറഞ്ഞു; “വന്ദ്യനായ പിതാവെ, എന്നോടു ക്ഷമിക്കുമാറാകണം; എനിക്കു പകരം മററാരെയെങ്കിലും അയച്ചാലും. ഞാൻ പ്രസംഗിക്കാൻ വശമില്ലാത്തവനും ശാലീനനും അജ്ഞനുമാണെന്നു് അങ്ങേയ്ക്കു അറിയാവുന്നതാണല്ലോ.” അപ്പോൾ സെയിൻറ് ഫ്രാൻസിസ്, “ഞാൻ പറഞ്ഞതു നീ ഉടനെ അനുസരിക്കാത്തതിനു പരിഹാരമായി, മേലങ്കി ധരിക്കാതെ, കാലുറമാത്രം ധരിച്ചുകൊണ്ട് അസ്സീസിയിൽ പോയി ഒരു പള്ളിയിൽ പ്രവേശിച്ച് ജനങ്ങളോടു പ്രസംഗിക്കുക, എന്നു പരിപാവനമായ അനുസരണവ്രതത്തെ മുൻനിറുത്തി നിന്നോടു ഞാൻ കല്പിക്കുന്നു,” എന്നു പറഞ്ഞു. ഈ കല്പനപ്രകാരം സഹോദരൻ രൂഫീനോ മേലങ്കി ഉരിഞ്ഞു കളഞ്ഞ് അൎദ്ധനഗ്നനായി അസ്സീസിയിലേക്കു പുറപ്പെടുന്നു; അവിടെ ഒരു പള്ളിയിൽ പ്രവേശിച്ചു, ബലിപീഠത്തിൻറെ മുമ്പിൽ നമസ്കരിച്ചശേഷം പ്രസംഗപീഠത്തിൽ കയറി പ്രസംഗിച്ചുതുടങ്ങുന്നു. ശ്രോതാക്കൾ പ്രസംഗകൻറെ പ്രാകൃതവേഷം കണ്ടു്, “ഈ സഹോദരന്മാർ അവരുടെ തപശ്ചര്യകളുടെ

കാഠിന്യം നിമിത്തം ബുദ്ധിശൂന്യരായി കിറുക്കന്മാരായിരി ക്കുന്നു," എന്നു പരിഹസിച്ചു. ഇതിനിടയിൽ സെയിൻറ് ഫ്റാൻസിസ് അസ്സീസിയിലെ ആഢ്യതമന്മാരിലൊരുവ നായ സഹോദരൻ റുഫിനോ തൻെറ കക്കശമായ കല്പന യെ അനുസരിക്കുന്നതിൽ പ്രദശിപ്പിച്ച സൌമനസ്യവും ത്യാഗബുദ്ധിയും ഓത്ത് ഇങ്ങനെ സ്വയം ശാസിച്ചു: "പീ റാർ ബെർണ്ണാദോൻെറ മകനെ, നീചകീടമേ, നിനക്ക് അ സ്സീസിയിലെ അഭിജാതതമന്മാരിലൊരുവനായ സഹോദ രൻ റുഫിനോയെ ഒരു കിറുക്കനെപ്പോലെ ജനങ്ങളോടു പ്ര സംഗിക്കുന്നതിനു നിയോഗിക്കാനെങ്ങനെ സാധിച്ചു? ദൈ വം നിനക്കു മാപ്പു തരുമാറാകട്ടെ! പക്ഷെ, നീ അയാളോടു ചെയ്യാനാജ്ഞാപിച്ചതു നീ സ്വയം ചെയ്യണം." ഉടൻ ത ന്നെ അദ്ദേഹം മേലങ്കി ഉരിഞ്ഞ് അദ്ധനഗ്നനായി അത്യ ധികമായ ധമ്മതീക്ഷ്ണതയോടെ അസ്സീസിയിലേക്കു പുറ പ്പെട്ടു; അദ്ദേഹത്തിൻെറയും സഹോദരൻ റുഫീനോയുടെ യും മേലങ്കികളെടുത്തുകൊണ്ടു സഹോദരൻ ലെയോവും അ ദ്ദേഹത്തെ അനുഗമിച്ചു. അസ്സീസിയിലെ ജനങ്ങൾ അദ്ദേ ഹത്തിൻെറ വേഷം കണ്ടു പരിഹസിച്ചു; തപശ്ചര്യകളുടെ കാഠിന്യാതിരേകം നിമിത്തം അദ്ദേഹവും സഹോദരൻ റുഫീനോയും കിറുക്കന്മാരായിപ്പോയി എന്ന് അവർ വിശ്വ സിച്ചു. സെയിൻറ് ഫ്റാൻസിസ് പള്ളിയിൽ പ്രവേശി ച്ചു; അപ്പോൾ സഹോദരൻ റുഫീനോ ഇങ്ങനെ പ്രസം ഗിക്കുകയായിരുന്നു: "ഓ പ്രിയപ്പെട്ട സഹോദരരെ, ലോ കത്തുനിന്ന് ഓടിയകലുവിൻ; പാപത്തെ ഉപേക്ഷിക്കു വിൻ; മററുള്ളവക്കു കൊടുക്കേണ്ടതെല്ലാം കൊടുത്തു തീക്കു വിൻ; അല്ലെങ്കിൽ നരകത്തുനിന്നു നിങ്ങൾ രക്ഷപ്പെടുകയി ല്ല. നിങ്ങൾക്കു സ്വഗ്ഗരാജ്യം പ്രാപിക്കണമെന്നുണ്ടെങ്കിൽ, ദൈവകല്പനകളെ പാലിക്കുവിൻ; ദൈവത്തെയും അയൽ ക്കാരെയും സ്നേഹിക്കുവിൻ; പാപപരിഹാരം ചെയ്യുവിൻ." അനന്തരം സെയിൻറ് ഫ്റാൻസിസ് പ്രസംഗപീഠത്തിൽ കയറി, ലോകത്തെയും, പാവനമായ പാപപരിഹാരകമ്മ ത്തെയും, സ്വയംവൃതമായ ദാരിദ്ര്യത്തെയും, അനന്തജീവി സൌഭാഗ്യത്തിനായുള്ള പ്രത്യാശയെയും, ക്രിസ്തുവിൻെറ ന ഗ്നതയെയും പീഡാനുഭവത്തെയുംപററി ആശ്ചര്യജനകമാം

വണ്ണം ഹൃദയസ്പൃക്കായി പ്രസംഗിച്ചു; പ്രസംഗം കേട്ട സകലരും, പുരുഷന്മാരും സ്ത്രീകളും, ഭക്തിയാലും പശ്ചാത്താപത്താലും പരവശരായി കണ്ണുനീർ പൊഴിച്ചു. ആ പള്ളിയിൽ മാത്രമല്ല, അസ്സീസി നഗരത്തിലെല്ലായിടത്തും ക്രിസ്തുവിൻെറ പീഡാനുഭവം അദൃഷ്ടപൂർവ്വമായ ദുഃഖപ്രകടനത്തോടെ ആചരിക്കപ്പെട്ടു. അങ്ങനെ തങ്ങളുടെ പ്രസംഗവും മാതൃകയുംമൂലം ജനങ്ങൾക്ക് ആദ്ധ്യാത്മികമായ സംസ്കാരവും സമാശ്വാസവും പ്രദാനം ചെയ്തശേഷം, സെയിൻറ് ഫ്രാൻസിസും സഹോദരൻ റൂഫീനോയും മേലങ്കികൾ വീണ്ടും ധരിച്ച്, പോർഷ്യുങ്കലായിലെ ആശ്രമത്തിലേക്കു മടങ്ങിപ്പോയി. അവർ ആത്മനിന്ദനത്താൽ ആത്മവിജയം പ്രാപിക്കുന്നതിനും, നല്ല ദൃഷ്ടാന്തത്താൽ ക്രിസ്തുവിൻെറ അജഗണത്തെ സംസ്കരിക്കുന്നതിനും ലോകത്തെ അവഗണിക്കേണ്ടതെങ്ങനെയെന്നു കാണിച്ചു കൊടുക്കുന്നതിനും വേണ്ട അനുഗ്രഹം തങ്ങൾക്കു പ്രദാനം ചെയ്ത ദൈവത്തെ പുകഴ്ത്തുകയും വാഴ്ത്തുകയും ചെയ്തു. അന്നുമുതൽ ജനങ്ങൾക്ക് അവരോടുള്ള ഭക്ത്യാദരങ്ങൾ വളരെ വർദ്ധിച്ചു; ആ ഭക്ത്യതിരേകം നിമിത്തം അവരുടെ ഉടുപ്പിൻെറ അററത്തൊന്നു തൊടാൻ സാധിച്ചാൽ അതൊരു മഹാഭാഗ്യമായി അവർ കരുതി.

## അദ്ധ്യായം 31

സെയിൻറ് ഫ്രാൻസീസ് എല്ലാക്കാര്യങ്ങളിലും തൻെറ ധർമ്മസഹോദരന്മാരുടെ അന്തഃകരണ രഹസ്യങ്ങളെ എങ്ങനെ ഗ്രഹിച്ചിരുന്നുവെന്നു.

"എൻെറ ആടുകളെ എനിക്കറിയാം, എനിക്കുള്ളവയായ അവയ്ക്കു എന്നെയും അറിയാം," എന്നു നമ്മുടെ രക്ഷാനാഥനായ യേശുക്രിസ്തു തൻെറ സുവിശേഷത്തിൽ പറയുന്നതുപോലെ, നമ്മുടെ ധന്യപിതാവായ സെയിൻറ് ഫ്രാൻസിസിനും, ഒരു നല്ല ഇടയനെന്നപോലെ

തന്റെ അനുയായികളുടെ സകല യോഗ്യതകളും ഗുണങ്ങളും അവരുടെ ദോഷങ്ങളും കുറവുകളും, ദിവ്യപ്രകാശനംവഴി, അറിയാമായിരുന്നു. അതുമൂലം അദ്ദേഹത്തിന് അവരിൽ ഓരോരുത്തരുടെയും സ്ഥിതിക്കും ആവശ്യങ്ങൾക്കും അനുരൂപമായി അവരോടു പെരുമാറുന്നതിന്—ഉദ്ധതനെ താഴ്ത്തുന്നതിനും വിനീതനെ ഉയർത്തുന്നതിനും ദുർഗ്ഗുണത്തെ ശാസിക്കുന്നതിനും, സദ്ഗുണത്തെ പ്രശംസിക്കുന്നതിനും—സാധിച്ചു. തന്റെ ആദ്യശിഷ്യന്മാരെ സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായ അത്ഭുതാവഹങ്ങളായ ദിവ്യദർശനങ്ങളിൽനിന്ന് ഈ വസ്തുത നമുക്കു ഗ്രഹിക്കാവുന്നതാണ്. അവയിലൊന്നിൽ ഇപ്രകാരം കാണുന്നു: ഒരിക്കൽ സെയിന്റ് ഫ്രാൻസീസ് ഒരാശ്രമത്തിലിരുന്നു തന്റെ ശിഷ്യന്മാരോട് ദൈവത്തെപ്പററി സംഭാഷണം ചെയ്യുകയായിരുന്നു. അപ്പോൾ സഹോദരൻ റുഫീനോ അവിടെ ഉണ്ടായിരുന്നില്ല; അയാൾ വനത്തിൽ ഏകാന്തധ്യാനത്തിൽ മുഴുകിയിരിക്കുകയായിരുന്നു. ഗുരുനാഥന്റെ സംഭാഷണം തുടർന്നുകൊണ്ടിരുന്നപ്പോൾ, സഹോദരൻ റുഫീനോ വനത്തിൽനിന്നു പുറപ്പെട്ടുവന്നു കുറച്ചകലെക്കൂടി കടന്നുപോയി. അപ്പോൾ ഗുരുനാഥൻ ശിഷ്യന്മാരോട് ലോകത്തുള്ളവരിൽ ഏററവും പരിശുദ്ധനായ ആളാരാണെന്നു ചോദിച്ചു. അതു സെയിന്റ് ഫ്രാൻസീസ് തന്നെയാണെന്നു തങ്ങൾ വിശ്വസിക്കുന്നുവെന്ന് അവർ ഉടനെ മറുപടി പറഞ്ഞു. അദ്ദേഹം അവരെ ശാസിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "പ്രിയപ്പെട്ട സഹോദരന്മാരെ, ഞാൻ ഈ ലോകത്തുള്ള മനുഷ്യരിൽ ഏററവും അയോഗ്യനും നികൃഷ്ടനുമാണ്. എന്നാൽ ഇതാ, ഇപ്പോൾ വനത്തിൽനിന്നു വരുന്ന ആ സഹോദരൻ റുഫീനോയെ കാണുവിൻ: അയാളുടെ ആത്മാവ് ഈ ലോകത്ത് ഏററവും പരിശുദ്ധമായുള്ള മൂന്നാത്മാക്കളിലൊന്നാണെന്നു ദൈവം എനിക്കു വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അയാളെ, അയാൾ ജീവിച്ചിരിക്കുമ്പോൾതന്നെ, സെയിന്റ് റുഫീനോ എന്നു വിളിക്കുന്നതിനു ഞാൻ മടിക്കുകയില്ല എന്നു നിങ്ങളോടു ഞാൻ യഥാർത്ഥമായി പറയുന്നു; അയാളുടെ ആത്മാവ് ദിവ്യപ്രസാദപൂരിതവും

സ്വർഗ്ഗത്തു നമ്മുടെ രക്ഷാനാഥനായ യേശുക്രിസ്തുവിനാൽ പവിത്രീകൃതവും പുണ്യവത്തെന്നു പ്രകീർത്തിതവുമാണ്." പക്ഷെ ഈ അഭിപ്രായം സഹോദരൻ രൂഫിനോയുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം തുറന്നു പറഞ്ഞിട്ടില്ല. അദ്ദേഹം തൻെറ ശിഷ്യന്മാരുടെ ന്യൂനതകളും ശരിക്കു ഗ്രഹിച്ചിരുന്നുവെന്നതിനും ഉദാഹരണങ്ങളുണ്ട്. സഹോദരൻ ഏലിയാസിൻെറ ഔദ്ധത്യത്തെ അദ്ദേഹം മനസ്സിലാക്കിയിട്ട് ആ ശിഷ്യനെ പലപ്പോഴും ശാസിച്ചിട്ടുണ്ട്. ജോൺ ദെല്ലാ കപ്പേലാ എന്ന സഹോദരൻ തൂങ്ങിച്ചാകുമെന്ന് അദ്ദേഹം മുൻകൂട്ടി പ്രവചിച്ചിരുന്നു. അനുസരണക്കേടിനു ശിക്ഷയായി പിശാചൻ പിടികൂടിയ ആ സഹോദരൻെറ സ്ഥിതിയെപ്പററിയും അദ്ദേഹം ദീർഘദർശനം ചെയ്തിരുന്നു. മററു പല സഹോദരന്മാരുടെയും അന്തർഹിതങ്ങളായ ദോഷങ്ങളെയും ഗുണങ്ങളെയും അദ്ദേഹത്തിനു ക്രിസ്തു സ്പഷ്ടമായി വെളിപ്പെടുത്തിക്കൊടുത്തിരുന്നു.

## അദ്ധ്യായം 32

സഹോദരൻ മാസ്സേയോവിനു വിനയമെന്ന ഗുണം ക്രിസ്തുവിൽനിന്ന് എങ്ങനെ ലഭിച്ചുവെന്ന്.

സെയിൻറ് ഫ്റാൻസിസിൻെറ ആദിമശിഷ്യന്മാർ ലൌകികവസ്തുക്കളിൽ ദരിദ്രരായിരിക്കുന്നതിനും സദ്ധർമ്മത്തിൽ സമ്പന്നരായിരിക്കുന്നതിനും തങ്ങളുടെ സകല കഴിവുകളും വിനിയോഗിച്ചു പരിശ്രമിച്ചു; അങ്ങനെ അവർ യഥാർത്ഥമായി സ്വർഗ്ഗീയവും ശാശ്വതവുമായ സമ്പത്താർജ്ജിച്ചു. ഒരു ദിവസം അവർ ദൈവികകാര്യങ്ങളെ അധികരിച്ചു സംഭാഷണം ചെയ്യുന്നതിനായി സമ്മേളിച്ചപ്പോൾ, അവരിലൊരുവൻ ഈ ഒരുദാഹരണമുദ്ധരിച്ചു: "കർമ്മോൻമുഖവും ധ്യാനനിരതവുമായ ജീവിത

ത്തിനാവശ്യമായ അനുഗ്രഹം സിദ്ധിച്ചവനായി ദൈവത്തിൻെറ വലിയൊരുപാസകനുണ്ടായിരുന്നു. വിനയാധിക്യം നിമിത്തം താനൊരു മഹാപാപിയാണെന്ന് അയാൾ ആത്മനിന്ദനം ചെയ്തു. ഈ എളിമ അയാളെ പരിശുദ്ധനാക്കുന്നതിനും ദിവ്യപ്രസാദത്തിൽ സ്ഥിരീകരിക്കുന്നതിനും അയാളുടെ സദ്ഗുണങ്ങളെയും ദിവ്യസിദ്ധികളെയും പരിപോഷിപ്പിക്കുന്നതിനും പാപത്തിൽ വീഴാതെ തടയുന്നതിനും പര്യാപ്തമായിരുന്നു.'' വിനയത്തെപ്പററി ഇത്തരം അത്ഭുതകരങ്ങളായ കാര്യങ്ങൾ കേൾക്കുകയും അതു മഹനീയമായൊരു നിത്യജീവിതനിധിയാണെന്നു ഗ്രഹിക്കുകയും ചെയ്ത സഹോദരൻ മാസ്സെയോ ആ സദ്ഗുണത്തോടുള്ള സ്നേഹത്താലും അതു ലഭിക്കുന്നതിനായുള്ള ആഗ്രഹത്താലും പ്രോജ്ജ്വലിതനായി, അത്യധികമായ ആത്മീയതീക്ഷ്ണതയോടുകൂടി ദൃഷ്ടികളെ സ്വർഗ്ഗത്തേക്കുയർത്തിക്കൊണ്ട്, അതു തൻെറ ആത്മാവിൽ ദൃഢമൂലമാകുന്നതുവരെ താൻ ഈ ലോകത്തു മേലാൽ സന്തോഷവാനായിരിക്കുകയില്ലെന്നു ദൃഢമായി നിശ്ചയിക്കുകയും ശപഥം ചെയ്യുകയും ചെയ്തു. ആ സമയം മുതൽ പ്രസ്തുത ഈശ്വരോപാസകനു സുസമൃദ്ധമായുണ്ടായിരുന്നതായി പറഞ്ഞുകേട്ട ആ ഗുണവിശേഷം തനിക്കും പ്രദാനം ചെയ്യുന്നതിനായി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചും ഉപവസിച്ചും ഉറക്കമിളച്ചും കണ്ണുനീർ പൊഴിച്ചും മിക്കവാറും തൻെറ ആശ്രമമുറിയിൽ ഏകാന്തതയിൽ തന്നെ കഴിഞ്ഞുകൂടി; ആ ഗുണം തനിക്കു ലഭിക്കുന്നില്ലെങ്കിൽ താൻ നരകശിക്ഷയ്ക്കർഹനാണെന്ന് അയാൾ വിശ്വസിച്ചു. ഇങ്ങനെ സഹോദരൻ മാസ്സെയോ അനേകദിവസം ഈ അഭിനിവേശത്താൽ പരിഗ്രസ്തനായിക്കഴിയുന്നതിനിടയ്ക്ക്, ഒരു ദിവസം വനത്തിനുള്ളിൽ കടന്നു കണ്ണുനീരോടും നെടുവീർപ്പുകളോടുംകൂടി അലഞ്ഞു നടന്നു വിനയസിദ്ധിക്കായി ദൈവത്തോടു പ്രാർത്ഥിച്ചു. എളിമയുള്ളവരുടെ പ്രാർത്ഥന ദൈവം സന്തോഷപൂർവ്വം കേൾക്കുമല്ലോ. സഹോദരൻ മാസ്സെയോ അങ്ങനെ അവിശ്രമം പ്രാർത്ഥിച്ചുകൊണ്ടു നടന്നപ്പോൾ, "സഹോദരൻ മാസ്സെയോ, സഹോദരൻ മാസ്സെയോ,'' എന്നു തന്നെ

രണ്ടു പ്രാവശ്യമാവർത്തിച്ചു വിളിക്കുന്ന ഒരു ശബ്ദം സ്വർഗ്ഗത്തുനിന്നു തന്റെ ശ്രവണപുടങ്ങളിൽ പതിച്ചു. അതു ക്രിസ്തുവിന്റെ സ്വരമാണെന്നു തോന്നുകയാൽ അയാൾ, 'എന്റെ സ്വാമിൻ' എന്നു പ്രതിവചിച്ചു. "നീ അപേക്ഷിക്കുന്ന അനുഗ്രഹത്തിനു പകരമായി നീ എന്തുതരും?" എന്നു ക്രിസ്തു ചോദിച്ചു. "സ്വാമിൻ, എന്റെ ശിരസ്സിലെ കണ്ണുകൾ തരാം" എന്നു സഹോദരൻ മാസ്സെയോ ഉത്തരം പറഞ്ഞു. അപ്പോൾ ക്രിസ്തു, "നീ അപേക്ഷിക്കുന്ന ആ അനുഗ്രഹം നിനക്കു ഞാൻ തന്നിരിക്കുന്നു; നിന്റെ കണ്ണുകളും നീ തന്നെ വച്ചുകൊള്ളു," എന്ന് അയാളോടു കല്പിച്ചു. ഇത്രയും പറഞ്ഞുകൊണ്ട് ആ ആകാശവാണി അവസാനിച്ചു. അതോടെ വിനയമെന്ന സദ്ഗുണത്താലും ദിവ്യപ്രകാശത്താലും സഹോദരൻ മാസ്സെയോ അനുഗൃഹീതനാവുകയും അപ്പോൾ മുതൽ അനുസ്യൂതമായി അയാളുടെ ഹൃദയം പരമാനന്ദമനുഭവിക്കുകയും ചെയ്തു. പലപ്പോഴും, പ്രാർത്ഥിക്കുന്ന സമയത്തും, അയാൾ സന്തോഷാതിശയസൂചകമായി "ക്രൂ, ക്രൂ, ക്രൂ" എന്നു പ്രാവിന്റെ കൂജനത്തിനു സദൃശമായൊരു ശബ്ദം പുറപ്പെടുവിക്കുമായിരുന്നു. അയാളുടെ മുഖം സദാ വിശുദ്ധിയുടെയും ആനന്ദത്തിന്റെയും ദർപ്പണമായിബ്ഭവിച്ചു. വിനയാതിരേകത്തിന്റെ ഫലമായി താൻ ലോകത്തുള്ള മനുഷ്യരിൽ ഏററവും എളിയവനാണെന്ന ബോധം അയാൾ പ്രകടിപ്പിച്ചു. തന്റെ ആനന്ദലഹരിയിൽ അയാൾ ഒരേ രാഗംതന്നെ എപ്പോഴും മൂളികൊണ്ടിരിക്കുന്നതെന്താണെന്നു ജേംസ് ഫാളറോൺ എന്ന സഹോദരൻ ചോദിച്ചപ്പോൾ, ഒരു രാഗം സംപൂർണ്ണസംതൃപ്തിയെ പ്രദാനം ചെയ്യുന്നതിനു പര്യാപ്തമായിരിക്കുന്ന സ്ഥിതിക്ക് അതിനെ മാറേറണ്ട ആവശ്യമില്ലെന്ന് അയാൾ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു.

## അദ്ധ്യായം 33

എങ്ങനെ പുണ്യവതിയായ ക്ലാരാ, മാപ്പാപ്പായുടെ കല്പനയനുസരിച്ച്, മേശപ്പുറത്തിരുന്ന അപ്പത്തെ ആശീർവ്വദിച്ചുവെന്നും അപ്പോൾ ഓരോ അപ്പത്തിലും വിശുദ്ധ കുരിശിൻെറ അടയാളം കാണപ്പെട്ടുവെന്നും.

ക്രിസ്തുവിൻെറ കുരിശിനോട് ഏററവും ഭക്തിയുള്ളവളും സെയിൻറ് ഫ്റാൻസിസിൻെറ ധമ്മസംഘമാകുന്ന ആരാമത്തിലെ ഏററവും സുരഭിലമായൊരു കുസുമവുമായ ക്ലാരാ എന്ന പുണ്യവതിയുടെ പ്രശസ്തമായ ജീവിതവിശുദ്ധി നിമിത്തം മെത്രാന്മാരും കർദ്ദിനാളന്മാരും മാത്രമല്ല, മാപ്പാപ്പാ തന്നെയും അവരെ കാണുന്നതിനും അവരുടെ സംഭാഷണം കേൾക്കുന്നതിനും വളരെ ആഗ്രഹിക്കുകയും പലപ്പോഴും അവരെ നേരിട്ടു സന്ദശിക്കുകയും ചെയ്തു. ഒരു ദിവസം മാപ്പാപ്പാ ദിവ്യവും സ്വർഗ്ഗീയവുമായ കാര്യങ്ങളെ സംബന്ധിച്ചുള്ള അവരുടെ സംഭാഷണം കേൾക്കുന്നതിന് അവരുടെ മഠത്തിലേക്കു പോയി. അവിടെ അവർ ഒരുമിച്ചു വിവിധ വിഷയങ്ങളെപ്പററി വളരെനേരം സംഭാഷണം ചെയ്തുകൊണ്ടിരുന്നു. അതിനിടയ്ക്കു ക്ലാര, മാപ്പാപ്പായെക്കൊണ്ട് ആശീവ്വദിപ്പിക്കുന്നതിനായി, മേശപ്പുറത്ത് അപ്പം കൊണ്ടുവന്നു നിരത്തിവയ്ക്കുന്നതിനേപ്പാടു ചെയ്തു. അവരുടെ ആദ്ധ്യാത്മിക സംഭാഷണം അവസാനിച്ചപ്പോൾ, ക്ലാര അത്യാദരപൂവ്വം മുട്ടുകുത്തിനിന്ന് അദ്ദേഹത്തോടു മേശപ്പുറത്തുവച്ചിരിക്കുന്ന അപ്പം ആശീവ്വദിക്കണമെന്നപേക്ഷിച്ചു. "എൻെറ ഏററവും വിശ്വാസവതിയായ സഹോദരീ, നീ ഈ അപ്പം കുരിശിൻെറ അടയാളംകൊണ്ട് ആശീവ്വദിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു: നീ കുരിശിനോട് ഏററവും ഭക്തിയുള്ളവളാണല്ലോ" എന്നു മാപ്പാപ്പാ മറു

പടി പറഞ്ഞു. അപ്പോൾ ക്ലാരാ, "പരിശുദ്ധതമനായ പിതാവെ, ക്ഷമിക്കണേ, പാവപ്പെട്ട, നികൃഷ്ടയായ, ഒരു സ്ത്രീ ക്രിസ്തുവിൻെറ പ്രതിപുരുഷൻെറ സാന്നിദ്ധ്യത്തിൽ അങ്ങനെയൊരു ആശീർവ്വാദകർമ്മം നിർവ്വഹിക്കുന്നതിനു മുതിരുകയെന്നതു് ശാസനാർഹമായൊരു സാഹസമായിരിക്കും," എന്നു പറഞ്ഞു. അതിനു മാർപ്പാപ്പാ ഇങ്ങനെ പ്രതിവചിച്ചു: "ഈ പ്രവൃത്തിക്കുള്ള ആസ്പദം ഔദ്ധത്യമല്ല, അനുസരണബുദ്ധിയാണ്, എന്ന വസ്തുത പ്രകടമാക്കുന്നതിനായി, ഈ അപ്പത്തിൻെറ മീതെ കുരിശടയാളം വരച്ച് ദൈവത്തിൻെറ നാമത്തിൽ അതിനെ ആശീർവ്വദിക്കണമെന്നു നിൻെറ പരിപാവനമായ അനുസരണവ്രതത്തിൻെറ പേരിൽ നിന്നോടു ഞാനാജ്ഞാപിക്കുന്നു." ഈ ആജ്ഞയനുസരിച്ച് ക്ലാരാ, അനുസരണമുള്ള ഒരുത്തമ പുത്രിയെന്ന നിലയിൽ ഏററവും ഭക്തിപൂർവ്വം പാവനമായ കുരിശടയാളംവരച്ച് ആ അപ്പങ്ങളെ ആശീർവ്വദിച്ചു. അപ്പോൾ അത്ഭുതമേ, അത്ഭുതം! ആ അപ്പങ്ങളിൽ ഓരോന്നിൻെറയും മുകളിൽ ഓരോ കുരിശടയാളം സുസ്പഷ്ടമായി പതിഞ്ഞിരിക്കുന്നതായി കാണപ്പെട്ടു. അവയിൽ ഒരു ഭാഗം ഭക്ഷിക്കപ്പെട്ടു; ബാക്കിയുള്ളതു് അവിടെ സംഭവിച്ച ആ അത്ഭുതത്തിനു തെളിവായി സൂക്ഷിക്കപ്പെട്ടു. ഈ അത്ഭുതം കണ്ടു മാർപ്പാപ്പാ ദൈവത്തെ സ്തുതിച്ചു. അദ്ദേഹം ക്ലാരായ്ക്കു തൻെറ അനുഗ്രഹം നല്കിയശേഷം കുറെ അപ്പവുമെടുത്തുകൊണ്ട് അവിടെനിന്നു പോയി. ആ സമയം ക്ലാരായുടെ അമ്മയായ ഓർത്തലെനായും സഹോദരിയായ ആഗ്നസും—ഇവർ രണ്ടുപേരും ഏററവും പുണ്യവതികളായിരുന്നു—മററനേകം സന്യാസിനികളും ക്ലാരായോടൊന്നിച്ച് ആ മഠത്തിൽ താമസിക്കുന്നുണ്ടായിരുന്നു. സെയിൻറ് ഫ്റാൻസിസ് അവരുടെയടുക്കലേക്ക് അനേകം രോഗികളെ അയക്കുകയും, അവർ പ്രാർത്ഥനകൊണ്ടും പരിപാവനമായ കുരിശടയാളംകൊണ്ടും എല്ലാവരെയും സുഖപ്പെടുത്തുകയും ചെയ്തു.

## അദ്ധ്യായം 34

എങ്ങനെ ഫ്രാൻസിലെ രാജാവായ സെയിൻറ് ലൂയിസ് ഒരു തീർത്ഥകൻെറ വേഷത്തിൽ പുണ്യവാനായ സഹോദരൻ ജിത്സിനെ സന്ദർശിക്കുന്നതിനായി പെറൂജിയായിലേക്കുപോയി എന്നു.

ഫ്രാൻസിലെ രാജാവായ സെയിൻറ് ലൂയിസ് ലോകമൊട്ടുക്കുള്ള പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതിനായി ഒരു തീർത്ഥാടനത്തിനു പുറപ്പെട്ടു. സെയിൻറ് ഫ്രാൻസിസിൻെറ ആദിമശിഷ്യന്മാരിൽ ഒരാളായ സഹോദരൻ ജിത്സിൻെറ വിശ്രുതമായ വിശുദ്ധിയെപ്പററി കേട്ടിരുന്ന അദ്ദേഹം ആ സിദ്ധനെ നേരിട്ടു സന്ദർശിക്കണമെന്നു നിശ്ചയിച്ചു. അതിനായി അദ്ദേഹം സഹോദരൻ ജിത്സ് അപ്പോൾ താമസിച്ചിരുന്ന പെരൂജ്യായിലേക്കു പോയി. അദ്ദേഹം അജ്ഞാതനായി ദരിദ്രനായ ഒരു തീർത്ഥകനെന്ന നിലയിൽ ആശ്രമവാതുക്കൽചെന്നു, ദ്വാരപാലകനായ ധർമ്മസഹോദരനോടു താനാരാണെന്നു പറയാതെ സഹോദരൻ ജിത്സിനെ കാണണമെന്നു നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടു. ദ്വാരപാലകൻ സഹോദരൻ ജിത്സിൻെറയടുക്കൽ ചെന്ന് ഒരു തീർത്ഥകൻ അദ്ദേഹത്തെ കാണാനാവശ്യപ്പെടുന്നുവെന്നു പറഞ്ഞു. ആ തീർത്ഥകൻ ഫ്രാൻസിലെ രാജാവാണെന്നു ദൈവം വെളിപ്പെടുത്തിക്കൊടുക്കുകയാൽ സഹോദരൻ ജിത്സ് യാതൊരു ചോദ്യവും ചോദിക്കാതെ ഉടനടി ആശ്രമവാതുക്കലോടിയെത്തി. മുമ്പൊരിക്കലും അവർ അന്യോന്യം കണ്ടിട്ടുള്ളവരല്ലെങ്കിലും, ചിരകാലം ആപ്തമിത്രങ്ങളായിരുന്നിട്ടുള്ളവരെപ്പോലെ, രണ്ടുപേരും അത്യാദരപൂർവ്വം മുട്ടുകുത്തി സ്നേഹനിർഭരമായി പരസ്പരം ആശ്ലേഷിക്കുകയും ചുംബിക്കുകയും ചെയ്തു. അവർ ഇവ്വിധം ദീർഘനേരം സ്നേഹാദരനിർല്ലീനരായിക്കഴിഞ്ഞുവെങ്കി

ല്ലും ആരും ഒററയക്ഷരമുരിയാടിയില്ല. ദീർഘീകൃതമായ ഈ ആലിംഗനത്തിനുശേഷം നിശ്ശബ്ദരായി അവർ പിരിഞ്ഞു, സെയിൻറ് ലൂയിസ് യാത്ര തുടരുകയും സഹോദരൻ ജിത്സ് തൻെറ മുറിയിലേക്കു മടങ്ങുകയും ചെയ്തു. രാജാവു് യാത്രതിരിച്ച സമയം ഒരു സഹോദരൻ അദ്ദേഹത്തിൻെറ അനുചരന്മാരിലൊരുവനോട്ട് സഹോദരൻ ജിത്സിനെ ആശ്ലേഷിച്ച് ആളാരാണെന്നു ചോദിക്കുകയും ഫ്റാൻസിലെ രാജാവായ ലൂയീസാണെന്ന് അയാൾ ഉത്തരം പറയുകയും ചെയ്തു. മററു ധമ്മസഹോദരന്മാർ ഇതറിഞ്ഞപ്പോൾ, സഹോദരൻ ജിത്സ് രാജാവിനോടു യാതൊന്നും സംസാരിച്ചില്ലല്ലോ എന്നു വിചാരിച്ച് അവരെല്ലാവരും വളരെ ഖേദിച്ചു. അവരുടെ ഖേദം അവർ ഇങ്ങനെ പ്രകടിപ്പിച്ചു: "ഓ സഹോദരൻ ജിത്സ്, മഹാനും പുണ്യവാനുമായ ആ രാജാവിനോട്ട് ഒന്നും മിണ്ടാതിരുന്നതെന്താണ്? അതു മര്യാദയ്ക്കു ചേർന്നതാണോ? അങ്ങയെ കാണുന്നതിനും അങ്ങയുടെ നല്ല സംഭാഷണം കേൾക്കുന്നതിനുമായി അദ്ദേഹം ഫ്റാൻസിൽ നിന്നു വന്നതല്ലേ?''. സഹോദരൻ ജിത്സ് ഇപ്രകാരം പ്രതിവചിച്ചു: "പ്രിയപ്പെട്ട സഹോദരന്മാരെ, അതിൽ നിങ്ങൾ അത്ഭുതപ്പെടേണ്ടാ; എനിക്ക് അദ്ദേഹത്തോടോ, അദ്ദേഹത്തിന് എന്നോടോ ഒററവാക്കു സംസാരിക്കാൻ കഴിയുമായിരുന്നില്ല. ഞങ്ങൾ അന്യോന്യം ആലിംഗനം ചെയ്തുകഴിഞ്ഞയുടനെ ദിവ്യജ്ഞാനപ്രകാശം അദ്ദേഹത്തിൻെറ ഹൃദയത്തെ എനിക്കും എൻെറ ഹൃദയത്തെ അദ്ദേഹത്തിനും പ്രത്യക്ഷപ്പെടുത്തിത്തന്നു; അങ്ങനെ, ദിവ്യശക്തിയാൽ, ഞങ്ങളുടെ അന്തരംഗങ്ങളെ ഞങ്ങൾ അന്യോന്യം ദശിക്കുകയും എനിക്ക് അദ്ദേഹത്തോടു പറയാനുള്ളതും അദ്ദേഹത്തിന് എന്നോടു പറയാനുള്ളതും, ഞങ്ങൾ നാവുകൾകൊണ്ടു സംസാരിച്ചാൽ സാധിക്കുന്നതിനേക്കാൾ നല്ലവണ്ണം ഞങ്ങൾക്കു ഗ്രഹിക്കാൻ സാധിക്കുകയുംചെയ്തു. ഞങ്ങളുടെ ഹൃദയങ്ങളിൽ തോന്നിയതു് അധരങ്ങൾകൊണ്ടു ഞങ്ങൾ പ്രകാശിപ്പിച്ചുവെങ്കിൽ ലഭിക്കുമായിരിക്കുന്നതിനേക്കാൾ കൂടുതൽ സമാശ്വാസവും ഞങ്ങൾക്കു ലഭിച്ചു. മനുഷ്യഭാഷയുടെ അപൂണ്ണത നിമി

ത്തം ദൈവത്തിൻെറ അപരിമേയ രഹസ്യങ്ങളെ ശരിയായി പ്രകാശിപ്പിക്കുന്നതിന്ന് അതു അപര്യാപ്തമായിരിക്കുന്ന സ്ഥിതിക്ക വാക്കുകൾ ഞങ്ങൾക്ക് ആശ്വാസത്തെക്കാൾ ക്ലേശത്തെ പ്രദാനംചെയ്യുമായിരുന്നു. അതുകൊണ്ടു രാജാവു് എന്നിൽനിന്നു പിരിഞ്ഞുപോയതു് ഏററവും സന്തുഷ്ടനും സംതൃപ്തനുമായിട്ടാണ് എന്നു നിങ്ങൾ ധരിച്ചാലും.''

---

## അദ്ധ്യായം 35

രോഗശയ്യയിലായിരുന്ന സെയിൻറ് ക്ലാര, ഒരു ക്രിസ്തുസ് രാത്രി എങ്ങനെ സെയിൻറ് ഫ്രാൻസിസിൻെറ പള്ളിയിലേക്ക് അത്ഭുതകരമായി വഹിക്കപ്പെട്ടുവെന്നും അവിടെ ദിവ്യശുശ്രൂഷയിൽ സംബന്ധിച്ചുവെന്നും.

സെയിൻറ് ക്ലാര ഒരിക്കൽ മററ ധർമ്മസഹോദരികളോടൊപ്പം പള്ളിയിൽ പോയി ദിവ്യശുശ്രൂഷയിൽ പങ്കുകൊള്ളുന്നതിന്നു സാധിക്കാത്തവണ്ണം അത്ര രോഗവിവശയായിരുന്നു. ആ ആണ്ടിലെ ക്രിസ്തുജയന്തിക്ക് ഉഷഃകാലകർമ്മങ്ങളിൽ സംബന്ധിക്കുന്നതിന്നു മററുള്ളവരെല്ലാം പള്ളിയിൽ പോയപ്പോൾ അതിന്നു സാധിക്കാതെ ക്ലാര മാത്രം രോഗശയ്യയിൽ കിടന്നു. അവരോടൊത്തു പോയി ആത്മീയാശ്വാസം ലഭിക്കുന്നതിന്നു നിവൃത്തിയില്ലാതെ വന്നതിൽ അവൾ വളരെ ദുഃഖിച്ചു. എന്നാൽ അവളുടെ ആത്മീയവരനായ യേശുക്രിസ്തു അവൾ അങ്ങനെ ആശ്വാസരഹിതയായിരിക്കുന്നതിന്ന് അനുവദിച്ചില്ല. അവൾ സെയിൻറ് ഫ്ററാൻസിസിൻെറ പള്ളിയിലേക്ക് അത്ഭുതകരമായി കൊണ്ടുപോകപ്പെടുകയും, ഉഷഃകാലപ്രാർത്ഥനകളിലും ദിവ്യപൂജയിലും ആദ്യവസാനം സംബന്ധിക്കുകയും ദിവ്യകാരുണ്യമുൾക്കൊള്ളുകയും ചെയ്ത ശേഷം തൻെറ ശയ്യയിലേക്ക് തിരിച്ചു കൊണ്ടുവരപ്പെട്ടു

കയും ചെയ്തു. സെയിൻറ് ഡാമിയൻസ് പള്ളിയിലെ ദിവ്യകർമ്മങ്ങൾ കഴിഞ്ഞു മടങ്ങിവന്ന ധർമ്മസഹോദരികൾ ക്ലാരയെ സമീപിച്ച് ഇങ്ങനെ പറഞ്ഞു: "ഓ സഹോദരി ക്ലാരാ, ഞങ്ങളുടെ അമ്മേ, ക്രിസ്തുജയന്തിയായ ഈ സുദിനത്തിൽ എത്ര വലുതായ ആശ്വാസം ഞങ്ങൾക്കു ലഭിച്ചിരിക്കുന്നു; ദൈവതിരുമനസ്സുണ്ടായി അമ്മയും ഞങ്ങളോടൊന്നിച്ചുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു:" അപ്പോൾ ക്ലാര, "എൻെറ സഹോദരിമാരെ, സച്ചിദാനന്ദസ്വരൂപനും നമ്മുടെ സ്വാമിയുമായ യേശുക്രിസ്തുവിനെ കൃതജ്ഞതയോടെ വാഴ്ത്തുവിൻ. ഞാൻ പരിപാവനമായ ഈ രാത്രിയിലെ ദിവ്യകർമ്മങ്ങളിലെല്ലാം സംബന്ധിച്ചുവെന്നു മാത്രമല്ല, നിങ്ങൾ അനുഭവിച്ചതിൽ വളരെ കൂടുതൽ ആശ്വാസവും ആനന്ദവും എൻെറ ആത്മാവിൽ ഞാൻ അനുഭവിച്ചിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ, എൻെറ പിതാവായ സെയിൻറ് ഫ്റാൻസിസിൻെറ സഹായത്താലും യേശുക്രിസ്തുവിൻെറ കാരുണ്യത്താലും, എൻെറ വന്ദ്യപിതാവായ സെയിൻറ് ഫ്റാൻസീസിൻെറ പള്ളിയിൽ നേരിട്ട് സന്നിഹിതയാകുന്നതിനും എൻെറ ശാരീരവും ആത്മീയവുമായ ശ്രവണങ്ങൾകൊണ്ട് അവിടെ നടന്ന സകല പ്രാർത്ഥനകളും സങ്കീർത്തനങ്ങളും കേൾക്കുന്നതിനും ദിവ്യകാരുണ്യമുൾക്കൊള്ളുന്നതിനും എനിക്കു സാധിച്ചു. അതുകൊണ്ട് നിങ്ങൾ ഈ അനുഗ്രഹങ്ങൾ എനിക്കു ലഭിച്ചതിൽ ആനന്ദിക്കുകയും നമ്മുടെ സ്വാമിയായ യേശുക്രിസ്തുവിനെ സ്തുതിക്കുകയും ചെയ്യുവിൻ," എന്ന് പ്രതിവചിച്ചു.

# അദ്ധ്യായം 36

സഹോദരൻ ലെയോവിനുണ്ടായ സുന്ദരമാ
യൊരു ദർശനത്തിൻെറ അർത്ഥം എങ്ങനെ സെ
യിൻറ് ഫ്റാൻസിസ് വിശദീകരിച്ചുവെന്നു്.

ഒരിക്കൽ സെയിൻറ് ഫ്രാൻസിസ് വല്യതായൊരു രോഗം പിടിപെട്ടു കിടന്നപ്പോൾ സഹോദരൻ ലെയോ അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിൽ ഏർപ്പെട്ടിരുന്നു. അങ്ങനെ അദ്ദേഹത്തിൻെറ സമീപത്തിരുന്ന ഒരു സന്ദർഭത്തിൽ ആ സഹോദരൻ ഭക്തിപരവശനായി പ്രാർത്ഥനയിൽ നിമഗ്നനാവുകയും വളരെ വീതിയും വെള്ളപ്പൊക്കവും ശക്തിയായ ഒഴുക്കുമുള്ള ഒരു ആററിൻെറ തീരത്ത് ആത്മനാ ആനയിക്കപ്പെടുകയും ചെയ്തു. ആറു കടക്കുന്നതിനുദ്യമിച്ചവരെ അയാൾ നോക്കിക്കൊണ്ടുനിന്നപ്പോൾ, ഭാരമേറിയ ചുമടുകൾ വഹിച്ചിരുന്ന ഏതാനും ധമ്മസഹോദരന്മാർ ആററിലിറങ്ങുന്നതു കണ്ടു; അവർ ഒഴുക്കിലകപ്പെട്ടു മുങ്ങിമരിച്ചു: ചിലർ മൂന്നിലൊരു ഭാഗം വഴിദൂരം വരെയും, മററു ചിലർ മദ്ധ്യം വരെയും, കുറെപ്പേർ മറുകരയ്ക്കടുത്തുവരെയും എത്തി. എങ്കിലും അവരെല്ലാവരും ഒഴുക്കിൻെറ ശക്തികൊണ്ടും ചുമടുകളുടെ ഭാരംകൊണ്ടും മറിഞ്ഞുവീണുപോവുകയും മുങ്ങിച്ചാവുകയുംചെയ്തു. ഈ കാഴ്ച കണ്ടു ദുഃഖാകുലനായി നില്ക്കവേ സഹോദരൻ ലെയോ വേറെ വല്യതായൊരു സംഘം ധർമ്മസഹോദരന്മാർ വരുന്നതു കണ്ടു. അവർ ചുമടുകൾ വഹിച്ചിരുന്നില്ല; പ്രത്യുത പരിപാവനമായ ദാരിദ്ര്യവ്രതത്തിൻെറ പ്രകാശമാനമായ മുദ്ര അവരിലെല്ലാവരിലും ദൃശ്യമായിരുന്നു. അവർ ആററിലിറങ്ങി യാതൊരു അപകടവും കൂടാതെ മറുകരയിൽ ചെന്നുചേർന്നു. ദർശനം ഇത്രയുമായപ്പോഴേക്ക് അയാൾ സമാധിയിൽനിന്നുണർന്നു. സഹോദരൻ ലെയോവിന് ഒരു ദർശനമുണ്ടായി എന്നു മനസ്സിലാ

ക്കിയ സെയിൻറ് ഫ്റാൻസിസ് ആ സഹോദരനെ വിളിച്ച് അതിനെപ്പററി ചോദിച്ചു. അയാൾ ദർശനത്തെപ്പററി ഉണ്ടായതുപോലെ പറഞ്ഞു കേൾപ്പിച്ചു. അപ്പോൾ സെയിൻറ് ഫ്റാൻസിസ് ഇപ്രകാരം പറഞ്ഞു: "നീ കണ്ടതു യഥാൎത്ഥമാണ്. ഒഴുക്കിനു കേറിയ ആ ആറ് ഈ ലോകമാണ്. അതിൽ മുങ്ങിമരിച്ച ധൎമ്മസഹോദരന്മാർ സുവിശേഷത്തിലെ ഉപദേശങ്ങളെയും പരമോൽകൃഷ്ടമായ ദാരിദ്ര്യവ്രതത്തെയും അനുസരിക്കാതിരുന്നവരാകുന്നു. എന്നാൽ അപകടംകൂടാതെ കടന്നുപോയവർ ഈ ലോകത്തു ഭൌതികമായ യാതൊരു സമ്പത്തും തേടുകയോ നേടുകയോ ചെയ്യാത്തവരും, ഏററവും മിതമായ ആഹാരവും വസ്ത്രവും കൊണ്ട് സംതൃപ്തരും, നഗ്നനായി കുരിശിൽ തൂങ്ങിക്കിടക്കുന്ന ക്രിസ്തുവിനെ, അദ്ദേഹത്തിൻെറ മൃദുലവും സുവഹവുമായ നുകത്തെ സന്തോഷപൂൎവ്വം വഹിക്കുകയും പാവനമായ ദാരിദ്ര്യവ്രതത്തെ പാലിക്കുകയും ചെയ്തുകൊണ്ട്, അനുഗമിക്കുന്നവരുമാണ്. അവർ ഈ ലൌകികജീവിതത്തിൽനിന്ന് നിത്യജീവിതത്തിലേക്കു ക്ലേശംകൂടാതെ കടന്നുപോകുന്നു."

## അദ്ധ്യായം 37

സച്ചിദാനന്ദസ്വരൂപനായ യേശുക്രിസ്തു, സെയിൻറ് ഫ്റാൻസിൻെറ പ്രാൎത്ഥനയനുസരിച്ച്, അദ്ദേഹത്തിനു വലുതായ ബഹുമതിയും വളരെ സംഭാവനകളും നല്കിയിരുന്ന ധനവാനായ ഒരു പ്രഭുവിനെ; എങ്ങനെ മാനസാന്തരപ്പെടുത്തി ഒരു ധർമ്മസഹോദരനാക്കിയെന്നു.

ക്രിസ്തുവിൻെറ ദാസനായ സെയിൻറ് ഫ്റാൻസിസ് ഒരു ശിഷ്യനോടുകൂടി ഒരു ദിവസം വളരെ വൈകിയശേഷം ധനവാനും പ്രബലനുമായൊരു പ്രഭുവിൻെറ വീട്ടിൽ വന്നു. അയാൾ അദ്ദേഹത്തെയും അനുചരനെ

യും, ദേവദൂതന്മാരെയെന്നവണ്ണം, ഏററവും ഭക്ത്യാദരങ്ങളോടെ സ്വീകരിച്ചു. അദ്ദേഹം വീട്ടിൽ പ്രവേശിച്ചപ്പോൾ ആ വൃദ്ധ അദ്ദേഹത്തെ സ്നേഹപൂർവ്വം ആശ്ലേഷിച്ചു ചുംബിച്ചു; അദ്ദേഹത്തിന്റെ പാദങ്ങൾ കഴുകി, തുടച്ചു മുത്തി; തണുപ്പു മാററുന്നതിനു വലുതായൊരു നെരിപ്പോട്ടിൽ തീയിട്ടു; ചതുർവിധ വിഭവങ്ങളോടുകൂടിയ ഒരൂണൊരുക്കി താൻ തന്നെ സന്തോഷപൂർവ്വം വിളമ്പി. ഊണിനുശേഷം ആ വൃദ്ധ സെയിൻറ് ഫ്റാൻസിസിനോട് ഇങ്ങനെ പറഞ്ഞു: "ഇതാ, എന്റെ പിതാവെ, എന്നെയും എന്റെ സ്വത്തുക്കളെയും ഞാൻ അങ്ങേയ്ക്കായി കാഴ്ചവച്ചുകൊള്ളുന്നു അങ്ങേയ്ക്കു വസ്ത്രമോ മറേറതെങ്കിലുമോ ആവശ്യമുള്ളപ്പോഴൊക്കെ വാങ്ങിക്കൊള്ളുക, വില ഞാൻ കൊടുക്കുന്നതായിരിക്കും. അങ്ങേയുടെ സകല ആവശ്യങ്ങളും നിറവേററുന്നതിനു ഞാൻ സന്നദ്ധനാണ്; ദൈവകൃപയാൽ എനിക്ക് അതിനു ശേഷിയുണ്ടു്, ലൌകികസ്വത്തുക്കൾ എനിക്കു ധാരാളമുണ്ട്. അവയെ എനിക്കു പ്രദാനംചെയ്ത ദൈവത്തോടുള്ള സ്നേഹത്തെ പ്രതി, ദൈവത്തിന്റെ സാധുജനങ്ങൾക്കായി അവയെ ഞാൻ ഏററവും സന്തോഷപൂർവ്വം ദാനം ചെയ്യുന്നു.'' ഈ അപാരമായ സൌജന്യവും സ്നേഹവും ആദരവും ഔദാര്യവും സെയിൻറ് ഫ്റാൻസിസിന്റെ ഹൃദയത്തെ സ്പർശിച്ചു; ആ വൃദ്ധവിനോട് അദ്ദേഹത്തിനു നിസ്സീമമായ സ്നേഹം തോന്നി അയാളോടു യാത്രപറഞ്ഞു പിരിഞ്ഞ ശേഷം അദ്ദേഹം തന്റെ അനുചരനോട് ഇപ്രകാരം പറഞ്ഞു: ദൈവത്തോട് ഇത്ര കൃതജ്ഞനും അയൽപക്കക്കാരോടും പാവങ്ങളോടും ഇത്ര ദയയും സൌജന്യവുമുള്ളവനുമായ ഈ വൃദ്ധ നമ്മുടെ സംഘത്തിനു നല്ലൊരു നേട്ടമായിരിക്കും. പ്രിയപ്പെട്ട സഹോദര, സൌജന്യം ദൈവത്തിന്റെ ഗുണങ്ങളിലൊന്നാണെന്ന് അറിഞ്ഞാലും; ദൈവം തന്റെ സൌജന്യം കൊണ്ടാണല്ലോ സജ്ജനങ്ങൾക്കും ദുർജ്ജനങ്ങൾക്കും ഒന്നുപോലെ തന്നെ വെയിലും മഴയും കൊടുക്കുന്നതു്. സൌജന്യം സ്നേഹത്തിന്റെ സഹോദരിയാണ്; അതു വിദ്വേഷത്തെ ശമിപ്പിക്കുകയും സ്നേഹത്തെ ജ്വലിപ്പിക്കുകയും ചെയ്യുന്നു. ഈ നല്ല മനു

ഷ്യനിൽ ഇത്തരം ഈശ്വരോചിതങ്ങളായ ഗുണവിശേഷങ്ങളെ ഞാൻ കണ്ടിരിക്കുന്നതുകൊണ്ട്, അയാളെ അനുയായി ആയിലഭിക്കുന്നത് എനിക്കു ഏററവും സന്തോഷപ്രദമായിരിക്കും. ഒരു ദിവസം നമുക്കു വീണ്ടും അയാളെ സന്ദർശിക്കണം; പക്ഷെ ദൈവം അയാളുടെ ഹൃദയത്തെ സ്പർശിക്കുകയും തന്നെ സ്നേഹിക്കുന്നതിനായി നമ്മെ അനുഗമിക്കാൻ വേണ്ട പ്രചോദനം നല്കുകയുംചെയ്യുന്നവരാം. അതുവരെ ഈ ആഗ്രഹം അയാളുടെ ഹൃദയത്തിലുളവാകുന്നതിനും അതനുസരിച്ചു പ്രവർത്തിക്കാനുള്ള അനുഗ്രഹം അയാൾക്കു നല്കുന്നതിനുമായി ദൈവത്തോടു നമുക്കു പ്രാർത്ഥിക്കാം,'' എന്തൊരത്ഭുതം! ഈ പ്രാർത്ഥനയ്ക്കുശേഷം ഏതാനും ദിവസങ്ങളായപ്പോൾ ദൈവം ആ പ്രഭുവിൻെറ ഹൃദയത്തെ സ്പർശിച്ച് അയാൾക്ക് പ്രാർത്ഥിതമായ പ്രചോദനം നല്കി. അപ്പോൾ സെയിൻറ് ഫ്രാൻസിസ് ശിഷ്യനോട്, "എൻെറ സഹോദരാ, നമുക്കു ആ സൌജന്യവാനായ പ്രഭുവിൻെറ വസതിയിലേക്കു പോകാം; ലൗകികസ്വത്തുക്കളെ സംബന്ധിച്ചു പ്രദർശിപ്പിച്ചിരിക്കുന്ന ആ ഔദാര്യം അയാൾ തൻെറ ആത്മാവിനെ സംബന്ധിച്ചും പ്രദർശിപ്പിക്കുമെന്നും നമ്മുടെ ധർമ്മസംഘത്തിൽ ചേരുമെന്നും ദൈവശക്തിയിൽ വിശ്വസിച്ചു ഞാൻ പ്രത്യാശിക്കുന്നു'' എന്നു പറഞ്ഞു. അങ്ങനെ അവർ പുറപ്പെട്ടു. പ്രഭുമന്ദിരം സമീപിച്ചപ്പോൾ, സെയിൻറ് ഫ്രാൻസിസ്, "അല്പനേരം ഇവിടെ നില്ക്കുക: നമ്മുടെ യാത്രയ്ക്കു വിജയം നല്കുന്നതിനും നമ്മുടെ രക്ഷാനാഥനായ യേശുക്രിസ്തു തൻെറ പരിപാവനമായ പീഡാനുഭവം മുഖേന ഈ ഗുണവാനായ പ്രഭുവിനെ സകരുണം ലോകത്തുനിന്നു പിടിച്ചെടുത്തു സാധുക്കളും ബലഹീനരുമായ നമുക്കു പ്രദാനം ചെയ്യുന്നതിനും ആദ്യമായി ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചുകൊള്ളട്ടെ'' എന്ന് അനുചരനോടു പറഞ്ഞു. അനന്തരം അദ്ദേഹം പ്രാർത്ഥിക്കാനായി അല്പം മാറിയൊരു സ്ഥാനത്തു മുട്ടുകുത്തി; അതു അപ്പോൾ തൻെറ മുറിയിലുലാത്തുകയായിരുന്ന ആ പ്രഭുവിനു കാണാമായിരുന്നു. അങ്ങനെ അയാൾ സെയിൻറ് ഫ്രാൻസിസ് ക്രിസ്തുവിൻെറ മുമ്പിൽ ഏററവും ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നതും ക്രിസ്തു പ്ര

താപമഹിമകളോടുകൂടി അദ്ദേഹത്തിൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു നില്ക്കുന്നതും കണ്ടു. ആ കാഴ്ചയിൽ ദത്തദൃഷ്ടിയായി നിന്നപ്പോൾ അയാൾ ഏറെനേരം സെയിൻറ് ഫ്രാൻസിസിൻെറ ശരീരം ഭൂമിയിൽനിന്നുയൎന്നു നിലകൊള്ളുന്നതായും കണ്ടു. ഈ ദൎശനം ഹേതുവായി ലോകത്തെ ഉപേക്ഷിച്ച് സന്യാസമവലംബിക്കുന്നതിനുള്ള വലുതായൊരഭിനിവേശം അയാളുടെ ഹൃദയത്തിലുളവാകുകയും ഉടനടി അയാൾ തൻെറ മന്ദിരത്തിൽ നിന്നിറങ്ങി, ദ്രുതഗതിയായി സെയിൻറ് ഫ്രാൻസിസിൻെറ സന്നിധിയിലെത്തി, അദ്ദേഹത്തിൻെറ പാദങ്ങളിൽ നമസ്കരിച്ചിട്ട് തന്നെ അദ്ദേഹത്തിൻെറ ധൎമ്മസംഘത്തിൽ ഒരംഗമായി സ്വീകരിച്ച് അദ്ദേഹത്തോടൊപ്പം തപസ്സ് ചെയ്യുന്നതിനനുവദിക്കമാറാകണമെന്നു വളരെ താല്പൎയ്യത്തോടും ഭക്തിയോടുംകൂടി അപേക്ഷിക്കുകയും ചെയ്തു. തൻെറ പ്രാൎത്ഥന ദൈവം അനുവദിച്ചുവെന്നും താൻ ആഗ്രഹിച്ചതിനെതന്നെ ആ വൃദ്ധ അതിതാല്പൎയ്യപൂൎവ്വം ആവശ്യപ്പെടുന്നുവെന്നും മനസ്സിലാക്കി സെയിൻറ് ഫ്രാൻസിസ് ഉത്സാഹപൂൎവ്വം എഴുന്നേററ് അയാളെ ആശ്ലേഷിക്കുകയും തൻെറ ധൎമ്മസംഘത്തിന് അത്ര മഹനീയമായൊരു സംഭാവന ചെയ്ത ദൈവത്തെ ഭക്തിപൂൎവ്വം സ്തുതിക്കുകയും ചെയ്തു. അപ്പോൾ ആ വൃദ്ധ അദ്ദേഹത്തോട്; "എൻെറ പിതാവെ, ഞാൻ എന്തു ചെയ്യണമെന്നാണ് അങ്ങ് കല്പിക്കുന്നത്? ഇതാ, അങ്ങയുടെ ആജ്ഞയെ അനുവൎത്തിക്കുന്നതിനും എനിക്കുള്ള സൎവ്വസ്വവും പാവങ്ങൾക്കു ദാനം ചെയ്യുന്നതിനും അങ്ങനെ ലൌകിക വസ്തുക്കളോടുള്ള ബന്ധം നിശ്ശേഷം വെടിഞ്ഞ് അങ്ങയോടൊത്തു ക്രിസ്തുവിനെ അനുഗമിക്കുന്നതിനും ഞാൻ സന്നദ്ധനാണ്," എന്നു പറഞ്ഞു. ഫ്രാൻസിസിൻെറ ഉപദേശമനുസരിച്ച് അയാൾ അപ്രകാരം തന്നെ പ്രവൎത്തിച്ചു: അയാൾ തൻെറ സ്വത്തുക്കൾ മുഴുവനും പാവങ്ങൾക്കു വിതരണം ചെയ്തിട്ടു ഫ്രാൻസിസ്സൻ ധൎമ്മസംഘത്തിൽ ചേരുകയും കഠിനമായ തപശ്ചൎയ്യകളനുഷ്ഠിച്ചും എപ്പോഴും ദിവ്യകാൎയ്യങ്ങളെപ്പററിമാത്രം സംഭാഷണം ചെയ്തും ജീവിതവിശുദ്ധി സമ്പാദിക്കുകയും ചെയ്തു.

# അദ്ധ്യായം 38

സഹോദരൻ എലിയാസ് നിത്യശിക്ഷയ്ക്കർഹനായി, ധർമ്മസംഘത്തിൽനിന്നു ഭ്രഷ്ടനായി മരിക്കാനിടയുണ്ടെന്ന് എങ്ങനെ സെയിൻറ് ഫ്രാൻസിസ് ദിവ്യപ്രകാശനം മൂലം അറിഞ്ഞുവെന്നും, ആ സഹോദരൻെറ അപേക്ഷപ്രകാരം അദ്ദേഹം അയാൾക്കുവേണ്ടി ക്രിസ്തുവിനോടു പ്രാർത്ഥിക്കുകയും പ്രാർത്ഥന അനുവദിക്കപ്പെടുകയും ചെയ്തുവെന്നും.

ഒരിക്കൽ സെയിൻറ് ഫ്രാൻസിസും സഹോദരൻ എലിയാസും ഒരുമിച്ച് ഒരാശ്രമത്തിൽ താമസിക്കുകയായിരുന്നപ്പോൾ, സഹോദരൻ എലിയാസ് നിത്യശിക്ഷയ്ക്കു പാത്രീഭൂതനായി സംഘം വിട്ടുപോകുമെന്നും ഒടുവിൽ സന്യാസഭ്രഷ്ടനായി മരിക്കുമെന്നും സെയിൻറ് ഫ്രാൻസിസ് ദിവ്യചക്ഷുസ്സുകൊണ്ടറിഞ്ഞു. അപ്പോൾ മുതൽ സെയിൻറ് ഫ്രാൻസിസിനു് അയാളോട് അപ്രിയം തോന്നി. അദ്ദേഹം അയാളുമായി സംസാരിക്കുകയോ യാതൊരു വിധത്തിലും ഇടപെടുകയോ ചെയ്തില്ല; എപ്പോഴെങ്കിലും ആ സഹോദരൻ എതിരേ വന്നാൽ, അയാളുമായി കണ്ടുമുട്ടാതിരിക്കുന്നതിനായി അദ്ദേഹം ഒഴിഞ്ഞു വഴിമാറിപ്പോകുമായിരുന്നു. സെയിൻറ് ഫ്രാൻസിസിനു തന്നോട് ഏതോ അപ്രീതി തോന്നിയിട്ടുണ്ടെന്നു സഹോദരൻ എലിയാസിനു മനസ്സിലായി. അതിനുള്ള കാരണമറിയുന്നതിനുൽക്കണ്ഠിതനായി അയാൾ ഒരു ദിവസം ഗുരുനാഥനെ അഭിവാദ്യംചെയ്തു സംസാരിക്കുന്നതിനുദ്യമിച്ചു; അദ്ദേഹം പതിവുപോലെ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. എലിയാസ് അദ്ദേഹത്തെ സൌമ്യമായി തടഞ്ഞു നിറുത്തി, അദ്ദേഹം തൻെറ സഹവാസം വജ്ജിക്കുന്നതിനും തന്നോടു സംസാരിക്കാതിരിക്കുന്നതിനും കാരണമെന്തെന്ന് പറയണമെന്ന് അപേക്ഷിച്ചു. സെ

യിൻറ് ഫ്റാൻസിസ് ഇങ്ങനെ പ്രതിവചിച്ചു: "കാരണം ഇതാണ്: നീ സംഘത്യാഗം ചെയ്തു ഭ്രഷ്ടനായി മരിക്കുമെന്നും നിൻെറ പാപങ്ങൾ നിമിത്തം നിത്യശിക്ഷയ്ക്കു പാത്രീഭവിക്കുമെന്നും ദൈവം എനിക്കു വെളിപ്പെടുത്തിത്തന്നിരിക്കുന്നു.'' ഇതു കേട്ടു സഹോദരൻ ഏലിയാസ് പറഞ്ഞു: "എൻെറ വന്ദ്യനായ പിതാവെ, ഇക്കാരണത്താൽ അങ്ങ് എന്നെ വെറുക്കുകയോ തള്ളിക്കളയുകയോ ചെയ്യരുതെന്നും, പ്രത്യുത, അങ്ങയുടെ സ്വാമിയായ ക്രിസ്തുവിൻെറ മാതൃകയനുസരിച്ച്, ഒരു നല്ല ഇടയനെപ്പോലെ, അങ്ങയുടെ സഹായമില്ലെങ്കിൽ നശിച്ചുപോകുമെന്നുള്ള ആടിനെ തിരക്കിപ്പിടിച്ചു രക്ഷിക്കുമാറാകണമെന്നും, ക്രിസ്തുയേശുവിനോടുള്ള സ്നേഹത്തെ മുൻനിറുത്തി, അങ്ങയോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. അങ്ങ് എനിക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുമാറാകണം; അങ്ങയുടെ പ്രാർത്ഥനകൊണ്ട് എൻെറമേലുള്ള ശിക്ഷാവിധി ദൈവം റദ്ദ്ചെയ്തുവെന്നു വരാം; പാപത്തെപ്പററി പശ്ചാത്തപിച്ചു പരിഹാരം ചെയ്യുന്നുവെങ്കിൽ പാപിക്കു ദൈവം മാപ്പു നല്കുമെന്ന് എഴുതപ്പെട്ടിരിക്കുന്നുവല്ലോ. ഞാൻ നരകത്തിൽ തന്നെ വീണുപോയാലും, അങ്ങ് എനിക്കുവേണ്ടി പ്രാർത്ഥിക്കുമെങ്കിൽ, എനിക്ക് ആശ്വാസം ലഭിക്കും; അങ്ങയുടെ പ്രാർത്ഥനയിൽ എനിക്ക് അത്ര വലുതായ വിശ്വാസമുണ്ട്. അതിനാൽ അങ്ങ് പാപിയായ എനിക്കുവേണ്ടി, പാപികളെ രക്ഷിക്കാനായി അവതരിച്ച ദൈവത്തോട്, എന്നെ കാരുണ്യപൂർവ്വം സ്വീകരിക്കുന്നതിനായി, ശുപാർശ ചെയ്യുമാറാകണമെന്ന് ഞാൻ വീണ്ടും വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.'' സഹോദരൻ ഏലിയാസ് ഏററവും ഭക്തിയോടുകൂടി കണ്ണുനീർ പൊഴിച്ചുകൊണ്ടു ചെയ്ത ഈ അപേക്ഷ സെയിൻറ് ഫ്റാൻസിസ് വളരെ അനുകമ്പാപൂർവ്വം കേൾക്കുകയും അയാൾക്കുവേണ്ടി പ്രാർത്ഥിക്കാമെന്നേല്ക്കുകയും ചെയ്തു. അതനുസരിച്ച് അദ്ദേഹം ആ സഹോദരനുവേണ്ടി ഏററവും ഭക്തിയോടെ പ്രാർത്ഥിക്കുകയും തൻെറ പ്രാർത്ഥന സാധിതമായെന്നു—സഹോദരൻ ഏലിയാസിൻെറമേലുണ്ടായ ശിക്ഷാവിധി റദ്ദ്ചെയ്യപ്പെട്ടുമെന്നും അയാളുടെ ആ

ത്മാവ് അവസാനമായി രക്ഷപ്രാപിക്കുമെന്നും, എന്നാൽ അയാൾ സംഘത്യാഗം ചെയ്യുകയും ആ നിലയിൽ മരിക്കുകയും ചെയ്യുമെന്നും ദിവ്യപ്രകാശനത്താൽ ഗ്രഹിക്കുകയും ചെയ്തു. അനന്തരസംഭവങ്ങളുടെ പരിണാമവും അപ്രകാരം തന്നെയായിരുന്നു. സിസിലിയിലെ രാജാവായ ഫ്രെഡറിക്ക് തിരുസഭയോടു പിണങ്ങുകയാൽ ആ രാജാവും രാജാവിനെ സഹായിക്കുകയോ ഉപദേശിക്കുകയോ ചെയ്ത സകലരും തിരുസഭാമണ്ഡലത്തിൽനിന്നു മാർപ്പാപ്പയാൽ ബഹിഷ്കരിക്കപ്പെട്ടു. അക്കാലത്തു ലോകത്തെ ഏററവും പണ്ഡിതനെന്നു പ്രസിദ്ധനായിരുന്ന സഹോദരൻ ഏലിയാസിനെ ഫ്രെഡറിക്ക് കാണാനാഗ്രഹിക്കുകയും ക്ഷണിക്കുകയും ചെയ്തിരുന്നു. ഏലിയാസ് മാർപ്പാപ്പായുടെ കല്പനയെ മറന്ന് ആ ക്ഷണം സ്വീകരിച്ചു. അതുകൊണ്ട് അയാളെയും തിരുസഭയിൽനിന്നും ഫ്രാൻസിസ്കൻ ധർമ്മസംഘത്തിൽനിന്നും മാർപ്പാപ്പാ ബഹിഷ്കരിച്ചു. ഈ മഹറോൻ ശിക്ഷയ്ക്കുശേഷം അധികം താമസിയാതെ അയാൾ ആപൽക്കരമായൊരു രോഗം പിടിപെട്ടു കിടപ്പിലായി. പുണ്യചരിതനായ ഒരു ഫ്റാൻസിസ്കൻ ധർമ്മസഹോദരൻ ഈ വിവരമറിഞ്ഞ് അയാളെ രോഗശയ്യയിൽ പോയി സന്ദർശിച്ചു. ആ ധർമ്മസഹോദരൻ രോഗിയോടു പല കാര്യങ്ങളെയുംപററി സംസാരിച്ച കൂട്ടത്തിൽ ഇങ്ങനെ പറഞ്ഞു: "എന്റെ പ്രിയപ്പെട്ട സഹോദര, അങ്ങു തിരുസഭയിൽനിന്നും നമ്മുടെ ധർമ്മസംഘത്തിൽനിന്നും ഇവ്വിധം ബഹിഷ്കൃതനായിക്കാണുന്നതിലും ഈ സ്ഥിതിയിൽ മരിച്ചുപോകാമെന്നുള്ളതിലും ഞാൻ വളരെ വ്യസനിക്കുന്നു. ഈ ആപത്തിൽനിന്ന് അങ്ങയെ രക്ഷിക്കുന്നതിന് എനിക്കു സാദ്ധ്യമായ എന്തെങ്കിലും മാർഗ്ഗം അങ്ങു കാണുന്നുവെങ്കിൽ, അങ്ങേയ്ക്കുവേണ്ടി എന്തു ബുദ്ധിമുട്ടും ക്ലേശവും സന്തോഷപൂർവ്വം സഹിക്കുന്നതിനു ഞാൻ തയ്യാറാണ്." സഹോദരൻ ഏലിയാസ് ഈ മറുപടി പറഞ്ഞു: "എന്റെ സഹോദര, നീ മാർപ്പാപ്പായുടെ സന്നിധിയിൽ പോയി, ദൈവത്തോടും ലോകത്തെ ഉപേക്ഷിച്ചു സന്യാസമവലംബിക്കുന്നതിന് എനിക്കു മാർഗ്ഗദർശിയായിരുന്ന, ദൈവത്തിന്റെ ദാസ

നായ, സെയിൻറ് ഫ്റാൻസിസിനോടുമുള്ള സ്നേഹത്തെ പ്രതി, ഈ മഹറോനിൽനിന്ന് എന്നെ മോചിപ്പിക്കണമെന്നും സന്യാസവസ്ത്രം എനിക്കു തിരിച്ചു തരണമെന്നും അദ്ദേഹത്തോടപേക്ഷിക്കുകയല്ലാതെ മററു മാർഗ്ഗമൊന്നും ഞാൻ കാണുന്നില്ല.'' ആ ദീനൻെറ മുക്തിക്കുവേണ്ടി ഈ ദൌത്യം സന്തോഷപൂർവ്വം വഹിക്കാമെന്ന് അയാൾ ഏൽക്കുകയും യാത്ര പറഞ്ഞിട്ട് മാർപ്പാപ്പായുടെയടുക്കലേക്കു പോവുകയും ചെയ്തു. അയാൾ മാർപ്പാപ്പായുടെ സന്നിധിയിൽചെന്നു, മുട്ടിന്മേൽനിന്നുകൊണ്ട്, ക്രിസ്തുവിനോടും ക്രിസ്തുദാസനായ സെയിൻറ് ഫ്റാൻസിസിനോടുമുള്ള സ്നേഹത്തെപ്രതി സഹോദരൻ എലിയാസ്സിനോടു കരുണ കാണിക്കണമെന്ന് ഏററവും വിനയപൂർവ്വം അപേക്ഷിച്ചു. ദൈവകൃപയാൽ മാർപ്പാപ്പാ അപേക്ഷ അനുവദിച്ചു: അയാൾ മടങ്ങിപ്പോയി, സഹോദരൻ എലിയാസ് അപ്പോഴും ജീവിച്ചിരിപ്പുണ്ടെങ്കിൽ, അയാൾക്കു മഹറോനിൽനിന്നു മോചനം നല്കിയിരിക്കുന്നുവെന്നും സന്യാസവസ്ത്രം തിരിച്ചു കൊടുത്തിരിക്കുന്നുവെന്നും തൻെറ നാമത്തിൽ പറഞ്ഞുകൊള്ളുന്നതിനു മാർപ്പാപ്പാ കല്പിച്ചു. ആ ധർമ്മസഹോദരൻ ഈ സന്തോഷകരമായ സന്ദേശവുംകൊണ്ടു ദ്രുതഗതിയായി സഹോദരൻ എലിയാസിൻെറയടുക്കൽ മടങ്ങിയെത്തി, ആസന്നമരണനായിരുന്ന അയാളെ മാർപ്പാപ്പാ മഹറോനിൽനിന്നു മോചിപ്പിച്ചിരിക്കുന്നുവെന്നും അയാൾക്ക് സന്യാസവസ്ത്രം തിരിച്ചുകൊടുത്തിരിക്കുന്നുവെന്നും അറിയിച്ചു. ഇങ്ങനെ ആശ്വസ്തനായി സഹോദരൻ എലിയാസ് ദേഹവിയോഗം ചെയ്തു. അയാൾ സംപൂർണ്ണമായി ശരണീകരിച്ച സെയിൻറ് ഫ്റാൻസിസിൻെറ പുണ്യങ്ങളും പ്രാർത്ഥനകളും അയാളുടെ ആത്മാവിനെ രക്ഷിച്ചു.

## അദ്ധ്യായം 39

**ഒരു ധർമ്മസഹോദരനായ അന്തോനി പാദുവാ ഒരു മഹാ വൈദികസദസ്സിൽചെയ്ത ആശ്ചര്യജനകമായ പ്രസംഗത്തെപ്പററി**

പരിശുദ്ധാത്മാവിൻെറ അത്ഭുതാവഹമായ ഭാജനമായി, സെയിൻറ് ഫ്റാൻസിസിൻെറ പ്രമുഖനായൊരു ശിഷ്യനും അനുചരനുമായി, തൻെറ പ്രതിപുരുഷനെന്ന് അദ്ദേഹം അഭിസംബോധനം ചെയ്തിരുന്ന സെയിൻറ് ആൻറണി പാദുവാ ഒരിക്കൽ ഒരു മഹാവൈദികസദസ്സിൽ മാർപ്പാപ്പായുടെയും കർദ്ദിനാളന്മാരുടെയും മുമ്പിൽ പ്രസംഗിക്കുകയായിരുന്നു. ആ സദസ്സിൽ ഗ്രീക്കു, ലത്തീൻ, ഫ്രെഞ്ച്, ജർമ്മൻ, ഇംഗ്ലീഷ് തുടങ്ങിയ വിവിധ ഭാഷകൾ സംസാരിക്കുന്ന വിവിധ ജാതിക്കാർ സന്നിഹിതരായിരുന്നു. അവർക്കെല്ലാവർക്കും, ഓരോരുത്തരുടെയും ഭാഷയിൽ പ്രസംഗിച്ചാലെന്നവണ്ണം സുസ്പഷ്ടമായി, മനസ്സിലാകത്തക്കവണ്ണം അദ്ദേഹം, പരിശുദ്ധാത്മാവിനാൽ പ്രബുദ്ധനായി, ദൈവവചനത്തെ അത്ര ഫലപ്രദമായി, അത്ര ഭക്തിപൂർവ്വമായി, അത്ര ഹൃദയംഗമമായി, അത്ര ലളിതമായി, അത്ര പണ്ഡിതോചിതമായി വിശദീകരിച്ചു. അവരെല്ലാവരും ആശ്ചര്യഭരിതരായി; പെന്തക്കോസ്തു ദിവസം പരിശുദ്ധാത്മാവിനാൽ പ്രബുദ്ധരായ അപ്പോസ്തലന്മാർ ശ്രോതാക്കളിലോരോരുത്തരുടെയും ഭാഷയിൽ പ്രസംഗിച്ചപ്പോളുണ്ടായ അത്ഭുതത്തിൻെറ ആവർത്തനമാണതെന്ന് അവർ വിചാരിച്ചുപോയി. "പ്രസംഗകൻ ഒരു സ്പെയിൻകാരനല്ലേ? ആ സ്ഥിതിക്ക് അദ്ദേഹം നമ്മളിലോരോരുത്തരുടെയും സ്വന്തം ഭാഷയിൽ പ്രസംഗിക്കുന്നതായി നാം കേൾക്കുന്നതെങ്ങനെ?'' എന്ന് അവർ അന്യോന്യം ചോദിച്ചു. മാർപ്പാപ്പായും മററുള്ളവരെപ്പോലെ

അത്ഭുതവിവശനായി, പ്രസംഗകൻെറ വാക്കുകളുടെ അത്ഥഗാംഭീര്യത്തെ പരിഗണിച്ച്, "ഈ ധമ്മസഹോദരൻ സാക്ഷാൽ പ്രതിജ്ഞാനപേടകവും വിശുദ്ധലിഖിതങ്ങളുടെ നിക്ഷേപവുമാകുന്നു" എന്നുദ്ഘോഷിച്ചു.

## അദ്ധ്യായം 40

സെയിൻറ് ആൻറണി റിമിനിയിൽവച്ച സമുദ്രത്തിലെ മത്സ്യങ്ങളോടു ധർമ്മം പ്രസംഗിച്ചപ്പോൾ ദൈവം പ്രവർത്തിച്ച അത്ഭുതം.

സച്ചിദാനന്ദസചരൂപനായ ക്രിസ്തു തൻെറ വിശ്വസ്തദാസനായ സെയിൻറ് ആൻറണിയുടെ മഹനീയമായ പുണ്യോൽക്കഷ്തത്തെ പ്രകാശിപ്പിക്കുന്നതിനും അദ്ദേഹത്തിൻെറ ധമ്മോപദേശത്തെ എത്ര ഭക്തിപൂവ്വം ജനങ്ങൾ ചെവിക്കൊള്ളേണ്ടതാണെന്നു കാണിക്കുന്നതിനുമായി വിശേഷബുദ്ധിയില്ലാത്ത ജന്തുക്കളെ ഉപകരണമാക്കുമായിരുന്നു. ഒരു സന്ദർഭത്തിൽ ക്രിസ്തു, പഴയനിയമത്തിൽ അദ്ദേഹം ബാലാമിൻെറ അജ്ഞതയെ കഴുതയുടെ വായാൽ ശാസിച്ചതുപോലെ, വിശചാസശൂന്യരായ പാഷണ്ഡരുടെ മൌഢ്യത്തെ ശാസിക്കുന്നതിനായി മത്സ്യങ്ങളെ വിനിയോഗിച്ചു. ഒരിക്കൽ സെയിൻറ് ആൻറണി റിമിനി എന്ന സ്ഥലത്തുവച്ച് ഒട്ടുവളരെ പാഷണ്ഡന്മാരെ യഥാത്ഥ ധമ്മത്തിൻെറയും സത്യത്തിൻെറയും മാഗ്ഗത്തിലേക്കാനയിക്കുന്നതിന് ആഗ്രഹിച്ച് ക്രിസ്തുധമ്മത്തെയും വിശുദ്ധ ലിഖിതങ്ങളെയുംപററി അനേക ദിവസം അവരോടു പ്രസംഗിക്കുകയും തക്കിക്കുകയും ചെയ്തു. എന്നാൽ അവർ കഠിനഹൃദയരായി ശാഠ്യപൂവ്വം അദ്ദേഹത്തിൻെറ ധമ്മോപദേശം ചെവിക്കൊള്ളുന്നതിന് വൈമനസ്യം പ്രകടിപ്പിച്ചു. ഒടുവിൽ അദ്ദേഹം ദൈവത്താൽ പ്രചോദിതനായി അടുത്തുള്ള സമുദ്രതീരത്തുചെന്ന് അവിടെ ഒരു നദികടലിൽ വീഴുന്നസ്ഥാനത്തുള്ള മണൽപ്പുറത്തു നിന്നുകൊ

ണ്ട് മത്സ്യങ്ങളോട്, ദൈവത്താൽ പ്രേഷിതനായൊരു ധമ്മോപദേഷ്ടാവെന്നപോലെ, ഇങ്ങനെ പ്രസംഗിച്ചു തുടങ്ങി: "ഓ സമുദ്രത്തിലെയും നദിയിലെയും മത്സ്യങ്ങളെ, നിങ്ങൾ ദൈവത്തിൻെറവചനത്തെ കേൾക്കുവിൻ; വിശ്വാസശൂന്യരായ പാഷണ്ഡർ അതിനെ ചെവിക്കൊള്ളുന്നതിനു വിമുഖരായിരിക്കുന്നു." അദ്ദേഹം ഇത്രയും പറഞ്ഞു കഴിഞ്ഞയുടനെ വലുതായൊരു പാടം വലുതും ചെറുതും ഇടത്തരവുമായ മത്സ്യങ്ങൾ അദ്ദേഹം നിന്ന മണൽപ്പുറത്തിനടുത്തു വന്നു: അത്ര വലുതായൊരു മീൻപാടം ആ കടലിലും ആററിലും അതിനു മുമ്പൊരിക്കലും കണ്ടിട്ടില്ല. അവയെല്ലാം തല വെള്ളത്തിൻെറ മീതെ ഉയത്തിപ്പിടിച്ചുകൊണ്ട് സെയിൻറ് ആൻറണിയുടെ മുഖത്തേക്കു സശ്രദ്ധം നോക്കുന്നതായി കാണപ്പെട്ടു. ചെറിയതരം മത്സ്യങ്ങൾ ഏററവും മുമ്പിൽ ഓരത്തിനടുത്തും, ഇടത്തരം മത്സ്യങ്ങൾ അവയുടെ പിന്നിലും, ഏററവും വലിയ മത്സ്യങ്ങൾ എല്ലാററിലും പിറകിലായി വെള്ളത്തിന് ആഴമേറിയ സ്ഥാനത്തും, ഇങ്ങനെ വരിവരിയായി പരിപൂണ്ണമായ ക്രമസമാധാനങ്ങളോടും അച്ചടക്കത്തോടുംകൂടി അവ നിലകൊണ്ടു. മത്സ്യങ്ങൾ ഇങ്ങനെ ക്രമമായിനിന്നു കഴിഞ്ഞപ്പോൾ സെയിൻറ് ആൻറണി അവയോട് ഇങ്ങനെ സഗൌരവം പ്രസംഗിച്ചു: "മത്സ്യങ്ങളെ, എൻെറ സഹോദരങ്ങളെ, നിങ്ങൾക്കു നിവസിക്കുന്നതിനായി പഞ്ചഭൂതങ്ങളിൽ ഇത്ര ശ്രേഷ്ഠമായ ഒന്നിനെ പ്രദാനം ചെയ്തിരിക്കുന്ന നമ്മുടെ സ്രഷ്ടാവായ ദൈവത്തോടു നിങ്ങളുടെ ശക്തിക്കൊത്തു നന്ദി പറയുന്നതിനു നിങ്ങൾ ബാദ്ധ്യസ്ഥരാണ്. സ്വച്ഛന്ദം വിഹരിക്കുന്നതിനു ശുദ്ധജലവും ഉപ്പുവെള്ളവും നിങ്ങൾക്കുണ്ട്." കൊടുങ്കാററിൽനിന്നുമോചനം പ്രാപിക്കുന്നതിനു പററിയ അഭയസ്ഥാനങ്ങൾ അനേകം നിങ്ങൾക്കുണ്ട്. അതുപോലെ നിങ്ങൾക്കുപജീവിക്കുന്നതിനായി പഞ്ചഭൂതങ്ങളിൽ ശുദ്ധവും സ്വച്ഛവുമായ ഒന്നും ആഹാരവും ലഭിച്ചിട്ടുണ്ട്. ഔദാര്യവും കരുണയുമുള്ള നിങ്ങളുടെ സ്രഷ്ടാവായ ദൈവം നിങ്ങളെ സൃഷ്ടിച്ചപ്പോൾ പെററുപെരുകുന്നതിനു നിങ്ങളോടാജ്ഞാപിക്കുകയും അതിനുവേണ്ട അനുഗ്രഹം

നിങ്ങൾക്കു തരുകയും ചെയ്തിട്ടുണ്ട്. സാർവ്വത്രികമായുണ്ടായ ജലപ്രളയത്തിൽ മററു സകല സൃഷ്ടികളും നശിച്ചുപോയി; നിങ്ങളെമാത്രം ദൈവം അപായം കൂടാതെ സംരക്ഷിച്ചു. യഥേഷ്ടം എവിടെയും പോകുന്നതിനു നിങ്ങൾക്കു മീൻചിറകുകൾ അദ്ദേഹം തന്നിരിക്കുന്നു. ദൈവകല്പനയനുസരിച്ചു യോനാസ് ദീർഘദർശിയെ സംരക്ഷിക്കുകയും മൂന്നു ദിവസം കഴിഞ്ഞപ്പോൾ സുരക്ഷിതമായി, സംപൂർണ്ണാരോഗ്യത്തോടെ കരയ്ക്കുകൊണ്ടു വന്നു നിക്ഷേപിക്കുകയും ചെയ്തുവെന്ന ബഹുമതി നിങ്ങൾക്കുള്ളതത്രെ. ദരിദ്രനായ നമ്മുടെ രക്ഷാനാഥനു നികുതികൊടുക്കാൻ നിവൃത്തിയില്ലാതിരുന്നപ്പോൾ നികുതിക്കുള്ള പണം കൊടുത്തതു നിങ്ങളാണല്ലോ. ദുർഗ്രഹമായൊരു തത്വവിശേഷമനുസരിച്ച് സനാതന രാജാവായ ക്രിസ്തുയേശുവിനു, അദ്ദേഹത്തിൻെറ പ്രത്യുത്ഥാനത്തിനു മുമ്പും പിമ്പും, ഭോജനമായിരുന്നതും നിങ്ങളാണ്. ഇവയെല്ലാം കൊണ്ട്, ഇത്ര വിവിധങ്ങളും വിപുലങ്ങളുമായ അനുഗ്രഹങ്ങൾ, മറേറതു സൃഷ്ടിക്കുമുള്ളതിൽ കൂടുതലായി, നിങ്ങൾക്കു പ്രദാനം ചെയ്തിരിക്കുന്ന ദൈവത്തെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നതിനു നിങ്ങൾ തികച്ചും ബാദ്ധ്യസ്ഥരാണ്.'' ഈ വാക്കുകൾ കേട്ട മത്സ്യങ്ങൾ വായ് തുറന്നും തലകുനിച്ചും മററും അവയ്ക്കു കഴിവുള്ള വിധത്തിലെല്ലാം ദൈവത്തോടു ഭക്തിയും കൃതജ്ഞതയും പ്രദർശിപ്പിച്ചു തുടങ്ങി. തങ്ങളുടെ സ്രഷ്ടാവായ ദൈവത്തോട് ഇത്ര വലുതായ ഭക്ത്യാദരങ്ങൾ ആ മത്സ്യങ്ങൾ പ്രകടിപ്പിക്കുന്നതു കണ്ടു സെയിൻറ് ആൻറണി സന്തുഷ്ടഹൃദയനായി ഇങ്ങനെ ഉദ്ഘോഷിച്ചു: "സനാതനനായ ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ; എന്തുകൊണ്ടെന്നാൽ സമുദ്രത്തിലെ മത്സ്യങ്ങൾ, പാഷണ്ഡരായ മനുഷ്യരെക്കാൾ, അദ്ദേഹത്തെ ബഹുമാനിക്കുന്നു; വിശേഷബുദ്ധിയില്ലാത്ത ജന്തുക്കൾ, വിശ്വാസമില്ലാത്ത മനുഷ്യരെക്കാൾ ശ്രദ്ധയോടെ അദ്ദേഹത്തിൻെറ വചനത്തെ ചെവിക്കൊള്ളുന്നു.'' അങ്ങനെ സെയിൻറ് ആൻറണിയുടെ പ്രസംഗം ദീർഘിക്കുന്തോറും മത്സ്യങ്ങളുടെ സംഖ്യ പെരുകിവന്നു; അവയിലൊന്നും ആ രംഗം വിട്ടുപോയതുമില്ല. ഈ അത്ഭുത

ത്തെപ്പററി കേട്ട നഗരവാസികൾ അതു കാണുന്നതിനായി അവിടെ ഓടിയെത്തി; അവരുടെ കൂട്ടത്തിൽ മേൽ പ്രസ്താവിക്കപ്പെട്ട പാഷണ്ഡന്മാരുമുണ്ടായിരുന്നു. ഇത്ര വിസ്മയാവഹവും പ്രകടവുമായ ഒരത്ഭുതം കണ്ടു് അവർ സ്പൃഷ്ടഹൃദയരായി സെയിൻറ് ആൻറണിയുടെ വചനങ്ങൾ കേൾക്കുന്നതിനു സന്നദ്ധരായി, അദ്ദേഹത്തിൻെറ പാദങ്ങളിൽ നമസ്കരിച്ചു. അപ്പോൾ അദ്ദേഹം അവരോടു സനാതനധമ്മം ഉപന്യസിച്ചു. അദ്ദേഹത്തിൻെറ പ്രസംഗത്തിൻെറ പ്രൗഢതയുടെയും യുക്തിയുക്തതയുടെയും ഫലമായി ആ പാഷണ്ഡന്മാക്കെല്ലാവക്കും ഹൃദയപരിവത്തനമുണ്ടാവുകയും അവർ യഥാത്ഥമായ ക്രിസ്തുധമ്മം അവലംബിക്കുകയും ചെയ്തു. വിശ്വാസികളെല്ലാവരും സമാശ്വസ്തരും സന്തോഷഭരിതരും വിശ്വാസത്തിൽ സ്ഥിരീകൃതരുമായി. ഇതിനുശേഷം സെയിൻറ് ആൻറണി മത്സ്യങ്ങളെ ദൈവത്തിൻെറ ആശീവ്വാദത്തോടെ പിരിച്ചുവിട്ടു. അവയെല്ലാം ആനന്ദതുന്ദിലരായി അവിടം വിട്ടുപോയി. ജനങ്ങളും നഗരത്തിലേക്കു മടങ്ങി. സെയിൻറ് ആൻറണിയാകട്ടെ ഏതാനും ദിവസം ക്രൂടി റിമിനിയിൽ താമസിച്ച് വളരെ ഫലപ്രദമായി ധമ്മപ്രചാരണം ചെയ്തു.

---

## അദ്ധ്യായം 41

എങ്ങനെ വന്ദ്യനായ സഹോദരൻ സൈമൺ ഒരു സഹോദരനെ അയാറം സംഘത്യാഗം ചെയ്യുന്നതിനിടയാക്കുമായിരുന്ന ഒരു പൈശാചിക പ്രലോഭനത്തിൽനിന്നു മോചിപ്പിച്ചുവെന്നു്.

ഫ്റാൻസിസ്കൻ ധമ്മപ്രസ്ഥാനത്തിൻെറ ആരംഭത്തിൽ, സെയിൻറ് ഫ്റാൻസിസ് ജീവിച്ചിരുന്ന കാലത്തു്, അസ്സീസിയിൽ സൈമൺ എന്നുപേരായ ഒരു യുവാവു് ഫ്റാൻസിസ്കൻ ധമ്മസംഘത്തിൽ ചേന്നു. അ

യാൽ ജീവിതകാലം മുഴുവനും വിശുദ്ധിയുടെ ദർപ്പണമായിരിക്കത്തക്കവണ്ണം ദൈവം അയാൾക്കു ധാരാളം അനുഗ്രഹങ്ങളും മാനസികമായ ഉത്ക്കർഷവും പ്രദാനം ചെയ്തിരുന്നു; ഇതു ഞാൻ അയാളോടുകൂടി ദീർഘകാലം താമസിച്ചിരുന്നവരിൽനിന്നു കേട്ടിട്ടുള്ളതാണ്. അയാൾ തന്റെ ആശ്രമമുറിവിട്ട് അപൂർവ്വമായിട്ടേ പുറത്തു പോകുമായിരുന്നുള്ളു. എപ്പോഴെങ്കിലും അയാൾ സഹോദരന്മാരുടെ കൂട്ടത്തിൽ കാണപ്പെട്ടുമെങ്കിൽ അതു ദൈവത്തെപ്പററി സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നതായിട്ടായിരിക്കും. അയാൾ പള്ളിക്കൂടത്തിൽ പഠിച്ചിട്ടുണ്ടായിരുന്നില്ല; പക്ഷേ, തന്റെ വാക്കുകൾ സ്വഭാവാതീതങ്ങളാണെന്നു തോന്നത്തക്കവണ്ണം അത്ര അഗാധമായ വിജ്ഞതയോടും പ്രഗത്ഭതയോടും കൂടിയായിരുന്നു അയാൾ ദൈവീകകാര്യങ്ങളെയും ക്രിസ്തുവിന്റെ സ്നേഹത്തെയുംപററി സംഭാഷണം ചെയ്തതു. ഒരു സായാഹ്നത്തിൽ അയാൾ സഹോദരൻ ജേംസ് മാസ്സെയോടൊന്നിച്ച് ദൈവത്തെപ്പററി സംസാരിക്കുന്നതിനായി വനത്തിലേക്കു പോയി; അവിടെ അവർ രാത്രി മുഴുവനും ദിവ്യസ്നേഹത്തെപ്പററിയുള്ള സംഭാഷണത്തിൽ നിരതരായി കഴിഞ്ഞു. നേരം വെളുത്തപ്പോൾ അവരുടെ സഹവാസം തുടങ്ങിയിട്ട് ഏതാനും നിമിഷങ്ങളേ ആയുള്ളുവെന്ന് അവർക്കു തോന്നി. ഇതു ആ സഹോദരൻ ജേംസ് തന്നെയാണ് എന്നോടു പറഞ്ഞതു്. ഇങ്ങനെ ദൈവവുമായി അഭേദ്യമായ സംഭാഷണങ്ങളിൽ വ്യാപൃതനായിരുന്ന സന്ദർഭങ്ങളിൽ സഹോദരൻ സൈമൺ പരിപൂർണ്ണമായ പരമാനന്ദത്തിൽ ലയിച്ചുപോയിരുന്നു. ഈ പരമാനന്ദനിർല്ലീനതയിൽ പലപ്പോഴും അയാൾ നിലത്തു കിടക്കേണ്ടിവരുമായിരുന്നു; പരിശുദ്ധാത്മാവിൽനിന്നു ലഭിച്ച ആ ശാന്തിയും നിർവൃതിയും ശരിക്കാസ്വദിക്കുന്നതിന് ആത്മാവിന്റെ വിശ്രമം മാത്രമല്ല ശരീരത്തിന്റെ വിശ്രമവും അയാൾക്കാവശ്യമായിരുന്നു. ഏതാദൃശസന്ദർഭങ്ങളിൽ അയാൾ ദൈവത്തിൽ നിശ്ശേഷം ലയിച്ചിട്ട് ശാരീരമായ സകല വികാരങ്ങൾക്കും അതീതനായി, പ്രജ്ഞയില്ലാത്തവനായി കാണപ്പെട്ടു. ഇങ്ങനെ ഒരിക്കൽ അയാൾ ദൈവത്തിൽ

നിർല്ലീനനായി, ദിവ്യസ്നേഹാഗ്നിയാൽ സന്തപ്തഹൃദയനായി, ബാഹ്യകാര്യങ്ങൾക്കു ജാഗരൂകനായി സ്ഥിതിചെയ്തപ്പോൾ, ഒരു ധർമ്മസഹോദരൻ, അതിൻെറ യാഥാർത്ഥ്യം പരീക്ഷിക്കണമെന്നു വിചാരിച്ചു, കത്തിയെരിയുന്ന ഒരു തീക്കൊള്ളിയെടുത്തു് അയാളുടെ നഗ്നമായ പാദത്തിൽ വച്ചുകൊടുത്തു. അതു താനെ കെടുന്നതുവരെ ആ സ്ഥാനത്തിരുന്നു് ഏറിയനേരം എരിഞ്ഞുവെങ്കിലും സഹോദരൻ സൈമൺ അറിഞ്ഞതേയില്ല; തീകൊണ്ടു പൊള്ളിയ യാതൊരടയാളവും ആ പാദത്തിലുണ്ടായതുമില്ല. സഹോദരൻ സൈമൺ ആഹാരം കഴിക്കുന്നതിനിരുന്നാൽ ശരീരത്തിനുള്ള ഭോജനത്തിനുമുമ്പായി ഈശ്വരവിഷയകമായ സംഭാഷണംകൊണ്ടു് ആത്മാവിനുള്ള ഭോജനം സ്വയം കഴിക്കുകയും മററുള്ളവക്കു വിതരണം ചെയ്യുകയും ചെയ്തിരുന്നു. ഒരിക്കൽ കുലീനനും സുഖലോലുപനും ലോകായതികനും ആഡംബരപ്രിയനുമായ സാൻസെവറീനോയിലുള്ള ഒരു യുവാവിനെ അയാൾ തൻെറ ഭക്തിസംവദ്ധകമായ സംഭാഷണംകൊണ്ടു മാനസാന്തരപ്പെടുത്തുകയും അവൻ ഫ്റാൻസിസ്കൻ ധർമ്മസംഘത്തിൽ ചേരുകയും ചെയ്തു. അവനെ സംഘത്തിലേക്കു സ്വീകരിച്ചപ്പോൾ സഹോദരൻ സൈമൺ അവൻെറ ലൌകിക വസ്ത്രങ്ങൾ എടുത്തു തൻെറ ആധീനത്തിൽ സൂക്ഷിച്ചുവച്ചിരുന്നു. സംഘപ്രവേശനത്തിനുശേഷം അവൻ സന്യാസജീവിതക്രമം അഭ്യസിക്കുന്നതിനായി സഹോദരൻ സൈമനോടൊന്നിച്ചുതന്നെ താമസിച്ചു. തിന്മചെയ്യുന്നതിനു സദാ ജാഗരൂകനായിരിക്കുന്ന പിശാചൻ അവനെ ഇന്ദ്രിയസുഖപരമായി ഏററവും ശക്തിമത്തായി പ്രലോഭിപ്പിച്ചു. പ്രലോഭനത്തെ നിരോധിക്കാൻ സാദ്ധ്യമല്ലാതെ വന്നപ്പോൾ അവൻ സഹോദരൻ സൈമനെ സമീപിച്ചു് ഇങ്ങനെ പറഞ്ഞു: "ലോകത്തു ഞാൻ ധരിച്ച എൻെറ വസ്ത്രങ്ങൾ എനിക്കു തിരിച്ചു വേണം; ശരീരസംബന്ധമായ ഈ പ്രലോഭനത്തെ സഹിക്കാൻ എനിക്കു് ഒട്ടും നിവൃത്തിയില്ല." സഹോദരൻ സൈമൺ അനുകമ്പാർദ്രനായി, "എൻെറ മകനെ, കുറച്ചുനേരം നീ എന്നോടുകൂടെ ഇവിടെ ഇരിക്കുക" എന്നു് അവനോടു പറഞ്ഞു. അയാൾ

അവനോടു ദൈവത്തെപ്പററി ഏററവും ഭക്തിതീക്ഷ്ണതയോടെ സംഭാഷണം ചെയ്തു; തൽഫലമായി അവൻ പ്രലോഭനത്തിൽനിന്നു നിശ്ശേഷം മോചനം പ്രാപിച്ചു. അധികം താമസിയാതെ പ്രലോഭനം വീണ്ടുമുണ്ടാവുകയും അവൻ വസ്ത്രങ്ങൾ വീണ്ടും ആവശ്യപ്പെടുകയും സഹോദരൻ ഈശ്വരവിഷയകമായ സംഭാഷണത്താൽ അവനെ അതിൽനിന്നു മോചിപ്പിക്കുകയും ചെയ്തു. ഇങ്ങനെ പ്രലോഭനവും മോചനവും അനേകം പ്രാവശ്യം ആവർത്തിക്കപ്പെട്ടു. ഒടുവിൽ ഒരു രാത്രി പൂർവ്വാധികം ശക്തിമത്തരമായ ഒരു പ്രലോഭനത്തിനു് അവൻ വശംവദനായി; അതിനെ നിരോധിക്കാൻ അവനു് ഒരു പ്രകാരത്തിലും സാദ്ധ്യമല്ലെന്നു തോന്നുകയാൽ, അവൻ സഹോദരൻ സൈമൺറയടുക്കൽ ചെന്നു്, ആശ്രമത്തിൽ തുടൎന്നു ജീവിക്കാൻ സാധിക്കുകയില്ലെന്നു പറഞ്ഞുകൊണ്ടു്, അവൻെറ വസ്ത്രങ്ങൾ തിരിച്ചു കൊടുക്കണമെന്നു് അപേക്ഷിച്ചു. അപ്പോഴം സഹോദരൻ സൈമൺ അവനെ അടുത്തിരുത്തി ദൈവത്തെപ്പററി സംഭാഷണം ചെയ്തു. അവൻ അതു ശ്രദ്ധിച്ചു കേൾക്കുകയും ദുഃഖഭാരത്താൽ കുനിഞ്ഞു തല സഹോദരൻ സൈമൻെറ നെഞ്ചത്തു വയ്ക്കുകയുംചെയ്തു. സഹോദരൻ സൈമൺ അനുകമ്പാകുലനായി, നയനങ്ങളെ സ്വൎഗ്ഗത്തേക്കുയൎത്തി, അവനുവേണ്ടി ദൈവത്തോടു പ്രാൎത്ഥിച്ചു. അങ്ങനെ ഭക്തിവിവശനായി പ്രാൎത്ഥിച്ചപ്പോൾ അയാൾ സമാധിയിൽ ലയിക്കുകയും പ്രാൎത്ഥന സാധിക്കുകയുംചെയ്തു. സമാധിയിൽനിന്നുണൎന്നപ്പോൾ ആ യുവാവു് പ്രലോഭനത്തിൽനിന്നു നിശ്ശേഷം വിമുക്തനായി, പ്രലോഭനം ഒരിക്കലും ഉണ്ടായിട്ടില്ലാത്തവനെപ്പോലെ പ്രശാന്തനായി, ഇരിക്കുന്നതു കണ്ടു. അവൻ കത്തിക്കാളുന്ന ദിവ്യസ്നേഹമാകുന്ന അഗ്നികുണ്ഡത്തിൻെറ—സഹോദരൻ സൈമൻെറ—അടുത്തിരുന്നതുകൊണ്ടു് അവൻെറ ഹൃദയത്തെ പീഡിപ്പിച്ച പിശാചൻെറ ആത്മാവു് ദൈവത്തിൻെറ ആത്മാവായി മാറുകയും, അവൻെറ ഹൃദയം, അപ്പോൾ മുതൽ, ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹത്താൽ സമുജ്ജ്വലിക്കുകയും ചെയ്തു. അതിൻെറ ഫലമായി ഒരിക്കൽ ഈ യുവാവു് രണ്ടു കണ്ണും പിഴുതുകളയുന്ന

തിന് വിധിക്കപ്പെട്ട ഒരു കുററവാളിയോടുണ്ടായ അനുകമ്പാതിരേകത്താൽ അവനുവേണ്ടി ധൈര്യപൂർവ്വം ന്യായാധിപ സന്നിധിയിൽ ചെന്നു, കുററവാളിയുടെ കണ്ണു രണ്ടും പോകാതെ ഒരു കണ്ണു ശേഷിക്കുന്നതിനായി അതിനു പകരം തൻെറ ഒരു കണ്ണു എടുത്തുകൊള്ളണമെന്നു കരഞ്ഞുകൊണ്ടപേക്ഷിച്ചു. ന്യായാധിപനും ഉപദേശകസമിതിയും ആ സന്യാസിയുടെ സ്നേഹപ്രകർഷത്താൽ സ്പൃഷ്ടഹൃദയരായി കുററവാളിക്കു മാപ്പുകൊടുത്തു. ഒരു ദിവസം സഹോദരൻ സൈമൺ വനത്തിൽ ഏകാഗ്രമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, ഒരു കൂട്ടം കാക്കകൾ അവയുടെ കരച്ചിൽകൊണ്ടു് അയാളെ വളരെയധികം ശല്യപ്പെടുത്തി. അയാൾ അവയോടു് അവിടെ നിന്നു പോകണമെന്നും ഒരിക്കലും തിരിച്ചു വരരുതെന്നും ക്രിസ്തുവിൻെറ നാമത്തിൽ ആജ്ഞാപിച്ചു. അതനുസരിച്ചു് കാക്കകൾ അവിടംവിട്ടു പറന്നുപോയി; പിന്നീടൊരിക്കലും ആ പ്രദേശത്തെങ്ങും അവ കാണപ്പെടുകയോ അവയുടെ ശബ്ദം കേൾക്കപ്പെടുകയോ ചെയ്തിട്ടില്ല. സഹോദരൻ സൈമൻെറ ആശ്രമം സ്ഥിതിചെയ്ത ഫെർമോ എന്ന ധർമ്മസംസ്ഥാനം മുഴുവനും ഈ അത്ഭുതത്തിനു സാക്ഷ്യം വഹിക്കുന്നു.

# അദ്ധ്യായം 42

ദൈവം തൻെറ ധർമ്മസഹോദരന്മാരായ പീററർ മോണ്ടിസെല്ലോയും കോൺറാഡ് ഓഫീദായുംവഴി പ്രവർത്തിച്ച ചേതോഹരങ്ങളായ അത്ഭുതങ്ങളെപ്പററി; എങ്ങനെ സഹോദരൻ ബെൻറിവോഗ്ലിയോ ഒരു കുഷ്ഠരോഗിയെ അല്പനേരംകൊണ്ട് പതിനഞ്ചു മൈൽ ദൂരം കൊണ്ടുപോയി എന്നു; എങ്ങനെ വേറൊരു സഹോദരൻ സെയിൻറ് മിഖായലിനോടു സംസാരിച്ചുവെന്നും, എങ്ങനെ കന്യകമറിയം സഹോദരൻ കോൺറാദിനു പ്രത്യക്ഷപ്പെട്ടു തൻെറ ദിവ്യസുതനെ അയാളുടെ കയ്യിൽ വച്ചുകൊടുത്തുവെന്നും

അങ്കോണാ എന്ന പ്രദേശത്തെ മുൻകാലങ്ങളിൽ, ആകാശത്തെ നക്ഷത്രങ്ങളെന്നപോലെ, പുണ്യവാന്മാരും മാതൃകായോഗ്യന്മാരുമായ ധർമ്മസഹോദരന്മാർ തങ്ങളുടെ സാന്നിദ്ധ്യംകൊണ്ട് അലങ്കരിച്ചിരുന്നു; അവർ ആകാശത്തിലെ ജാജ്ജ്വല്യമാനങ്ങളായ ജ്യോതിസ്സുകളെപ്പോലെ, ഫ്റാൻസിസ്കൻ ധർമ്മസംഘത്തിനു വിഭൂഷണങ്ങളായി പ്രശോഭിക്കയും ഉപദേശവും ദൃഷ്ടാന്തവുംകൊണ്ട് ലോകത്തെ പ്രബുദ്ധമാക്കുകയും ചെയ്തു. ഇവരിൽ അഗ്രേസരൻ സഹോദരൻ ലുസീദോ ആൻറിക്കോ ആയിരുന്നു; അയാളിൽ ദിവ്യസ്നേഹാഗ്നിയും പുണ്യദീപ്തിയും പ്രോജ്ജ്വലിച്ചിരുന്നു; പരിശുദ്ധാത്മാവിനാൽ പ്രബുദ്ധനാകയാൽ അയാളുടെ പ്രസംഗം അത്യധികം ഫലപ്രദമായിരുന്നു. ഇവരിൽ വേറൊരു ധർമ്മസഹോദരൻ ബെൻറിവോഗ്ലിയാ ഒരു വനത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ സമാധിയിൽ ലയിച്ചു ഭൂമിയിൽനിന്നുയർന്നു വായുമണ്ഡലത്തിൽ ഏറെനേരം സ്ഥിതിചെയ്യുന്നതായി സഹോദരൻ മാസ്സെയോ കണ്ടു. ഈ അത്ഭുതസിദ്ധി കണ്ടതിൻെറ ഫലമായി, അതുവരെ ഒരു ഇടവകപ്പട്ടക്കാരനായിരുന്ന മാസ്സെയോ ഇടവക ഉപേക്ഷിച്ചു ഫ്റാൻസിസ്കൻ ധർമ്മസംഘത്തിൽ ചേർന്നു. സഹോദരൻ മാസ്സെയോ

വലിയൊരു പുണ്യവാനായിത്തീരുകയും തൻെറ ജീവിതകാലത്തും മരണശേഷവും അനവധി അത്ഭുതങ്ങൾ പ്രവൎത്തിക്കുകയും ചെയ്തു. അയാളുടെ മൃതശരീരം മൂറോവിൽ സംസ്കരിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുതസഹോദരൻ ബെൻറിവോഗ്ലിയോ ഒരിക്കൽ ത്രാവെ എന്ന സ്ഥലത്തു് ഏകനായി ഒരു കുഷ്ഠരോഗിയെ ശുശ്രൂഷിച്ചുകൊണ്ടു് താമസിച്ചപ്പോൾ, തന്നെ പതിനഞ്ചു മൈൽ ദൂരത്തുള്ള വേറൊരു ആശ്രമത്തിലേക്കു സ്ഥലം മാററിയിരിക്കുന്നതായി മേലാവിൻെറ ഒരുത്തരവു് വന്നു. അസഹായനായ ആ കുഷ്ഠരോഗിയെ ആ സ്ഥിതിയിലുപേക്ഷിക്കുന്നതിനുള്ള വൈമനസ്യംകൊണ്ടു് അയാൾ അവനെ സ്നേഹപൂൎവ്വം എടുത്തു ചുമലിൽവച്ചു ചുമന്നുകൊണ്ടുപോയി. പുലൎച്ചയ്ക്കും സൂൎയ്യോദയത്തിനുമിടയ്ക്കു പതിനഞ്ചു മൈൽ യാത്രചെയ്തു അയാൾ തൻെറ ചുമടുമായി മോണ്ടിസാൻസീനോ എന്ന സ്ഥലത്തുള്ള പുതിയ ആശ്രമത്തിലെത്തിച്ചേൎന്നു. അയാൾ ഒരു കഴുകനായിരുന്നുവെങ്കിൽതന്നെയും ഇത്രയും ദൂരം ഇത്രവേഗം അയാൾക്കു പറക്കാൻ സാധിക്കുമായിരുന്നില്ല. ഈ ദിവ്യാത്ഭുതം ആ പ്രദേശത്തെങ്ങും വലുതായ വിസ്മയവും ആശ്ചൎയ്യവുമുളവാക്കി. വേറൊരു ധൎമ്മസഹോദരൻ, അങ്കോണ.യിലെ പഴയ ആശ്രമത്തിൻെറ അധിപനായിരുന്ന പീററർ മോണ്ടിസെല്ലോ, ഒരു കുരിശുരൂപത്തിൻെറ മുമ്പിൽ പ്രാൎത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, അതിൻെറ അടിവരെ, തറയിൽനിന്നു അഞ്ചാറുമുഴം ഉയരത്തിൽ പൊങ്ങിനില്ക്കുന്നതായി കാണപ്പെട്ടു. ഈ സഹോദരൻ പീററർ സെയിൻറ് മിഖായലിൻെറ നോമ്പുകാലത്തു നാല്പതുദിവസത്തെ ഉപവാസവ്രതം വളരെ ഭക്തിപൂൎവ്വം അനുഷ്ഠിച്ചശേഷം, അവസാനദിവസം പള്ളിയിൽ പ്രാൎത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, സെയിൻറ് മിഖായലുമായി സംഭാഷണം ചെയ്യുന്നതു് പ്രധാന ബലിപീഠത്തിൻെറ പിന്നിൽ മറഞ്ഞിരുന്ന ഒരു ചെറുപ്പക്കാരൻ കേട്ടു. ആ യുവസഹോദരൻ അങ്ങനെ ഒളിച്ചിരുന്നതു് അവിടെ അത്ഭുതകരമായി എന്തെങ്കിലും സംഭവിക്കുന്നുവെങ്കിൽ അതു കാണാമെന്നു പ്രത്യാശിച്ചായിരുന്നു. അവൻ കേട്ട സംഭാഷണം ഇപ്രകാരമായിരുന്നു: സെയിൻറ് മിഖായേൽ

പറഞ്ഞതു്: "സഹോദരൻ പീററർ, നീ എന്നെ പുരസ്കരിച്ച് വലുതായ ത്യാഗം അനുഷ്ഠിക്കുകയും അനേക ദിവസം നിന്റെ ശരീരത്തെ ദണ്ഡിപ്പിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു നിന്നെ ആശ്വസിപ്പിക്കുന്നതിനത്രെ ഞാൻ വന്നിരിക്കുന്നതു്. എന്തുതന്നെ അനുഗ്രഹം നീ ദൈവത്തോടു് അപേക്ഷിച്ചാലും, ഞാനതു സാധിച്ചുതരുന്നതായിരിക്കും" സഹോദരൻ പീററിന്റെ മറുപടി: "സ്വർഗ്ഗീയ സൈന്യത്തിന്റെ അതിപവിത്രനായ നേതാവേ, ദിവ്യസ്നേഹത്തിന്റെ വിശ്വസ്തനായ ഉപാസക, ആത്മാക്കളുടെ കൃപാലുവായ സംരക്ഷക, ഈ അനുഗ്രഹം ഞാൻ അപേക്ഷിച്ചുകൊള്ളുന്നു: അങ്ങു ദൈവത്തിൽനിന്നു് എന്റെ പാപങ്ങൾക്കു പൊറുതി വാങ്ങിത്തരണം." സെയിന്റ് മിഖായേലിന്റെ പ്രത്യുത്തരം: "ഇതു നിനക്കായി വളരെ എളുപ്പം സാധിച്ചുതരാവുന്നതാണു്: മറെറന്തെങ്കിലും അനുഗ്രഹം ചോദിച്ചുകൊള്ളുക." സഹോദരൻ പീററർ മറെറാന്നും ആവശ്യപ്പെടാതിരുന്നതുകൊണ്ടു മാലാഖ തുടർന്നു പറഞ്ഞു: "നിനക്കു് എന്നിലുള്ള വിശ്വാസവും ഭക്തിയും നിമിത്തം ഈ അനുഗ്രഹം മാത്രമല്ല, മററു പല അനുഗ്രഹങ്ങളും ഞാൻ നിനക്കു വാങ്ങിത്തരുന്നതായിരിക്കും. ഏറെനേരം നീണ്ടുനിന്ന അവരുടെ സംഭാഷണം അവസാനിച്ചശേഷം സെയിന്റ് മിഖായൽ തിരോധാനം ചെയ്തു. ഈ സമാഗമത്തിൽനിന്നു സഹോദരൻ പീററർ അനുഭവിച്ച ആനന്ദം അവാച്യമായിരുന്നു. അക്കാലത്തു സഹോദരൻ പീററിനോടൊന്നിച്ച് അങ്കോണാ സംസ്ഥാനത്തുള്ള ഫൊറാനായിലെ ആശ്രമത്തിൽ സഹോദരൻ കോൺറാഡ് ഓഫീദാ താമസിച്ചിരുന്നു. ഒരു ദിവസം സഹോദരൻ കോൺറാഡ് വനത്തിൽ ഈശ്വരധ്യാനത്തിനായി പോയി; അവിടെ എന്തെങ്കിലും വിശേഷവിധിയായി സംഭവിക്കുമെങ്കിൽ അതു കാണുന്നതിനായി സഹോദരൻ പീററരും പിന്നാലെ പോയി. സഹോദരൻ കോൺറാഡ് ആത്യന്തികമായ ഭക്തിയോടെ കന്യകമറിയത്തോടു് ആ ദേവജനനിയുടെ ദിവ്യസുതനിൽനിന്നു് ഒരു വരം—പുണ്യവാനായ സിമിയോൻ ശുദ്ധീകരണദിവസം തന്റെ കരങ്ങളിൽ

ദിവ്യരക്ഷകനായ യേശുവിനെ വഹിച്ചപ്പോൾ അനുഭവിച്ച ആ പരമാനന്ദത്തിൽ അല്പം അനുഭവിക്കുന്നതിനുള്ള ഭാഗ്യം—നേടികൊടുക്കണമെന്നു് അപേക്ഷിച്ചു. പ്രാർത്ഥന അവസാനിച്ചപ്പോൾ ആ അപേക്ഷ നിർവ്വഹിക്കപ്പെട്ടു. ഇതാ, ആ സ്വർല്ലോകരാജ്ഞി തന്റെ ദിവ്യസുതനെ കരങ്ങളിൽ വഹിച്ചുകൊണ്ടു പ്രകാശമാനമായ പ്രതാപമഹിമയോടുകൂടി പ്രത്യക്ഷപ്പെടുകയും സഹോദരൻ കോൺറാദിന്റെ അടുത്തുചെന്നു ദിവ്യശിശുവിനെ അയാളുടെ കരങ്ങളിൽ വച്ചുകൊടുക്കുകയും ചെയ്യുന്നു; അയാൾ അത്യാദരപൂർവ്വം ദിവ്യശിശുവിനെ സ്വീകരിക്കുന്നു, ആലിംഗനം ചെയ്യുന്നു, ചുംബിക്കുന്നു, മാറോടണച്ചു പിടിക്കുന്നു!! ഈ സമയത്തു അയാളുടെ ഹൃദയം കൂലംകഷമായ ദിവ്യസ്നേഹത്താൽ സംപൂരിതമാവുകയും അനിർവാച്യമായ ആനന്ദം അനുഭവിക്കുകയും ചെയ്തു. ഈ രംഗത്തിനു സാക്ഷിയായി അകലെ മാറി നിന്നിരുന്ന സഹോദരൻ പീററർ വലുതായ ആനന്ദം അനുഭവിച്ചു. കന്യകമറിയം അപ്രത്യക്ഷയായപ്പോൾ സഹോദരൻ പീററർ സഹോദരൻ കോൺറാഡ് കാണാതെ ഝടിതി ആശ്രമത്തിലേക്കു മടങ്ങിപ്പോയി. കുറച്ചുകഴിഞ്ഞു സഹോദരൻ കോൺറാദും ആനന്ദഭരിതനായി തിരിച്ചു വന്നപ്പോൾ, സഹോദരൻ പീററർ, "ഓ സഹോദര, സഹോദരൻ ഇന്നു വലുതായ ആനന്ദം അനുഭവിച്ചിരിക്കുന്നുവല്ലോ" എന്നു് അഭിവാദനം ചെയ്തു. "സഹോദരൻ പീററർ, നിങ്ങൾ എന്തു പറയുന്നു? നിങ്ങൾ വല്ലതും അറിഞ്ഞിട്ടുണ്ടോ? നിങ്ങൾ എന്നെ കണ്ടോ?" എന്നു സഹോദരൻ കോൺറാഡ് ചോദിച്ചു. "കന്യകമറിയം അവരുടെ ദിവ്യസുതനോടൊന്നിച്ചു നിങ്ങളെ സന്ദർശിച്ചുവെന്നു് എനിക്കു നല്ലവണ്ണം അറിയാം" എന്നു സഹോദരൻ പീററർ മറുപടി പറഞ്ഞു. അപ്പോൾ, ദൈവം തനിക്കു പ്രദാനം ചെയ്ത ആ അനുഗ്രഹം രഹസ്യമായി സൂക്ഷിക്കണമെന്നു വിനയംമൂലം ആഗ്രഹിച്ച സഹോദരൻ കോൺറാഡ് സഹോദരൻ പീററിനോടു് അയാൾ കണ്ടതു് ആരോടും പറയരുതെന്നപേക്ഷിച്ചു. അപ്പോൾ മുതൽ ഈ രണ്ടു ധർമ്മസഹോദരന്മാർ തമ്മിലുണ്ടായ സ്നേഹബന്ധത്തിന്റെ

ദാർഢ്യം നിമിത്തം അവർ എല്ലാ കാര്യങ്ങളിലും ഏക ഹൃദയവും ഏക മനസ്സുമുള്ളവരായി കാണപ്പെട്ടു. സഹോദരൻ കോൺറാഡ് ഒരിക്കൽ സിറവോലോയിലെ ആശ്രമത്തിലായിരുന്നപ്പോൾ പിശാചഗ്രസ്തയായ ഒരു സ്ത്രീയെ, രാത്രി മുഴുവനും അവൾക്കുവേണ്ടി പ്രാർത്ഥിച്ച്, ബാധയിൽനിന്നു മോചിപ്പിച്ചു. അവളുടെ അമ്മ പിറേറ ദിവസം അതറിയാനിടയാവുകയാൽ, തന്നെ കണ്ടു ബഹുമാനം പ്രകടിപ്പിക്കുന്നതിന് ആളുകൾ വന്നുകൂടുമെന്നു ഭയപ്പെട്ട് അയാൾ ഉടൻ സ്ഥലംവിട്ടു.

## അദ്ധ്യായം 43

സഹോദരൻ കോൺറാഡ് ഓഫീദാ മററു സഹോദരന്മാക്ക് ഉപദ്രവകാരിയായിരുന്ന ഒരു യുവസഹോദരനെ എങ്ങനെ മാനസാന്തരപ്പെടുത്തിയെന്നു. എങ്ങനെ ഈ യുവസഹോദരൻ മരിച്ചശേഷം സഹോദരൻ കോൺറാഡിനു പ്രത്യക്ഷപ്പെട്ട് അവൻവേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചുവെന്നും അവനെ ശുദ്ധീകരണസ്ഥലത്തെ അത്യുഗ്രമായ യാതനകളിൽനിന്ന് അയാൾ പ്രാർത്ഥനകൊണ്ടു മോചിപ്പിച്ചുവെന്നും.

സുവിശേഷാനുരൂപമായ ദാരിദ്ര്യത്തിന്റെയും സെയിൻറ് ഫ്റാൻസിസിന്റെ സന്യാസനിയമത്തിന്റെയും മഹോപാസകനായ പ്രസ്തുത സഹോദരൻ കോൺറാഡ് ഓഫീദായുടെ ജീവിതം ഈശ്വരദൃഷ്ടിയിൽ എത്രയും മാതൃകായോഗ്യവും പുണ്യപൂർണ്ണവുമായിരുന്നതിനാൽ സച്ചിദാനന്ദസ്വരൂപനായ ക്രിസ്തു അയാളെ ജീവിതകാലത്തും മരണശേഷവും അനേകം അത്ഭുതസിദ്ധികളാൽ അനുഗ്രഹിച്ചിരുന്നു. ഓഫീദായിലെ ആശ്രമത്തിൽ കുസൃതിയും ദുർവൃത്തനും നിയമംലംഘിക്കുന്നതിലുത്സുകനുമായ ഒരു യുവസഹോദരനുണ്ടായിരുന്നു. അയാൾ ദിവ്യകർമ്മങ്ങൾ നടക്കുന്ന സമയങ്ങളിൽ പ്രായം കുറഞ്ഞ

വരും കൂടിയവരുമായ സകല ആശ്രമവാസികളെയും ശല്യപ്പെടുത്തുകയും സന്യാസജീവിതോചിതങ്ങളായ അനുഷ്ഠാനങ്ങളെ അനാദരിക്കുകയും ചെയ്തിരുന്നു. സഹോദരൻ കോൺറാഡ് ഒരിക്കൽ ആ ആശ്രമം സന്ദർശിച്ചപ്പോൾ ആശ്രമവാസികൾ അയാളോട്, ദൈവസ്നേഹത്തെയും സമസൃഷ്ടിസ്നേഹത്തെയും പുരസ്കരിച്ച്, അവനെ ഉപദേശിച്ചു തിരുത്തണമെന്നഭ്യർത്ഥിച്ചു. ഈ അഭ്യർത്ഥനയനുസരിച്ചും ആ യുവസഹോദരനോടുള്ള അനുകമ്പയാൽ പ്രചോദിതനായും സഹോദരൻ കോൺറാഡ് ഒരു ദിവസം അവനെ അടുത്തു വിളിച്ചുപദേശിച്ചു. ഈ സ്നേഹപൂർണ്ണമായ ധർമ്മോപദേശം അവൻെറ ഹൃദയത്തിൽ പരിപൂർണ്ണമായ പരിവർത്തനമുളവാക്കി: അവൻ അവൻെറ പഴയരീതികളും വികൃതിത്തരങ്ങളും നിശ്ശേഷമുപേക്ഷിച്ച് ഏററവും അനുസരണവും സൌജന്യവും സൌമ്യതയും ഭക്തിയുമുള്ളവനും, മററുള്ളവരെ സേവിക്കുന്നതിനു സദാ സന്നദ്ധനും, ധർമ്മാനുഷ്ഠാനങ്ങളിൽ അതീവതല്പരനുമായ ഒരു പുതിയ മനുഷ്യനായിത്തീർന്നു. അവനിലുണ്ടായ ഈ മാററത്തിൻെറ ഫലമായി അവനെ അതുവരെ ഒരു ഉപദ്രവകാരിയായിക്കരുതിയിരുന്ന ആശ്രമവാസികൾക്ക് അവൻ സമാശ്വാസവും സംതൃപ്തിയും പ്രദാനം ചെയ്യുകയും അവരുടെയെല്ലാം സവിശേഷമായ സ്നേഹത്തിന് അവൻ പാത്രീഭവിക്കുകയും ചെയ്തു. ഇതിനുശേഷം കുറെക്കഴിഞ്ഞപ്പോൾ അവൻ മരിച്ചു; അവൻെറ മരണം ആശ്രമവാസികൾക്കു വലുതായ ദുഃഖത്തിനു കാരണമായിരുന്നു. അവൻെറ ആത്മാവ് ദേഹവിയോഗം ചെയ്ത് ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആശ്രമത്തിലെ ബലിപീഠത്തിൻെറ മുമ്പിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന സഹോദരൻ കോൺറാഡിനു പ്രത്യക്ഷപ്പെട്ട് 'പിതാവെ,' എന്ന സംബോധനയാൽ ഭക്തിപൂർവ്വം അഭിവാദനം ചെയ്തു. ആരെന്നുള്ള ചോദ്യത്തിനു, "ഞാൻ ഏതാനും ദിവസങ്ങൾക്കുമുമ്പു മരിച്ച ആ യുവസഹോദരൻെറ ആത്മാവാണ്," എന്ന ഉത്തരം നല്കപ്പെട്ടു. "എൻെറ പ്രിയപ്പെട്ട മകനെ, നിൻെറ സ്ഥിതി ഇപ്പോൾ എന്താണ്?" എന്നു സഹോദരൻ കോൺറാഡ് ചോദിച്ചു. "ഈ

ശ്വരാനുഗ്രഹത്തിന്റെയും അങ്ങയുടെ ഉപദേശത്തിന്റെയും ഫലമായി എന്റെ സ്ഥിതി നന്നായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ ഞാൻ നിത്യശിക്ഷയ്ക്കു പാത്രീഭവിച്ചിട്ടില്ല. എന്നാൽ എനിക്കു ലോകത്തുവച്ചു പരിഹാരം ചെയ്യുന്നതിനു സാധിക്കാതിരുന്ന എന്റെ ചില പാപങ്ങൾ നിമിത്തം ഞാൻ ശുദ്ധീകരണസ്ഥലത്തെ ഏററവും കഠിനമായ യാതനകൾ അനുഭവിക്കുന്നു. പിതാവെ, അങ്ങു ഞാൻ ജീവിച്ചിരുന്നപ്പോൾ അനുകമ്പാപൂർവ്വം എന്നെ സഹായിച്ചിട്ടുള്ളതുപോലെ, ഇപ്പോഴും അങ്ങയുടെ പ്രാർത്ഥന കൊണ്ട് എന്നെ സഹായിക്കേണമെ, 'സ്വർഗ്ഗസ്ഥനായ പിതാവെ, എന്ന പ്രാർത്ഥന കുറെ പ്രാവശ്യം എനിക്കുവേണ്ടി ചൊല്ലേണമേ, എന്നു ഞാൻ അപേക്ഷിക്കുന്നു. അങ്ങയുടെ പ്രാർത്ഥന ദൈവസന്നിധിയിൽ ഏററവും സ്വീകാര്യമാണല്ലോ,'' എന്ന് ആ പരേതാത്മാവു മറുപടി പറഞ്ഞു. ഈ അപേക്ഷയനുസരിച്ച്, സഹോദരൻ കോൺറാഡ് അവനുവേണ്ടി 'സ്വർഗ്ഗസ്ഥനായ പിതാവെ' എന്നും 'നിത്യശാന്തി ഭവിക്കട്ടെ' എന്നുമുള്ള പ്രാർത്ഥനകൾ ഒരു പ്രാവശ്യം ചൊല്ലി. അപ്പോൾ ആ ആത്മാവു, "പ്രിയപ്പെട്ട പിതാവെ, എനിക്ക് ഇപ്പോൾ വലുതായ ആശ്വാസം തോന്നുന്നു. എനിക്കു വേണ്ടിയുള്ള അങ്ങേയുടെ പ്രാർത്ഥന ആവർത്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു." അങ്ങനെ സഹോദരൻ കോൺറാഡ് പ്രാർത്ഥന ആവർത്തിച്ചു. "പരിശുദ്ധനായ പിതാവെ, അങ്ങു എനിക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ എന്റെ വേദനയ്ക്കു ശമനമുണ്ടാകുന്നു. അതിനാൽ എനിക്കു വേണ്ടിയുള്ള അങ്ങയുടെ പ്രാർത്ഥന നിറുത്തിക്കളയരുതെന്നു ഞാനപേക്ഷിക്കുന്നു'' എന്ന് ആത്മാവ് വീണ്ടും പറഞ്ഞു. അപ്പോൾ തന്റെ പ്രാർത്ഥനയാൽ ആ ആത്മാവിന് ആശ്വാസം ലഭിക്കുന്നുവെന്നു ഗ്രഹിക്കുകയാൽ, സഹോദരൻ കോൺറാഡ് അവനുവേണ്ടി, "സ്വർഗ്ഗസ്ഥനായ പിതാവെ'' എന്ന പ്രാർത്ഥന നൂറു പ്രാവശ്യം ചൊല്ലി. ആ പ്രാർത്ഥന അവസാനിച്ചപ്പോൾ, ആത്മാവ് "പ്രിയപ്പെട്ട പിതാവെ, അങ്ങ് എന്നോടു പ്രദർശിപ്പിച്ചിരിക്കുന്ന വലുതായ സ്നേഹത്തിനായി, ദൈവത്തിന്റെ നാമത്തിൽ, ഞാൻ അങ്ങേയ്ക്കു നന്ദി പറഞ്ഞുകൊള്ളുന്നു. അങ്ങേയുടെ

പ്രാർത്ഥനമൂലം ശുദ്ധീകരണസ്ഥലത്തെ യാതനകളിൽനിന്ന് എനിക്കു മോചനം ലഭിച്ചിരിക്കുന്നു; ഞാൻ ഇതാ സ്വർഗ്ഗത്തേക്കു പോകുന്നു,'' എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞുകൊണ്ടു് ആത്മാവു് തിരോഭവിച്ചു. അനന്തരം സഹോദരൻ കോൺറാഡ്ട് ആശ്രമവാസികളെ ആശ്വസിപ്പിക്കുന്നതിനും ആനന്ദിപ്പിക്കുന്നതിനുമായി തനിക്കുണ്ടായ ആ ദർശനത്തെപ്പററി അവരെ വിശദമായി പറഞ്ഞു കേൾപ്പിച്ചു. അങ്ങനെ ആ യുവസഹോദരൻെറ ആത്മാവു്, സഹോദരൻ കോൺറാഡിൻെറ പുണ്യങ്ങളുടെ ഫലമായി, സ്വർഗ്ഗം പ്രാപിച്ചു.

## അദ്ധ്യായം 44

**എങ്ങനെ ക്രിസ്തുവിൻെറ മാതാവും സുവിശേഷകാരനായ സെയിൻറ് ജോണും സഹോദരൻ പീററിനു പ്രത്യക്ഷപ്പെട്ടുവെന്നും ക്രിസ്തുവിൻെറ പീഡാനുഭവത്തിൽ അവരിലാരാണ് കൂടുതൽ ദുഃഖം അനുഭവിച്ചതെന്ന് അയാളോടു പറഞ്ഞുവെന്നും.**

അങ്കോണാ ധർമ്മസംസ്ഥാനത്തിലെ രണ്ടു് ഉജ്ജ്വലജ്യോതിസ്സുകളായി പരിലസിച്ച സഹോദരൻ കോൺറാഡും സഹോദരൻ പീററും ഫൊറാനോ ആശ്രമത്തിൽ ഒരുമിച്ചു താമസിച്ചുകൊണ്ടിരുന്നപ്പോൾ അവർ തമ്മിലുണ്ടായിരുന്ന സ്നേഹബന്ധത്തിൻെറ അഭേദ്യതമൂലം അവർ ഏക ഹൃദയവും ഏകമനസ്സും ഉള്ളവരായിക്കാണപ്പെട്ടു. ഈ ഐക്യത്തിൻെറ ഫലമായി ദൈവം കാരുണ്യപൂർവ്വം അവരിലോരോരുത്തനും പ്രദാനം ചെയ്യുന്ന അനുഗ്രഹങ്ങളെല്ലാം പരസ്പരം അറിയിക്കണമെന്നും അവയിലെല്ലാം അന്യോന്യം ഭാഗഭാക്കുകളാകണമെന്നും ഒരു കരാർ അവർ തമ്മിലുണ്ടായി. ഈ കരാറിനുശേഷം ഒരു ദിവസം സഹോദരൻ പീററർ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ക്രിസ്തുവിൻെറ പീഡാനുഭവത്തെപ്പററിയും ക്രിസ്തുവിൻെറ

ഭാഗ്യവതിയായ മാതാവിനെയും ഏററവും പ്രിയമുള്ള ശിഷ്യനായ സെയിൻറ് ജോണിനെയും സെയിൻറ് ഫ്റാൻസിസിനെയും, മാനസിക പീഡാനുഭവം സംബന്ധിച്ചിടത്തോളം ക്രിസ്തുവിനോടൊപ്പം കുരിശിൽ തറയ്ക്കപ്പെട്ടവരെന്നപോലെ, കുരിശിൻെറ കീഴ്ഭാഗത്തു ചിത്രണം ചെയ്തിരിക്കുന്നതിനെപ്പററിയും ധ്യാനിച്ചു. അപ്പോൾ ക്രിസ്തുവിൻെറ പീഡാനുഭവത്തിൽ ഏററവും കൂടുതൽ ദുഃഖമനുഭവിച്ചതു് ഈ മൂന്നുപേരിൽ—അദ്ദേഹത്തെ പ്രസവിച്ച മാതാവോ, അദ്ദേഹത്തിൻെറ മാർവിടത്തിൽ തല വച്ചു കിടന്ന ശിഷ്യനോ, അദ്ദേഹത്തിൻെറ മുറിവുകളേററതിനാൽ അദ്ദേഹത്തോടൊപ്പം കുരിശിൽ തറയ്ക്കപ്പെട്ടുവെന്നു ഗണിക്കപ്പെടേണ്ട സെയിൻറ് ഫ്റാൻസിസോ—ആരാണെന്നു് അറിയുന്നതിനു വലുതായൊരു ആഗ്രഹം അയാൾക്കുണ്ടായി. അങ്ങനെ അയാൾ ധ്യാനത്തിൽ ലയിച്ചിരുന്നപ്പോൾ കന്യകമറിയം സുവിശേഷകാരനായ സെയിൻറ് ജോണിനോടും സെയിൻറ് ഫ്റാൻസിസിനോടുംകൂടി അയാൾക്കു പ്രത്യക്ഷപ്പെട്ടു. എല്ലാവരും സ്വർഗ്ഗീയ പ്രതാപമഹിമയെ പ്രദ്യോതിപ്പിക്കുന്ന വസ്ത്രവിശേഷങ്ങൾ ധരിച്ചിരുന്നു; സെയിൻറ് ഫ്റാൻസിസ് സെയിൻറ് ജോണിൻെറതിനെക്കാൾ ഭംഗിയുള്ള വസ്ത്രം ധരിച്ചിരുന്നതായി കാണപ്പെട്ടു. ഈ ദർശനം കണ്ടു സഹോദരൻ പീററർ ഭയപ്പെട്ടു. സെയിൻറ് ജോൺ അയാളെ ആശ്വസിപ്പിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "പ്രിയപ്പെട്ട സഹോദര, ഭയപ്പെടേണ്ട; ഞങ്ങൾ നിൻെറ സംശയം പരിഹരിച്ചു നിന്നെ ആശ്വസിപ്പിക്കാൻ വന്നിരിക്കുകയാണ്. ക്രിസ്തുവിൻെറ മാതാവും ശിഷ്യനായ ഞാനും മററു സകലസൃഷ്ടികളെയുംകാൾ അദ്ദേഹത്തിൻെറ പീഡാനുഭവത്തിൽ ദുഃഖമനുഭവിച്ചുവെന്നു് അറിഞ്ഞുകൊള്ളുക. ഞങ്ങളെ കഴിയെ സെയിൻറ് ഫ്റാൻസിസ് മറെറല്ലാവരെയുംകാൾ ദുഃഖമനുഭവിച്ചിട്ടുണ്ടു്. അതുകൊണ്ടത്രെ നീ അദ്ദേഹത്തെ അത്ര പ്രതാപമഹിമയോടെ കാണുന്നതു്." അപ്പോൾ സഹോദരൻ പീററർ, "ക്രിസ്തുവിൻെറ ഏററവും പരിശുദ്ധനായ ധർമ്മദൂത, അങ്ങനെയാണെങ്കിൽ, സെയിൻറ്

ഫ്റാൻസിസിൻെറ വസ്ത്രം അങ്ങേയുടെതിനെക്കാൾ ഭംഗിയുള്ളതായിരിക്കുന്നതെന്തുകൊണ്ട്?'' എന്നു ചോദിച്ചു. “എന്തുകൊണ്ടെന്നാൽ ലോകത്തുവച്ച് ഞാൻ ധരിച്ചിരുന്നതിനേക്കാൾ മോശമായ വസ്ത്രമാണ് അദ്ദേഹം ധരിച്ചിരുന്നത്,''എന്നു സെയിൻറ ജോൺ മറുപടി പറഞ്ഞു. ഇതിനുശേഷം, തൻെറ കൈവശമുണ്ടായിരുന്ന ഒരു വിശിഷ്ടവസ്ത്രം കൊടുത്തുകൊണ്ട് അദ്ദേഹം “നിനക്കായി ഞാൻ കൊണ്ടുവന്നിരിക്കുന്ന ഈ ഉടുപ്പ് എടുത്തുകൊള്ളുക'' എന്നു പറഞ്ഞു. അതു സെയിൻറ് ജോൺ അയാളെ ധരിപ്പിക്കാൻ ഭാവിച്ചപ്പോൾ, അയാൾ ഭയഭക്തിവിവശനായി നിലത്തുവീണു, “സഹോദരൻ കോൺറാഡ്, സഹോദരൻ കോൺറാഡ്, വേഗം വന്നു എന്നെ സഹായിക്കേണമേ; വന്ന് അത്ഭുതകരങ്ങളായ സംഗതികൾ കണ്ടാലും!'' എന്നു നിലവിളിച്ചു പറഞ്ഞു. ഈ വാക്കുകളോടെ ദർശനം അവസാനിച്ചു. താൻ ദർശിച്ചതെല്ലാം സഹോദരൻ പീററർ സഹോദരൻ കോൺറാദിനെ പറഞ്ഞു കേൾപ്പിക്കുകയും അവർ ഒരുമിച്ചു ദൈവത്തെ വാഴ്ത്തുകയും ചെയ്തു.

## അദ്ധ്യായം 45

പരിശുദ്ധനായ സഹോദരൻ ജോൺദെല്ലാ പെന്നായുടെ ജീവിതപരിവർത്തനം, ജീവിതം, അത്ഭുതസിദ്ധികൾ, മരണം എന്നിവയെപ്പററി.

സഹോദരൻ ജോൺ ദെല്ലാപെന്നാ, സന്യാസമവലംബിക്കുന്നതിനുമുമ്പ്, അങ്കോണാ സംസ്ഥാനത്ത് ഒരു ബാലനായി ജീവിക്കുകയായിരുന്നപ്പോൾ, ഒരു രാത്രി അവന് അതിസുന്ദരനായൊരു ശിശു പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു: “ജോൺ, സെയിൻറ് സ്റ്റീഫൻെറ ദേവാലയത്തിലേക്കു പോവുക, അവിടെ ഒരു ധർമ്മസഹോദരൻ ധർമ്മം പ്രസംഗിക്കുന്നു. അവിടെ അയാളെ ഞാന

യച്ചിരിക്കുകയാണ്; അയാളുടെ വാക്കുകൾ ശ്രദ്ധിച്ചുകേട്ട് അയാളുടെ ഉപദേശത്തിൽ വിശ്വസിക്കുക. അതിനുശേഷം നീ ദീർഘമായൊരു യാത്രചെയ്ത് എൻെറയടുക്കൽ വരണം.'' ഈ ദിവ്യനിർദ്ദേശമനുസരിച്ച് അവൻ എഴുന്നേററു സെയിൻറ് സ്റ്റീഫൻെറ ദേവാലയത്തിലേക്കു പോയി; അവിടെ വലിയൊരു സംഘം പുരുഷന്മാരും സ്ത്രീകളും പ്രസംഗം കേൾക്കുന്നതിനു സമ്മേളിച്ചിരിക്കുന്നതായിക്കണ്ടു. സഹോദരൻ ഫിലിപ്പ് എന്നു പേരായ ഒരു ധമ്മസഹോദരനായിരുന്നു പ്രസംഗകൻ. അപ്പോൾ ആശ്രമങ്ങൾ കുറവായിരുന്ന അങ്കോണായിൽ ആദ്യമായി വന്ന ധമ്മസഹോദരന്മാരിലൊരാളായിരുന്നു അദ്ദേഹം. അദ്ദേഹം പ്രസംഗപീഠത്തിൽ കയറി ഭക്തിസംവദ്ധകമായൊരു പ്രസംഗം ചെയ്തു. ക്രിസ്തുവിൻെറ ചൈതന്യത്താൽ പ്രബുദ്ധനായി ആ ധമ്മദൂതൻ ചെയ്ത പ്രസംഗം ലൌകിക വിജ്ഞാനത്തിനു സ്ഥാനമില്ലാത്ത ശാശ്വതമായ സ്വഗ്ഗരാജ്യം സംബന്ധിച്ച ഒരു പ്രഖ്യാപനമായിരുന്നു. പ്രസംഗം അവസാനിച്ചപ്പോൾ പ്രസ്തുത ബാലൻ സഹോദരൻ ഫിലിപ്പിനെ സമീപിച്ചു, "പിതാവെ, അങ്ങു ദയവായി എന്നെ അങ്ങയുടെ ധമ്മസംഘത്തിലേക്കു സ്വീകരിക്കുമെങ്കിൽ, ഞാൻ സന്തോഷപൂവ്വം പാപപരിഹാരകമ്മങ്ങളനുഷ്ഠിച്ച് നമ്മുടെ രക്ഷാനാഥനായ യേശുക്രിസ്തുവിനെ സേവിച്ചുകൊള്ളാം'' എന്നു പറഞ്ഞു. സഹോദരൻ ഫിലിപ്പ് ബാലൻെറ മഹനീയമായ ശുദ്ധതയും ഈശ്വരസേവനത്തിനുള്ള അത്യുത്സാഹവും കണ്ട്, "നീ ഒരു ദിവസം റിക്കാനതിയിൽ വന്ന് എന്നെ കാണുക; നിൻെറ സംഘപ്രവേശനം അപ്പോൾ ഞാൻ നിവ്വഹിക്കാം'' എന്ന് അവനോടു പറഞ്ഞു. ഒരു പ്രാദേശിക ധമ്മസഹോദര സമ്മേളനം റിക്കാനതിയിൽവച്ച് അപ്പോൾ നടക്കാനിരുന്നു. അവിടത്തേക്കുള്ള യാത്രയാണ് ദിവ്യദശനമനുസരിച്ചു താൻ നിവ്വഹിക്കേണ്ടിയിരിക്കുന്നതെന്നും, ആ യാത്ര കഴിയുമ്പോൾ താൻ സ്വഗ്ഗത്തേക്കു പോകുമെന്നും അതു തൻെറ ധമ്മസംഘപ്രവേശനത്തിനുശേഷം ഉടനെയായിരിക്കുമെന്നും പരമശുദ്ധനായ അവൻ വിചാരിച്ചു. അങ്ങനെ അവൻ റിക്കാനതിയിലേക്കു പോകു

കയും അവിടെവെച്ച് സഹോദരൻ ഫിലിപ്പ് അവനെ ധമ്മസംഘത്തിലേക്ക സ്വീകരിക്കുകയും ചെയ്തു. പക്ഷെ അവൻ പ്രതീക്ഷിച്ചിരുന്നതുപോലെ അവൻെറ സ്വർഗ്ഗാരോഹണം നടന്നില്ല. അനന്തരം സംഘാദ്ധ്യക്ഷൻ ആരെങ്കിലും അനുസരണവ്രതത്തെ പുരസ്കരിച്ച് പ്രോവെൻസ് സംസ്ഥാനത്തിൽ പോകുന്നതിന് ആഗ്രഹിക്കുന്നുവെങ്കിൽ അതിനു താൻ സന്തോഷപൂർവ്വം അനുവാദം നല്കാമെന്നു പറഞ്ഞതു കേട്ട സഹോദരൻ ജോണിന് അവിടത്തേക്കു പോകുന്നതിനു വലുതായൊരു ആഗ്രഹമുണ്ടായി. അവിടത്തേയ്ക്കുള്ളതായിരിക്കും സ്വർഗ്ഗത്തേക്ക പോകുന്നതിനു മുമ്പായി താൻ നിർവ്വഹിക്കേണ്ടിയിരിക്കുന്ന ആ യാത്രയെന്ന് അയാൾ വിചാരിച്ചു. പക്ഷേ, തൻെറ അഭിലാഷം പുറത്തുപറയുന്നതിനുള്ള സങ്കോചംകൊണ്ട്, അയാൾ അതു രഹസ്യമായി സഹോദരൻ ഫിലിപ്പിനെ അറിയിച്ചിട്ട് പ്രോവൻസിലേക്ക പോകുന്നതിനുള്ള അനുവാദം വാങ്ങികൊടുക്കുന്നതിന് അദ്ദേഹത്തോടപേക്ഷിച്ചു. സഹോദരൻ ജോണിൻെറ നിർദ്ദോഷതയും ഉദ്ദേശ്യശുദ്ധിയും മനസ്സിലാക്കിയിരുന്ന സഹോദരൻ ഫിലിപ്പ് ആ അനുവാദം വാങ്ങിക്കൊടുത്തു. അങ്ങനെ സഹോദരൻ ജോൺ സന്തോഷഭരിതനായി പ്രോവൻസിലേക്ക പുറപ്പെട്ടു; ആ യാത്ര അവസാനിക്കുമ്പോൾ സ്വർഗ്ഗത്തേക്ക പോകാമെന്നായിരുന്നുവല്ലോ അയാൾ വിശ്വസിച്ചതു്. പക്ഷേ ദൈവത്തിൻെറ അഭിമതം ആ സ്ഥലത്ത് അയാൾ ഇരുപത്തിയഞ്ചു സംവത്സരം താമസിക്കണമെന്നായിരുന്നു. അക്കാലമെല്ലാം അയാൾ ഓരോ ദിവസവും തൻെറ സ്വർഗ്ഗാരോഹണം പ്രതീക്ഷിച്ച് ദൃഷ്ടാന്തയോഗ്യമായൊരുത്തമജീവിതം നയിക്കുകയും പ്രവൃദ്ധമായ പുണ്യസമ്പത്തുകൊണ്ടു ദൈവത്തിൻെറയും മനുഷ്യരുടെയും പ്രീതി സമ്പാദിക്കുകയും ചെയ്തു; സന്യാസികളുടെയും സംസാരികളുടെയും സ്നേഹത്തിന് അയാൾ ഒന്നുപോലെ പാത്രീഭവിച്ചു. ഒരു ദിവസം സഹോദരൻ ജോൺ തൻെറ ആഗ്രഹം സാധിക്കാത്തതിലും തൻെറ ഐഹിക തീർത്ഥയാത്ര ഇത്ര ദീർഘിച്ചു പോകുന്നതിലും വളരെ വ്യസനിച്ചും വിലപിച്ചും പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, സച്ചിദാനന്ദസ്വരൂപ

നായ ക്രിസ്തു പ്രത്യക്ഷപ്പെട്ടു് ഭക്തിനിർല്ലീനനായ ആ മുമുക്ഷുവിനോടു്, "എൻെറ മകനെ, നിനക്കിഷ്ടമുള്ളതു് എന്നോടു ചോദിച്ചുകൊള്ളുക," എന്നു പറഞ്ഞു. "എനിക്കു അങ്ങയെത്തന്നെ അല്ലാതെ മററു യാതൊന്നും അങ്ങയോടു് ആവശ്യപ്പെടാനില്ല; മററു യാതൊന്നും ഞാനാഗ്രഹിക്കുന്നില്ല. അങ്ങു് എൻെറ പാപങ്ങളെല്ലാം പൊറുക്കണമെന്നും, അങ്ങേയുടെ സാന്നിദ്ധ്യം എനിക്കു് ഏററവും കൂടുതലായി ആവശ്യമുള്ള ഒരു സന്ദർഭത്തിൽ അങ്ങയുടെ ദർശനം ഒരിക്കൽക്കൂടി തന്നു് എന്നെ അനുഗ്രഹിക്കുമാറാകണമെന്നും മാത്രം ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു," എന്നു് അയാൾ പ്രതിവചിച്ചു. "നിൻെറ അപേക്ഷ അനുവദിച്ചിരിക്കുന്നു," എന്നു ക്രിസ്തു പറഞ്ഞു. ഇത്രയും പറഞ്ഞുകൊണ്ടു ക്രിസ്തു തിരോധാനം ചെയ്തു; സഹോദരൻ ജോൺ പരമാനന്ദത്തിൽ ലയിക്കുകയും ചെയ്തു. ഒടുവിൽ അങ്കോണായിലെ ധർമ്മസഹോദരന്മാർ അയാളുടെ വിശ്രുതമായ ജീവിതവിശുദ്ധിയെയും പുണ്യപ്രകർഷത്തെയുംപററി അറിഞ്ഞു് അയാൾ അവിടത്തേക്കു തിരിച്ചു വരുന്നതിനുത്തരവുണ്ടാകണമെന്നു് സംഘാധിപനോടപേക്ഷിക്കുകയും ഉത്തരവിടിയിക്കുകയും ചെയ്തു. ആ ഉത്തരവു് കിട്ടിയ ഉടൻ അയാൾ ഏററവും സന്തോഷത്തോടെ അങ്കോണായിലേക്കു് പുറപ്പെട്ടു; അപ്പോഴും ആ യാത്രയുടെ അവസാനത്തു്, ക്രിസ്തുവിൻെറ പ്രതിജ്ഞയനുസരിച്ചു്, അയാൾ സ്വർഗ്ഗത്തുപോകുമെന്നു പ്രത്യാശിച്ചു. എന്നാൽ അങ്കോണായിൽ എത്തിക്കഴിഞ്ഞതശേഷം അയാൾ അവിടെ പിന്നെയും മുപ്പതുകൊല്ലം ജീവിച്ചു; ബന്ധുജനങ്ങളാരും അയാളെ തിരിച്ചറിഞ്ഞില്ല. ഓരോ ദിവസവും ദൈവത്തിൻെറ കാരുണ്യമുണ്ടാകുമെന്നും പ്രതിജ്ഞ നിറവേറുമെന്നും അയാൾ പ്രതീക്ഷിച്ചു. ഇക്കാലത്തു് അയാൾ അനേക പ്രാവശ്യം ആശ്രമാധിപസ്ഥാനം സുസമർത്ഥമായി വഹിക്കുകയും അയാൾ മുഖേന ദൈവം അനേകം അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. അയാൾക്കു ദൈവത്തിൽനിന്നു ലഭിച്ച വരങ്ങളിലൊന്നു ദീർഘദർശിത്വമായിരുന്നു. ഒരിക്കൽ അയാൾ ആശ്രമത്തിലില്ലാതിരുന്നപ്പോൾ, അയാളുടെ കീഴുള്ള നവസന്യാസികളിൽ ഒരാൾ പിശാചൻെറ

ശക്തിമത്തായ പ്രലോഭനത്തിനു വിധേയനായി, സഹോദരൻ ജോൺ മടങ്ങിവന്നാലുടനെ സംഘം വിട്ടുപോകണമെന്നു തീർച്ചപ്പെടുത്തി. ഈ പൈശാചിക പ്രലോഭനത്തെയും നിശ്ചയത്തെയുംപററി ദീർഘദർശിത്വസിദ്ധിയാൽ അറിയാൻ കഴിഞ്ഞ സഹോദരൻ ജോൺ ഉടനെ ആശ്രമത്തിൽ മടങ്ങിവന്ന്, ആ നവസന്യാസിയെ വിളിച്ചു കുമ്പസാരിക്കുന്നതിനുപദേശിച്ചു; അതിനു മുമ്പായി നവസന്യാസിക്കുണ്ടായ പൈശാചിക പ്രലോഭനങ്ങൾ മുഴുവനും, ദിവ്യപ്രകാശനത്താൽ താനറിഞ്ഞതുപോലെ, അവനെ പറഞ്ഞു കേൾപ്പിക്കുകയും, ഒടുവിൽ, "എൻെറ മകനെ, നീ എന്നെ കാത്തിരിക്കുകയും എൻെറ ആശീർവ്വാദം കൂടാതെ ഇവിടം വിട്ടുപോവുകയില്ലെന്നു നിശ്ചയിക്കുകയും ചെയ്തുകൊണ്ടു ദൈവം നിന്നോടു കരുണയുള്ളവനായി നീ ഈ ആശ്രമം വിട്ടുപോകാതിരിക്കുന്നതിനു മാത്രമല്ല, ദിവ്യപ്രസാദത്തോടുകൂടി ഈ ധർമ്മസംഘത്തിലെ അംഗമായിരുന്നു തന്നെ മരിക്കുന്നതിനുംവേണ്ട അനുഗ്രഹം നിനക്കു പ്രദാനംചെയ്തിരിക്കുന്നു," എന്നു പറയുകയും ചെയ്തു. അങ്ങനെ സ്ഥിരീകൃതചിത്തനായി ആ നവസന്യാസി സംഘത്തിൽതന്നെ തുടരുകയും വിശുദ്ധനായൊരു ധർമ്മസഹോദരനായിത്തീരുകയും ചെയ്തു. ഈ സംഗതികൾ എന്നോടു പറഞ്ഞതു സഹോദരൻ ഇഗോളിനാണ്. സദാപ്രസന്നനും പ്രശാന്തനുമായിരുന്ന സഹോദരൻ ജോൺ വളരെ കുറച്ചുമാത്രമേ സംസാരിക്കുമായിരുന്നുള്ളു. അയാൾ മിക്കവാറും പ്രാർത്ഥനയിലും ധ്യാനത്തിലും നിരതനായിക്കഴിഞ്ഞു കൂടിയിരുന്നു. അർദ്ധരാത്രി പ്രാർത്ഥന കഴിഞ്ഞാൽ നേരം വെളുക്കുന്നതുവരെ അയാൾ തൻെറ മുറിയിലേക്കു മടങ്ങിപ്പോകാതെ പള്ളിയിൽതന്നെ പ്രാർത്ഥിച്ചും ധ്യാനിച്ചുമിരിക്കുമായിരുന്നു. ഒരു രാത്രി അങ്ങനെ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അയാൾക്കു് ഒരു ദേവദൂതൻ പ്രത്യക്ഷപ്പെട്ടു് ഇങ്ങനെ പറഞ്ഞു: "സഹോദരൻ ജോൺ, നിൻെറ യാത്ര അവസാനിച്ചിരിക്കുന്നു; വളരെക്കാലമായി നീ ഉത്കണ്ഠയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ആ സമയം വന്നിരിക്കുന്നു. നിനക്കിഷ്ടമുള്ള എന്തനുഗ്രഹവും ചോദിച്ചു

കൊള്ളുക എന്നു ദൈവത്തിൻെറ നാമത്തിൽ ഞാൻ നിന്നെ അറിയിക്കുന്നു; ശുദ്ധീകരണസ്ഥലത്തു് ഒരു ദിവസത്തെ ദുരിതമോ ഈ ലോകത്തു് ഏഴു ദിവസത്തെ ദുരിതമോ ഏതാണു നിനക്കു വേണ്ടതു് അതു നിനക്കു സ്വയം വരിച്ചുകൊള്ളാം.'' സഹോദരൻ ജോൺ ഏഴു ദിവസത്തെ ഐഹികദുരിതം സ്വീകരിച്ചു. അതോടെ വിവിധങ്ങളായ രോഗങ്ങൾ അയാളെ ബാധിക്കുകയും അയാൾ വളരെ കഷ്ടപ്പെടുകയും ചെയ്തു. ഈ രോഗങ്ങളെക്കാൾ ദുസ്സഹമായിരുന്നതു് ഒരു പിശാചൻെറ ബാധയായിരുന്നു. അയാൾ മനസാവാചാകർമ്മണാ ചെയ്തിട്ടുണ്ടായിരുന്ന സകല പാപങ്ങളും എഴുതപ്പെട്ടിരുന്ന ഒരു വലിയ കടലാസു് നിവർത്തിപ്പിടിച്ചുകൊണ്ടു പിശാചൻ അയാളുടെ മുമ്പിൽ നിന്നു് ഇങ്ങനെ പറഞ്ഞു: "നീ മനസ്സുകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ചെയ്തിട്ടുള്ള ഈ പാപങ്ങൾ നിമിത്തം നീ അനന്തമായ നരകശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു.'' ഈ ബാധയുടെ ഫലമായി അയാൾക്കു ജീവിതത്തിൽ താൻ യാതൊരു സൽക്കർമ്മവും ചെയ്തിട്ടില്ലെന്നു തോന്നി; താൻ ധർമ്മസഹോദരസംഘത്തിലെ ഒരംഗമാണെന്നോ എപ്പോഴെങ്കിലുമായിരുന്നിട്ടുണ്ടെന്നോ പോലും അയാൾ വിസ്മരിച്ചു; പിശാചൻ പറഞ്ഞതുപോലെ താൻ നരകശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നുവെന്നു് അയാൾ വിശ്വസിച്ചുപോയി. ഈ ദുരവസ്ഥയിൽ അയാളുടെ സുഖത്തെപ്പററി അന്വേഷിച്ച സഹോദരന്മാരോടു്, "ഞാൻ ഹതഭാഗ്യനാണു്, ഞാൻ നരകശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു,'' എന്നയാൾ ഉത്തരം പറഞ്ഞു. ഈ സ്ഥിതി കണ്ടു് അവർ അയാളുടെ ഒരുത്തമസ്നേഹിതനും പുണ്യവാനും വൃദ്ധനുമായ മോണ്ടി റോബിയാനോയിലെ സഹോദരൻ മാത്യുവിനെ വിളിച്ചുകൊണ്ടുവരുന്നതിനാളയച്ചു. സഹോദരൻ മാത്യു വന്നുചേന്നതു സഹോദര ജോണിൻെറ പീഡാനുഭവത്തിൻെറ ഏഴാമത്തെ ദിവസമായിരുന്നു. അദ്ദേഹം രോഗിയെ സമീപിച്ചു് എങ്ങനെയിരിക്കുന്നുവെന്നു ചോദിച്ചു. "എൻെറ സ്ഥിതി വളരെ പരിതാപകരമാണു്; ഞാൻ നരകശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു,'' എന്നു രോഗി പറഞ്ഞു. അപ്പോൾ

സഹോദരൻ മാത്യു ഇപ്രകാരം പറഞ്ഞു: "നീ എന്നോടു പലപ്പോഴും കുമ്പസാരിച്ചിട്ടുള്ളതും നിന്റെ പാപങ്ങൾക്കെല്ലാം ഞാൻ പൊറുതി തന്നിട്ടുള്ളതും നീ ഓക്കുന്നില്ലേ? അതുപോലെ നീ ഈ പരിപാവനമായ ധമ്മസംഘത്തിലെ അംഗമായിരുന്നു് അനേക സംവത്സരകാലം ദൈവത്തെ സദാ സേവിച്ചിട്ടുള്ളതും നീ ഓക്കുന്നില്ലേ? ദൈവത്തിന്റെ കാരുണ്യം ലോകത്തുള്ള സകല പാപങ്ങളെയും അതിശയിക്കുന്നുവെന്നും സച്ചിദാനന്ദസ്വരൂപനും നമ്മുടെ രക്ഷകനുമായ യേശുക്രിസ്തു നമ്മുടെ മുക്തിക്കായി ആത്മബലിയർപ്പിച്ചുവെന്നും നിനക്കറിയാൻ പാടില്ലേ? നല്ല പ്രത്യാശയുള്ളവനായിരിക്കുക, നിനക്കു തീർച്ചയായും മോക്ഷം ലഭിക്കുമെന്നു് എനിക്കറിയാം." സഹോദരൻ മാത്യു ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ ശുദ്ധീകരണഘട്ടം അവസാനിക്കുകയും പൈശാചിക പ്രലോഭനം ശമിക്കുകയും സഹോദരൻ ജോണിനു സമാശ്വാസവും ശാന്തിയും ലഭിക്കുകയും ചെയ്തു. അപ്പോൾ അയാൾ അതീവസന്തുഷ്ടനായി സഹോദരൻ മാത്യുവിനോടു്, "എന്റെ പ്രിയസഹോദര, അങ്ങു ക്ഷീണിച്ചിരിക്കുന്നു; സമയം വളരെ അതിക്രമിച്ചിട്ടുണ്ടു്; അങ്ങുപോയി അല്പം വിശ്രമിക്കണമെന്നു് ഞാനപേക്ഷിക്കുന്നു" എന്നു പറഞ്ഞു. സഹോദരൻ മാത്യുവിനു് അയാളെ വിട്ടുപിരിയുന്നതിനു മനസ്സില്ലായിരുന്നുവെങ്കിലും, അയാളുടെ നിർബ്ബന്ധപൂർവ്വമായ അപേക്ഷയനുസരിച്ചു അല്പം വിശ്രമിക്കുന്നതിനായി അദ്ദേഹം അവിടെനിന്നു പോയി. സഹോദരൻ ജോണും ശുശ്രൂഷകനായ ധമ്മസഹോദരനും മാത്രമേ അവിടെ ശേഷിച്ചുള്ളു. അപ്പോൾ അതാ! സച്ചിദാനന്ദസ്വരൂപനായ ക്രിസ്തു, സഹോദരൻ ജോണിനു് ഏററവും ആവശ്യമുള്ളപ്പോൾ താൻ ഒരിക്കൽക്കൂടി പ്രത്യക്ഷപ്പെടുമെന്ന വാഗ്ദാനമനുസരിച്ചു്, പ്രതാപമഹിമകളോടുകൂടി പ്രത്യക്ഷപ്പെടുകയും സകല രോഗങ്ങളെയും ശമിപ്പിച്ചു് അയാളെ ഉല്ലാഘനാക്കുകയും ചെയ്തു. അനന്തരം സഹോദരൻ ജോൺ കൈകൾകൂപ്പി ഈ ദുരിതപൂർണ്ണമായ ഐഹിക ജീവിതമാകുന്ന സുദീർഘ യാത്രയെ ഇങ്ങനെ അവസാനിപ്പിക്കുന്നതിനനുഗ്രഹിച്ച ദൈവത്തിനു നന്ദി

പറഞ്ഞുകൊണ്ടു തന്റെ ആത്മാവിനെ ക്രിസ്തുവിന്റെ കരങ്ങളിലേല്പിക്കുകയും ഈ നശ്വരമായ ജീവിതത്തിൽ നിന്നു ശാശ്വതജീവിതത്തിലേക്കു കടന്നു്, ദീർഘകാലം തന്റെ പ്രതീക്ഷയ്ക്കു വിഷയമായിരുന്ന സച്ചിദാനന്ദസ്വരൂപനായ ക്രിസ്തുവിനോടു ചേൎന്നു സായൂജ്യം പ്രാപിക്കുകയും ചെയ്തു. ഈ സഹോദരൻ ജോൺ ലാ പെന്നാ ദി സാൻ ജൂവാനി എന്ന ആശ്രമത്തിൽ സംസ്കരിക്കപ്പെട്ടിരിക്കുന്നു.

## അദ്ധ്യായം 46

എങ്ങനെ സഹോദരൻ പാസിഫിക്കോ പ്രാൎത്ഥിച്ചുകൊണ്ടിരുന്നപ്പോൾ തന്റെ സ്വന്തം സഹോദരനായ സഹോദരൻ ഉമിലെ സ്വർഗ്ഗാരോഹണംചെയ്യുന്നതു കണ്ടുവെന്നു്.

അങ്കോണാ സംസ്ഥാനത്തു സെയിൻറു് ഫ്‌റാൻസിസിന്റെ മരണത്തിനുശേഷം ഫ്‌റാൻസിസ്കൻ ധർമ്മസംഘത്തിൽ ചേൎന്നു ധൎമ്മസഹോദരന്മാരായിത്തീൎന്ന ജ്യേഷ്ഠാനുജന്മാരായ രണ്ടുപേർ — ഒരാൾ സഹോദരൻ ഉമിലെ, അപരൻ സഹോദരൻ പാസിഫിക്കോ — ഉണ്ടായിരുന്നു. ഇവർ രണ്ടുപേരും വിശുദ്ധിയിലും പുണ്യജീവിതത്തിലും വളരെ പുരോഗമിച്ചിരുന്നു. സഹോദരൻ ഉമിലെ സോഫിയാനോ ആശ്രമത്തിൽ താമസിക്കുകയും അവിടെവച്ചു മരിക്കുകയും ചെയ്തു. സഹോദരൻ പാസിഫിക്കോ കുറെ ദൂരത്തു സ്ഥിതിചെയ്തു ഒരാശ്രമത്തിലായിരുന്നു. ദൈവകൃപയാൽ സഹോദരൻ പാസിഫിക്കോ ഒരു ദിവസം ഏകാന്തമായൊരു സ്ഥാനത്തു പ്രാൎത്ഥിച്ചുകൊണ്ടിരുന്നപ്പോൾ സമാധിയിൽ ലയിക്കുകയും, തത്സമയം ദേഹവിയോഗംചെയ്തു തന്റെ സഹോദരന്റെ ആത്മാവു് യാതൊരു തടസ്സവുംകൂടാതെ സ്വൎഗ്ഗാരോഹണം ചെയ്യുന്നതു കാണുകയും ചെയ്തു. ഇതിനുശേഷം അനേകസംവത്സരം കഴിഞ്ഞപ്പോൾ സഹോദരൻ പാസിഫിക്കോ തന്റെ ജ്യേഷ്ഠൻ മരിച്ചടക്കപ്പെട്ട ആ സോഫി

യാനോ ആശ്രമത്തിലേക്കു മാറിപ്പോയി. അപ്പോൾ അതിലെ സന്യാസികൾ, ബ്രൂഫോർത്തിയിലെ കത്താക്കന്മാർ ആവശ്യപ്പെട്ടതനുസരിച്ച്, അതു വിട്ടു വേറൊരാശ്രമത്തിലേക്കു മാറേണ്ടിവന്നതിനാൽ, അവിടെ സംസ്കരിക്കപ്പെട്ടിരുന്ന ധമ്മസഹോദരന്മാരുടെ ശരീരാവശിഷ്ടങ്ങൾ കൂടി എടുത്തു മാററിക്കൊണ്ടുപോയി. സഹോദരൻ പാസിഫിക്കോ സഹോദരൻ ഉമിലേയുടെ ശവകടീരത്തിൽനിന്ന് അയാളുടെ അസ്ഥികളെടുത്ത് നല്ല വീഞ്ഞിൽ കഴകി, ഒരു വെള്ളത്തുവാലയിൽ ഭദ്രമായിപ്പൊതിഞ്ഞു്, ഏററവും ഭക്ത്യാദരങ്ങളോടുകൂടി, കരഞ്ഞുകൊണ്ടു്, അവയെ ചുംബിച്ചു. അതു കണ്ടു മററു ധമ്മസഹോദരന്മാർ അത്ഭുതപ്പെട്ടു; അതൊരു നല്ല ദൃഷ്ടാന്തമായി അവക്കു തോന്നിയില്ല. സഹോദരൻ പാസിഫിക്കോവിനെപ്പോലെ അത്ര പുണ്യോൽക്കഷമുള്ള ഒരു മനുഷ്യൻ തൻെറ ജ്യേഷ്ഠനെപ്പോലെതന്നെ വിശുദ്ധിയും വന്ദ്യതയുമുള്ള മററു ധമ്മസഹോദരന്മാരുടെ ശരീരാവശിഷ്ടങ്ങളെക്കാൾ കൂടുതലായി ആ ജ്യേഷ്ഠൻെറതിനെ ബഹുമാനിക്കത്തക്കവണ്ണം അത്ര ലൌകികോചിതമായ സ്നേഹബന്ധം പ്രകടിപ്പിക്കുക എന്നതു് അവക്കു മനസ്സിലാക്കാൻ സാധിച്ചില്ല. ഈ സഹോദരന്മാർ തന്നെ തെററിദ്ധരിക്കുന്നുവെന്നു ഗ്രഹിച്ച സഹോദരൻ പാസിഫിക്കോ തൻെറ പരമാത്ഥത്തെ അവരോടായി ഇപ്രകാരം വിനയപൂവ്വം വിശദീകരിച്ചു: “എൻെറ പ്രിയ സഹോദരന്മാരെ, എൻെറ ജ്യേഷ്ഠൻെറ ശരീരാവശിഷ്ടങ്ങളെ മററു ധമ്മസഹോദരന്മാരുടേതിനെക്കാൾ കൂടുതലായി ഞാൻ ബഹുമാനിക്കുന്നുവെങ്കിൽ അതിൽ നിങ്ങൾ അത്ഭുതപ്പെടരുതു്. ലോകസഹജമായ സ്നേഹബന്ധത്താലല്ല ഞാനപ്രകാരം ചെയ്യുന്നതു്. ദൈവകൃപയാൽ എൻെറ ജ്യേഷ്ഠൻ ഇഹലോകവാസം വെടിഞ്ഞപ്പോൾ, അദ്ദേഹം കിടന്നു മരിച്ച ആശ്രമത്തിൽനിന്നു വളരെ ദൂരം ഏകാന്തമായൊരു സ്ഥലത്തിരുന്നു ഞാൻ പ്രാത്ഥിക്കുകയായിരുന്നു; അപ്പോൾ അദ്ദേഹത്തിൻെറ ആത്മാവു് നേരെ സ്വൎഗ്ഗത്തേക്കു പോകുന്നതു ഞാൻ കണ്ടു. അതുകൊണ്ടു് അദ്ദേഹത്തിൻെറ അസ്ഥികൾ പരിശുദ്ധമാണെന്നും അവ സ്വൎഗ്ഗത്തും ബഹുമാനിക്കപ്പെടുമെന്നും എനിക്കു തീച്ചയുണ്ടു്. മററു ധമ്മസഹോദരന്മാരെപ്പററിയും ഇത്ര തീച്ച

യുള്ള ഒരറിവു് ദൈവം എനിക്കു പ്രദാനം ചെയ്തിരുന്നുവെങ്കിൽ, അവരുടെ അസ്ഥികളോടും തത്തുല്യമായ ബഹുമാനം ഞാൻ പ്രദശിപ്പിക്കുമായിരുന്നു.'' ഭക്തിവിശ്വാസസംവർദ്ധകമായ ഈ വിശദീകരണം കേട്ട ആ ധമ്മസഹോദരന്മാർ സഹോദരൻ പാസിഫിക്കോയുടെ ഉദ്ദേശ്യം സംശുദ്ധവും ന്യായാനുസൃതവുമായിരുന്നുവെന്നു ബോധ്യമാവുകയും, അവർ സെയിൻറു് ഫ്റാൻസീസിൻെറ ധമ്മസഹോദരന്മാരെ സംബന്ധിച്ചു് ഇത്ര അത്ഭുതാവഹങ്ങളായ കാര്യങ്ങൾ പ്രവത്തിക്കുന്ന ദൈവത്തെ സ്തുതിക്കുകയും ചെയ്തു.

# അദ്ധ്യായം 47

ഭക്തനായ ഒരു ധർമ്മസഹോദരൻ രോഗശയ്യയിൽ കിടന്നപ്പോഠം ക്രിസ്തുവിൻെറ മാതാവു് അയാഠംക്കു് പ്രത്യക്ഷപ്പെടുകയും മൂന്നു ഭരണി ലേഹ്യം അയാഠംക്കായി കൊണ്ടുവരുകയും ചെയ്തതിനെപ്പററി.

പ്രസ്തുതമായ സോഫിയാനോ ആശ്രമത്തിൽ ഒരു ദിവ്യനെന്നു തോന്നുമാറു പരമഭക്തനായ ഒരു ധമ്മസഹോദരൻ മുമ്പു താമസിച്ചിരുന്നു. അയാൾ പലപ്പോഴും സമാധിയിൽ ലയിച്ചിരുന്നു. പ്രണിധാനനിമഗ്നനായി ആകാശത്തേയ്ക്കുയത്തപ്പെട്ട നിലയിൽ അയാൾ സ്ഥിതിചെയ്യുമ്പോൾ, എല്ലാ ജാതിയിലുംപെട്ട പക്ഷികൾ വന്നു് അയാളുടെ തലയിലും, തോളിലും, ഭുജങ്ങളിലും ഇരുന്നു് ഏററവും ആശ്ചര്യജനകമാംവണ്ണം പാടുക പതിവായിരുന്നു. അയാൾ ഏകാന്തതയിലും മൌനത്തിലും അതീവതൽപരനായിരുന്നുവെങ്കിലും, ആരെങ്കിലും ഒരു ചോദ്യം ചോദിച്ചാൽ അയാൾ നല്കുന്ന മറുപടിയുടെ ജ്ഞാനപൂൎണ്ണതയും സാമഞ്ജസ്യവും കൊണ്ടു് അയാൾ കേവലമൊരു മർത്ത്യനല്ല, മാലാഖയാണു് എന്നു തോന്നിപ്പോകുമായിരുന്നു. പ്രാത്ഥനയിലും ധ്യാനത്തിലും മാത്രം നിരതനായിരുന്ന അയാൾ മററു ധമ്മസഹോ

ദരന്മാരുടെ സവിശേഷമായ ബഹുമാനാദരങ്ങൾക്കു പാത്രീഭവിച്ചിരുന്നു. തന്റെ പുണ്യപൂർണ്ണമായ ജീവിതയാത്രയുടെ അവസാനഘട്ടത്തിൽ അയാൾ ആപൽക്കരമായൊരു രോഗത്താൽ പീഡിതനായി, ആഹാരമൊട്ടും കഴിക്കാൻ നിവൃത്തിയില്ലാതായി. അയാൾ ഭൌതികങ്ങളായ ഔഷധങ്ങളെല്ലാം ഉപേക്ഷിച്ചിട്ട് തന്റെ പ്രത്യാശമുഴുവനും സ്വർഗ്ഗീയവൈദ്യനായ യേശുക്രിസ്തുവിലും ദിവ്യമാതാവിലും നിക്ഷേപിച്ചു. ഈ മാതാവ്, ഈശ്വരകാരുണ്യത്താൽ, അയാളെ സന്ദർശിക്കുകയും സുഖപ്പെടുത്തുകയും ചെയ്തു: അയാൾ പൂർണ്ണമനസ്സോടും അത്യന്തികമായ ഭക്തിയോടുംകൂടി മരണത്തെ സ്വാഗതംചെയ്വാൻ സന്നദ്ധനായി രോഗശയ്യയിൽ കിടന്നപ്പോൾ, ക്രിസ്തുവിന്റെ മാതാവായ കന്യകമറിയം പ്രോജ്ജ്വലപ്രതാപസമന്വിതയായി, വലുതായൊരു സംഘം മാലാഖമാരാലും വിശുദ്ധകന്യകകളാലും പരിസേവിതയായി, അയാൾക്കു പ്രത്യക്ഷപ്പെട്ട്, കിടക്കയ്ക്കടുത്തു ചെന്നു. ദിവ്യമാതാവിനെ ദർശിച്ചപ്പോൾ അയാൾ ആത്മാവിലും ശരീരത്തിലും അപാരമായ ആശ്വാസവും ആനന്ദവും അനുഭവിച്ചു. ദൂഷിച്ച ശരീരമാകുന്ന കാരാഗൃഹത്തിൽനിന്നു തന്റെ ആത്മാവിനെ മോചിപ്പിക്കുന്നതിനു മകനോടു പ്രാർത്ഥിക്കണമെന്ന് മാതാവിനോട് അയാൾ വിനയപൂർവ്വം അപേക്ഷിച്ചു. അചാല്യനിശ്ചയത്തോടും അശ്രുധാരയോടുംകൂടിയ ഈ അപേക്ഷ കേട്ട് കന്യകമറിയം അയാളുടെ പേരുവിളിച്ച് ഇപ്രകാരം പറഞ്ഞു: "എന്റെ മകനെ, ഒട്ടും ശങ്കിക്കേണ്ട, നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. ഞാൻ വന്നിരിക്കുന്നത് നീ ഈ ലോകം വിട്ടുപോകുന്നതിനു മുമ്പായി നിന്നെ അല്പം ആശ്വസിപ്പിക്കുന്നതിനാണ്." കന്യകമറിയയുടെ അടുത്തു മൂന്നു വിശുദ്ധകന്യകകൾ മൂന്നു ഭരണിനിറയെ സുമധുരവും സുരഭിലവുമായ ലേഹ്യം വഹിച്ചുകൊണ്ട് നില്ക്കുന്നുണ്ടായിരുന്നു. കന്യകമറിയം അവയിലൊന്നു വാങ്ങി തുറന്നു; അപ്പോൾ ആ ആശ്രമം മുഴുവനും അതിവിശിഷ്ടമായൊരു സൌരഭ്യപൂരം പരന്നു. മാതാവ് അതിൽനിന്ന് ഒരു കരണ്ടി ലേഹ്യമെടുത്ത് ആ രോഗിയായ സഹോദരന് കൊടുത്തു. അതു് അല്പം തിന്ന ഉടനെ അയാൾ അവാച്യമായൊരു സുഖവും ആനന്ദവും അനുഭ

വിച്ചു. ആ സുഖത്തിൻെറയും ആനന്ദത്തിൻെറയും പാരമ്യം നിമിത്തം തൻെറ ആത്മാവിനെ ഉൾക്കൊള്ളുന്നതിനു് ശരീരത്തിനു സാധിക്കുകയില്ലെന്നു് അയാൾക്കു് തോന്നിപ്പോയി. ആ തോന്നലിൽ അയാൾ ഇങ്ങനെ ഉദീരണം ചെയ്തു: "ഓ അനുഗൃഹീതകന്യകമറിയമേ, ഇതു മതിയാകും; ഓ മനുഷ്യവർഗ്ഗപരിരക്ഷകനായ അനുഗൃഹീതവൈദ്യാ, ഇതു മതിയാകും; ഇത്തരം ആനന്ദാതിശയം സഹിക്കാൻ എനിക്കാവതില്ല." എന്നാൽ കാരുണ്യമൂർത്തിയായ ദേവമാതാവു് ആ ഭരണി നിശ്ശേഷം ഒഴിയുന്നതുവരെ ലേഹ്യം അയാൾക്കു തുടന്നു കൊടുത്തുകൊണ്ടിരുന്നു. ഒന്നാമത്തെ ഭരണി ഒഴിഞ്ഞ ശേഷം കന്യകമറിയം രണ്ടാമത്തേതെടുത്തു തുറന്നു് അയാൾക്കു വീണ്ടും ലേഹ്യം കൊടുക്കാൻ ഭാവിച്ചു. അപ്പോൾ അയാൾ വീണ്ടും ഇപ്രകാരം പറഞ്ഞു: "ഓ ധന്യയായ ദേവമാതാവെ, അവിടന്നു് എനിക്കു തന്നുകഴിഞ്ഞ ലേഹ്യത്തിൻെറ മാധുര്യവും സൌരഭ്യവുംകൊണ്ടു് എൻെറ ആത്മാവു് മിക്കവാറും ഉരുകിയലിഞ്ഞുപോകുന്നുവെങ്കിൽ, രണ്ടാമതുമൊരു ഭരണിലേഹ്യം എനിക്കെങ്ങനെ താങ്ങാൻ കഴിയും? ഓ സകല പുണ്യവാന്മാരെയും മാലാഖമാരെയുംകാൾ ഉപരിയായി സൌഭാഗ്യവതിയായ കന്യകേ, ഇനി എനിക്കതു തരരുതേ എന്നു ഞാനപേക്ഷിക്കുന്നു." പ്രതാപവതിയായ കന്യകമറിയം, "എൻെറ മകനെ, ഈ രണ്ടാമത്തെ ഭരണിയിലേതും അല്പം കഴിക്കുക," എന്നു പറഞ്ഞശേഷം അതിൽനിന്നു കുറച്ചുമാത്രം കൊടുത്തുകൊണ്ടു്, "ഇന്നത്തേക്കു നിനക്കിതു മതിയാകും. സന്തോഷവാനായിരിക്കുക, നീ എപ്പോഴും ആഗ്രഹിക്കുകയും തേടുകയും ചെയ്തിട്ടുള്ള എൻെറ മകൻെറ രാജ്യത്തേക്കു നിന്നെ കൂട്ടിക്കൊണ്ടുപോകുന്നതിനായി ഞാൻ വേഗം വീണ്ടും വരുന്നതായിരിക്കും," എന്നു തുടന്നു പറഞ്ഞു. അനന്തരം അയാളോടു യാത്രപറഞ്ഞുകൊണ്ടു് ദേവമാതാവു് തിരോധാനംചെയ്തു. മാതാവു് കൊടുത്ത ഔഷധം അവന്നു് അതിയായ ശക്തിയെയും സുഖത്തെയും പ്രദാനംചെയ്തു. അതിൻെറ ഫലമായി യാതൊരാഹാരവുംകൂടാതെ പരിപൂർണ്ണാരോഗ്യത്തോടെ അയാൾ പിന്നെയും കുറെനാൾകൂടി ജീവിച്ചിരുന്നു. ഒടുവിൽ അയാൾ ധർമ്മസഹോദരന്മാരുമായി ഉല്ലാസപൂർവ്വം സംസാരിച്ചുകൊണ്ടിരിക്കവെ പരമാനന്ദഭരിതനായി ദുരിതമയമായ ഇഹലോകം വെടിഞ്ഞു സ്വർല്ലോകം പ്രാപിച്ചു.

# അദ്ധ്യായം 48

എങ്ങനെ സഹോദരൻ ജേംസ് ദെല്ലാ മാസ്സാ ഒരു ദർശനംമൂഖേന ലോകത്തുള്ള സകല ധർമ്മസഹോദരന്മാരെയും ഒരു വൃക്ഷത്തിൻെറ രൂപത്തിൽ കണ്ടുവെന്നും അവരിൽ ഓരോരുത്തൻെറയും ഗുണങ്ങളെയും പുണ്യങ്ങളെയും പാപങ്ങളെയും ഗ്രഹിച്ചുവെന്നും.

സഹോദരൻ ജേംസ് ദെല്ലാ മാസ്സായ്ക്കു് ദൈവം അനേകം നിഗൂഢതത്വങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുകയും വേദാഗമങ്ങളെയും ഭവിഷ്യത്തുകളെയും സംബന്ധിച്ചു പരിപൂർണ്ണമായ ജ്ഞാനം പ്രദാനം ചെയ്യുകയും ചെയ്തിരുന്നു. അദ്ദേഹം ഒരു മഹാ പുണ്യവാനുമായിരുന്നു. അസ്സീസിയിലെ സഹോദരൻ ജൈത്സും, മോണ്ടിനോയിലെ സഹോദരൻ മാക്കും, സഹോദരൻ ജൂനിപ്പെറും, സഹോദരൻ ലൂസിദോയും സഹോദരൻ ജേംസിനെപ്പററി അദ്ദേഹത്തെക്കാൾ ദൈവദൃഷ്ടിയിൽ മഹത്തരനായ ഒരു പുണ്യപുരുഷനെ തങ്ങൾക്കറിയാമായിരുന്നില്ലെന്നു് പറഞ്ഞിട്ടുണ്ടു്. ഒരിക്കൽ സഹോദരൻ ജൈത്സിൻെറ സഹചാരിയായ സഹോദരൻ ജോണിനോടു് ചില ആദ്ധ്യാത്മികകാര്യങ്ങളുടെ വിശദീകരണം ഞാൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം എന്നോടു് ഇപ്രകാരം പറഞ്ഞു: "ആദ്ധ്യാത്മികകാര്യങ്ങളിൽ ശരിയായ നേതൃത്വം നിങ്ങൾക്കു ലഭിക്കണമെന്നുണ്ടെങ്കിൽ സഹോദരൻ ജേംസ് ദെല്ലാ മാസ്സായോടു സംഭാഷണം ചെയ്യുന്നതിനു് ശ്രമിക്കുക. സഹോദരൻ ജൈത്സം പോലും അദ്ദേഹത്തിൻെറ ഉപദേശം കേൾക്കുന്നതിനു് സന്തോഷമുള്ളവനായിരുന്നു. അദ്ദേഹത്തിൻെറ വാക്കുകൾ പരിശുദ്ധാത്മാവിൻെറ വാക്കുകളായിരുന്നതിനാൽ, അവയോടെന്തെങ്കിലും കൂട്ടിച്ചേർക്കുകയോ എടുത്തുകളയുകയോ ചെയ്യുക ആർക്കും സാദ്ധ്യമായിരുന്നില്ല. അദ്ദേഹത്തെ കാണുന്നതിനുള്ളതിനെക്കാൾ കൂടുതൽ താൽപര്യം മററാരെയും കാണുന്നതിനു് എനിക്കില്ല." അതുകൊണ്ടു് എനിക്കും അദ്ദേഹത്തെക്കാണുന്നതിനു് അതിയായ താൽപര്യമുണ്ടായിരുന്നു. സഹോദരൻ ജോൺ

പാർമാ ആശ്രമാധിപനായിരുന്നപ്പോൾ ഒരിക്കൽ ജേംസ് പ്രാർത്ഥിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ പ്രണിധാനനിമഗ്നനായി, ദിവ്യാനന്ദനിർല്ലീനനായി, ആശ്രമവാസികൾ അദ്ദേഹം മരിച്ചുപോയിഎന്നു വിചാരിച്ചുപോകത്തക്കവണ്ണം ഐന്ദ്രികബോധം അശേഷമില്ലാതെ നിശ്ചേഷ്ടനായി, മൂന്നു ദിവസം സ്ഥിതിചെയ്തു. ഈ സമാധിയ്ക്കിടയ്ക്കു ധർമ്മസംഘം സംബന്ധിച്ച് ഒട്ടധികം കാര്യങ്ങൾ ദൈവം അദ്ദേഹത്തിനു വെളിപ്പെടുത്തികൊടുത്തു. ഇതു ഞാനറിഞ്ഞപ്പോൾ അദ്ദേഹത്തെ കാണുന്നതിനും അദ്ദേഹത്തിൻെറ സംഭാഷണം കേൾക്കുന്നതിനുമുള്ള എൻെറ ആഗ്രഹം വളരെ വർദ്ധിച്ചു. ദൈവാനുഗ്രത്താൽ അദ്ദേഹത്തെ കാണുന്നതിനു സാധിച്ചപ്പോൾ ഞാൻ അദ്ദേഹത്തോട് ഇങ്ങനെ അപേക്ഷിച്ചു: "ഞാൻ അങ്ങയെപ്പററി കേട്ടിട്ടുള്ളതു സത്യമാണെങ്കിൽ, അതെന്നിൽനിന്നു മറച്ചുവയ്ക്കരുതെന്നു അങ്ങയോടപേക്ഷിച്ചുകൊള്ളുന്നു. അങ്ങു മൂന്നു ദിവസം മൃതപ്രായനായിരുന്നപ്പോൾ ദൈവം, മററു കാര്യങ്ങളുടെ കൂട്ടത്തിൽ, നമ്മുടെ ധർമ്മസംഘത്തിൽ എന്തെല്ലാം സംഭവിക്കാനിരിക്കുന്നുവെന്ന് അങ്ങേയ്ക്കു വെളിപ്പെടുത്തിത്തന്നുവെന്ന് ഞാൻ കേട്ടിരിക്കുന്നു. ഇതു് അങ്ങ് അനുസരണവ്രതത്തിനു വിധേയനായി അങ്കോണായിലെ ആശ്രമാധിപനായ സഹോദരൻ മാത്യുവിനെ അറിയിച്ചതും അദ്ദേഹം എന്നോടു പറഞ്ഞിട്ടുള്ളതുമാണ്." സഹോദരൻ മാത്യു പറഞ്ഞതു സത്യമാണെന്നു സഹോദരൻ ജേംസ് ഏററവും വിനയപൂർവ്വം സമ്മതിച്ചു. സഹോദരൻ മാത്യു എന്നോടു പറഞ്ഞതു് ഇതാണ്: "നമ്മുടെ ധർമ്മസംഘത്തിൽ ഭാവിയിൽ എന്തു സംഭവിക്കാനിരിക്കുന്നുവെന്നു ദിവ്യപ്രകാശനംമൂലം അറിഞ്ഞ ഒരു സഹോദരനെ എനിക്കറിയാം. ആ സഹോദരൻ ജേംസ് ദെല്ലാ മാസ്സാ എന്നോടിപ്രകാരം പറഞ്ഞിട്ടുണ്ട്: ലോകസ്ഥമായ തിരുസഭയെ സംബന്ധിച്ച് ഒട്ടുവളരെ സംഗതികൾ ദൈവം അദ്ദേഹത്തിനു വെളിപ്പെടുത്തികൊടുത്തു; അക്കൂട്ടത്തിൽ അദ്ദേഹം ഒരു ദർശനത്തിൽ വളരെ വലുതും മനോഹരവുമായ ഒരു വൃക്ഷത്തെ ദർശിച്ചു. അതിൻെറ വേരു

കൾ സ്വൎണ്ണംകൊണ്ടുള്ളതും അതിൻെറ കായ്കൾ മനുഷ്യരുമായിരുന്നു; ഈ മനുഷ്യരെല്ലാവരും ധൎമ്മസഹോദരന്മാരുമായിരുന്നു. ധൎമ്മസംഘത്തിൽ എത്ര സംസ്ഥാനവിഭാഗങ്ങളുണ്ടായിരുന്നോ അത്രയും വലിയ ശാഖകളും ഓരോ ധൎമ്മസംസ്ഥാനത്തിലും എത്ര ധൎമ്മസഹോദരന്മാരുണ്ടായിരുന്നോ ഓരോ ശാഖയിലും അത്രയും ധൎമ്മസഹോദരന്മാരുമുണ്ടായിരുന്നു; ധൎമ്മസംഘത്തിലും അതിൻെറ ഓരോ സംസ്ഥാനവിഭാഗത്തിലുമുള്ള ധൎമ്മസഹോദരന്മാരുടെ സംഖ്യയും അവരുടെ പേരുകളും, വയസ്സും, സ്ഥാനവും അവർ വഹിച്ച വിവിധങ്ങളായ ഉദ്യോഗങ്ങളും,, അവരുടെ പലതരത്തിലുമുള്ള യോഗ്യതകളും ന്യൂനതകളും അദ്ദേഹം ഗ്രഹിച്ചു. വൃക്ഷത്തിൻെറ ഏററവും ഉന്നതമായ ശാഖയുടെ അഗ്രത്തിൽ സഹോദരൻ ജോൺ പാൎമ്മായെയും അദ്ദേഹത്തിൻെറ പുറമം ഓരോ ധൎമ്മസംസ്ഥാനത്തിൻെറയും അധിപന്മാരെയും അദ്ദേഹം കണ്ടു; സച്ചിദാനന്ദസ്വരൂപനായ ക്രിസ്തു സെയിൻറ് ഫ്റാൻസിസിനെ വിളിച്ച് ജീവചൈതന്യം നിറഞ്ഞ ഒരു പാനപാത്രം കൊടുത്തുകൊണ്ട്, "നിൻെറ സഹോദരന്മാരെക്കണ്ട് ഈ ജീവചൈതന്യം അവർക്കു കുടിക്കാൻ കൊടുക്കുക; സാത്താൻ അവരോടെതിരിട്ട് അവരെ പ്രഹരിക്കുകയും അവരിൽ പലരും മറിഞ്ഞുവീഴുകയും എഴുന്നേൽക്കാൻ സാധിക്കാതെ വീണയിടത്തുതന്നെ കിടക്കുകയുംചെയ്യും.'' എന്നു പറഞ്ഞു. സെയിൻറ് ഫ്റാൻസിസിനു് അനുയായികളായി രണ്ടു മാലഖമാരെയും ക്രിസ്തു കൊടുത്തു. സെയിൻറ് ഫ്റാൻസിസ് പാനപാത്രവും കൊണ്ട് സഹോദരന്മാരുടെയടുക്കൽ ചെന്ന് ആദ്യമായി സഹോദരൻ ജോൺ പാൎമ്മാക്കു ആ പാനീയം കുടിക്കാൻ കൊടുത്തു; അദ്ദേഹം ഉടനെ അതു വാങ്ങി ഏററവും ഭക്തിയോടുകൂടി കുടിച്ചു; ഉത്തരക്ഷണത്തിൽ അദ്ദേഹം സൂൎയ്യനുതുല്യം പ്രകാശവും തേജസ്സുമുള്ളവനായി. അതിനുശേഷം സെയിൻറ് ഫ്റാൻസിസ് മററു സഹോദരന്മാർക്കെല്ലാവർക്കും അതു കൊടുത്തു; വളരെ കുറച്ചുപേർ മാത്രമേ ഭക്തിയോടുകൂടി അതു വാങ്ങി കുടിച്ചുള്ളു; അങ്ങനെ അതു കുടിച്ചവരെല്ലാം സൂൎയ്യനെ

ച്ചപോലെ പ്രകാശിച്ചു. എന്നാൽ പാനപാത്രം വാങ്ങിയിട്ട് അതിലെ ജീവചൈതന്യം ഭക്തിരഹിതമായി മറയിലൊഴിച്ചുകളഞ്ഞവർ കറുത്തിരുണ്ട് കണ്ടാൽ ഭയം തോന്നത്തക്കവണ്ണം ബീഭത്സമായ വൈരൂപ്യമുള്ളവരായിബ്ഭവിച്ചു; അതിലൊരുഭാഗം കുടിക്കുകയും ബാക്കി തറയിലൊഴിച്ചുകളയുകയും ചെയ്തവർ, അവർ കുടിക്കുകയോ കളയുകയോ ചെയ്തതിൻെറ അളവനുസരിച്ച്, കുറെ പ്രകാശവും കുറെ തമസ്സും ഉള്ളവരായിത്തീൎന്നു. എല്ലാവരിലും ഏററവും പ്രകാശവാനായി പ്രശോഭിച്ചതു് പ്രസ്തുത സഹോദരൻ ജോൺ പാൎമ്മാ ആയിരുന്നു; അദ്ദേഹം പാനപാത്രം നിശ്ശേഷം കുടിച്ചതുകൊണ്ട്, സ്വർഗ്ഗീയമായൊരു വെളിച്ചത്തിൽക്കൂടി ആ വൃക്ഷത്തിനെതിരായി അടിച്ച് അതിൻെറ ശാഖകളെ കുലുക്കി ഒടിച്ചുകളയുന്നതിനു പര്യാപ്തമായി ഉണ്ടാകാനിരുന്ന കൊടുങ്കാററുകളെയും ഉപദ്രവങ്ങളെയും മുൻകൂട്ടി കണ്ടു. അതുകൊണ്ട് അദ്ദേഹം ഇരുന്ന വൃക്ഷാഗ്രത്തിൽനിന്നു താഴെ ഇറങ്ങി ശാഖകളുടെ കീഴ് വേരുകളോടുചേൎന്നു ഒളിച്ചിരുന്നു. പാനപാത്രത്തിലുണ്ടായിരുന്നതു കുറെ കുടിക്കുകയും ബാക്കി കളയുകയും ചെയ്ത ഒരു സഹോദരൻ അദ്ദേഹം ഉപേക്ഷിച്ച അഗ്രാസനത്തിൽ കയറിയിരുന്നു. ആ സഹോദരൻ അവിടെ ഇരുന്നമാത്രയിൽ അയാളുടെ കൈവിരലുകളിലെ നഖങ്ങൾ കത്തിപോലെ മൂൎച്ചയുള്ള ഇരുമ്പുമുനകളായിത്തീൎന്നു; ഇതു കണ്ട ഉടനെ അയാൾ ആ സ്ഥാനം ഉപേക്ഷിച്ച് താഴെ ഇറങ്ങിവന്ന് കോപാക്രാന്തനായി സഹോദരൻ ജോണിനോട്ട് അക്രമം പ്രവൎത്തിക്കാനുദ്യമിച്ചു; സഹോദരൻ ജോൺ അതു മനസ്സിലാക്കിയിട്ടു നിലവിളിച്ചു, സിംഹാസനത്തിലിരുന്ന ക്രിസ്തുവിൻെറ സഹായം അഭ്യൎത്ഥിച്ചു. നിലവിളി കേട്ടു ക്രിസ്തു സെയിൻറ് ഫ്റാൻസിസിനെ വിളിച്ച്, മൂൎച്ചയുള്ള ഒരു തീക്കല്ല് കൊടുത്തുകൊണ്ടു, "ഈ കല്ലു കൊണ്ടുപോയി സഹോദരൻ ജോണിനെ മാന്തിക്കീറാനുദ്യമിക്കുന്ന ആ സഹോദരൻെറ നഖങ്ങൾ മുറിച്ചുകളയുക; അതോടെ അവൻ സഹോദരൻ ജോണിനെ ഉപദ്രവിക്കാൻ കഴിവില്ലാത്തവനായിത്തീരും." എന്നു പറഞ്ഞു.

സെയിൻറ് ഫ്റാൻസിസ് ആ കല്പനയനുസരിച്ചു ചെയ്യേണ്ടതു ചെയ്തു. അതിനുശേഷം വലുതായൊരു കൊടുങ്കാററുണ്ടായി; അതു ശക്തിയായി അടിച്ച് ആ വൃക്ഷത്തെ കുലുക്കുകയാൽ സഹോദരന്മാരെല്ലാവരും നിലംപതിച്ചു. ആദ്യം വീണതു് ആ പാനപാത്രത്തിലെ ജീവചൈതന്യം മുഴുവനും നിലത്തൊഴിച്ചു കളഞ്ഞവരായിരുന്നു; അവരെ മാലാഖമാർ അന്ധകാരവും ദുരിതവും നിറഞ്ഞ സ്ഥലങ്ങളിലേക്കു കൊണ്ടുപോയി; എന്നാൽ സഹോദരൻ ജോണിനെയും ജീവചൈതന്യം പാനംചെയ്ത മററു സഹോദരന്മാരെയും മാലഖമാർ പ്രകാശവും മഹിമയും നിറഞ്ഞ നിത്യജീവിതത്തിനുള്ള ഒരു സ്ഥലത്തേയ്ക്കു് ആനയിച്ചു. ഈ സന്ദർശനത്തിനു സാക്ഷീഭൂതനായ സഹോദരൻ ജേംസ് ഓരോ സഹോദരൻെറയും പേരും, സ്ഥിതിയും; ഭവിഷ്യത്തുമെല്ലാം വ്യക്തമായി ഗ്രഹിച്ചു. ആ വൃക്ഷത്തെ അടിച്ചുമറിച്ചിട്ടു ബഹുദൂരം ചിതറിച്ചതിൻെറ ശേഷമേ കൊടുങ്കാററു ശമിച്ചുള്ളൂ. കൊടുങ്കാററു ശമിച്ച ഉടനെ പഴയ മരത്തിൻെറ പൊൻവേരിൽനിന്നു വേറൊരു മരം മുളച്ചുവളർന്നു വന്നു; അതും അതിൻെറ ഇലകളും കായ്കളും പൂക്കളുമെല്ലാം സ്വർണ്ണമയമായിരുന്നു. എന്നാൽ അത്ഭുതാവഹമായ ആ വൃക്ഷത്തിൻെറ വളർച്ചയെയും, വേരുകളുടെ ഉറപ്പിനെയും, രാമണീയകത്തെയും സൌരഭ്യത്തെയും മററു ഗുണവിശേഷങ്ങളെയും തൽക്കാലം വർണ്ണിക്കുന്നില്ല.”

## അദ്ധ്യായം 49

### എങ്ങനെ സഹോദരൻ ജോൺ ആല്വെർണ്യായ്ക്കു ക്രിസ്തു പ്രത്യക്ഷപ്പെട്ടുവെന്നു്.

സോളമൻ പറയുന്നതുപോലെ, പിതാവിൻെറ അഭിമാനത്തിനും മഹിമയ്ക്കും നിദാനമായി പ്രശോഭിച്ചിരുന്ന സെയിൻറ് ഫ്റാൻസിസിൻെറ വിജ്ഞന്മാരും വി

ശുദ്ധന്മാരുമായ പുത്രന്മാരുടെ ഗണത്തിൽപ്പെട്ടവനായി വ
ന്ദ്യനും വിശുദ്ധനുമായ ഫെർമോയിലെ ജോൺ എന്ന
ധർമ്മസഹോദരൻ ഇക്കാലത്ത് അങ്കോണാ സംസ്ഥാനത്തു
ജീവിച്ചിരുന്നു. ജീവിതത്തിലെ അധികഭാഗവും ആല്
വെർണ്യാ എന്ന പുണ്യസ്ഥലത്തു താമസിച്ച് അവിടെ
മരിച്ചതുകൊണ്ട് അദ്ദേഹം സഹോദരൻ ജോൺ ആല്
വെർണ്യാ എന്ന പേരിൽ അറിയപ്പെടുന്നു. നിസ്തുലമായ
ജീവിതവിശുദ്ധിയും പുണ്യോൽക്കർഷവും അദ്ദേഹത്തിൽ
പരിലസിച്ചിരുന്നു. ഈ സഹോദരൻ ജോൺ ബാല്യ
ത്തിൽതന്നെ ശരീരത്തിൻെറയും ആത്മാവിൻെറയും ശു
ദ്ധതയെ സംരക്ഷിക്കുന്ന തപശ്ചര്യകൾ അനുഷ്ഠിക്കുന്ന
തിൽ അതീവ താല്പര്യം പ്രദർശിപ്പിച്ചു. ഇളംപ്രായം മു
തൽക്കേ ഇരുമ്പുകൊണ്ടുള്ള അരച്ചട്ട ധരിച്ചും ദീർഘമായ
ഉപവാസവും മാംസവർജ്ജനവും അനുഷ്ഠിച്ചും അദ്ദേഹം
കഠിനതപസ്സ് ചെയ്തു തുടങ്ങി. വിശേഷിച്ചു ഫെർമോ
യിലുള്ള സാൻവിയെത്രോ സ്ഥാപനത്തിലെ സുഖഭോഗ
ലോലുപരായ വൈദികരോടുകൂടി താമസിച്ചിരുന്നപ്പോ
ഴായിരുന്നു അദ്ദേഹം ഈ തപോനുഷ്ഠാനങ്ങൾ നിഷ്കൃഷ്ട
മായി നിർവ്വഹിച്ചതു്; അവിടെ വച്ച് അദ്ദേഹം സകല
ഭൗതികസുഖങ്ങളെയും പരിത്യജിക്കുകയും ദീർഘവും
കൃച്ഛ്റവുമായ ഉപവാസാദികൾകൊണ്ടു ശരീരത്തെ ദ
ണ്ഡിപ്പിക്കുകയും ചെയ്തു. ഇത്തരം തപശ്ചര്യകൾക്കു
വളരെ എതിരായിരുന്ന അദ്ദേഹത്തിൻെറ ആ സഹവാ
സികൾ അവയിൽനിന്ന് അദ്ദേഹത്തെ പ്രതിനിവർത്തിപ്പി
ക്കുന്നതിനു സർവ്വഥാ ശ്രമിച്ചു; അവർ അദ്ദേഹത്തിൻെറ
സ്വയം ദണ്ഡനോപകരണങ്ങൾ എടുത്തു മാററിക്കളയുക
യും ഉപവാസം മുടക്കുന്നതിനു പല ഉപായങ്ങളും പ്രയോ
ഗിക്കുകയും ചെയ്യുമായിരുന്നു. അതുകൊണ്ട് അദ്ദേഹം,
ദിവ്യപ്രചോദനമനുസരിച്ച്, ലോകത്തെയും അതിൻെറ
ഉപാസകരെയും ഉപേക്ഷിച്ച്, ക്രൂശിതനായ സെ
യിൻറ് ഫ്രാൻസിസിൻെറ സന്യാസവസ്ത്രം ധരിച്ച് ക്രൂ
ശിതനായ ക്രിസ്തുവിൻെറ കരങ്ങളിൽ ആത്മാർപ്പണം ചെ
യ്യുന്നതിനു നിശ്ചയിക്കുകയും ആ നിശ്ചയം നിറവേററു
കയും ചെയ്തു. ഇത്ര ചെറുപ്പത്തിലെ ധർമ്മസംഘത്തിൽ

ഷേൻ, നവസന്യാസികളുടെ ഗുരുവിൻെറ ശിക്ഷണത്തിനു വിധേയനായ അദ്ദേഹം ആത്മീയകാര്യങ്ങളിലും ഈശ്വരഭക്തിയിലും വളരെ അഭിവൃദ്ധിപ്രാപിച്ചു. പ്രസ്തുത ഗുരു ദൈവത്തെപ്പററി സംഭാഷണം ചെയ്യുന്നതു കേൾക്കുമ്പോഴൊക്കെ തൻെറ ഹൃദയം ഉള്ളിൽ തീപിടിച്ചാലെന്നപോലെ കത്തിയെരിയുന്നതായി അദ്ദേഹത്തിനു തോന്നുമായിരുന്നു; ചിലപ്പോൾ ഇവ്വിധം ദിവ്യസ്നേഹാഗ്നിയാൽ തപ്തഹൃദയനായി, ഒരിടത്തു് അടങ്ങിയിരിക്കാൻ നിവൃത്തിയില്ലാതെ അദ്ദേഹം തോട്ടത്തിലും കാട്ടിലും പള്ളിയിലുമായി അങ്ങുമിങ്ങും ഓടിനടക്കുമായിരുന്നു; അത്ര നിയന്ത്രണാതീതമായിരുന്നു അദ്ദേഹം അപ്പോൾ അനുഭവിച്ച ആനന്ദത്തിൻെറയും മാധുര്യത്തിൻെറയും ലഹരി. കാലക്രമത്തിൽ വിശുദ്ധനായ ഈ യുവാവു് പുണ്യസമ്പത്തിൽ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുകയും അദ്ദേഹത്തിൻെറ ആത്മാവു് സ്വർഗ്ഗീയസിദ്ധികളാൽ സമാലംകൃതവും സമ്പുഷ്ടവുമാവുകയും ചെയ്തു. അദ്ദേഹത്തിൻെറ മനസ്സ് പലപ്പോഴും ദിവ്യാനന്ദപരവശമായി സമാധിയിൽ ലയിക്കുകയും, ചിലപ്പോൾ കെറുബ് മാലാഖയുടെ മഹിമയിലേക്കും ചിലപ്പോൾ സെറാഫ് മാലഖയുടെ പ്രോജ്ജ്വല പ്രതാപത്തിലേക്കും സിദ്ധന്മാരുടെ ആനന്ദാനുഭൂതിയിലേക്കും ഉയർത്തപ്പെടുകയും ചെയ്യുമായിരുന്നു. ഹൃദയത്തെ അഗ്നിയിൽ ദഹിപ്പിക്കുമെന്ന പ്രതീതിയുണ്ടാക്കുമായിരുന്ന ഈ ദിവ്യസ്നേഹപാരവശ്യം ഒരിക്കൽ മൂന്നു വർഷം നീണ്ടുനിന്നു. വിശുദ്ധമായ ആല്വെർണിയോ ഗിരിയിൽവച്ചായിരുന്നു ഇതു സംഭവിച്ചതു. എന്നാൽ ദൈവം തൻെറ മക്കളുടെ കാര്യത്തിൽ സവിശേഷമായ ശ്രദ്ധയുള്ളവനാകയാൽ, അവരിൽ വിനയമെന്ന സദ്ഗുണം അക്ഷയമായി പരിരക്ഷിക്കുന്നതിനോ, അഥവാ, അവരുടെ ഹൃദയങ്ങളിൽ പൂർവ്വാധികമായ ആദ്ധ്യാത്മികജ്ഞാനതൃഷ്ണയെ ഉത്തേജനം ചെയ്യുന്നതിനോ ആയി, കാലഭേദവും ഓരോരുത്തരുടെ ആവശ്യവുമനുസരിച്ചു്, സുഖമോ ദുഃഖമോ, അരിഷ്ടതയോ ഐശ്വര്യമോ അവക്കു പ്രദാനംചെയ്യുന്നു. അങ്ങനെ തൻെറ കാരുണ്യത്തിനനുരൂപമായി, മൂന്നു വർഷം കഴി

ഞതപ്പോൾ, ദൈവം സഹോദരൻ ജോണിൽനിന്നു് ആ ദിവ്യസ്നേഹാഗ്നിജ്വാലയെയും ആത്മീയസിദ്ധികളെയും പിൻവലിച്ചു. അപ്പോൾമുതൽ സഹോദരൻ ജോൺ ദൈവത്തിൻെറ സ്നേഹവും പ്രകാശവും നഷ്ടീഭവിച്ചവനായി, ആശ്വാസരഹിതനും ദുഃഖാവിഷ്ടനുമായി, ഏററവും ദയനീയമായ നിലയിൽ കണ്ണുനീർ പൊഴിച്ചും പരിദേവനംചെയ്തും തൻെറ ആത്മാവിൻെറ പ്രിയതമനായ മണവാളനെ വിളിച്ചുകൊണ്ടു വനാന്തരത്തിൽ അങ്ങുമിങ്ങും അലഞ്ഞുനടന്നു; ആ മണവാളൻെറ സാന്നിധ്യം കൂടാതെ തൻെറ ആത്മാവിനു ശാന്തിയോ വിശ്രാന്തിയോ അനുഭവിക്കുക സാധ്യമായിരുന്നില്ല. ഒരിടത്തും ആ പ്രിയതമനെ കണ്ടെത്തുന്നതിനോ, മുമ്പു താൻ പതിവായി ആസ്വദിച്ചുകൊണ്ടിരുന്ന ആ ദിവ്യാനന്ദാനുഭൂതികളുടെ മാധുര്യം വീണ്ടുമൊന്നാസ്വദിക്കുന്നതിനോ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഈ പീഡാനുഭവം അനേകം ദിവസം നീണ്ടുനിന്നു; ഇക്കാലമെല്ലാം അദ്ദേഹം സ്ഥിരചിത്തനായി പ്രാർത്ഥിക്കുകയും വിലപിക്കുകയും ദൈവത്തോടു് തൻെറ പ്രിയതമനെ തിരിച്ചുകൊടുക്കുന്നതിനു കൃപയുണ്ടാകാൻ നിരന്തരം അപേക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ തൻെറ ക്ഷമ വേണ്ടുവോളം പരീക്ഷിക്കപ്പെട്ടശേഷം, ഒരു ദിവസം അദ്ദേഹം ദുഃഖഭരിതനായി വനാന്തരത്തിൽ അലഞ്ഞുനടക്കവേ, ക്ഷീണപരവശനായി ഒരു മരത്തിൽ ചാരിനിന്നിരുന്നു. അവിടെ അദ്ദേഹം അശ്രുക്കൾ നിറഞ്ഞ ദൃഷ്ടികളുയർത്തി സ്വർഗ്ഗത്തേക്കു നോക്കിക്കൊണ്ടിരുന്നു; അപ്പോൾ പെട്ടെന്നു് സച്ചിദാനന്ദസ്വരൂപനായ യേശുക്രിസ്തു അദ്ദേഹത്തിനു പ്രത്യക്ഷപ്പെട്ടു്, താൻ വന്ന വഴിയിൽ നിശ്ശബ്ദനായി നിന്നു. സഹോദരൻ ജോൺ, അതു ക്രിസ്തുവാണെന്നു മനസ്സിലാക്കി അദ്ദേഹത്തിൻെറ പാദങ്ങളിൽ സാഷ്ടാംഗം വീണു് അശ്രുക്കൾ ധാരധാരയായി പൊഴിച്ചുകൊണ്ടു് ഇപ്രകാരം അഭ്യർത്ഥിച്ചു: "ഓ സ്വാമിൻ, എന്നെ സഹായിക്കേണമേ; എൻെറ സ്നേഹഭാജനമായ രക്ഷാനാഥ, അങ്ങില്ലാത്തപ്പോൾ ഞാൻ നിശ്ശേഷം ദുഃഖത്തിലും അന്ധകാരത്തിലും നിമഗ്നനായിരിക്കുന്നു; സൌമ്യനായ അജകിശോരമേ,

അങ്ങില്ലാത്തപ്പോൾ, ഞാൻ പീഡിതനും ഭയാക്രാന്തനുമായിരിക്കുന്നു; അത്യുന്നതനായ ദൈവത്തിൻെറ പുത്രാ, അങ്ങില്ലാത്തപ്പോൾ, ഞാൻ അഭിഭൂതനും വ്യാകുലചിത്തനുമായിരിക്കുന്നു; അങ്ങില്ലാത്തപ്പോൾ ഞാൻ നന്മ നിശ്ശേഷം നശിച്ചവനും അന്ധനുമായിരിക്കുന്നു, എന്തുകൊണ്ടെന്നാൽ അങ്ങ് എൻെറ ആത്മാവിൻെറ സാക്ഷാൽ പ്രകാശമായ യേശുക്രിസ്തുവാണ്; അങ്ങില്ലാത്തപ്പോൾ ഞാൻ നശിച്ചു, നിത്യശിക്ഷയ്ക്കർഹനായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങ് ആത്മാക്കളുടെ ജീവനും ജീവൻെറ ജീവനുമാകുന്നു; അങ്ങില്ലാത്തപ്പോൾ ഞാൻ വന്ധ്യനും ഫലരഹിതനുമായിരിക്കുന്നു, എന്തുകൊണ്ടെന്നാൽ അങ്ങ് സകല സിദ്ധികളുടെയും അനുഗ്രഹങ്ങളുടെയും ഉറവാകുന്നു. അങ്ങില്ലാത്തപ്പോൾ, ഞാൻ ആശ്വാസരഹിതനായിരിക്കുന്നു, എന്തുകൊണ്ടെന്നാൽ, ഓ യേശുവെ, അങ്ങു ഞങ്ങളുടെ പരിത്രാതാവ്, ഞങ്ങളുടെ സ്നേഹഭാജനം, ഞങ്ങളുടെ ആശാകേന്ദ്രം, സുഖപ്രദമായ അപ്പം, മാലാഖമാരുടെയും പുണ്യവാന്മാരുടെയും ഹൃദയങ്ങളെ ആനന്ദിപ്പിക്കുന്ന. മധുരസം ആകുന്നു. ഓ ഏററവും കൃപാലുവായ അജപാലക, അങ്ങെയുടെ പ്രകാശത്താൽ എന്നെ പ്രകാശിപ്പിക്കേണമേ; ഏററവും അയോഗ്യനാണെങ്കിലും ഞാൻ അങ്ങെയുടെ കുഞ്ഞാടാണല്ലോ" വിശുദ്ധന്മാരുടെ ആഗ്രഹങ്ങൾ സാധിച്ചു കൊടുക്കുന്നതിനു ദൈവം താമസിപ്പിക്കുമ്പോൾ അവക്കു ദൈവത്തോടുള്ള സ്നേഹം വദ്ധിക്കുന്നു; അതുകൊണ്ടു സച്ചിദാനന്ദസ്വരൂപനായ ക്രിസ്തു സഹോദരൻ ജോണിൻെറ അപേക്ഷ നിറവേററികൊടുക്കാതെയും യാതൊന്നും പറയാതെയും അവിടംവിട്ടു പോയി. അപ്പോൾ സഹോദരൻ ജോൺ എഴുന്നേററു പിന്നാലെ ഓടി അദ്ദേഹത്തിൻെറ പാദങ്ങളിൽ സാഷ്ടാംഗംവീണ്, തന്നെ ഉപേക്ഷിക്കരുതെന്നപേക്ഷിച്ചു കൊണ്ടു് ഇപ്രകാരം പറഞ്ഞു: "ഓ യേശുക്രിസ്തുവെ, എൻെറ ഹൃദയഹരനായ രക്ഷക, എൻെറ ഈ പീഡാനുഭവത്തിൽ എന്നോടു കൃപാലുവായിരിക്കേണമെ; അങ്ങേയുടെ പരിത്രാണനകർമ്മത്തിൻെറ പാരമാർത്ഥ്യത്തെയും അങ്ങയുടെ കാരുണ്യാതിശയത്തെയും പുരസ്കരിച്ച് അങ്ങേ

യുടെ ദർശനത്തിനുള്ള സൌഭാഗ്യം എനിക്ക് വീണ്ടും പ്രദാനം ചെയ്യുകയും എന്നെ അനുകമ്പാപൂർവ്വം കടാക്ഷിക്കുകയും ചെയ്യേണമേ; ഭൂമി മുഴുവനും അങ്ങേയുടെ കാരുണ്യംകൊണ്ടു നിറഞ്ഞിരിക്കുകയാണല്ലോ.'' വീണ്ടും ഭഗവാൻ യേശു എന്തെങ്കിലും പറയുകയോ ഏതെങ്കിലും വിധത്തിലുള്ള ആശ്വാസം നല്കുകയോ ചെയ്യാതെ അവിടെനിന്നു പോയി. സഹോദരൻ ജോൺ അപ്പോഴും പൂർവ്വാധികം ഭക്തിയോടും ആകാംക്ഷയോടുംകൂടി അദ്ദേഹത്തെ പിന്തുടൎന്നു; ക്രിസ്തുവിനോടൊപ്പമെത്തിയപ്പോൾ, ആ സച്ചിദാനന്ദസ്വരൂപൻ തിരിഞ്ഞുനിന്ന് സഹോദരൻ ജോണിനെ ഏററവും കൃപയോടെ നോക്കുകയും തന്റെ പാവനങ്ങളും കരുണാമസൃണങ്ങളുമായ കരങ്ങൾ വിരിച്ച് ആ മുമുക്ഷുവിനെ വാത്സല്യപൂർവ്വം ആശ്ലേഷിക്കുകയും ചെയ്തു; ക്രിസ്തു കരങ്ങൾ വിരിച്ചപ്പോൾ അദ്ദേഹത്തിന്റെ പരിശുദ്ധമായ മാർവ്വിടത്തിൽനിന്ന് ഉജ്ജ്വലങ്ങളായ പ്രകാശകിരണങ്ങൾ നിസ്സരിക്കുന്നതു് സഹോദരൻ ജോൺ കണ്ടു; ആ കിരണങ്ങൾ വനാന്തരത്തെയും സഹോദരൻ ജോണിന്റെ ആത്മശരീരങ്ങളെയും ഒന്നുപോലെ പ്രകാശിപ്പിച്ചു. അനന്തരം സഹോദരൻ ജോൺ ക്രിസ്തുവിന്റെ പാദങ്ങളിൽ മുട്ടുകുത്തി. അദ്ദേഹം തന്റെ പാദം ചുംബിക്കുന്നതിനു പണ്ടു് മേരീമഗ്ദലേനായെ അനുവദിച്ചതുപോലെ ഇപ്പോൾ സഹോദരൻ ജോണിനെയും അനുവദിച്ചു. അപ്പോൾ സഹോദരൻ ജോൺ, വേറൊരു മഗ്ദലേനാ എന്നുവണ്ണം, ആ തൃപ്പാദങ്ങളെ ഏററവും ഭക്തിപൂർവ്വം ചുംബിച്ചുകൊണ്ടു്, ഇങ്ങനെ അപേക്ഷിച്ചു: "സ്വാമിൻ, എന്റെ പാപങ്ങളെ പരിഗണിക്കാതെ, അങ്ങയുടെ പീഡാനുഭവത്തെയും അങ്ങു ചിന്തിയ അമൂല്യരക്തത്തെയും പുരസ്കരിച്ച് അങ്ങേയുടെ സ്നേഹത്തിനു് എന്നെ പാത്രീഭവിപ്പിക്കേണമേ; അങ്ങയെ ഞങ്ങളുടെ മുഴുവൻ ഹൃദയത്തോടും മുഴുവൻ ശക്തിയോടുംകൂടി സ്നേഹിക്കണമെന്ന് അങ്ങു ഞങ്ങളോടു കല്പിച്ചിട്ടുണ്ടല്ലോ; ആ കല്പന അങ്ങയുടെ സഹായമില്ലാതെ നിറവേററുന്നതിനു് ആൎക്കും സാദ്ധ്യമല്ല. അതുകൊണ്ടു്, ദൈവത്തിന്റെ സ്നേഹഭാജനമായ കുമാരാ, അങ്ങയെ എന്റെ

മുഴുവൻ ഹൃദയത്തോടും മുഴുവൻ ശക്തിയോടുംകൂടി സ്നേഹിക്കുന്നതിന്ന് എന്നെ സഹായിക്കേണമേ.” ഇങ്ങനെ സഹോദരൻ ജോൺ ക്രിസ്തുവിൻെറ പാദങ്ങളിൽ പ്രാത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ആ പ്രാത്ഥന നിറവേറി: നഷ്ടീഭവിച്ചിരുന്ന ദിവ്യസ്നേഹാഗ്നി തിരിച്ചു കിട്ടുകയും അദ്ദേഹം സമാശ്വസ്തനാവുകയും ചെയ്തു. ഈശ്വരപ്രീതിക്കു താൻ വീണ്ടും പാത്രീഭൂതനായി എന്നു മനസ്സിലായപ്പോൾ, അദ്ദേഹം സച്ചിദാനന്ദസ്വരൂപനായ ക്രിസ്തുവിനു നന്ദിപറയുകയും തൃപ്പാദങ്ങളെ ഭക്തിപൂർവ്വം ചുംബിക്കുകയും ചെയ്തു. അനന്തരം അദ്ദേഹം എഴുന്നേററുനിന്നു ദിവ്യരക്ഷകൻെറ മുഖത്തു നോക്കിയപ്പോൾ, ക്രിസ്തു തൻെറ വിശുദ്ധ കരങ്ങളെ അദ്ദേഹത്തിനു ചുംബിക്കുന്നതിനായി നീട്ടിക്കൊടുത്തു; തൃക്കരങ്ങൾ മുത്തിയശേഷം സഹോദരൻ ജോൺ ക്രിസ്തുവിൻെറ മാർവ്വിടത്തോടണഞ്ഞ് അദ്ദേഹത്തെ ആശ്ലേഷിച്ചു; അതുപോലെ ക്രിസ്തു സഹോദരൻ ജോണിനെയും ആശ്ലേഷിക്കുകയും ചുംബിക്കുകയും ചെയ്തു. ഈ ആലിംഗനങ്ങളും ചുംബനങ്ങളും നടക്കവേ, ഏററവും സുരഭിലമായൊരു സുഗന്ധം വായുമണ്ഡലത്തിൽ സർവ്വത്ര വ്യാപിച്ചു; തത്തുല്യമായൊരു പരിമളം ലോകത്തു ലഭ്യമല്ല; അത്ര വിശിഷ്ടമായിരുന്നു അതു്. അങ്ങനെ സഹോദരൻ ജോൺ സമാശ്വസ്തനും പ്രബുദ്ധനും പരമാനന്ദനിർല്ലീനനുമായി; ഈ പരിമളവിശേഷം അനേകമാസക്കാലം അദ്ദേഹത്തിൻെറ ആത്മാവിൽ തുടൎന്നു നിലനിന്നിരുന്നു; അപ്പോൾ മുതൽ രക്ഷാനാഥൻെറ തിരുമാർവ്വിടത്തിലെ ദിവ്യജ്ഞാനത്തിൻെറ ഉറവിൽനിന്നു പാനംചെയ്ത സഹോദരൻ ജോണിൻെറ അധരങ്ങളിൽനിന്ന് അത്ഭുതാവഹങ്ങളും സ്വർഗ്ഗീയങ്ങളുമായ വചനങ്ങളത്രെ നിർഗ്ഗളിച്ചതു്; ആ വചനങ്ങൾ ശ്രോതാക്കളുടെ ഹൃദയങ്ങളിൽ പരിവൎത്തനമുണ്ടാക്കുന്നതിനും ആത്മാക്കളിൽ വലുതായ ഫലങ്ങളുല്പാദിപ്പിക്കുന്നതിനും പൎയ്യാപ്തങ്ങളായിരുന്നു; വളരെക്കാലം ക്രിസ്തുവിൻെറ പരിപാവന പാദങ്ങൾ സ്പർശിച്ച ആ വനത്തിലെ പാതയിൽക്കൂടി നടക്കുമ്പോഴെല്ലാം സഹോദരൻ ജോൺ അതേ വിസ്മയകരമായ പ്രകാശം കാണുകയും അതേ വിശിഷ്ട പരിമളം

ശപസിക്കുകയും ചെയ്തിരുന്നു. ഈ ദർശനത്തിനുശേഷം അദ്ദേഹം സമാധിയിൽനിന്നുണർന്നപ്പോൾ, ക്രിസ്തുവിന്റെ സശരീരമായ സാന്നിദ്ധ്യം അപ്രത്യക്ഷമായെങ്കിലും അദ്ദേഹത്തിന്റെ മനസ്സ് ദിവ്യജ്ഞാനം നിറഞ്ഞ് ഏററവും പ്രബുദ്ധമായി ബ് ഭവിച്ചിരുന്നു; അതിന്റെ ഫലമായി അദ്ദേഹം പണ്ഡിതനോ ലോകരീതിയിൽ വിദ്യാസമ്പന്നനോ ആയിരുന്നില്ലെങ്കിലും, പരിശുദ്ധത്രിതപത്തെ സംബന്ധിച്ച ഏററവും ദുർഗ്രഹങ്ങളായ തത്വങ്ങളെയും വേദാഗമത്തിലെ ഏററവും ദുരവഗാഹങ്ങളായ ആശയങ്ങളെയും ആശ്ചര്യജനകമാംവണ്ണം വിശദീകരിക്കുമായിരുന്നു; പലപ്പോഴും അദ്ദേഹം മാർപ്പായുടെയും കർദ്ദിനാളന്മാരുടെയും രാജാവിന്റെയും പ്രഭുക്കന്മാരുടെയും, പണ്ഡിതന്മാരുടെയും ശാസ്ത്രജ്ഞന്മാരുടെയും മുമ്പിൽ പ്രസംഗിച്ചിട്ടുണ്ട്. അപ്പോഴെല്ലാം അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ ഗാംഭീര്യത്തെയും പ്രൌഢിയെയും പററി അവർ വിസ്മയഭരിതരായിട്ടുണ്ട്.

# അദ്ധ്യായം 50

എങ്ങനെ സഹോദരൻ ജോൺ ആല് വെർണ്ണ്യാ 'സകലാത്മാക്കളുടെ ദിന'ത്തിൽ കർബ്ബാനയപ്പിച്ചപ്പോൾ, അനേകം ആത്മാക്കൾ ശുദ്ധീകരണസ്ഥലത്തുനിന്നു മോചനം പ്രാപിക്കുന്നതു കണ്ടുവെന്നു.

തിരുസഭയുടെ വ്യവസ്ഥയനുസരിച്ച് സകല പുണ്യവാന്മാരുടെയും ദിനത്തിന്റെ പിറേറ ദിവസം പരേതരായ സകലരുടെയും ആത്മാക്കൾക്കുവേണ്ടി സഹോദരൻ ജോൺ കർബ്ബാന അപ്പിച്ചപ്പോൾ—ഈ ദിവ്യബലിയെ പരേതാത്മാക്കൾ, അവക്കുവേണ്ടി നമുക്കു ചെയ്യാവുന്ന മറെറല്ലാ ഉപകാരങ്ങളെയുംകാൾ, ആഗ്രഹിക്കുന്നു— അദ്ദേഹത്തിന്റെ ഹൃദയം സഹോദരസ്നേഹവും ദീനാനു

കമ്പയും കൊണ്ട് ക്ഷലംകഷമാംവണ്ണം നിറഞ്ഞിരുന്നു; അദ്ദേഹം ക്രിസ്തുവിൻെറ ശരീരം ഉയർത്തിപ്പിടിച്ച് ഭക്തിപൂർവ്വം പിതാവായ ദൈവത്തിനു സമർപ്പിച്ചുകൊണ്ട്, മനുഷ്യരുടെ ആത്മാക്കൾക്കുവേണ്ടി ക്രൂശിതനായി മരിച്ച ദൈവത്തിൻെറ ധന്യനായ പുത്രൻ യേശുക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി, അദ്ദേഹം സൃഷ്ടിക്കുകയും പ്രത്യുദ്ധരിക്കുകയുംചെയ്ത പരേതരുടെ ആത്മാക്കളെ ശുദ്ധീകരണസ്ഥലത്തെ യാതനകളിൽനിന്നു മോചിപ്പിക്കുമാറാകണമെന്ന് അപേക്ഷിച്ചു; ഉത്തരക്ഷണത്തിൽ അസംഖ്യം ആത്മാക്കൾ, കത്തിക്കാളുന്ന തീച്ചൂളയിൽനിന്ന് എണ്ണിയാലൊടുങ്ങാത്ത തീപ്പൊരികൾ പുറപ്പെടുന്നതുപോലെ, ശുദ്ധീകരണസ്ഥലത്തുനിന്നു പുറത്തേക്കു പോകുന്നത് അദ്ദേഹം കണ്ടു; ആ ആത്മാക്കൾ, എക്കാലവും ആരാധനീയമായിരിക്കുന്ന ആ ദിവ്യബലിയാൽ ജീവിച്ചിരിക്കുന്നവർക്കും മരിച്ചുപോയവർക്കും വേണ്ടി പ്രതിദിനം അർപ്പിക്കപ്പെടുന്ന ക്രിസ്തുവിൻെറ പീഡാനുഭവത്തിൻെറ ഫലമായി, സ്വർഗ്ഗത്തേക്കു കയറിപ്പോകുന്നതും അദ്ദേഹം കണ്ടു.

## അദ്ധ്യായം 51

വിശുദ്ധനായ സഹോദരൻ ജേംസ് ഫാലറോണിനെപ്പററി; എങ്ങനെ അദ്ദേഹം, മരണശേഷം, സഹോദരൻ ജോൺ അല്‍വെർണ്ണ്യായ്ക്കു പ്രത്യക്ഷപ്പെട്ടുവെന്നു.

വളരെ വിശുദ്ധനായിരുന്ന സഹോദരൻ ജേംസ് ഫാലറോൺ ഫെർമൊ സംസ്ഥാനത്തുള്ള മോളിയാനോ ആശ്രമത്തിൽ അപായകരമാംവണ്ണം രോഗബാധിതനായികിടക്കുകയായിരുന്നു; ആ വിവരം അപ്പോൾ മാസ്സായിലെ ആശ്രമത്തിൽ താമസിച്ചിരുന്ന സഹോദരൻ ജോൺ ആല്വെർണ്യാ അറിഞ്ഞു; സഹോദരൻ ജേംസിനെ സ്വന്തം പിതാവിനെപ്പോലെ സ്നേഹിച്ച സഹോദരൻ ജോൺ

രോഗം ശമിപ്പിച്ച് ജേംസിനു് ആരോഗ്യം വീണ്ടും പ്രദാനം ചെയ്യുന്നതിനു— അതു രോഗിയുടെ ആത്മാവിനു നല്ലതാണെങ്കിൽ—ദൈവത്തോടു ഭക്തിപൂർവ്വം പ്രാർത്ഥിച്ചു. അങ്ങനെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു, സമാധിയിൽ ലയിച്ചപ്പോൾ അദ്ദേഹം വനത്തിലുള്ള തൻെറ ആശ്രമത്തിൻെറ മുകളിലായി ആകാശത്തു വലുതായൊരു സംഘം മാലാഖമാരെയും പുണ്യാത്മാക്കളെയും കണ്ടു; അവരിൽനിന്നു നാലുപാടും പ്രസരിച്ച പ്രോജ്ജ്വലപ്രകാശധോരണിയാൽ ആ പ്രദേശംമുഴുവനും പ്രശോഭിച്ചു; ഈ മാലാഖമാരുടെ നടുവിൽ തൻെറ പ്രാർത്ഥനയ്ക്കു വിഷയമായ ആ സഹോദരൻ ജേംസ് മിന്നിത്തിളങ്ങുന്ന ശുഭ്രവസ്ത്രം ധരിച്ചു നില്ക്കുന്നതായി അദ്ദേഹം കണ്ടു; അതുപോലെ ക്രിസ്തുവിൻെറ പാവനങ്ങളായ പഞ്ചക്ഷതങ്ങളാൽ പരിഭൂഷിതനായി, പ്രതാപവാനായി നില്ക്കുന്ന സെയിൻറ് ഫ്രാൻസിസിനെയും അവരുടെ കൂട്ടത്തിൽ അദ്ദേഹം കണ്ടു; താൻ ഇഹത്തിൽ കാണുകയോ അറിയുകയോ ചെയ്തിട്ടില്ലാത്ത വിശുദ്ധനായ സഹോദരൻ ലൂസിദോവിനെയും മോണ്ടിറുബിയാനോവിലെ സഹോദരൻ മാത്യുവിനെയും മററനേകം ധർമ്മസഹോദരന്മാരെയും അദ്ദേഹം കാണുകയും അറിയുകയും ചെയ്തു. അങ്ങനെ സഹോദരൻ ജോൺ പുണ്യാത്മാക്കളുടെ സൌഭാഗ്യഭാസുരമായ ആ സംഘത്തെ ആനന്ദഭരിതനായി നിർന്നിമേഷം നോക്കിനിന്നപ്പോൾ തൻെറ പ്രാർത്ഥനയ്ക്കു വിഷയമായിരുന്ന രോഗിയായ ആ സഹോദരൻ അപ്പോഴത്തെരോഗത്താൽ തന്നെ മരിക്കുമെന്നും അയാളുടെ ആത്മാവു് രക്ഷപ്പെട്ടുമെന്നും, പക്ഷേ, മരണശേഷം ആത്മാവു് നേരെ സ്വർഗ്ഗത്തേക്കു പോവുകയില്ലെന്നും അല്പകാലം ശുദ്ധീകരണസ്ഥലത്തു കിടന്നു ശുദ്ധീകരിക്കപ്പെടേണ്ടിവരുമെന്നും ദിവ്യപ്രകാശനത്താൽ ഗ്രഹിച്ചു. സഹോദരൻ ജേംസിൻെറ ആത്മാവിനു മുക്തിലഭിക്കുമെന്നു് ഇപ്രകാരം ഗ്രഹിക്കാൻ കഴിഞ്ഞതുകൊണ്ടു് സഹോദരൻ ജോൺ വളരെ സന്തോഷിച്ചു; ശരീരത്തിൻെറ മരണത്തെപ്പററി അദ്ദേഹം വ്യസനിച്ചില്ല. സന്തോഷഭരിതനായി അദ്ദേഹം ഇങ്ങനെ ആത്മഗതം ചെയ്തു: "സഹോദരൻ ജേംസ് എൻെറ

പ്രിയപിതാവു്; സഹോദരൻ ജേംസ്സ് എൻെറ പ്രിയ സഹോദരൻ; സഹോദരൻ ജേംസ്സ് ദൈവത്തിൻെറ വിശ്വസ്തദാസൻ, വിശ്വസ്ത സ്നേഹിതൻ; സഹോദരൻ ജേംസ്സ് മാലാഖമാരുടെ സഹചാരി, പുണ്യവാന്മാരുടെ സംഘത്തിലെ അംഗം'' ഇപ്രകാരം ആത്മനാ സന്തുഷ്ടിയും സംതൃപ്തിയും ആസ്വദിക്കവെ അദ്ദേഹം സമാധിയിൽ നിന്നുണൎന്നു. ഒട്ടും താമസിയാതെ അദ്ദേഹം ആ സ്ഥലം വിട്ടു, സഹോദരൻ ജേംസിനെ കാണുന്നതിനായി മോളിയാനോയിലേക്കു പോയി. അദ്ദേഹം അവിടെയെത്തി രോഗിയെ കണ്ടപ്പോൾ രോഗിക്കു മിക്കവാറും സംസാരിക്കാൻ സാധിക്കാത്തവണ്ണം രോഗം വൎദ്ധിച്ചിരുന്നു. രോഗിയുടെ ശാരീരമരണം അത്യാസന്നമാണെന്നും ആത്മാവു് മുക്തിപ്രാപിച്ചു് അനന്തസൌഭാഗ്യമനുഭവിക്കുമെന്നും ദിവ്യപ്രകാശനത്താൽ സംശയാതീതമായി താനറിഞ്ഞ വിവരം അദ്ദേഹം രോഗിയെ ധരിപ്പിച്ചു. രോഗി അദ്ദേഹത്തെ സന്തോഷപൂൎവ്വം സ്വീകരിച്ചു് അദ്ദേഹം കൊണ്ടുവന്ന മംഗളകരമായ വാൎത്തയ്ക്കായി നന്ദി പറയുകയും തന്നെ ഒരിക്കലും മറന്നുകളയരുതെന്നു് അദ്ദേഹത്തോടു് ഭക്തിപൂൎവ്വം അപേക്ഷിക്കുകയും ചെയ്തു. അദ്ദേഹം സഹോദരൻ ജേംസിനോടു് മരണശേഷം തൻെറയടുക്കൽവന്നു് അപ്പോഴത്തെ സ്ഥിതിയെന്താണെന്നു പറയണമെന്നു് അപേക്ഷിച്ചു; ദൈവം അനുവദിക്കുമെങ്കിൽ, അപ്രകാരം ചെയ്യാമെന്നു സഹോദരൻ ജേംസ്സ് പ്രതിജ്ഞ ചെയ്തു. മരണസമയം അടുത്തപ്പോൾ സഹോദരൻ ജേംസ്സ്, "ഞാൻ സമാധാനപൂൎവ്വം നിദ്രപ്രാപിക്കുകയും അനന്തജീവിതത്തിൽ വിശ്രമം കൊള്ളുകയും ചെയ്യും'' എന്ന സങ്കീൎത്തന വാക്യം ഉരുവിട്ടുകൊണ്ടിരുന്നു; അങ്ങനെ അതുരുവിട്ടുകൊണ്ടിരിക്കവെ അദ്ദേഹം പരമാനന്ദപൂൎവ്വം ഇഹലോകവാസം വെടിഞ്ഞു. ശവസംസ്കാരത്തിനുശേഷം സഹോദരൻ ജോൺ മാസ്സായിലെ ആശ്രമത്തിൽ മടങ്ങിയെത്തി, മരണാനന്തരം തനിക്കു പ്രത്യക്ഷപ്പെടുമെന്ന സഹോദരൻ ജേംസ്സ് ചെയ്ത പ്രതിജ്ഞയുടെ നിൎവ്വഹണത്തെ പ്രതീക്ഷിച്ചിരുന്നു. അതിനു നിശ്ചയിക്കപ്പെട്ടിരുന്ന ആ ദിവസം സഹോദരൻ ജോൺ പ്രാൎത്ഥിച്ചുകൊണ്ടി

അന്നേരം സച്ചിദാനന്ദസ്വരൂപനായ ക്രിസ്തു, മാലാഖമാരുടെയും പുണ്യാത്മാക്കളുടെയും ഒരു വലിയ സമൂഹത്താൽ പരിസേവിതനായി, പ്രത്യക്ഷപ്പെട്ടു; അക്കൂട്ടത്തിൽ സഹോദരൻ ജേംസ് ഉണ്ടായിരുന്നില്ല; അതിൽ സഹോദരൻ ജോൺ വളരെ വിസ്മയിക്കുകയും ആ സഹോദരനുവേണ്ടി ഭക്തിപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്തു. അടുത്ത ദിവസം സഹോദരൻ ജോൺ വീണ്ടും വനത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, സഹോദരൻ ജേംസ്, മാലാഖമാരാൽ അനുഗതനായി, പരമാനന്ദപുളകിതനായി, സ്വർഗ്ഗീയ പ്രതാപമഹിമകളോടുകൂടി പ്രത്യക്ഷപ്പെട്ടു. സഹോദരൻ ജോൺ, "ഓ ഏററവും പ്രിയപ്പെട്ട പിതാവെ, അങ്ങു പ്രതിജ്ഞ ചെയ്തിരുന്ന ദിവസം എനിക്കു പ്രത്യക്ഷപ്പെടാതിരുന്നതെന്തുകൊണ്ട്?" എന്നു സഹോദരൻ ജേംസിനോടു ചോദിച്ചു. സഹോദരൻ ജേംസ് ഈ മറുപടി പറഞ്ഞു: "എനിക്ക് അല്പം ശുദ്ധീകരണത്തിൻെറ ആവശ്യമുണ്ടായിരുന്നതുകൊണ്ടു; പക്ഷേ, ക്രിസ്തു അങ്ങേയ്ക്കു പ്രത്യക്ഷീഭവിക്കുകയും അങ്ങ് എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ആ സമയത്തുതന്നെ, അങ്ങേയുടെ പ്രാർത്ഥന അദ്ദേഹം അനുവദിക്കുകയും ഞാൻ ശുദ്ധീകരണസ്ഥലത്തെ യാതനകളിൽനിന്നു മോചനം പ്രാപിക്കുകയും ചെയ്തു. അനന്തരം ഞാൻ കുർബാന നടക്കുന്ന സമയത്ത് അതിൽ പരിചാരകനായിരുന്ന മാസ്സായിലെ വിശുദ്ധനായ ഒരു അവൈദികധർമ്മസഹോദരൻ ജേംസിനു പ്രത്യക്ഷപ്പെട്ടു; വൈദികൻ കുർബാന അപ്പം ഉയർത്തിയപ്പോൾ, അതു ജീവനുള്ള ഒരു കോമളശിശുവായി മാറുന്നതു ഞാൻ കണ്ടു. "ഇന്നേദിവസം ആ ശിശുവിനോടൊന്നിച്ച് ഞാൻ അനന്തജീവിതത്തിലേക്കു കടക്കും; അദ്ദേഹത്തോടൊന്നിച്ചല്ലാതെ ആർക്കും അനന്തജീവിതത്തിലേക്കു കടക്കാവുന്നതല്ല." എന്നു ഞാൻ ആ സഹോദരനോടു പറഞ്ഞു." ഇത്രയും പറഞ്ഞുകൊണ്ട് സഹോദരൻ ജേംസ് തിരോഭവിക്കുകയും മാലാഖമാരാൽ അനുഗതനായി സ്വർഗ്ഗത്തേക്കു പോവുകയും ചെയ്തു. അതോടെ സഹോദരൻ ജോൺ വലുതായ ആശ്വാസവും ആനന്ദവും അനുഭവിച്ചു. പ്രസ്തുത സഹോദരൻ ജേംസ്

ഫാലറോൺ ദേഹവിയോഗംചെയ്തത് ജൂലൈ മാസ ത്തിൽ അപ്പോസ്തലനായ സെയിൻറ് ജേംസിൻെറ പെ രുനാളിൻെറ തലേരാത്രി മോളിനോ ആശ്രമത്തിൽ വ ച്ചായിരുന്നു. മരണശേഷം അദ്ദേഹത്തിൻെറ പുണ്യപ്ര കഷ ഫലമായി അഖണ്ഡശക്തിയായ ദൈവം അനവധി അത്ഭുതങ്ങൾ പ്രവത്തിച്ചു.

## അദ്ധ്യായം 52

സഹോദരൻ ജോൺആല്വെർണ്യായ്ക്കുണ്ടായ ഒരു ദശനത്തെയും അതു വഴി ദൈവത്തിൻെറ ഏകത്വ വും ത്രിത്വവുമെന്ന നിഗൂഢതത്വത്തെ സംബന്ധി ച്ച് അദ്ദേഹത്തിനവബോധമുണ്ടായതിനെയുംപററി

പ്രസ്തുത സഹോദരൻ ജോൺ ആല്വെർണ്യാ ലൌ കികസുഖങ്ങളെ നിശ്ശേഷം പരിത്യജിച്ച് ദൈവത്തെ മാത്രം സ്നേഹിക്കുകയും ശരണീകരിക്കുകയും ചെയ്തതു നി മിത്തം, അദ്ദേഹത്തിനു ദൈവം പല ദശനങ്ങളും സ മാശ്വാസങ്ങളും, വിശേഷിച്ച് ക്രിസ്തുവിനെ സംബന്ധി ച്ചുള്ള പെരുനാളുകളിൽ, പ്രദാനംചെയ്തിരുന്നു. ഒരി ക്കൽ ക്രിസ്തുജയന്തി ദിവസം അടുത്തുവന്നപ്പോൾ പതിവനുസരിച്ചു ദൈവത്തിൽനിന്നു മഹത്തായ എന്തെ ങ്കിലും അനുഗ്രഹസിദ്ധിയുണ്ടാകുമെന്ന് അദ്ദേഹം പ്രത്യാശിച്ചിരിക്കവെ, പരിശുദ്ധാത്മാവ് അദ്ദേഹത്തി ൻെറ ഹൃദയത്തിൽ നിവേശിച്ച് മനുഷ്യനായി അവതരിച്ച ക്രിസ്തുവിനോട്ടു വലുതായ സ്നേഹമുളവാ ക്കി; തൻെറ ആത്മാവ് കത്തിയെരിയുന്ന ഒരു തീച്ചൂള യാണെന്നു യഥാത്ഥമായി തോന്നുമാറ് ആ സ്നേഹാഗ്നി അത്ര പ്രോജ്ജ്വലമായിരുന്നു. തൻെറ ഹൃദയത്തെ തപി പ്പിച്ച ആ സ്നേഹാഗ്നിയുടെ ഊഷ്മാവ് സഹിക്കാൻ നിവൃ ത്തിയില്ലാതെ അദ്ദേഹം ഉച്ചത്തിൽ വിലപിച്ചു. ഇവ്വി

ധം സ്നേഹപരവശനായിരുന്ന സമയത്തു താൻ അപ്പോൾ മരിക്കുന്നുവെങ്കിൽ ഉടനെമോക്ഷം പ്രാപിക്കുമെന്നും ശുദ്ധീകരണസ്ഥലത്തെ യാതനകളൊട്ടും അനുഭവിക്കേണ്ടി വരുകയില്ലെന്നും സംശയാതീതമായൊരുബോധം അദ്ദേഹത്തിൻെറമനസ്സിലുദിച്ചു. ഈ സ്ഥിതി ആറു മാസം നീണ്ടുനിന്നു. പക്ഷേ ആ സ്നേഹപാരവശ്യം എപ്പോഴും ഒരേ അവസ്ഥയിൽ നില നിന്നില്ല; ദിവസവും ചില സമയങ്ങളിൽ മാത്രമേ അതു വർദ്ധിച്ച് പാരമ്യത്തെ പ്രാപിച്ചുള്ളു. ഈ സന്ദർഭങ്ങളിൽ അദ്ദേഹത്തിനു ദൈവത്തിൽനിന്ന് അനേകം ദർശനങ്ങളും സമാശ്വാസങ്ങളും സിദ്ധിക്കുകയും പലപ്പോഴും അദ്ദേഹം സമാധിയിൽ ലയിക്കുകയും ചെയ്തിട്ടുണ്ട്; ഇക്കാര്യങ്ങൾ ആദ്യമായി എഴുതിവച്ച ആ ധർമ്മസഹോദരൻ അവ നേരിട്ടു കണ്ടിട്ടുള്ളതാണ്. വിശേഷിച്ച് ഒരു രാത്രി അദ്ദേഹം സമാധിയിൽ നിർല്ലീനനായിരുന്നപ്പോൾ, സ്രഷ്ടാവായ ദൈവത്തിൽ സ്വർഗ്ഗത്തിലും ഭൂമിയിലും സൃഷ്ടങ്ങളായുള്ള സകല ചരാചരങ്ങളെയും, അവയുടെ വിവിധങ്ങളായ രൂപങ്ങളിലും അവസ്ഥകളിലും നിലകളിലും ദർശിച്ചു, ഓരോ സൃഷ്ടിയും സ്രഷ്ടാവിനോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നും ദൈവം സകല സൃഷ്ടിജാലങ്ങളുടെയും മീതെയും അകത്തും പുറത്തും ചുറവും എങ്ങനെ സ്ഥിതിചെയ്യുന്നുവെന്നും അദ്ദേഹം സുസ്പഷ്ടമായി ഗ്രഹിച്ചു; അതുപോലെ പുരുഷത്രയത്തിൽ ഏകദൈവത്തെയും ഏകദൈവത്തിൽ പുരുഷത്രയത്തെയും, പുത്രനായ ദൈവം പിതാവായ ദൈവത്തെ അനുസരിച്ച് മനുഷ്യനായി അവതരിക്കുന്നതിനിടയാക്കിയ ആ അനന്തസ്നേഹത്തെയും അദ്ദേഹം കണ്ടു. അവസാനമായി ആ ദർശനമൂലം, മാർഗ്ഗവും സത്യവും ജീവനുമായി സച്ചിദാനന്ദസ്വരൂപനായിരിക്കുന്ന ക്രിസ്തുവിൽക്കൂടിയല്ലാതെ ആത്മാവിനു ദൈവസന്നിധിയെ പ്രാപിച്ച് അനന്തജീവിതസൗഭാഗ്യമനുഭവിക്കുന്നതിനു മററു യാതൊരു മാർഗ്ഗവും ഇല്ലെന്നും അദ്ദേഹത്തിനു ബോധ്യമായി.

## അദ്ധ്യായം 53

എങ്ങനെ സഹോദരൻ ജോൺ ആല്വെർണ്യോ കർബാന യപ്പിച്ച സമയത്ത് മൃതതുല്യനായി വീണുപോയി എന്ന്.

പ്രസ്തുത സഹോദരൻ ജോണിനു മോളിയാനോ ആശ്രമത്തിൽവച്ച് ഏററവും അത്ഭുതാവഹമായൊരു് അനുഭവമുണ്ടായി; അതിനെപ്പററി അപ്പോൾ അവിടെ ഉണ്ടായിരുന്ന ധമ്മസഹോദരന്മാർതന്നെ പ്രസ്താവിച്ചിട്ടുണ്ട്. സഹോദരൻ ജോൺ, സെയിൻറ് ലാറൻസിൻെറ പെരുനാളിൻെറ അടുത്ത രാത്രി മററു സഹോദരന്മാരോടൊന്നിച്ചു പള്ളിയിൽ ഉഷഃകാലജപങ്ങൾ ചൊല്ലിയശേഷം, ദിവ്യാനുഗ്രഹത്താൽ സവിശേഷം സമ്പ്രഷ്ടനായി, ക്രിസ്തുവിൻെറ പീഡാനുഭവത്തെപ്പററി ഏകാഗ്രമായി ധ്യാനിച്ച് കർബാനയപ്പിക്കുന്നതിനു ഭക്തിപൂവ്വം ഒരുങ്ങാനായി ആശ്രമപ്പറമ്പിലേക്കു പോയി. അവിടെ അദ്ദേഹം കർബാനയിൽ അപ്പത്തെയും വീഞ്ഞിനെയും ക്രിസ്തുവിൻെറ ശരീരവും രക്തവുമായി മാററുന്ന ആ ദിവ്യവചനങ്ങളെയും, സ്വന്ത അമൂല്യരക്തംകൊണ്ടു നമ്മെ വീണ്ടെടുക്കുക മാത്രമല്ല, സ്വന്തം ശരീരത്തെയും രക്തത്തെയും നമുക്കു ആത്മീയഭോജനമായി തരുകകൂടി ചെയ്തിരിക്കുന്ന ക്രിസ്തുവിൻെറ അനന്തസ്നേഹത്തെയുംപററി ധ്യാനിച്ചുകൊണ്ടിരുന്നപ്പോൾ, അദ്ദേഹത്തിൻെറ ഹൃദയം സ്നേഹമൂത്തിയായ ക്രിസ്തുവിനോടുള്ള സ്നേഹത്താൽ കൂലംകഷമായി നിറഞ്ഞു; ഇവ്വിധം സ്നേഹവിവശനായി, സ്നേഹലഹരിയാൽ ഉന്മത്തനായെന്നവണ്ണം Hoc est Corpus Meum—ഇതു് എൻെറ ശരീരമാകുന്നു – എന്ന വാക്കുകൾ അനേകം പ്രാവശ്യം ഉച്ചരിച്ചുപോയി. അപ്പോൾ സച്ചിദാനന്ദസ്വരൂപനായ ക്രിസ്തുവിനെ കന്യകമറിയമിനോടും മാലാഖമാരോടുമൊന്നിച്ചു ദശിച്ചതായി അദ്ദേഹത്തിനു തോന്നുകയും പരിശുദ്ധാത്മാവ് ആ മഹനീയമായ കൂദാശയിൽ അന്തർഭവിച്ചിരിക്കുന്ന നിഗൂഢതത്വങ്ങളെ അദ്ദേഹത്തിനു വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. നേരം വെളുത്തപ്പോൾ ആ നിലയിൽ തന്നെ, ദിവ്യസ്നേഹ

ത്തിലും ഭക്തിയിലും നിർല്ലീനനായി, പ്രണിധാനനിമഗ്ന നായി അദ്ദേഹം ദേവാലയത്തിൽ പ്രവേശിച്ചു; അവിടെ ആരും തന്നെ കാണുകയോ കേൾക്കുകയോ ചെയ്യുന്നില്ല എന്നു വിശ്വസിച്ച് അദ്ദേഹം അപ്പോഴും ആ വാക്കുകൾ ഉറക്കെ ഉച്ചരിച്ചുകൊണ്ടിരുന്നു—പക്ഷെ പള്ളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഒരു ധർമ്മസഹോദരൻ സകലവും കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടായിരുന്നു. കുർബാനയ്ക്കുള്ള സമയമാകുന്നതുവരെ അദ്ദേഹം ഈ സ്ഥിതിയിൽതന്നെ വർത്തിച്ചു. സമയമായപ്പോൾ അദ്ദേഹം ബലിപീഠത്തെ സമീപിച്ചു കുർബാന ആരംഭിച്ചു; കുറെ മുമ്പോട്ടു പോയപ്പോൾ അദ്ദേഹത്തിൻെറ ഹൃദയത്തിൽ ക്രിസ്തുവിനോടുള്ള സ്നേഹം നിറഞ്ഞു കരകവിഞ്ഞൊഴുകി, ഈശ്വരസാന്നിദ്ധ്യബോധത്താൽ വാചാമഗോചരങ്ങളായ വികാരങ്ങളും വിചാരങ്ങളും അതിൽ തിങ്ങിവിങ്ങി. ഈ പാരവശ്യത്തിൽ തനിക്കു കുർബാന തുടരുന്നതിനുള്ള പ്രാപ്തിയെപ്പററി അദ്ദേഹം സംശയിച്ച്, ഇതികർത്തവ്യതാമൂഢനായി. ഇതുപോലെതന്നെ ഒരനുഭവം അദ്ദേഹത്തിനു മുമ്പുണ്ടായിട്ടുണ്ട്; അപ്പോൾ ദൈവത്തിൻെറ സഹായംകൊണ്ടു പരവശത സഹ്യമാംവണ്ണം പരിമിതമാവുകയും കുർബാന തുടർന്നു പൂർത്തിയാക്കുന്നതിന് അദ്ദേഹം പ്രാപ്തനാവുകയും ചെയ്തു. ആ ദൈവാനുഗ്രഹം വീണ്ടുമുണ്ടാകുമെന്നുള്ള വിശ്വാസത്തോടെ, എങ്കിലും ഭയവിഹ്വലനായി, അദ്ദേഹം കുർബാന തുടർന്നു; ദേവമാതാവിനെ സംബന്ധിച്ചുള്ള മുഖവുര എന്ന ഭാഗത്തെത്തിയപ്പോൾ തൻെറ ഹൃദയത്തിലുണ്ടായ ദിവ്യപ്രഭാപൂരവും ഭക്തിതീക്ഷ്ണതയും നിമിത്തം പാരവശ്യം വീണ്ടും വർദ്ധിച്ചു; Qui pridie—പീഡാനുഭവത്തിനു മുമ്പിലത്തെ ദിവസം —എന്ന ഭാഗമായപ്പോൾ അതു മിക്കവാറും ദുസ്സഹമായിത്തീർന്നു; അപ്പത്തെ ക്രിസ്തുവിൻെറ ശരീരമായി മാററുന്ന ദിവ്യവാക്കുകളുച്ചരിക്കുന്ന ഘട്ടമായി പ്രകൃതി വാക്കുകൾ Hoc est—ഇതാകുന്നു—എന്നുച്ചരിച്ചുകഴിഞ്ഞപ്പോൾ, അതിനപ്പുറം തുടരുക തീരെ അസാദ്ധ്യമായി; അതേ വാക്കുകൾ തന്നെ അദ്ദേഹം വീണ്ടും വീണ്ടും ആവർത്തിച്ചു; തൻെറ മുമ്പിൽ ക്രിസ്തുവിനെയും ഒരു സംഘം മാലാഖമാരെ

യും കണ്ടതുകൊണ്ടാണ് അദ്ദേഹത്തിനു തുടരാൻ സാധി ക്കാതെ വന്നതു്; ക്രിസ്തുവിൻെറ പ്രോജ്ജ്വലപ്രഭാവം അ ദ്ദേഹത്തിനു സഹിക്കാവുന്നതായിരുന്നില്ല. ആ ദിവ്യ ശബ്ദസമുച്ചയത്തിൻെറ ഉത്തരാർദ്ധം —Corpus meum എൻെറ ശരീരം— ഉച്ചരിച്ചല്ലാതെ ക്രിസ്തു അപ്പത്തിൽ നിവേശിക്കുകയോ അപ്പം ക്രിസ്തുവിൻെറ ശരീരമായി മാ റുകയോ ചെയ്യുകയില്ലെന്നു് അദ്ദേഹം കണ്ടു. അങ്ങനെ അദ്ദേഹം ധർമ്മസങ്കടത്തിലകപ്പെട്ടു വിഷമിച്ചു കുർബാന തുടരാൻ നിവൃത്തിയില്ലാതെ നിന്നപ്പോൾ, ആശ്രമാധി പനും മററു ധർമ്മസഹോദരന്മാരും, ദിവ്യപൂജയിൽ പങ്കു കൊള്ളുന്നതിനു പുറമേനിന്നു വന്നിരുന്ന ജനങ്ങളും ബലി പീഠത്തെ സമീപിച്ചു് സഹോദരൻ ജോണിൻെറ നില പാടു കണ്ടു വിസ്മയവിവശരായി നിന്നു; പലരും അദ്ദഹേ ത്തിൻെറ പാരവശ്യം കണ്ടു കരഞ്ഞുപോയി. ഒടുവിൽ ഒട്ടുവളരെ നേരം കഴിഞ്ഞശേഷം, ദൈവാനുക്രൂല്യമുണ്ടാ യപ്പോൾ, Enim Corpus Meum എന്ന വാക്കുകൾ സഹോദരൻ ജോൺ ഉച്ചസ്വരത്തിൽ ഉച്ചരിച്ചു; തൽ ക്ഷണം അപ്പം രൂപാന്തരീഭവിക്കുകയും, സച്ചിദാനന്ദ സ്വരൂപനായ യേശുക്രിസ്തു സശരീരനായി, സ്വർഗ്ഗീയ പ്രതാപസമന്വിതനായി അതിൽ പ്രത്യക്ഷീഭവിക്കുകയും ചെയ്തു; തദ്വാരാ കന്യകമറിയത്തിൽനിന്നു മനുഷ്യജന്മം സ്വീകരിക്കുന്നതിനും, ദിവസവും കുർബ്ബാനയിൽ ആ ദി വ്യവാക്കുകളുച്ചരിക്കപ്പെടുമ്പോൾ വൈദികഹസ്തങ്ങളിൽ സന്നിഹിതനാകുന്നതിനും ദേവസുതനെ പ്രേരിപ്പിച്ച മഹത്തായ വിനയവും സ്നേഹവും പ്രകടിതമായി. അ പ്പോൾ സഹോദരൻ ജോണിൻെറ ഭക്തിപാരവശ്യം പൂർവ്വാധികം വർദ്ധിച്ചു; അതിൻെറ ഫലമായി അദ്ദേഹം ക്രിസ്തുവിൻെറ ശരീരവും രക്തവുമായി മാറിയ അപ്പ ത്തെയും ദ്രാക്ഷാരസത്തെയും ഉയർത്തിപ്പിടിച്ചപ്പോൾ പാര വശ്യപാരമ്യത്തിൽ ആത്മാവു് മേലോട്ടുകുതിച്ചു് ശാരീരേ ന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങൾ തല്ക്കാലം നിലച്ചു്, ഗതചേ തനനെന്നവണ്ണം, പുറകോട്ടു വീണു; പിന്നിൽ നിന്നിരുന്ന ആശ്രമാധിപൻ താങ്ങിപ്പിടിച്ചില്ലായിരുന്നുവെങ്കിൽ അദ്ദേഹം മലർന്നു നിലം പതിക്കുമായിരുന്നു. ധർമ്മസഹോ

ദരന്മാരും പള്ളിയിലുണ്ടായിരുന്ന മററ ജനങ്ങളും വേഗം അടുത്തുചെന്ന് അദ്ദേഹത്തെ എടുത്തു്, മരിച്ച ഒരുവനെ എന്നവണ്ണം, ബലിപീഠത്തിൻെറ പിൻഭാഗത്തുള്ള മുറിയിലേക്കുകൊണ്ടുപോയി; അദ്ദേഹത്തിൻെറ ശരീരം തീരെ തണുത്തും വിരലുകൾ മരവിച്ചുമിരുന്നു. ഈ സ്ഥിതി ഒമ്പതുമണിവരെ തുടൎന്നു. അനന്തരം അദ്ദേഹത്തിനു ബോധം വന്നപ്പോൾ, അവിടെ ഉണ്ടായിരുന്ന ഞാൻ അദ്ദേഹത്തിനുണ്ടായ അനുഭവത്തെപ്പററി ജിജ്ഞാസുവായി അദ്ദേഹത്തെ സമീപിച്ചു് ദൈവസ്നേഹത്തെപ്രതി സകലവും എന്നോടു പറയണമെന്നഭ്യൎത്ഥിച്ചു. എന്നിൽ വലുതായ വിശ്വാസമുണ്ടായിരുന്നതുകൊണ്ടു് അദ്ദേഹം സംഭവിച്ചതു മുഴുവനും എന്നോടു പറഞ്ഞു. തൻെറ മുമ്പിൽ സ്ഥിതിചെയ്ത യേശുക്രിസ്തുവിൻെറ ശരീരത്തെയും രക്തത്തെയും ധ്യാനിച്ചപ്പോൾ, തൻെറ ഹൃദയം ചൂടുപിടിച്ച മെഴുകുപോലെ ഉരുകുന്നതായും ശരീരം അസ്ഥികളില്ലാത്തതാകുന്നതായും അദ്ദേഹത്തിനു തോന്നി; അതുകൊണ്ടു കൈകളുയൎത്തുന്നതിനോ, കുൎബ്ബാനയപ്പത്തിൻെറയും ചാഷകത്തിൻെറയും മീതെ കുരിശടയാളം വരയ്ക്കുന്നതിനോ അദ്ദേഹത്തിനു സാധിച്ചില്ല, എന്നു് അദ്ദേഹം, മററ കാൎയ്യങ്ങളുടെ കൂട്ടത്തിൽ, എന്നോടു പറഞ്ഞു. അതുപോലെ കുൎബ്ബാനചൊല്ലുന്ന സമയത്തു് അദ്ദേഹം ബോധരഹിതനായിബ്ഭവിക്കുമെന്നു വൈദികനാകുന്നതിനുമുമ്പു് ദൈവം വെളിപ്പെടുത്തിക്കൊടുത്തിരുന്നുവെന്നും, പക്ഷെ, അതിനുശേഷം താൻ അനേകം കുൎബ്ബാനകൾ ചൊല്ലുകയും അപ്രകാരമൊന്നും സംഭവിക്കാതിരിക്കുകയും ചെയ്തതുകൊണ്ടു്, ഈ വെളിപ്പാടു് ദൈവത്തിൽ നിന്നുണ്ടായതല്ല എന്നു് അദ്ദേഹം വിചാരിച്ചുവെന്നും അദ്ദേഹം എന്നോടു പറഞ്ഞു. മാതാവിൻെറ സ്വൎഗ്ഗാരോപണ മഹം അടുത്തു വരുമ്പോൾ അപ്രകാരം സംഭവിക്കുമെന്നു് അതിനു് അമ്പതുദിവസം മുമ്പു് ദൈവം അദ്ദേഹത്തിനു് വീണ്ടും വെളിപ്പെടുത്തിക്കൊടുത്തിരുന്നു. പക്ഷെ ഈ ദിവ്യപ്രകാശനത്തെപ്പററി സംഭവം നടന്നപ്പോൾ അദ്ദേഹം ഓൎമ്മിക്കുക ഉണ്ടായില്ല.

# അസ്സീസി പ്രസിദ്ധീകരണങ്ങൾ

---

| | |
|---|---|
| ശനിയാഴ്ച്ചക്കഞ്ഞേതലി | 0-3-0 |
| ഫ്റാൻസീസ്കൂൻ കഥകൾ | 0-3-0 |
| ഇടയപ്പെണ്ണ് | 0-4-0 |
| കപ്പൂച്ചിൻ മുന്തിരിത്തോട്ടം | 0-4-0 |
| കണ്ണുനീർ (നാടകം) | 0-6-0 |
| ജനനനിരോധനം | 0-4-0 |
| വി. ബ്രിണ്ടിസി. | 0-5-0 |
| കൊച്ചുപൂക്കൾ | 2-0-0 |
| ഏഴകളുടെ തോഴർ (നോവൽ) (for B. A. M. Club). | 0-8-0 |



ASSISI PRESS, QUILON.